# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി





## തെന്മല ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട്

ജനകീയ ആസൂത്രണത്തിന് ആശംസകൾ

# ഇടമൺ സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 687. ഇടമൺ P.O.

## കൊല്ലം ജില്ല.

| | |
|---|---|
| അംഗങ്ങൾ | 7000 |
| ഓഹരി | 13 ലക്ഷം |
| നിക്ഷേപം | 1.25 കോടി |
| വായ്പകൾ | 1.35 കോടി |
| പ്രവർത്തന മൂലധനം | 1.6 കോടി |

**എല്ലാ വിധ ബാങ്കിംഗ് ഇടപാടുകൾ**
**ആവശ്യാനുസരണം വായ്പകൾ**
**പ്രതിമാസ ലേല ചിട്ടികൾ**
**25,000 രൂപ വരെ സ്വർണ്ണ പണയ വായ്പകൾ**
**വളം, തുണി, കൺസ്യൂമർ സ്റ്റോറുകൾ**

**D. സലീം**
*പ്രസിഡന്റ്*

**R.ബാലചന്ദ്രൻ പിള്ള**
*സെക്രട്ടറി.*

ജനകീയ ആസൂത്രണത്തിന് ആശംസകൾ

# ഇടമൺ സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 687. ഇടമൺ P.O.

## കൊല്ലം ജില്ല.

| | |
|---|---|
| അംഗങ്ങൾ | 7000 |
| ഓഹരി | 13 ലക്ഷം |
| നിക്ഷേപം | 1.25 കോടി |
| വായ്പകൾ | 1.35 കോടി |
| പ്രവർത്തന മൂലധനം | 1.6 കോടി |

**എല്ലാ വിധ ബാങ്കിംഗ് ഇടപാടുകൾ**

**ആവശ്യാനുസരണം വായ്പകൾ**

**പ്രതിമാസ ലേല ചിട്ടികൾ**

**25,000 രൂപ വരെ സ്വർണ്ണ പണയ വായ്പകൾ**

**വളം, തുണി, കൺസ്യൂമർ സ്റ്റോറുകൾ**

**D. സലീം**
*പ്രസിഡന്റ്*

**R.ബാലചന്ദ്രൻ പിള്ള**
*സെക്രട്ടറി.*

10 -



" ഏറ്റവും അടിത്തട്ടിലുള്ളവർക്കു പോലും ഇതെന്റെ നാടാണെന്നും,

ഇതിന്റെ നിർമ്മിതിയിൽ എനിക്കും പങ്കുണ്ടെന്നും ബോധ്യമാവണം"

അതാണ് ഗ്രാമസ്വരാജിലേക്കുള്ള വഴി

## - ഗാന്ധിജി -



" ഏറ്റവും അടിത്തട്ടിലുള്ളവർക്കു പോലും ഇതെന്റെ നാടാണെന്നും,
ഇതിന്റെ നിർമ്മിതിയിൽ എനിക്കും പങ്കുണ്ടെന്നും ബോധ്യമാവണം"

അതാണ് ഗ്രാമസ്വരാജിലേക്കുള്ള വഴി

**- ഗാന്ധിജി -**

# ഒമ്പതാംപദ്ധതി

# ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

# തെന്മല ഗ്രാമപഞ്ചായത്ത്

# വികസനറിപ്പോർട്ട്

വികസന സെമിനാർ

1997 ജനുവരി 5 ഞായർ

ഇടമൺ യു.പി. സ്കൂൾ

# ഒമ്പതാംപദ്ധതി
# ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

# തെന്മല ഗ്രാമപഞ്ചായത്ത്
# വികസനറിപ്പോർട്ട്

വികസന സെമിനാർ
1997 ജനുവരി 5 ഞായർ
ഇടമൺ യു.പി. സ്കൂൾ

# തെൻമല ഗ്രാമ പഞ്ചായത്ത്



# തെൻമല ഗ്രാമ പഞ്ചായത്ത്



# തെന്മല ഗ്രാമപഞ്ചായത്ത്
# ഭരണസമിതി



കെ. ശശിധരൻ
(പ്രസിഡന്റ്)



എം. ഡാനിയൽ
(വൈസ്: പ്രസിഡന്റ്)



എൽ. ഗോപിനാഥപിള്ള
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



ഓ. ഖാലീദ്
(സെക്രട്ടറി)

# തെന്മല ഗ്രാമപഞ്ചായത്ത്
# ഭരണസമിതി



**കെ. ശശിധരൻ**
(പ്രസിഡന്റ്)



**എം. ഡാനിയൽ**
(വൈസ്: പ്രസിഡന്റ്)



**എൽ. ഗോപിനാഥപിള്ള**
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)



**ഓ. ഖാലീദ്**
(സെക്രട്ടറി)



കുഞ്ഞുമോൾ സുരേന്ദ്രൻ
(മെമ്പർ)



രമണിവിജയൻ
(മെമ്പർ)



എ.ടി. ഫിലിപ്പ്
(മെമ്പർ)



ആർ. വിജയകുമാരി
(മെമ്പർ)



കെ. ശശിധരൻ
(മെമ്പർ)



റ്റി. വസന്തകുമാരി
(മെമ്പർ)



എം. നാസ്സർ ഖാൻ
(മെമ്പർ)



കെ. രാജൻ
(മെമ്പർ)



കുഞ്ഞുമോൾ സുരേന്ദ്രൻ
(മെമ്പർ)



രമണിവിജയൻ
(മെമ്പർ)



ഏ.ടി. ഫിലിപ്പ്
(മെമ്പർ)



ആർ. വിജയകുമാരി
(മെമ്പർ)



കെ. ശശിധരൻ
(മെമ്പർ)



റ്റി. വസന്തകുമാരി
(മെമ്പർ)



എം. നാസ്സർ ഖാൻ
(മെമ്പർ)



കെ. രാജൻ
(മെമ്പർ)

# ഉള്ളടക്കം


I. ആമുഖം, പൊതുവിവരണം.

II. സാമൂഹിക സാംസ്കാരിക ചരിത്രം

III. ഭൂപ്രകൃതിയും വിഭവങ്ങളും

IV. വികസന മേഖലകൾ

(1) കൃഷിയും ജലസേചനവും

(2) മൃഗസംരക്ഷണം, മത്സ്യബന്ധനം

(3) വിദ്യാഭ്യാസം

(4) ആരോഗ്യം, കുടിവെള്ളം

(5) വ്യവസായം

(6) ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

(7) ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

(8) സംസ്ക്കാരം

(9) വനിത

(10) സഹകരണം

(11) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

(12) വിഭവസമാഹരണം

(വനം, ടൂറിസം ഉൾപ്പടെ)

# ഉള്ളടക്കം


I. ആമുഖം, പൊതുവിവരണം.

II. സാമൂഹിക സാംസ്കാരിക ചരിത്രം

III. ഭൂപ്രകൃതിയും വിഭവങ്ങളും

IV. വികസന മേഖലകൾ

(1) കൃഷിയും ജലസേചനവും

(2) മൃഗസംരക്ഷണം, മത്സ്യബന്ധനം

(3) വിദ്യാഭ്യാസം

(4) ആരോഗ്യം, കുടിവെള്ളം

(5) വ്യവസായം

(6) ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

(7) ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

(8) സംസ്ക്കാരം

(9) വനിത

(10) സഹകരണം

(11) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

(12) വിഭവസമാഹരണം

(വനം, ടൂറിസം ഉൾപ്പടെ)

# ആമുഖം

സ്വതന്ത്രഭാരതത്തിന്റെ അരനൂറ്റാണ്ടു കാലത്തെ ജനാധിപത്യ പ്രക്യയയുടെ ഏടുകളിൽ കനക ലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ട ഒന്നാണ് "ജനകീയ ആസൂത്രണ പരിപാടി" 1993-ൽ ഭരണഘടന യുടെ 73,74,ഭേദഗതികളിലൂടെ "പഞ്ചായത്ത് രാജ്" "നഗരപാലിക" നിയമം നടപ്പാക്കുകവഴി അധികാര വീകേന്ദ്രീകരണത്തിന് കളമൊരുങ്ങുകയും, ആസൂത്രണ പ്രക്രിയയിൽ അഭിപ്രായങ്ങളും, നിർദേശങ്ങളും ഉന്നയിക്കാനും പങ്കാളികളാകാനും, മേൽനോട്ടം വഹിക്കാനുമുള്ള അവകാശം ജനങ്ങൾക്കു ലഭിക്കുകയും ചെയ്തിരിക്കുകയാണ് . ഒരു പ്രദേശത്തിന്റെ വികസന മേഖലകളിലെ പ്രധാന വെല്ലുവിളികളെ പ്രാദേശിക തലത്തിൽ അപഗ്രഥിക്കുവാനും വിഭവപരിധിക്കുള്ളിൽ നിന്നു കൊണ്ട് പരിഹാരങ്ങൾ നിർദേശിക്കുവാനും സാധാരണ ജനങ്ങൾക്ക് അവസരം ലഭിച്ചിരിക്കുന്നു. സംസ്ഥാനത്ത് ഒമ്പതാം പഞ്ചവത്സരപദ്ധതി അടങ്കൽ തുകയുടെ 35-40 ശതമാനം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് നൽകുവാനും, ഈതുക എങ്ങനെ വിനിയോഗിക്കണമെന്ന് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം അവയ്ക്കു നൽകുവാനും കേരള സർക്കാർ തീരുമാനമെടുത്തു കഴിഞ്ഞു .

കേരളത്തിലെ ഒമ്പതാം പദ്ധതിയുടെ രൂപ രേഖ, പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും തയ്യാറാ ക്കുന്ന വികസനറിപ്പോർട്ടു കളുടെയും , ആസൂത്രണ ബോർഡ് നിയോഗിച്ചിട്ടുള്ള ടാക്സ് ഫോഴ്സുകൾ രൂപപ്പെടുത്തുന്ന ഉന്നത തല റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്.

കഴിഞ്ഞ എട്ടു പഞ്ചവത്സസര പദ്ധതികളുടെയും നേട്ടങ്ങളും, കോട്ടങ്ങളും വിലയിരിത്തിയതിനു ശേഷമാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി ആവിഷ്കരിക്കുവാനും, നടപ്പിലാക്കുവാനും സംസ്ഥാന ഗവൺമെന്റും, സംസ്ഥാന ആസൂത്രണ ബോർഡും തീരുമാനിച്ചത്. എട്ടു പഞ്ചവൽസരപദ്ധതികൾ നമ്മുടെ നാട്ടിൽ ഒട്ടേറെനേട്ടങ്ങൾക്കിടയാക്കിയെങ്കിലും, അതിന് ധാരാളം പോരായ്മകൾ ഉണ്ടായിരുന്നു. ആസൂത്രണം വിവിധവകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്തീമുകളായി മാറി. അതാതു പ്രദേശങ്ങളിലെ സാദ്ധ്യത കൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു പകരം കേന്ദ്രീകൃത ആസൂത്രണമായിരുന്നു നാളിതുവരെ തുടർന്നുവന്നത്. അതുകൊണ്ട് ജനങ്ങളുടെ വികസന ആവശ്യങ്ങൾ പരിഗണിക്കപെടാതെ പോയി. വികസ ന കാര്യങ്ങൾ തീരുമാനിക്കുന്നതിനും, അതുനടപ്പിലാക്കുന്നതിനും, ജനങ്ങൾക്ക് പങ്കാളിത്തമില്ലായിരുന്നു.

കാർഷിക വ്യവസായിക രംഗത്ത് കേരളത്തിൽ മുരടിപ്പും, പിന്നോട്ടു പോക്കുമാണ് നമുക്ക് കാണാൻകഴിയുന്നത്. നമുക്ക് ആവശ്യമുള്ള ഭക്ഷ്യോല്പന്നങ്ങളുടെ 30% പോലും ഇവിടെ ഉല്പാദിപ്പിക്ക പ്പെടുന്നില്ല. വ്യാവസായികരംഗത്തെ നമ്മുടെ വളർച്ച, അഖിലേന്ത്യാ ശരാശരിയെക്കാൾ വളരെ പിറകിലാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറിയിരിക്കുന്നു. സാക്ഷരത, പൊതുജനാരോഗ്യം സാമൂഹ്യ സുരക്ഷാനടപടികൾ, തുടങ്ങിപലതിലും നാം ഇന്ത്യയിൽ ഒന്നാമത് എത്തിയങ്കിലും, സേവനരംഗത്ത് ഗുണപ രമായ പിന്നോക്കാവസ്ഥ ഇന്നുംനിലനിൽക്കുന്നു.

ഉല്പാദന രംഗത്തെ മാന്ദ്യത മാറാതെ നാം നേടിയ പുരോഗതി നില നിർത്താനാവില്ല. ഈപശ്ചാ തലത്തിലാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി ആക്കാനുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിക്കു ന്നത്. ആസൂത്രണം അടിത്തട്ടിൽ നിന്ന് ആരംഭിക്കുക യെന്ന മഹത്തായ ലക്ഷ്യമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം ഏറ്റെടുക്കുന്നത്.

# ആമുഖം

സ്വതന്ത്രഭാരതത്തിന്റെ അരനൂറ്റാണ്ടു കാലത്തെ ജനാധിപത്യ പ്രക്യയയുടെ ഏടുകളിൽ കനക ലിപികളാൽ ആലേഖനം ചെയ്യപ്പെടേണ്ട ഒന്നാണ് "ജനകീയ ആസൂത്രണ പരിപാടി" 1993-ൽ ഭരണഘടന യുടെ 73,74,ഭേദഗതികളിലൂടെ "പഞ്ചായത്ത് രാജ്" "നഗരപാലിക" നിയമം നടപ്പാക്കുകവഴി അധികാര വീകേന്ദ്രീകരണത്തിന് കളമൊരുങ്ങുകയും, ആസൂത്രണ പ്രക്രിയയിൽ അഭിപ്രായങ്ങളും, നിർദേശങ്ങളും ഉന്നയിക്കാനും പങ്കാളികളാകാനും, മേൽനോട്ടം വഹിക്കാനുമുള്ള അവകാശം ജനങ്ങൾക്കു ലഭിക്കുകയും ചെയ്തിരിക്കുകയാണ് . ഒരു പ്രദേശത്തിന്റെ വികസന മേഖലകളിലെ പ്രധാന വെല്ലുവിളികളെ പ്രാദേശിക തലത്തിൽ അപഗ്രഥിക്കുവാനും വിഭവപരിധിക്കുള്ളിൽ നിന്നു കൊണ്ട് പരിഹാരങ്ങൾ നിർദേശിക്കുവാനും സാധാരണ ജനങ്ങൾക്ക് അവസരം ലഭിച്ചിരിക്കുന്നു. സംസ്ഥാനത്ത് ഒമ്പതാം പഞ്ചവത്സരപദ്ധതി അടങ്കൽ തുകയുടെ 35-40 ശതമാനം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് നൽകുവാനും, ഈതുക എങ്ങനെ വിനിയോഗിക്കണമെന്ന് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം അവയ്ക്കു നൽകുവാനും കേരള സർക്കാർ തീരുമാനമെടുത്തു കഴിഞ്ഞു .

കേരളത്തിലെ ഒമ്പതാം പദ്ധതിയുടെ രൂപ രേഖ, പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും തയ്യാറാ ക്കുന്ന വികസനറിപ്പോർട്ടു കളുടെയും , ആസൂത്രണ ബോർഡ് നിയോഗിച്ചിട്ടുള്ള ടാക്സ് ഫോഴ്സുകൾ രൂപപ്പെടുത്തുന്ന ഉന്നത തല റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത്.

കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികളുടെയും നേട്ടങ്ങളും, കോട്ടങ്ങളും വിലയിരിത്തിയതിനു ശേഷമാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി ആവിഷ്കരിക്കുവാനും, നടപ്പിലാക്കുവാനും സംസ്ഥാന ഗവൺമെന്റും, സംസ്ഥാന ആസൂത്രണ ബോർഡും തീരുമാനിച്ചത്. എട്ടു പഞ്ചവൽസരപദ്ധതികൾ നമ്മുടെ നാട്ടിൽ ഒട്ടേറെനേട്ടങ്ങൾക്കിടയാക്കിയെങ്കിലും, അതിന് ധാരാളം പോരായ്മകൾ ഉണ്ടായിരുന്നു. ആസൂത്രണം വിവിധവകുപ്പുകളുടെ പരസ്പര ബന്ധമില്ലാത്ത സ്കീമുകളായി മാറി. അതാതു പ്രദേശങ്ങളിലെ സാദ്ധ്യത കൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു പകരം കേന്ദ്രീകൃത ആസൂത്രണമായിരുന്നു നാളിതുവരെ തുടർന്നുവന്നത്. അതുകൊണ്ട് ജനങ്ങളുടെ വികസന ആവശ്യങ്ങൾ പരിഗണിക്കപെടാതെ പോയി. വികസ ന കാര്യങ്ങൾ തീരുമാനിക്കുന്നതിനും, അതുനടപ്പിലാക്കുന്നതിനും, ജനങ്ങൾക്ക് പങ്കാളിത്തമില്ലായിരുന്നു.

കാർഷിക വ്യവസായിക രംഗത്ത് കേരളത്തിൽ മുരടിപ്പും, പിന്നോട്ടു പോക്കുമാണ് നമുക്ക് കാണാൻകഴിയുന്നത്. നമുക്ക് ആവശ്യമുള്ള ഭക്ഷ്യോല്പന്നങ്ങളുടെ 30% പോലും ഇവിടെ ഉല്പാദിപ്പിക്ക പ്പെടുന്നില്ല. വ്യാവസായികരംഗത്തെ നമ്മുടെ വളർച്ച, അഖിലേന്ത്യാ ശരാശരിയെക്കാൾ വളരെ പിറകിലാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായി മാറിയിരിക്കുന്നു. സാക്ഷരത, പൊതുജനാരോഗ്യം സാമൂഹ്യ സുരക്ഷാനടപടികൾ, തുടങ്ങിപലതിലും നാം ഇന്ത്യയിൽ ഒന്നാമത് എത്തിയങ്കിലും, സേവനരംഗത്ത് ഗുണപ രമായ പിന്നോക്കാവസ്ഥ ഇന്നുംനിലനിൽക്കുന്നു.

ഉല്പാദന രംഗത്തെ മാന്ദ്യത മാറാതെ നാം നേടിയ പുരോഗതി നില നിർത്താനാവില്ല. ഈപശ്ചാ തലത്തിലാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി ആക്കാനുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ ആരംഭിക്കു ന്നത്. ആസൂത്രണം അടിതട്ടിൽ നിന്ന് ആരംഭിക്കുക യെന്ന മഹത്തായ ലക്ഷ്യമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം ഏറ്റെടുക്കുന്നത്.

വികസന മെന്നാൽ ജനങ്ങളുടെ ജീവിധ നിലവാരം ക്രമമായി ഉയർത്തുന്ന സാമൂഹിക പ്രക്രിയ യാണ്. ജീവിതനിലവാരം ഉയരണമെങ്കിൽ, ജീവിതോപാധികളുടെ ഉല്പാദനം ഉയരണം. വികസനത്തിന്റെ ഫലമായുണ്ടാകുന്ന സാമ്പത്തിക വളർച്ച സ്ഥിരവും അതിന്റെ വിതരണം നീതിപൂർവ്വകവും ആയിരിക്കണം. ഇങ്ങനെ ആകണമെങ്കിൽ, ഇതുസംബദ്ധിച്ച തീരുമാനങ്ങൾ എടുക്കണമെങ്കിൽ സമൂഹത്തിന് അധികാരം ലഭിക്കണം. പരിമിതമായ വിഭവങ്ങൾ ഏറ്റവും കൂടുതൽ പേർക്ക് കൂടുതൽ കാര്യക്ഷമമായി കൂടുതൽ കാലത്തേക്ക് പ്രയോജന പ്രദമായരീതിയിൽ വിനിയോഗിക്കണം.

ഗ്രാമ, ബ്ളോക്ക്, ജില്ലാതലങ്ങളിൽ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണവും, അതിന്റെ നടത്തിപ്പും ജനപങ്കാളിത്തത്തോടുകൂടി ആകുമ്പോൾ കേന്ദ്രീകൃത ആസൂത്രണത്തിന്റെ പോരായ്മകളിൽ നിന്ന് നമുക്ക് മോചിതരാകാൻ കഴിയും. പദ്ധതികൾ സുതാര്യമാകുമ്പോൾ അതിന്റെ നടത്തിപ്പ് കുറ്റമറ്റ താകും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

സംസ്ഥാന ആസൂത്രണ ബോർഡിന്റെയും, സംസ്ഥാന ഗവൺമെന്റിന്റെയും, തദ്ദേശ സ്വയംവര ണവകുപ്പിന്റെയും നിർദേശങ്ങൾ അനുസരിച്ച് തെന്മല ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രവർത്ത നങ്ങൾ 1997 ആഗസ്റ്റുമാസത്തിൽ ആരംഭിച്ചു. ജില്ലാതല പരിശീലനം, പഞ്ചായത്തുതല പരിശീലനങ്ങൾ, ദ്വിതീയ വിവര ശേഖരണം, പഠന പര്യടനങ്ങൾ വിഷയഗ്രൂപ്പു രൂപീകരണം, വികസന റിപ്പോർട്ട് തയ്യാറാ ക്കൽ എന്നിവ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞു.

ഗ്രാമസഭകൾ സെപ്റ്റംബർ 14ന് ആരംഭിച്ച് ഒക്ടോബർ രണ്ടിന് അവസാനിച്ചു. ഗ്രാമസഭ-പങ്കാളിത്തം (പട്ടിക.1)

| വാർഡ് | തീയതി | ചേർന്നസ്ഥലം | പങ്കെടുത്തവർ |
|---|---|---|---|
| 1 | 21.9.96 | ചാലിയക്കരLPS. | 72 |
| 2 | 21.9.96 | ഇടമൺന്യLPS. | 76 |
| 3 | 2.10.96 | സെന്റ് തോമസ് ചർച്ച് ഗ്രൗണ്ട് | 165 |
| 4 | 22.9.96 | ഇടമൺ.LPS. | 102 |
| 5 | 22.9.96 | ഇടമൺ.HS | 127 |
| 6 | 28.9.96 | ഇടമൺ.LPS | 158 |
| 7 | 28.9.96 | ഉറുകുന്ന്LPS. | 123 |
| 8 | 29.9.96 | പിരളശ്ശേരി ആഡിറ്റോറിയം | 102 |
| 9 | 29.9.96 | ഒറ്റക്കൽ HS | 205 |
| 10 | 29.9.96 | തെൻമല LPS | 191 |
| 11 | 2.10.96 | കുറവന്താവളം വായനശാല | 105 |
| | | ആകെ | 1301 |

വികസന മെന്നാൽ ജനങ്ങളുടെ ജീവിധ നിലവാരം ക്രമമായി ഉയർത്തുന്ന സാമൂഹിക പ്രക്രിയ യാണ്. ജീവിതനിലവാരം ഉയരണമെങ്കിൽ, ജീവിതോപാധികളുടെ ഉല്പാദനം ഉയരണം. വികസനത്തിന്റെ ഫലമായുണ്ടാകുന്ന സാമ്പത്തിക വളർച്ച സ്ഥിരവും അതിന്റെ വിതരണം നീതിപൂർവ്വകവും ആയിരിക്കണം. ഇങ്ങനെ ആകണമെങ്കിൽ, ഇതുസംബദ്ധിച്ച തീരുമാനങ്ങൾ എടുക്കണമെങ്കിൽ സമൂഹത്തിന് അധികാരം ലഭിക്കണം. പരിമിതമായ വിഭവങ്ങൾ ഏറ്റവും കൂടുതൽ പേർക്ക് കൂടുതൽ കാര്യക്ഷമമായി കൂടുതൽ കാലത്തേക്ക് പ്രയോജന പ്രദമായരീതിയിൽ വിനിയോഗിക്കണം.

ഗ്രാമ, ബ്ളോക്ക്, ജില്ലാതലങ്ങളിൽ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണവും, അതിന്റെ നടത്തിപ്പും ജനപങ്കാളിത്തത്തോടുകൂടി ആകുമ്പോൾ കേന്ദ്രീകൃത ആസൂത്രണത്തിന്റെ പോരായ്മകളിൽ നിന്ന് നമുക്ക് മോചിതരാകാൻ കഴിയും. പദ്ധതികൾ സുതാര്യമാകുമ്പോൾ അതിന്റെ നടത്തിപ്പ് കുറ്റമറ്റ താകും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

സംസ്ഥാന ആസൂത്രണ ബോർഡിന്റെയും, സംസ്ഥാന ഗവൺമെന്റിന്റെയും, തദ്ദേശ സ്വയംവര ണവകുപ്പിന്റെയും നിർദേശങ്ങൾ അനുസരിച്ച് തെന്മല ഗ്രാമപഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രവർത്ത നങ്ങൾ 1997 ആഗസ്റ്റുമാസത്തിൽ ആരംഭിച്ചു. ജില്ലാതല പരിശീലനം, പഞ്ചായത്തുതല പരിശീലനങ്ങൾ, ദ്വിതീയ വിവര ശേഖരണം, പഠന പര്യടനങ്ങൾ വിഷയഗ്രൂപ്പു രൂപീകരണം, വികസന റിപ്പോർട്ട് തയ്യാറാ ക്കൽ എന്നിവ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞു.

ഗ്രാമസഭകൾ സെപ്റ്റംബർ 14ന് ആരംഭിച്ച് ഒക്ടോബർ രണ്ടിന് അവസാനിച്ചു. ഗ്രാമസഭ-പങ്കാളിത്തം (പട്ടിക.1)

| വാർഡ് | തീയതി | ചേർന്നസ്ഥലം | പങ്കെടുത്തവർ |
|---|---|---|---|
| 1 | 21.9.96 | ചാലിയക്കരLPS. | 72 |
| 2 | 21.9.96 | ഇടമൺന്യLPS. | 76 |
| 3 | 2.10.96 | സെന്റ് തോമസ് ചർച്ച് ഗ്രൗണ്ട് | 165 |
| 4 | 22.9.96 | ഇടമൺ.LPS. | 102 |
| 5 | 22.9.96 | ഇടമൺ.HS | 127 |
| 6 | 28.9.96 | ഇടമൺ.LPS | 158 |
| 7 | 28.9.96 | ഉറുകുന്ന്LPS. | 123 |
| 8 | 29.9.96 | പിരളശ്ശേരി ആഡിറ്റോറിയം | 102 |
| 9 | 29.9.96 | ഒറ്റക്കൽ HS | 205 |
| 10 | 29.9.96 | തെൻമല LPS | 191 |
| 11 | 2.10.96 | കുറവന്താവളം വായനശാല | 105 |
| | | ആകെ | 1301 |

ഗ്രാമസഭാറിപ്പോർട്ടുകൾ, DRP മാരുടെയും LRP മാരുടെയും നേതൃത്വത്തിൽ നടത്തിയ ദ്വിദീയവിവര ശേഖരണം, പഠന പര്യടനം, കേട്ടറിവ്, നാട്ടറിവ്, നടപ്പു പദ്ധതികളെ സംബന്ധിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിഷയ ഗ്രൂപ്പുകൾ നടത്തിയ വിശദമായ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള വിലയിരുത്തലു കളുടെയും, നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈവികസന റിപ്പോർട്ട്. 19.11.96ൽ കൂടിയ പഞ്ചായത്ത്കമ്മിറ്റി ഈറിപ്പോർട്ട് ചർച്ചചെയ്ത് അംഗീകരിച്ചു.

നമ്മുടെ പഞ്ചായത്തിനെ പുരോഗതിയിലേക്കുനയിക്കാനും, പുതിയ ഒരു വികസന സംസ്കാരത്തിന് നാന്ദി കുറിക്കുവാനും, ഈവികസന സെമിനാറിനു കഴിയുമെന്നു പ്രത്യാശിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ വികസന മേഖലകളെ കുറിച്ച് സമഗ്രമായി ചർച്ച ചെയ്ത് ഒരു ജനകീയ പദ്ധതിക്ക് രൂപം കൊടുക്കാൻ കഴിയുമെന്ന് വിശ്വസിച്ച് കൊണ്ട് തെൻമല ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

(ഒപ്പ്)
**കെ.ശശിധരൻ,**
പ്രസിഡന്റ്,
ഗ്രാമപഞ്ചായത്ത്
തെൻമല

തെൻമല
19.12.96

(ഒപ്പ്)
ഒ.ഖാലിദ്,
സെക്രട്ടറി,
ഗ്രാമപഞ്ചായത്ത്,
തെൻമല,

ഗ്രാമസഭാറിപ്പോർട്ടുകൾ, DRP മാരുടെയും LRP മാരുടെയും നേതൃത്വത്തിൽ നടത്തിയ ദ്വിദീയവിവര ശേഖരണം, പഠന പര്യടനം, കേട്ടറിവ്, നാട്ടറിവ്, നടപ്പു പദ്ധതികളെ സംബന്ധിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിഷയ ഗ്രൂപ്പുകൾ നടത്തിയ വിശദമായ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള വിലയിരുത്തലു കളുടെയും, നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈവികസന റിപ്പോർട്ട്. 19.11.96ൽ കൂടിയ പഞ്ചായത്ത്കമ്മിറ്റി ഈറിപ്പോർട്ട് ചർച്ചചെയ്ത് അംഗീകരിച്ചു.

നമ്മുടെ പഞ്ചായത്തിനെ പുരോഗതിയിലേക്കുനയിക്കാനും, പുതിയ ഒരു വികസന സംസ്കാരത്തിന് നാന്ദി കുറിക്കുവാനും, ഈവികസന സെമിനാറിനു കഴിയുമെന്നു പ്രത്യാശിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ വികസന മേഖലകളെ കുറിച്ച് സമഗ്രമായി ചർച്ച ചെയ്ത് ഒരു ജനകീയ പദ്ധതിക്ക് രൂപം കൊടുക്കാൻ കഴിയുമെന്ന് വിശ്വസിച്ച് കൊണ്ട് തെൻമല ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

(ഒപ്പ്)
**കെ.ശശിധരൻ,**
പ്രസിഡന്റ്,
ഗ്രാമപഞ്ചായത്ത്
തെൻമല

തെൻമല
19.12.96

(ഒപ്പ്)
ഒ.ഖാലിദ്,
സെക്രട്ടറി,
ഗ്രാമപഞ്ചായത്ത്,
തെൻമല,

# പൊതു വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | തെൻമല ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് ആസ്ഥാനം | - | തെൻമല |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | ഇടമൺ,തെൻമല(ഭാഗികം)<br>പിറവന്തൂർ (ഭാഗികം) |
| ബ്ളോക്ക്പഞ്ചായത്തു ഡിവിഷൻ | - | തെൻമല(1 മുതൽ9 വരെവാർഡുകൾ)<br>ആര്യങ്കാവ്-(10-11 വാർഡുകൾ ഭാഗികം) |
| ബ്ളോക്ക് പഞ്ചായത്ത് | - | അഞ്ചൽ |
| താലൂക്ക് | - | പത്തനാപുരം |
| ജില്ല | - | കൊല്ലം |
| അസംബ്ളിമണ്ഡപം | - | പത്തനാപുരം |
| പാർല മെന്റു മണ്ഡപം | - | അടൂർ |
| വിസ്തീർണ്ണം | - | 162-34ച:കി:മീറ്റർ |
| വാർഡുകൾ | - | പതിനൊന്ന് |
| അതിരുകൾ | - | |
| കിഴക്ക് | : | ആര്യങ്കാവ്,കുളത്തുപ്പുഴ പഞ്ചായത്തുകൾ |
| തെക്ക് | : | കല്ലടയാറ്. (ഏരൂർ- കുളത്തുപ്പുഴ) |
| പടിഞ്ഞാറ് | : | പുനലൂർ മുനിസിപ്പാലിറ്റിയും<br>പിറവന്തൂർ പഞ്ചായത്തും. |
| വടക്ക് | : | അമ്പനാർ അരുവി<br>(പിറവന്തൂർ ആര്യങ്കാവ് പഞ്ചായത്തുൾ) |
| ജനസംഖ്യ | - | 24214 |
| പുരുഷന്മാർ | - | 12061 |
| സ്ത്രീകൾ | - | 12153 |
| സാക്ഷരർ : പുരുഷൻ | - | 9867 |
| സ്ത്രീ | - | 9245 |
| പ്രസിഡണ്ട് | - | കെ. ശശിധരൻ |
| വൈസ്പ്രസിഡണ്ട് | - | എം. ഡാനിയൽ |
| സ്റ്റാന്ഡിംഗ് കമ്മിറ്റി ചെയർമാൻ | - | എൽ ഗോപിനാഥ പിള്ള |
| സെക്രട്ടറി | - | ഓ. ഖാലിദ് |

# പൊതു വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | തെൻമല ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് ആസ്ഥാനം | - | തെൻമല |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | ഇടമൺ,തെൻമല(ഭാഗികം)<br>പിറവന്തൂർ (ഭാഗികം) |
| ബ്ളോക്ക്പഞ്ചായത്തു ഡിവിഷൻ | - | തെൻമല(1 മുതൽ9 വരെവാർഡുകൾ)<br>ആര്യങ്കാവ്-(10-11 വാർഡുകൾ ഭാഗികം) |
| ബ്ളോക്ക് പഞ്ചായത്ത് | - | അഞ്ചൽ |
| താലൂക്ക് | - | പത്തനാപുരം |
| ജില്ല | - | കൊല്ലം |
| അസംബ്ളിമണ്ഡപം | - | പത്തനാപുരം |
| പാർല മെന്റു മണ്ഡപം | - | അടൂർ |
| വിസ്തീർണ്ണം | - | 162-34ച:കി:മീറ്റർ |
| വാർഡുകൾ | - | പതിനൊന്ന് |
| അതിരുകൾ | - | |
| കിഴക്ക് | : | ആര്യങ്കാവ്,കുളത്തുപ്പുഴ പഞ്ചായത്തുകൾ |
| തെക്ക് | : | കല്ലടയാറ്. (ഏരൂർ- കുളത്തുപ്പുഴ) |
| പടിഞ്ഞാറ് | : | പുനലൂർ മുനിസിപ്പാലിറ്റിയും<br>പിറവന്തൂർ പഞ്ചായത്തും. |
| വടക്ക് | : | അമ്പനാർ അരുവി<br>(പിറവന്തൂർ ആര്യങ്കാവ് പഞ്ചായത്തുൾ) |
| ജനസംഖ്യ | - | 24214 |
| പുരുഷന്മാർ | - | 12061 |
| സ്ത്രീകൾ | - | 12153 |
| സാക്ഷരർ : പുരുഷൻ | - | 9867 |
| സ്ത്രീ | - | 9245 |
| പ്രസിഡണ്ട് | - | കെ. ശശിധരൻ |
| വൈസ്പ്രസിഡണ്ട് | - | എം. ഡാനിയൽ |
| സ്റ്റാന്ഡിംഗ് കമ്മിറ്റി ചെയർമാൻ | - | എൽ ഗോപിനാഥ പിള്ള |
| സെക്രട്ടറി | - | ഓ. ഖാലിദ് |

കൊല്ലം ജില്ലയിൽ ആദ്യമായി രൂപീകരിക്കപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണ് ഏരൂർ പഞ്ചായത്ത്. അക്കാലത്ത് ഇന്നത്തെ തെന്മല പഞ്ചായത്ത്, ഏരൂർ പഞ്ചായത്തിലെ ഒരു വാർഡുമാത്രമായിരുന്നു. 1963-ലെ പഞ്ചായത്തു തെരെഞ്ഞെടുപ്പോടുകൂടിയാണ് തെന്മല പഞ്ചായത്ത് രൂപീകൃതമായത്. ഇന്നത്തെ ആര്യങ്കാവ് പഞ്ചായത്തുകൂടി ഉൾപ്പെട്ടതായിരുന്നു തെന്മല പഞ്ചായത്ത്. 1969 ലെ വിഭജനത്തോടുകൂടി തെന്മല പഞ്ചായത്തു വിഭജിച്ച് ആര്യങ്കാവ്, തെന്മല പഞ്ചായത്തുകൾ നിലവിൽവന്നു. 1963 ൽ നിലവിൽ വന്ന തെന്മല പഞ്ചായത്തിന്റെ പ്രസിഡണ്ട് യശ്ശശരീരനായ T.C. നരിയാരത്ത് അവർകളായിരുന്നു. 1969 ൽ നിലവിൽ വന്ന ഇപ്പോഴുള്ള തെന്മല പഞ്ചായത്തിന്റെ പ്രസിഡണ്ട് ശ്രീ. എൻ.സി. പിള്ള അവർകളായിരുന്നു 1980 മുതൽ 1985 വരെ, ശ്രീ. പി. വിജയൻ അവർകളും 1988 മുതൽ 1995 വരെ, ശ്രീ.കെ.സോമരാജൻ അവർകളും തെന്മല പഞ്ചായത്തിന്റെ പ്രസിഡന്റ്മാരായിരുന്നു. 1995 ഒക്റ്റോബർ 2ന് ശ്രീ കെ.ശശിധരൻ പ്രസിഡന്റായുള്ള നിലവുള്ള കമ്മിറ്റി അധികാരത്തിൽ വന്നു.

ഈ പഞ്ചായത്തിൽ, പഞ്ചായത്ത് അഫീസ് കൂടാതെ ഒരു കൃഷിഭവൻ, ഒരു മൃഗാശുപത്രി, ഒരു പ്രൈമറി ഹെൽത്ത് സെന്റർ, ഒരു ആയുർവേദ ആശുപത്രി എന്നിവയും പ്രവർത്തിക്കുന്നു. ഇതിനു പുറമേ 7 എൽ പി സ്കൂളുകൾ 2 യു.പി.സ്കൂളുകൾ, 2 ഹൈസ്കൂളുകൾ, ഒരു 220 KV സബ്സ്റ്റേഷൻ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്, രണ്ടു സർവ്വീസ് സഹകരണബാങ്കുൾ, അഞ്ചുക്ഷീരസംഘങ്ങൾ, രണ്ടു വില്ലേജ് ആഫീസുകൾ, രണ്ട് വില്ലേജ് എക്സ്റ്റഷൻ ആഫീസുകൾ, ആറു പോസ്റ്റോഫീസുകൾ, രണ്ടു ടെലഫോൺ എക്സേഞ്ചുകൾ, അഞ്ച് അങ്കണവാടികൾ എന്നിവയും, ഫെഡറൽ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവയും പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്.

കൊല്ലം ജില്ലയിൽ ആദ്യമായി രൂപീകരിക്കപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണ് ഏരൂർ പഞ്ചായത്ത്. അക്കാലത്ത് ഇന്നത്തെ തെന്മല പഞ്ചായത്ത്, ഏരൂർ പഞ്ചായത്തിലെ ഒരു വാർഡുമാത്രമായിരുന്നു. 1963-ലെ പഞ്ചായത്തു തെരെഞ്ഞെടുപ്പോടുകൂടിയാണ് തെന്മല പഞ്ചായത്ത് രൂപീകൃതമായത്. ഇന്നത്തെ ആര്യങ്കാവ് പഞ്ചായത്തുകൂടി ഉൾപ്പെട്ടതായിരുന്നു തെന്മല പഞ്ചായത്ത്. 1969 ലെ വിഭജനത്തോടുകൂടി തെന്മല പഞ്ചായത്തു വിഭജിച്ച് ആര്യങ്കാവ്, തെന്മല പഞ്ചായത്തുകൾ നിലവിൽവന്നു. 1963 ൽ നിലവിൽ വന്ന തെന്മല പഞ്ചായത്തിന്റെ പ്രസിഡണ്ട് യശ്ശശരീരനായ T.C. നരിയാരത്ത് അവർകളായിരുന്നു. 1969 ൽ നിലവിൽ വന്ന ഇപ്പോഴുള്ള തെന്മല പഞ്ചായത്തിന്റെ പ്രസിഡണ്ട് ശ്രീ. എൻ.സി. പിള്ള അവർകളായിരുന്നു 1980 മുതൽ 1985 വരെ, ശ്രീ. പി. വിജയൻ അവർകളും 1988 മുതൽ 1995 വരെ, ശ്രീ.കെ.സോമരാജൻ അവർകളും തെന്മല പഞ്ചായത്തിന്റെ പ്രസിഡന്റ്മാരായിരുന്നു. 1995 ഒക്റ്റോബർ 2ന് ശ്രീ കെ.ശശിധരൻ പ്രസിഡന്റായുള്ള നിലവുള്ള കമ്മിറ്റി അധികാരത്തിൽ വന്നു.

ഈ പഞ്ചായത്തിൽ, പഞ്ചായത്ത് അഫീസ് കൂടാതെ ഒരു കൃഷിഭവൻ, ഒരു മൃഗാശുപത്രി, ഒരു പ്രൈമറി ഹെൽത്ത് സെന്റർ, ഒരു ആയുർവേദ ആശുപത്രി എന്നിവയും പ്രവർത്തിക്കുന്നു. ഇതിനു പുറമേ 7 എൽ പി സ്കൂളുകൾ 2 യു.പി.സ്കൂളുകൾ, 2 ഹൈസ്കൂളുകൾ, ഒരു 220 KV സബ്സ്റ്റേഷൻ ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്, രണ്ടു സർവ്വീസ് സഹകരണബാങ്കുൾ, അഞ്ചുക്ഷീരസംഘങ്ങൾ, രണ്ടു വില്ലേജ് ആഫീസുകൾ, രണ്ട് വില്ലേജ് എക്സ്റ്റഷൻ ആഫീസുകൾ, ആറു പോസ്റ്റോഫീസുകൾ, രണ്ടു ടെലഫോൺ എക്സേഞ്ചുകൾ, അഞ്ച് അങ്കണവാടികൾ എന്നിവയും, ഫെഡറൽ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നിവയും പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളാണ്.



# II. സാമൂഹിക സാംസ്കാരിക ചരിത്രം

മൺ മറഞ്ഞ പുരാതന സംസ്കാരത്തിന്റെ ചരിത്രാതീതകാലത്തിലേക്ക് വെളിച്ചം വീശുന്ന തെളിവുകൾ നൽകുന്ന അവശിഷ്ടങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ നിന്നും കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. തെന്മല വനാന്തരങ്ങളിൽ നിന്നും കണ്ടെടുത്ത പുരാതന ശിലായുഗ കാലഘട്ടത്തിലേതെന്നു കണക്കാക്കപ്പെടുന്ന ഗുഹകളും, കല്ലട ജലസേചന പദ്ധതിയുടെ വലതുകര കനാൽ നിർമ്മാണ വേളയിൽ കണ്ടെടുത്ത പുരാതന വീട്ടുപകരണങ്ങളും ഇവയിൽ ഉൾപ്പെടുന്നു.

തെന്മല പഞ്ചായത്തിൽ ജനവാസം ആരംഭിച്ചിട്ട് ഏകദേശം 200 വർഷത്തിലധികമായതായി പഴമക്കാർ കരുതുന്നു. ആദ്യകാലത്ത് ഇടമൺ പ്രദേശം കേന്ദ്രീകരിച്ച് ഇരുപതോളം ഈഴവ കുടുബങ്ങൾ കുടിയേറിപാർത്തതായി കണക്കാക്കുന്നു. പിന്നീട് തമിഴ്കുടിയേറ്റക്കാരുടെ കൈവശമായിത്തീർന്ന ഈ പ്രദേശം തൊട്ടടുത്ത സ്ഥലങ്ങളെ അപേക്ഷിച്ച് കൂടുതൽ വിസ്തൃതവും കാർഷിക വൃത്തിക്ക് അനുയോജ്യവുമായിരുന്നു. മലകളാൽ ചുറ്റപ്പെട്ട ഈ സമതലം "ഇടയ്ക്കുള്ള മണ്ണ്" എന്ന അർത്ഥത്തിൽ ഇടമൺ എന്നു വിളിക്കപ്പെട്ടു തുടങ്ങി. തമിഴ് കുടിയേറ്റക്കാരിൽ ഏറിയവരും തമിഴ് കുടിയേറ്റക്കാരിൽ ഏറിയപങ്കും തമിഴ് ബ്രാഹ്മണരും, തേവന്മാരുമായിരുന്നു. ഇവർ താമസിച്ചുവന്നുരുന്ന വീടുകളും മറ്റും ഇപ്പോഴും ഉപയോഗിച്ചു വരുന്നു. സിദ്ധ വൈദ്യനും, കൃഷിക്കാരനും, വ്യാപാരിയുമൊക്കെ ആയിരുന്ന രാഘവ അയ്യങ്കാർ ഇവരിൽ പ്രധാനി ആയി അറിയപ്പെട്ടിരുന്നു. തേവന്മാർ താമസിച്ചിരുന്ന സ്ഥലമാണ് ഇപ്പോഴത്തെ തേവരു കുന്ന് എന്നുപറയപ്പെടുന്നത്. 1865-ൽ കണ്ണൻ ദേവൻ, റാണി റബ്ബർ കമ്പനികളുടേയും H&C കമ്പനിയുടേയും വകയായി വനപ്രദേശങ്ങൾ പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് റബ്ബർ, തേയില കൃഷികൾ ആരംഭിച്ചു. ഇതോടുകൂടി ഈ തോട്ടങ്ങളിൽ പണിയെടുക്കുന്നിനായി തമിഴ്നാട്ടിൽ നിന്നും ധാരാളം തൊഴിലാളികളെ കൊണ്ടുവരികയുണ്ടായി. റബ്ബർ കൃഷിയുടെ വരവോടെ നിരവധികൃസ്ത്യൻ കുടുംബങ്ങളും, കച്ചവടസംബന്ധമായി മുസ്ലീം കുടുംബങ്ങളും കുടിയേറിപാർത്തു. 1880 ൽ ശ്രീമൂലം മഹാരാജാവിന്റെ കാലത്ത് റവന്യൂ സെറ്റിൽമെന്റ് നിലവിൽ വന്നു. 1904-ൽ നിലവിൽ വന്ന കൊല്ലം-തിരുനെൽവേലി റയിൽവേ പാതയുടെ പണികളോടനുബന്ധിച്ചു കൂടുതൽ ആളുകൾ എത്തിചേർന്നു. ഇതിനുമുമ്പുതന്നെ കൊല്ലം-ചെങ്കോട്ട റോഡു ഗതാഗതം നിലവിൽവന്നിരുന്നു. ആര്യകാവ്, ചേനഗിരി, ഫ്ളോറൻസ്, നെടുംപാറ, നാഗമല, മാമ്പഴത്തറ, ചാലിയക്കര, വഴിയായിരുന്നു ആദ്യകാലങ്ങളിൽ രാജപാതയുണ്ടായിരുന്നത്. ഇന്നത്തെ കൊല്ലം-ചെങ്കോട്ട റോഡ് പിന്നീട് വികസിപ്പിച്ചെടുക്കുകയും ഗതാഗത സൗകര്യപ്രദമാക്കിയെടുക്കുകയുമാണുണ്ടായ്. തെന്മല, റയിൽവേ സ്റ്റേഷന്റേയും, ഫോറസ്റ്റ് ഡിപ്പോയുടേയും, പ്ലാന്റേഷനുകളുടേയും വരവോടെ കൂടുതൽ പ്രശസ്തിയാർജ്ജിച്ചു. 10(Ten)



# II. സാമൂഹിക സാംസ്കാരിക ചരിത്രം

മൺ മറഞ്ഞ പുരാതന സംസ്കാരത്തിന്റെ ചരിത്രാതീതകാലത്തിലേക്ക് വെളിച്ചം വീശുന്ന തെളിവുകൾ നൽകുന്ന അവശിഷ്ടങ്ങൾ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ നിന്നും കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. തെന്മല വനാന്തരങ്ങളിൽ നിന്നും കണ്ടെടുത്ത പുരാതന ശിലായുഗ കാലഘട്ടത്തിലേതെന്നു കണക്കാക്കപ്പെടുന്ന ഗുഹകളും, കല്ലട ജലസേചന പദ്ധതിയുടെ വലതുകര കനാൽ നിർമ്മാണ വേളയിൽ കണ്ടെടുത്ത പുരാതന വീട്ടുപകരണങ്ങളും ഇവയിൽ ഉൾപ്പെടുന്നു.

തെന്മല പഞ്ചായത്തിൽ ജനവാസം ആരംഭിച്ചിട്ട് ഏകദേശം 200 വർഷത്തിലധികമായതായി പഴമക്കാർ കരുതുന്നു. ആദ്യകാലത്ത് ഇടമൺ പ്രദേശം കേന്ദ്രീകരിച്ച് ഇരുപതോളം ഈഴവ കുടുബങ്ങൾ കുടിയേറിപാർത്തതായി കണക്കാക്കുന്നു. പിന്നീട് തമിഴ്കുടിയേറ്റക്കാരുടെ കൈവശമായിത്തീർന്ന ഈ പ്രദേശം തൊട്ടടുത്ത സ്ഥലങ്ങളെ അപേക്ഷിച്ച് കൂടുതൽ വിസ്തൃതവും കാർഷിക വൃത്തിക്ക് അനുയോജ്യവുമായിരുന്നു. മലകളാൽ ചുറ്റപ്പെട്ട ഈ സമതലം "ഇടയ്ക്കുള്ള മണ്ണ്" എന്ന അർത്ഥത്തിൽ ഇടമൺ എന്നു വിളിക്കപ്പെട്ടു തുടങ്ങി. തമിഴ് കുടിയേറ്റക്കാരിൽ ഏറിയവരും തമിഴ് കുടിയേറ്റക്കാരിൽ ഏറിയപങ്കും തമിഴ് ബ്രാഹ്മണരും, തേവന്മാരുമായിരുന്നു. ഇവർ താമസിച്ചുവന്നുരുന്ന വീടുകളും മറ്റും ഇപ്പോഴും ഉപയോഗിച്ചു വരുന്നു. സിദ്ധവൈദ്യനും, കൃഷിക്കാരനും, വ്യാപാരിയുമൊക്കെ ആയിരുന്ന രാഘവ അയ്യങ്കാർ ഇവരിൽ പ്രധാനി ആയി അറിയപ്പെട്ടിരുന്നു. തേവന്മാർ താമസിച്ചിരുന്ന സ്ഥലമാണ് ഇപ്പോഴത്തെ തേവരു കുന്ന് എന്നുപറയപ്പെടുന്നത്. 1865-ൽ കണ്ണൻ ദേവൻ, റാണി റബ്ബർ കമ്പനികളുടേയും H&C കമ്പനിയുടേയും വകയായി വനപ്രദേശങ്ങൾ പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് റബ്ബർ, തേയില കൃഷികൾ ആരംഭിച്ചു. ഇതോടുകൂടി ഈ തോട്ടങ്ങളിൽ പണിയെടുക്കുന്നിനായി തമിഴ്നാട്ടിൽ നിന്നും ധാരാളം തൊഴിലാളികളെ കൊണ്ടുവരികയുണ്ടായി. റബ്ബർ കൃഷിയുടെ വരവോടെ നിരവധികൃസ്ത്യൻ കുടുംബങ്ങളും, കച്ചവടസംബന്ധമായി മുസ്ലീം കുടുംബങ്ങളും കുടിയേറിപാർത്തു. 1880 ൽ ശ്രീമൂലം മഹാരാജാവിന്റെ കാലത്ത് റവന്യൂ സെറ്റിൽമെന്റ് നിലവിൽ വന്നു. 1904-ൽ നിലവിൽ വന്ന കൊല്ലം-തിരുനെൽവേലി റയിൽവേ പാതയുടെ പണികളോടനുബന്ധിച്ചു കൂടുതൽ ആളുകൾ എത്തിചേർന്നു. ഇതിനുമുമ്പുതന്നെ കൊല്ലം-ചെങ്കോട്ട റോഡു ഗതാഗതം നിലവിൽവന്നിരുന്നു. ആര്യകാവ്, ചേനഗിരി, ഫ്ളോറൻസ്, നെടുംപാറ, നാഗമല, മാമ്പഴത്തറ, ചാലിയക്കര, വഴിയായിരുന്നു ആദ്യകാലങ്ങളിൽ രാജപാതയുണ്ടായിരുന്നത്. ഇന്നത്തെ കൊല്ലം-ചെങ്കോട്ട റോഡ് പിന്നീട് വികസിപ്പിച്ചെടുക്കുകയും ഗതാഗത സൗകര്യപ്രദമാക്കിയെടുക്കുകയുമാണുണ്ടായ്. തെന്മല, റയിൽവേ സ്റ്റേഷന്റേയും, ഫോറസ്റ്റ് ഡിപ്പോയുടേയും, പ്ലാന്റേഷനുകളുടേയും വരവോടെ കൂടുതൽ പ്രശസ്തിയാർജ്ജിച്ചു. 10(Ten)

മലകളുടെ നാട് എന്ന അർത്ഥത്തിലാണ് തെന്മമലയ്ക്ക് പേരുണ്ടായതെന്നും, തെക്കുഭാഗത്ത് മലയുള്ളതിലാണ്. അതല്ല "തേൻ" ധാരാളം ലഭിക്കുന്ന സ്ഥലമായതിനാലാണ് ഈ പേരു വന്നതെന്നും വിശ്വസിക്കുന്നു. ചതുപ്പുനിലങ്ങളും, സസ്യജാലങ്ങൾ വളർന്നു പന്തലിച്ചുനിന്ന സ്ഥലങ്ങളും പച്ച പിടിച്ചു നിന്നിരുന്നതിനാൽ ആണ് അണ്ടൂർപച്ച, ഇടത്തറ പ്പച്ച, നെടുംപച്ച, തുടങ്ങിയ സ്ഥലങ്ങൾക്ക് ഈ പേരുകൾ ഉണ്ടായതെന്ന് പറയപ്പെടുന്നു. കല്ലുകൾ കൂടുതൽകാണപ്പെ ട്ടതും, ഏറ്റവും വലിയ പാറകാണപ്പെട്ടതുമായ സ്ഥലത്തെ ഒറ്റക്കൽ എന്നും കുന്നുകളുടെ "ഊര്" ആയനാടിനെ ഉറു കുന്ന് എന്നും വിളിച്ചുതുടങ്ങി.

പ്രാചീന ക്ഷേത്രങ്ങളിലൊന്നായ മാമ്പഴത്തറ ക്ഷേത്രം ആര്യങ്കാവു ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. നിലവിൽവന്നത്. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ഇത് പുതുക്കി പണിയുകയുണ്ടായി. സഹ്യാദ്രി ശൃംഗങ്ങളിൽ ഒന്നായ നെടും പാറമൊട്ട സമുദ്രനിരപ്പിൽ നിന്നും 2965 അടി ഉയരത്തിൽ ഒറ്റക്കലിനും, നാഗമലക്കും ഇടയിൽ സ്ഥിതിചെയ്യുന്നു. ഇവിടെ നെടുംപാറ സാഹിബ് എന്ന മുസ്ലീം ദിവ്യൻ പാർത്തിരുന്നതായും അദ്ദേഹത്തെ ഖബറടക്കിയ സ്ഥലമാണ് ഇന്നത്തെ ഒറ്റക്കൽ മുസ്ലീം ദേവാലയമെന്നും ഐതീഹ്യമുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഇടമണ്ണിൽ ലണ്ടൻ മിഷൻ സൊസൈറ്റി വക ഒരു ദേവാലയം സ്ഥാപിക്കുകയും മിഷനറി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതായും കാണുന്നു. 1932-ൽ സ്ഥാപിതമായ സെന്റ് ജോസഫ് ചർച്ചാണ് ഇന്നു നിലവിലുള്ള കൃസ്ത്യൻ ദേവാലയങ്ങളിൽ പഴക്കമേറിയത്. ഇടമൺ, തെന്മല എന്നിവിടങ്ങളിൽ ഉണ്ടായി രുന്ന പഴയ സത്രങ്ങളുടേയും, ഒറ്റക്കല്ലിൽ ഫോറസ്റ്റ് ഗാർഡ് സ്റ്റേഷനായി തീർന്ന പഴയ ലോക്കപ്പ്മുറികളുടേയും അവശി ഷ്ടങ്ങൾ അടുത്തകാലം വരെ ഉണ്ടായിരുന്നു.

സ്വതന്ത്ര്യസമരചരിത്രങ്ങളിൽ ഈ പ്രദേശത്തിന് വലിയ പങ്കുള്ളതായി കാണുന്നില്ല എന്നാൽ സ്വാതന്ത്ര്യാന ന്തര കാലഘട്ടങ്ങളിൽ ഈ മേഖലയിൽ വിവിധ ബഹുജന പ്രസ്ഥാനങ്ങൾ വലിയ സ്വാധീനത്തോടെ പ്രവർത്തിച്ചിട്ടുണ്ട്. കർഷകരുടേയും തൊഴിലാളികളുടേയും പ്രസ്ഥാന ങ്ങൾക്കുള്ള വളർച്ച എടുത്തുപറയത്തക്കതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചിരുന്ന കാലത്ത് പരേതനായ എം.എൻ.ഗോവിന്ദൻ നായരെ പോലുള്ളവർ ഈ പ്രദേശം ഒളിത്താവളമാക്കി പ്രവർത്തിച്ചിരുന്നു.

സ്വാതന്ത്ര്യാനന്തരം ഭക്ഷ്യക്ഷാമമുണ്ടായപ്പോൾ 1948-ൽ തെന്മല മുതൽ അണ്ടൂർ പച്ചവരെയുള്ള പ്രദേശ ങ്ങൾ (ഒന്നുമതൽ പതിനേഴുവരെയുള്ള ബ്ലോക്കുകൾ) ഫുഡ് പ്രൊഡക്ഷൻ ഏരിയ ആയി തെരഞ്ഞെടുത്ത് നെല്ല് തുടങ്ങിയ ധാന്യങ്ങളുടെ കൃഷിക്കായി കർഷകർക്ക് നൽകി. ഏക്കറിന് മൂന്നര രൂപ പാട്ട വ്യവസ്ഥയിലായിരുന്നു ഭൂമി നൽകിയത്. അന്ന് മുഖ്യമന്ത്രി പട്ടംതാണുപിള്ളയും, വനം വകുപ്പ് മന്ത്രി T.M. വർഗ്ഗീസും സ്ഥലം MLA, P.C. ആദിച്ച നുമായിരുന്നു. ധാന്യകൃഷിമാത്രം നടത്തുവാനെ കർഷകർക്ക് അവകാശമുണ്ടായിരുന്നുള്ളു. ഉൽപാദിപ്പി ക്കുന്ന നെല്ല് ശേഖരിച്ച് അരിയാക്കി വിൽക്കുന്നതിന് കർഷകരുടെ ഒരു കൈക്കുത്തരി സംഘവും ഇക്കാലത്തു പ്രവർത്തിച്ചിരുന്നു. ഇതരകൃഷികൾ ചെയ്യുവാനും, കൃഷിഭൂമി കർഷകനുസ്വന്തമായി പതിച്ചുകിട്ടുവാനും പരേതനായ ഉമ്മർകുട്ടി ലബ്ബ, എസ്. അച്യുതൻ എന്നീ സാമൂഹ്യപ്ര വർത്തകരുടെ നേതൃത്വത്തിൽ നടന്ന കർഷകസമരങ്ങൾ സ്മരണീയങ്ങളാണ്. 1956-ൽ കേരള രൂപീകരണത്തോടെ വനംവകുപ്പിൽ നിന്നും ഭൂമി റവന്യൂവിന് കൈമാറുകയും കർഷകർക്ക് കൂടുതൽ സ്വാതന്ത്ര്യങ്ങൾ നൽകുകയും ചെയ്തു. 1969-ൽ ഭൂപരിഷ്കരണ ബിൽ നിലവിൽ വന്നതോടെ കൃഷി ഭൂമി കർഷകന് എന്ന അടിസ്ഥാനത്തിൽ ഈ പ്രദേശങ്ങൾ കൃഷിക്കാർക്ക് പതിച്ചുനൽകി. ഇതെ തുടർന്ന് ഉറുകുന്ന് മലവേടർ കോളനി നിവാസികൾക്കായി 80 ഏക്കർസ്ഥലവും വനംവകുപ്പിൽനിന്നും വിട്ടുകൊടുത്തു. ഇടമൺ തേക്കും കൂപ്പിൽ 80 ഏക്കർ സ്ഥലം ചെത്തു തൊഴിലാളികൾക്കായി ഇതിനിടയിൽ പതിച്ചു നൽകിയി രുന്നു.

കാലക്രമേണ ഭൂ ഉമകളിൽ കാതലായ മാറ്റംവന്നു തുടങ്ങി. ഏതാനും പേരുടെ കൈവശമുണ്ടായിരുന്ന കൃഷിഭൂമി കൂടുതൽ പേർക്കായി വീതിക്കപ്പെടുകയുണ്ടായി. ജനസംഖ്യയിൽ ഉണ്ടായിട്ടുള്ള വർദ്ധനവും കൃഷിയിൽ നിന്നും മറ്റും മേഖലകളിലേക്കുള്ള പരിവർത്തനവും കൃഷിഭൂ മിയുടെ ഉടമസ്ഥതയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായി. കൃഷി ഭൂമികൾ തുണ്ടുതുണ്ടാക്കപ്പെടുകയും കൂടുതൽ ആളുകളുടെ അവകാശത്തിൽ ആവുകയും ചെയ്തു.

മലകളുടെ നാട് എന്ന അർത്ഥത്തിലാണ് തെന്മമലയ്ക്ക് പേരുണ്ടായതെന്നും, തെക്കുഭാഗത്ത് മലയുള്ളതിലാണ്. അതല്ല "തേൻ" ധാരാളം ലഭിക്കുന്ന സ്ഥലമായതിനാലാണ് ഈ പേരു വന്നതെന്നും വിശ്വസിക്കുന്നു. ചതുപ്പുനിലങ്ങളും, സസ്യജാലങ്ങൾ വളർന്നു പന്തലിച്ചുനിന്ന സ്ഥലങ്ങളും പച്ച പിടിച്ചു നിന്നിരുന്നതിനാൽ ആണ് അണ്ടൂർപച്ച, ഇടത്തറ പ്പച്ച, നെടുംപച്ച, തുടങ്ങിയ സ്ഥലങ്ങൾക്ക് ഈ പേരുകൾ ഉണ്ടായതെന്ന് പറയപ്പെടുന്നു. കല്ലുകൾ കൂടുതൽകാണപ്പെ ട്ടതും, ഏറ്റവും വലിയ പാറകാണപ്പെട്ടതുമായ സ്ഥലത്തെ ഒറ്റക്കൽ എന്നും കുന്നുകളുടെ "ഊര്" ആയനാടിനെ ഉറു കുന്ന് എന്നും വിളിച്ചുതുടങ്ങി.

പ്രാചീന ക്ഷേത്രങ്ങളിലൊന്നായ മാമ്പഴത്തറ ക്ഷേത്രം ആര്യങ്കാവു ക്ഷേത്രവുമായി ബന്ധപ്പെട്ടതാണ്. നിലവിൽവന്നത്. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ഇത് പുതുക്കി പണിയുകയുണ്ടായി. സഹ്യാദ്രി ശൃംഗങ്ങളിൽ ഒന്നായ നെടും പാറമൊട്ട സമുദ്രനിരപ്പിൽ നിന്നും 2965 അടി ഉയരത്തിൽ ഒറ്റക്കലിനും, നാഗമലക്കും ഇടയിൽ സ്ഥിതിചെയ്യുന്നു. ഇവിടെ നെടുംപാറ സാഹിബ് എന്ന മുസ്ലീം ദിവ്യൻ പാർത്തിരുന്നതായും അദ്ദേഹത്തെ ഖബറടക്കിയ സ്ഥലമാണ് ഇന്നത്തെ ഒറ്റക്കൽ മുസ്ലീം ദേവാലയമെന്നും ഐതീഹ്യമുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഇടമണ്ണിൽ ലണ്ടൻ മിഷൻ സൊസൈറ്റി വക ഒരു ദേവാലയം സ്ഥാപിക്കുകയും മിഷനറി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തതായും കാണുന്നു. 1932-ൽ സ്ഥാപിതമായ സെന്റ് ജോസഫ് ചർച്ചാണ് ഇന്നു നിലവിലുള്ള ക്രൈസ്തവ ദേവാലയങ്ങളിൽ പഴക്കമേറിയത്. ഇടമൺ, തെന്മല എന്നിവിടങ്ങളിൽ ഉണ്ടായി രുന്ന പഴയ സത്രങ്ങളുടേയും, ഒറ്റക്കല്ലിൽ ഫോറസ്റ്റ് ഗാർഡ് സ്റ്റേഷനായി തീർന്ന പഴയ ലോക്കപ്പ്മുറികളുടേയും അവശി ഷ്ടങ്ങൾ അടുത്തകാലം വരെ ഉണ്ടായിരുന്നു.

സ്വാതന്ത്ര്യസമരചരിത്രങ്ങളിൽ ഈ പ്രദേശത്തിന് വലിയ പങ്കുള്ളതായി കാണുന്നില്ല എന്നാൽ സ്വാതന്ത്ര്യാന ന്തര കാലഘട്ടങ്ങളിൽ ഈ മേഖലയിൽ വിവിധ ബഹുജന പ്രസ്ഥാനങ്ങൾ വലിയ സ്വാധീനത്തോടെ പ്രവർത്തിച്ചിട്ടുണ്ട്. കർഷകരുടേയും തൊഴിലാളികളുടേയും പ്രസ്ഥാന ങ്ങൾക്കുള്ള വളർച്ച എടുത്തുപറയത്തക്കതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിച്ചിരുന്ന കാലത്ത് പരേതനായ എം.എൻ.ഗോവിന്ദൻ നായരെ പോലുള്ളവർ ഈ പ്രദേശം ഒളിത്താവളമാക്കി പ്രവർത്തിച്ചിരുന്നു.

സ്വാതന്ത്ര്യാനന്തരം ഭക്ഷ്യക്ഷാമമുണ്ടായപ്പോൾ 1948-ൽ തെന്മല മുതൽ അണ്ടൂർ പച്ചവരെയുള്ള പ്രദേശ ങ്ങൾ (ഒന്നുമതൽ പതിനേഴുവരെയുള്ള ബ്ലോക്കുകൾ) ഫുഡ് പ്രൊഡക്ഷൻ ഏരിയ ആയി തെരഞ്ഞെടുത്ത് നെല്ല് തുടങ്ങിയ ധാന്യങ്ങളുടെ കൃഷിക്കായി കർഷകർക്ക് നൽകി. ഏക്കറിന് മൂന്നര രൂപ പാട്ട വ്യവസ്ഥയിലായിരുന്നു ഭൂമി നൽകിയത്. അന്ന് മുഖ്യമന്ത്രി പട്ടംതാണുപിള്ളയും, വനം വകുപ്പ് മന്ത്രി T.M. വർഗ്ഗീസും സ്ഥലം MLA, P.C. ആദിച്ച നുമായിരുന്നു. ധാന്യകൃഷിമാത്രം നടത്തുവാനെ കർഷകർക്ക് അവകാശമുണ്ടായിരുന്നുള്ളൂ. ഉൽപാദിപ്പി ക്കുന്ന നെല്ല് ശേഖരിച്ച് അരിയാക്കി വിൽക്കുന്നതിന് കർഷകരുടെ ഒരു കൈക്കുത്തരി സംഘവും ഇക്കാലത്തു പ്രവർത്തിച്ചിരുന്നു. ഇതരകൃഷികൾ ചെയ്യുവാനും, കൃഷിഭൂമി കർഷകനുസ്വന്തമായി പതിച്ചുകിട്ടുവാനും പരേതനായ ഉമ്മർകുട്ടി ലബ്ബ, എസ്. അച്യുതൻ എന്നീ സാമൂഹ്യപ്ര വർത്തകരുടെ നേതൃത്വത്തിൽ നടന്ന കർഷകസമരങ്ങൾ സ്മരണീയങ്ങളാണ്. 1956-ൽ കേരള രൂപീകരണത്തോടെ വനംവകുപ്പിൽ നിന്നും ഭൂമി റവന്യൂവിന് കൈമാറുകയും കർഷകർക്ക് കൂടുതൽ സ്വാതന്ത്ര്യങ്ങൾ നൽകുകയും ചെയ്തു. 1969-ൽ ഭൂപരിഷ്കരണ ബിൽ നിലവിൽ വന്നതോടെ കൃഷി ഭൂമി കർഷകന് എന്ന അടിസ്ഥാനത്തിൽ ഈ പ്രദേശങ്ങൾ കൃഷിക്കാർക്ക് പതിച്ചുനൽകി. ഇതെ തുടർന്ന് ഉറുകുന്ന് മലവേടർ കോളനി നിവാസികൾക്കായി 80 ഏക്കർസ്ഥലവും വനംവകുപ്പിൽനിന്നും വിട്ടുകൊടുത്തു. ഇടമൺ തേക്കും കൂപ്പിൽ 80 ഏക്കർ സ്ഥലം ചെത്തു തൊഴിലാളികൾക്കായി ഇതിനിടയിൽ പതിച്ചു നൽകിയി രുന്നു.

കാലക്രമേണ ഭൂ ഉമകളിൽ കാതലായ മാറ്റംവന്നു തുടങ്ങി. ഏതാനും പേരുടെ കൈവശമുണ്ടായിരുന്ന കൃഷിഭൂമി കൂടുതൽ പേർക്കായി വീതിക്കപ്പെടുകയുണ്ടായി. ജനസംഖ്യയിൽ ഉണ്ടായിട്ടുള്ള വർദ്ധനവും കൃഷിയിൽ നിന്നും മറ്റും മേഖലകളിലേക്കുള്ള പരിവർത്തനവും കൃഷിഭൂ മിയുടെ ഉടമസ്ഥതയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായി. കൃഷി ഭൂമികൾ തുണ്ടുതുണ്ടാക്കപ്പെടുകയും കൂടുതൽ ആളുകളുടെ അവകാശത്തിൽ ആവുകയും ചെയ്തു.

കാർഷിക വളർച്ചയോടൊപ്പം വിദ്യാഭ്യസ, സാമൂഹിക, സാമ്പത്തിക രംഗങ്ങളിലും പഞ്ചായത്തിൽ കാര്യമായ മാറ്റം കണ്ടുതുടങ്ങി. എല്ലാ ജാതിമതസ്ഥരും ഇടകലർന്നു താമസിക്കുന്നതിനാൽ പരസ്പരസഹകരണ ത്തിലൂടെ ജാതിമത ചിന്തകൾക്കതീതമായ ഒരു ബഹുജന അടിത്തറ ഉണ്ടാകുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലും, പൊതു ജനാരോഗ്യ സേവനപ്രവർത്തനങ്ങ ളിലും ഇവിടുത്തെ ജനങ്ങൾ പങ്കാളികളായി.

കല്ലട ജലസേചന പദ്ധതി ശെന്തുരുണി വന്യമൃഗ സംരക്ഷണകേന്ദ്രം എന്നിവയുടെ വരവോടെ പഞ്ചായത്ത് ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറിയിരിക്കുകയാണ്. ഇതൊക്കെ യാണെങ്കിലും ഉൽപ്പാദന രംഗത്തുള്ള പുറകോട്ടടി നമ്മെ വളരെയധികം ക്ഷീണിപ്പിക്കുന്നു. ഉൽപ്പാദന മേഖലയിലുള്ള വളർച്ചയും, സേവനമേഖലയിലുള്ള നിലനിൽപ്പും ലക്ഷ്യമ മാക്കി നമുക്കിനിയും ഏറെ മുന്നോട്ടു പോകേണ്ടതായിരി ക്കുന്നു. ഇക്കാര്യത്തിൽ നമുക്കൊന്നിച്ച് പോരാടാം.

കാർഷിക വളർച്ചയോടൊപ്പം വിദ്യാഭ്യസ, സാമൂഹിക, സാമ്പത്തിക രംഗങ്ങളിലും പഞ്ചായത്തിൽ കാര്യമായ മാറ്റം കണ്ടുതുടങ്ങി. എല്ലാ ജാതിമതസ്ഥരും ഇടകലർന്നു താമസിക്കുന്നതിനാൽ പരസ്പരസഹകരണത്തിലൂടെ ജാതിമത ചിന്തകൾക്കതീതമായ ഒരു ബഹുജന അടിത്തറ ഉണ്ടാകുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിലും, പൊതു ജനാരോഗ്യ സേവനപ്രവർത്തനങ്ങളിലും ഇവിടുത്തെ ജനങ്ങൾ പങ്കാളികളായി.

കല്ലട ജലസേചന പദ്ധതി ശെന്തുരുണി വന്യമൃഗ സംരക്ഷണകേന്ദ്രം എന്നിവയുടെ വരവോടെ പഞ്ചായത്ത് ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറിയിരിക്കുകയാണ്. ഇതൊക്കെയാണെങ്കിലും ഉൽപ്പാദന രംഗത്തുള്ള പുറകോട്ടടി നമ്മെ വളരെയധികം ക്ഷീണിപ്പിക്കുന്നു. ഉൽപ്പാദന മേഖലയിലുള്ള വളർച്ചയും, സേവനമേഖലയിലുള്ള നിലനിൽപ്പും ലക്ഷ്യമാക്കി നമുക്കിനിയും ഏറെ മുന്നോട്ടു പോകേണ്ടതായിരിക്കുന്നു. ഇക്കാര്യത്തിൽ നമുക്കൊന്നിച്ച് പോരാടാം.

## കൊല്ലം ജില്ല

### പഞ്ചായത്തുകൾ




Source : PRM Programme. CESS

ചിത്രം 1




ചിത്രം 1

Source : PRM Programme. CESS




ചിത്രം 2

അവലംബം:- PRM Programme CESS




ചിത്രം 2

അവലംബം:- PRM Programme CESS



# III ഭൂപ്രകൃതിയും വിഭവങ്ങളും

## ആമുഖം

സഹ്യന്റെ മടിത്തട്ടിൽ കുന്നുകളാലും മലനിരകളാലും പുഴകളാലും തോടുകളാലും സമൃദ്ധമായ ഒരു മലനാടൻ ഗ്രാമമാണ് തെന്മല പഞ്ചായത്ത്. വലുപ്പത്തിൽ കൊല്ലം ജില്ലയിലെ മൂന്നാമത്തെ പഞ്ചായത്ത് തെന്മലയുടെ വടക്കുഭാഗത്ത് പിറവന്തൂർ ആര്യങ്കാവ് പഞ്ചായത്തുകളും കിഴക്കുഭാഗത്ത് ആര്യങ്കാവ് പഞ്ചായത്തും തെക്കുഭാഗത്ത് കുളത്തൂപ്പുഴ, ഏരൂർ പഞ്ചായത്തുകളും പടിഞ്ഞാറുഭാഗത്ത് പുനലൂർ മുനിസിപ്പാലിറ്റിയും പിറവന്തൂർ പഞ്ചായത്തും സ്ഥിതിചെയ്യുന്നു (ചിത്രം 1 കാണുക).

പഞ്ചായത്തിന്റെ തെക്കേ അതിരിലൂടെ കല്ലടയാറും, ഏതാണ്ട് വടക്കേ അതിരിലൂടെ അന്മനാർ അരുവിയും, മദ്ധ്യഭാഗത്തുകൂടി കുറവന്താവളം- ഇഞ്ചപ്പള്ളി ആറുകളും കടന്നുപോകുന്നു. ഈ നദികൾക്ക് ധാരാളം പോഷകനദികളും, തോടുകളും ഉണ്ട്. (ചിത്രം 2 കാണുക) കേരളത്തിലെ ഏറ്റവും വലിയ ജലസേചനപദ്ധതി ആയ കല്ലടപദ്ധതിയുടെ പ്രധാന അണക്കെട്ടായ പരപ്പാർ ഡാം, ഒറ്റക്കൽ തടയണ എന്നിവയും ഈ പഞ്ചായത്തിലാണ്. കല്ലടപദ്ധതിയുടെ വലതുകര ജലസേചന കനാൽ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. കൊല്ലംജില്ലയിലെ ഏക ജലവൈദ്യുത പദ്ധതി ആയ കല്ലട ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ടും, ശെന്തുരുണി വന്യമൃഗ സംരക്ഷണകേന്ദ്രത്തിന്റെ ആസ്ഥാനവും തെന്മലയിലാണ്. അഞ്ചൽ വികസന ബ്ളോക്കിൽ ഉൾപ്പെടുന്ന ഈ പഞ്ചായത്തിന്റെ വിസ്തൃതി വനപ്രദേശങ്ങൾ ഉൾപ്പെടെ, 162.34 ച.കി. മീറ്ററാണ്. കൊല്ലംജില്ലയിലെ ആകെ വിസ്തൃതിയുടെ 6.5% ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്നു.

പത്തനാപുരം താലൂക്കിലെ ഇടമൺ വില്ലേജ് പൂർണ്ണമായും, തെന്മല വില്ലേജിന്റെ 90% പ്രദേശങ്ങളും, പിറവന്തൂർ വില്ലേജിന്റെ ഏതാനും ഭാഗങ്ങളും ഉൾക്കൊള്ളുന്നതാണ് നമ്മുടെ പഞ്ചായത്ത്. ഉത്തര അക്ഷാംശം $8^0$ 54′ 12″ നും $9^0$ 4′ 30″ നും ഇടയ്ക്കും പൂർവ്വരേഖാംശം $76^0$ 57′ 34″ നും $77^0$ 10′ 21″ നും ഇടയ്ക്കും ആണ് നമ്മുടെ പഞ്ചായത്തിന്റെ സ്ഥാനം.

പ്രധാന അന്തർ സംസ്ഥാന പാതകളായ കൊല്ലം-ചെങ്കോട്ട, തിരുവനന്തപുരം-ചെങ്കോട്ട എന്നീ റോഡുകളും, കൊല്ലം-തിരുനൽവേലി റെയിൽവ്വേ പാതയും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ചെറുകടവ്, ഓലപ്പാറ, ചാലിയക്കര, ചെറുതന്നൂർ, ഇടമൺ, ആനപെട്ട കോങ്കൽ, അണ്ടൂർപ്പച്ച, ഉറുകുന്ന്, ഒറ്റക്കൽ, തെന്മല, നാഗമല, കുറവന്താവളം, മാമ്പഴത്തറ എന്നിവയാണ് പ്രധാന ജനവാസകേന്ദ്രങ്ങൾ. പഞ്ചായത്തിന്റെ ആസ്ഥാനം തെന്മലയാണ്.

### ഭൂപ്രകൃതി വിഭവങ്ങൾ

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തേയും അകലത്തേയും ആസ്പദമാക്കി, കേരളത്തെ മലനാട്, ഇടനാട്,



# III ഭൂപ്രകൃതിയും വിഭവങ്ങളും

## ആമുഖം

സഹ്യന്റെ മടിത്തട്ടിൽ കുന്നുകളാലും മലനിരകളാലും പുഴകളാലും തോടുകളാലും സമൃദ്ധമായ ഒരു മലനാടൻ ഗ്രാമമാണ് തെന്മല പഞ്ചായത്ത്. വലുപ്പത്തിൽ കൊല്ലം ജില്ലയിലെ മൂന്നാമത്തെ പഞ്ചായത്ത് തെന്മലയുടെ വടക്കുഭാഗത്ത് പിറവന്തൂർ ആര്യങ്കാവ് പഞ്ചായത്തുകളും കിഴക്കുഭാഗത്ത് ആര്യങ്കാവ് പഞ്ചായത്തും തെക്കുഭാഗത്ത് കുളത്തൂപ്പുഴ, ഏരൂർ പഞ്ചായത്തുകളും പടിഞ്ഞാറുഭാഗത്ത് പുനലൂർ മുനിസിപ്പാലിറ്റിയും പിറവന്തൂർ പഞ്ചായത്തും സ്ഥിതിചെയ്യുന്നു (ചിത്രം 1 കാണുക).

പഞ്ചായത്തിന്റെ തെക്കേ അതിരിലൂടെ കല്ലടയാറും, ഏതാണ്ട് വടക്കേ അതിരിലൂടെ അന്മനാർ അരുവിയും, മദ്ധ്യഭാഗത്തുകൂടി കുറവന്താവളം- ഇഞ്ചപ്പള്ളി ആറുകളും കടന്നുപോകുന്നു. ഈ നദികൾക്ക് ധാരാളം പോഷകനദികളും, തോടുകളും ഉണ്ട്. (ചിത്രം 2 കാണുക) കേരളത്തിലെ ഏറ്റവും വലിയ ജലസേചനപദ്ധതി ആയ കല്ലടപദ്ധതിയുടെ പ്രധാന അണക്കെട്ടായ പരപ്പാർ ഡാം, ഒറ്റക്കൽ തടയണ എന്നിവയും ഈ പഞ്ചായത്തിലാണ്. കല്ലടപദ്ധതിയുടെ വലതുകര ജലസേചന കനാൽ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. കൊല്ലംജില്ലയിലെ ഏക ജലവൈദ്യുത പദ്ധതി ആയ കല്ലട ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ടും, ശെന്തുരുണി വന്യമൃഗ സംരക്ഷണകേന്ദ്രത്തിന്റെ ആസ്ഥാനവും തെന്മലയിലാണ്. അഞ്ചൽ വികസന ബ്ളോക്കിൽ ഉൾപ്പെടുന്ന ഈ പഞ്ചായത്തിന്റെ വിസ്തൃതി വനപ്രദേശങ്ങൾ ഉൾപ്പെടെ, 162.34 ച.കി. മീറ്ററാണ്. കൊല്ലംജില്ലയിലെ ആകെ വിസ്തൃതിയുടെ 6.5% ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്നു.

പത്തനാപുരം താലൂക്കിലെ ഇടമൺ വില്ലേജ് പൂർണ്ണമായും, തെന്മല വില്ലേജിന്റെ 90% പ്രദേശങ്ങളും, പിറവന്തൂർ വില്ലേജിന്റെ ഏതാനും ഭാഗങ്ങളും ഉൾക്കൊള്ളുന്നതാണ് നമ്മുടെ പഞ്ചായത്ത്. ഉത്തര അക്ഷാംശം $8^0$ 54′ 12″ നും $9^0$ 4′ 30″ നും ഇടയ്ക്കും പൂർവ്വരേഖാംശം $76^0$ 57′ 34″ നും $77^0$ 10′ 21″ നും ഇടയ്ക്കും ആണ് നമ്മുടെ പഞ്ചായത്തിന്റെ സ്ഥാനം.

പ്രധാന അന്തർ സംസ്ഥാന പാതകളായ കൊല്ലം-ചെങ്കോട്ട, തിരുവനന്തപുരം-ചെങ്കോട്ട എന്നീ റോഡുകളും, കൊല്ലം-തിരുനൽവേലി റെയിൽവ്വേ പാതയും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ചെറുകടവ്, ഓലപ്പാറ, ചാലിയക്കര, ചെറുതന്നൂർ, ഇടമൺ, ആനപെട്ടകോങ്കൽ, അണ്ടൂർപ്പച്ച, ഉറുകുന്ന്, ഒറ്റക്കൽ, തെന്മല, നാഗമല, കുറവന്താവളം, മാമ്പഴത്തറ എന്നിവയാണ് പ്രധാന ജനവാസകേന്ദ്രങ്ങൾ. പഞ്ചായത്തിന്റെ ആസ്ഥാനം തെന്മലയാണ്.

### ഭൂപ്രകൃതി വിഭവങ്ങൾ

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തേയും അകലത്തേയും ആസ്പദമാക്കി, കേരളത്തെ മലനാട്, ഇടനാട്,

തീരപ്രദേശം എന്നിങ്ങനെ മൂന്നായി തിരിച്ചിട്ടുള്ളതിൽ മലനാട് എന്ന ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നതാണ് നമ്മുടെ പഞ്ചായത്ത്. 75 മീറ്റർ മുതൽ 900 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

പ്രാദേശിക ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ ആറായി തരം തിരിയ്ക്കാവുന്നതാണ് (പട്ടിക III (1) കാണുക). ഈ പഞ്ചായത്തിലെ 95% പ്രദേശങ്ങളും ചരിവുള്ളതാണ്. പൊതുവേ ചരിവ് കിഴക്കുനിന്ന് പടിഞ്ഞാറോട്ടാണെന്ന് കാണാം. തെക്കുകിഴക്കു നിന്നും വടക്കുപടിഞ്ഞാറോട്ട് കുന്നുകളുടെ നിറുകയിലൂടെ ഒരു വിഭാജകരേഖ (Crest line) കടന്നുപോകുന്നതായി കാണാം. ഈ രേഖ തെന്മലയെ രണ്ടായി വിഭജിക്കുന്നതായി കാണാം. ഈ രേഖയുടെ ഇടത്ത് ഭാഗത്തെ ചരിവ് തെക്ക് പടിഞ്ഞാറോട്ടും, വലത്ത് ഭാഗത്തെ ചരിവ് വടക്ക് പടിഞ്ഞാറോടും ആണ്. വടക്കുഭാഗത്ത് മറ്റൊരു വിഭാജകരേഖ കൂടി കടന്നുപോകുന്നതായി കാണാം.

(1) കുന്നിൻ നെറുക

കുന്നുകളുടേയും മലകളുടെയും ശൃംഗങ്ങൾ അടങ്ങുന്ന ഈ പ്രദേശങ്ങൾ പൊതുവേ വിസ്തൃതി കുറഞ്ഞതും വീതി കുറഞ്ഞുതമാണ്. പ്രധാന മണ്ണ് വളരെ ആഴത്തിലുള്ള ചെങ്കൽ മണ്ണാണ്. നിബിഡവനങ്ങളും പ്ലാന്റേഷനുകളുമാണ് ഈ പ്രദേശത്തുള്ളത്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം 800 മീറ്ററിനുമേൽ വരും.

(2) $27^0$ യ്ക്ക് മേൽ ചരിവുള്ള പ്രദേശങ്ങൾ

കിഴക്കൻ പർവ്വത നിരകളിലെ കുത്തനെയുള്ള ചരിവുകൾ അടങ്ങിയ വനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് ഈ വിഭാഗത്തിൽ പെടുന്നത്. ആകെ വിസ്തൃതിയുടെ 13.65 ശതമാനം വരും.

(3) $17^0$ യ്ക്കും $27^0$ യ്ക്കും ഇടയ്ക്ക് ചരിവുള്ള പ്രദേശങ്ങൾ

തെന്മല, ഒറ്റക്കൽ, കുറവന്താവളം എന്നിവടങ്ങളിലുള്ള ചില പ്രദേശങ്ങളിലെ ഉയരം കൂടിയ മലകളുടെയും കുന്നുകളുടെയും ചരിവുപ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം 400 മീറ്ററിനും 600 മീറ്ററിനും ഇടയിൽ വരും. ജൈവാംശം കൂടുതലുള്ള ചെമ്മണ്ണ് ഈ പ്രദേശത്ത് കാണപ്പെടുന്നു. കൂടുതലായി ജലദൗർലഭ്യം അനുഭവപ്പെടുന്ന ഈ പ്രദേശങ്ങളിൽ വനങ്ങളും, നാണ്യവിളകളും ഉൾക്കൊള്ളുന്നു. മൊത്തം വിസ്തൃതിയുടെ 37.82 ശതമാനം വരും.

പട്ടിക 3.1

| നമ്പർ | ഭൂപ്രകൃതി വിഭാഗങ്ങൾ | വിസ്തൃതി (ച.കി.മീ.) | ശതമാനം |
|---|---|---|---|
| 1 | കുന്നിൻ നെറുക | - | - |
| 2 | $27^0$ യ്ക്കുമേൽ ചരിവുള്ള പ്രദേശങ്ങൾ | 22.15 | 13.65 |
| 3 | $18^0$ യ്ക്കു $27^0$യ്ക്ക് ഇടയ്ക്കും ചരിവുള്ള പ്രദേശങ്ങൾ | 61.40 | 37.82 |
| 4 | $10^0$ യ്ക്കും $18^0$ യുക്കും ഇടയ്ക്ക് ചരിവുള്ള പ്രദേശങ്ങൾ | 55.63 | 34.27 |
| 5 | $5^0$ യ്ക്കും $10^0$ യുക്കും ഇടയ്ക്ക് ചരിവുള്ള പ്രദേശങ്ങൾ | 14.52 | 8.94 |
| 6 | താഴ്വരകൾ-$5^0$ യ്ക്ക് താഴെ ചരിവുള്ള പ്രദേശങ്ങൾ | 8.64 | 5.32 |
| | ആകെ | 162.34 | 100.00 |

തിരപ്രദേശം എന്നിങ്ങനെ മൂന്നായി തിരിച്ചിട്ടുള്ളതിൽ മലനാട് എന്ന ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നതാണ് നമ്മുടെ പഞ്ചായത്ത്. 75 മീറ്റർ മുതൽ 900 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

പ്രാദേശിക ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ ആറായി തരം തിരിയ്ക്കാവുന്നതാണ് (പട്ടിക III (1) കാണുക). ഈ പഞ്ചായത്തിലെ 95% പ്രദേശങ്ങളും ചരിവുള്ളതാണ്. പൊതുവേ ചരിവ് കിഴക്കുനിന്ന് പടിഞ്ഞാറോട്ടാണെന്ന് കാണാം. തെക്കുകിഴക്കു നിന്നും വടക്കുപടിഞ്ഞാറോട്ട് കുന്നുകളുടെ നിറുകയിലൂടെ ഒരു വിഭാജകരേഖ (Crest line) കടന്നുപോകുന്നതായി കാണാം. ഈ രേഖ തെന്മലയെ രണ്ടായി വിഭജിക്കുന്നതായി കാണാം. ഈ രേഖയുടെ ഇടത്ത് ഭാഗത്തെ ചരിവ് തെക്ക് പടിഞ്ഞാറോട്ടും, വലത്ത് ഭാഗത്തെ ചരിവ് വടക്ക് പടിഞ്ഞാറോടും ആണ്. വടക്കുഭാഗത്ത് മറ്റൊരു വിഭാജകരേഖ കൂടി കടന്നുപോകുന്നതായി കാണാം.

### (1) കുന്നിൻ നെറുക

കുന്നുകളുടേയും മലകളുടെയും ശൃംഗങ്ങൾ അടങ്ങുന്ന ഈ പ്രദേശങ്ങൾ പൊതുവേ വിസ്തൃതി കുറഞ്ഞതും വീതി കുറഞ്ഞുതമാണ്. പ്രധാന മണ്ണ് വളരെ ആഴത്തിലുള്ള ചെങ്കൽ മണ്ണാണ്. നിബിഡവനങ്ങളും പ്ലാന്റേഷനുകളുമാണ് ഈ പ്രദേശത്തുള്ളത്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം 800 മീറ്ററിനുമേൽ വരും.

### (2) $27^0$ യ്ക്ക് മേൽ ചരിവുള്ള പ്രദേശങ്ങൾ

കിഴക്കൻ പർവ്വത നിരകളിലെ കുത്തനെയുള്ള ചരിവുകൾ അടങ്ങിയ വനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശമാണ് ഈ വിഭാഗത്തിൽ പെടുന്നത്. ആകെ വിസ്തൃതിയുടെ 13.65 ശതമാനം വരും.

### (3) $17^0$ യ്ക്കും $27^0$ യ്ക്കും ഇടയ്ക്ക് ചരിവുള്ള പ്രദേശങ്ങൾ

തെന്മല, ഒറ്റക്കൽ, കുറവന്താവളം എന്നിവടങ്ങളിലുള്ള ചില പ്രദേശങ്ങളിലെ ഉയരം കൂടിയ മലകളുടെയും കുന്നുകളുടെയും ചരിവുപ്രദേശങ്ങൾ ഈ വിഭാഗത്തിൽപ്പെടുന്നു. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം 400 മീറ്ററിനും 600 മീറ്ററിനും ഇടയിൽ വരും. ജൈവാംശം കൂടുതലുള്ള ചെമ്മണ്ണ് ഈ പ്രദേശത്ത് കാണപ്പെടുന്നു. കൂടുതലായി ജലദൗർലഭ്യം അനുഭവപ്പെടുന്ന ഈ പ്രദേശങ്ങളിൽ വനങ്ങളും, നാണ്യവിളകളും ഉൾക്കൊള്ളുന്നു. മൊത്തം വിസ്തൃതിയുടെ 37.82 ശതമാനം വരും.

**പട്ടിക 3.1**

| നമ്പർ | ഭൂപ്രകൃതി വിഭാഗങ്ങൾ | വിസ്തൃതി (ച.കി.മീ.) | ശതമാനം |
|---|---|---|---|
| 1 | കുന്നിൻ നെറുക | - | - |
| 2 | $27^0$ യ്ക്കുമേൽ ചരിവുള്ള പ്രദേശങ്ങൾ | 22.15 | 13.65 |
| 3 | $18^0$ യ്ക്കു $27^0$യ്ക്ക് ഇടയ്ക്കും ചരിവുള്ള പ്രദേശങ്ങൾ | 61.40 | 37.82 |
| 4 | $10^0$ യ്ക്കും $18^0$ യുക്കും ഇടയ്ക്ക് ചരിവുള്ള പ്രദേശങ്ങൾ | 55.63 | 34.27 |
| 5 | $5^0$ യ്ക്കും $10^0$ യുക്കും ഇടയ്ക്ക് ചരിവുള്ള പ്രദേശങ്ങൾ | 14.52 | 8.94 |
| 6 | താഴ്‌വരകൾ-$5^0$ യ്ക്ക് താഴെ ചരിവുള്ള പ്രദേശങ്ങൾ | 8.64 | 5.32 |
| | ആകെ | 162.34 | 100.00 |

### (4) 10 ഡിഗ്രിക്കും 17 ഡിഗ്രിക്കും ഇടയ്ക്ക് ചരിവുള്ള പ്രദേശങ്ങൾ

സമുദ്രനിരപ്പിൽ നിന്നും 100 മീറ്റർ മുതൽ 200 മീറ്റർ വരെ ഉയരമുള്ള ഈ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്തുള്ള ഇടമൺ പ്രദേശങ്ങളും, ഉറുകുന്ന് ഒറ്റക്കൽ ആനപ്പെട്ടകോങ്കൽ പ്രദേശങ്ങളും ഉൾപ്പെടുന്ന ഈ ഭൂവിഭാഗത്ത് നല്ല ആഴത്തിലുള്ള ചെമ്മണ്ണാണ് കണ്ടുവരുന്നത്. നാണ്യവിളകളാണ് കൃഷി. മൊത്തം വിസ്തൃതിയുടെ 34.27 ശതമാനം വരും.

### (5) 5 ഡിഗ്രി മുതൽ 10 ഡിഗ്രി വരെ ചരിവുള്ള പ്രദേശങ്ങൾ

സമുദ്രനിരപ്പിൽ നിന്നും ശരാശരി 100 മീറ്റർ ഉയരമുള്ള ഈ ഭൂവിഭാഗം നല്ല ഫലപുഷ്ടിയുള്ള മണ്ണ് സുലഭമായി ലഭിക്കുന്നു. ജലം എന്നിവ മൂലം കൃഷിക്ക് ഏറ്റവും പറ്റിയ പ്രദേശമാണ്. എല്ലാത്തരം കൃഷികളും ചെയ്തു വരുന്നു. നെൽകൃഷി ചെയ്യുന്ന വയലുകളും, അതിനോടടുത്ത പ്രദേശങ്ങളുമാണ് ഈ ഭൂവിഭാഗത്തിൽ വരുന്നത്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 8.94 ശതമാനം വരും. ചെമ്മണ്ണാണ് പ്രധാന മണ്ണ്.

### (6) താഴ്‌വരകൾ (5ഡിഗ്രിക്കും താഴെ ചരിവുള്ള പ്രദേശങ്ങൾ)

നദികളുടെയും തോടുകളുടെയും തടപ്രദേശങ്ങൾ ഉൾപ്പെടുന്ന ഈ ഭൂവിഭാഗം പടിഞ്ഞാറോട്ടു പോകുന്തോറും കുറഞ്ഞുകുറഞ്ഞു വരുന്നു. വെള്ളം സുലഭമായി ലഭിക്കുന്നു. ഏറ്റവും ഫലപുഷ്ടിയുള്ള എക്കൽ മണ്ണാണ്. നെല്ലും നാണ്യവിളകളും കൃഷി ചെയ്യുന്നു. മൊത്തം വിസ്തൃതിയുടെ 5.32 ശതമാനം വരും.

വിവിധ ഭൂവിഭാഗങ്ങളെക്കുറിച്ച് ചിത്രം 3 ൽ നിന്നും മനസ്സിലാക്കാം.

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരക്രമത്തെ ആസ്പദമാക്കി തെന്മല പഞ്ചായത്തിനെ 6 മേഖലകളാക്കി തിരിക്കാം. ചിത്രം 4 കാണുക.

പട്ടിക III (2) ൽ നിന്നും അവയുടെ വിസ്തൃതിയും മറ്റും മനസ്സിലാക്കാം.

### (1) 100 മീറ്ററിനു താഴെ ഉയരമുള്ള പ്രദേശങ്ങൾ

ചാലിയക്കര, ചെറുതന്നൂർ പ്രദേശങ്ങളും താഴ്‌വരകളും ഈ മേഖലയിൽ വരുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്താണ് ഈ പ്രദേശങ്ങൾ. താഴ്‌വരകളിൽ എക്കൽ

പട്ടിക 3.2

| നമ്പർ | മേഖലകൾ | വിസ്തൃതി (ച.കി.മീ.) | ശതമാനം |
|---|---|---|---|
| 1 | 100 മീറ്ററിനു താഴെ ഉയരമുള്ള സ്ഥലങ്ങൾ | 41.16 | 25.35 |
| 2 | 100 മീറ്ററിനും 200 മീറ്ററിനും ഇടയ്ക്കുള്ള സ്ഥലങ്ങൾ | 40.14 | 24.73 |
| 3 | 200 മീറ്ററിനും 400 മീറ്ററിനും ഇടയ്ക്കുള്ള സ്ഥലങ്ങൾ | 49.90 | 30.74 |
| 4 | 400 മീറ്ററിനും 600 മീറ്ററിനും ഇടയ്ക്കുള്ള സ്ഥലങ്ങൾ | 24.89 | 15.33 |
| 5 | 600 മീറ്ററിനും 800 മീറ്ററിനും ഇടയ്ക്കുള്ള സ്ഥലങ്ങൾ | 5.56 | 3.42 |
| 6 | 800 മീറ്ററിന് മേൽ ഉയരമുള്ള പ്രദേശങ്ങൾ | 0.69 | 0.43 |
| | ആകെ | 162.34 | 100.00 |

### (4) 10 ഡിഗ്രിക്കും 17 ഡിഗ്രിക്കും ഇടയ്ക്ക് ചരിവുള്ള പ്രദേശങ്ങൾ

സമുദ്രനിരപ്പിൽ നിന്നും 100 മീറ്റർ മുതൽ 200 മീറ്റർ വരെ ഉയരമുള്ള ഈ പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്തുള്ള ഇടമൺ പ്രദേശങ്ങളും, ഉറുകുന്ന് ഒറ്റക്കൽ ആനപ്പെട്ടകോങ്കൽ പ്രദേശങ്ങളും ഉൾപ്പെടുന്ന ഈ ഭൂവിഭാഗത്ത് നല്ല ആഴത്തിലുള്ള ചെമ്മണ്ണാണ് കണ്ടുവരുന്നത്. നാണ്യവിളകളാണ് കൃഷി. മൊത്തം വിസ്തൃതിയുടെ 34.27 ശതമാനം വരും.

### (5) 5 ഡിഗ്രി മുതൽ 10 ഡിഗ്രി വരെ ചരിവുള്ള പ്രദേശങ്ങൾ

സമുദ്രനിരപ്പിൽ നിന്നും ശരാശരി 100 മീറ്റർ ഉയരമുള്ള ഈ ഭൂവിഭാഗം നല്ല ഫലപുഷ്ടിയുള്ള മണ്ണ് സുലഭമായി ലഭിക്കുന്നു. ജലം എന്നിവ മൂലം കൃഷിക്ക് ഏറ്റവും പറ്റിയ പ്രദേശമാണ്. എല്ലാത്തരം കൃഷികളും ചെയ്തു വരുന്നു. നെൽകൃഷി ചെയ്യുന്ന വയലുകളും, അതിനോടടുത്ത പ്രദേശങ്ങളുമാണ് ഈ ഭൂവിഭാഗത്തിൽ വരുന്നത്. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 8.94 ശതമാനം വരും. ചെമ്മണ്ണാണ് പ്രധാന മണ്ണ്.

### (6) താഴ്‌വരകൾ (5ഡിഗ്രിക്കും താഴെ ചരിവുള്ള പ്രദേശങ്ങൾ)

നദികളുടെയും തോടുകളുടെയും തടപ്രദേശങ്ങൾ ഉൾപ്പെടുന്ന ഈ ഭൂവിഭാഗം പടിഞ്ഞാറോട്ടു പോകുന്തോറും കുറഞ്ഞുകുറഞ്ഞു വരുന്നു. വെള്ളം സുലഭമായി ലഭിക്കുന്നു. ഏറ്റവും ഫലപുഷ്ടിയുള്ള എക്കൽ മണ്ണാണ്. നെല്ലും നാണ്യവിളകളും കൃഷി ചെയ്യുന്നു. മൊത്തം വിസ്തൃതിയുടെ 5.32 ശതമാനം വരും.

വിവിധ ഭൂവിഭാഗങ്ങളെക്കുറിച്ച് ചിത്രം 3 ൽ നിന്നും മനസ്സിലാക്കാം.

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരക്രമത്തെ ആസ്പദമാക്കി തെന്മല പഞ്ചായത്തിനെ 6 മേഖലകളാക്കി തിരിക്കാം. ചിത്രം 4 കാണുക.

പട്ടിക III (2) ൽ നിന്നും അവയുടെ വിസ്തൃതിയും മറ്റും മനസ്സിലാക്കാം.

### (1) 100 മീറ്ററിനു താഴെ ഉയരമുള്ള പ്രദേശങ്ങൾ

ചാലിയക്കര, ചെറുതന്നൂർ പ്രദേശങ്ങളും താഴ്‌വരകളും ഈ മേഖലയിൽ വരുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്താണ് ഈ പ്രദേശങ്ങൾ. താഴ്‌വരകളിൽ എക്കൽ

**പട്ടിക 3.2**

| നമ്പർ | മേഖലകൾ | വിസ്തൃതി (ച.കി.മീ.) | ശതമാനം |
|---|---|---|---|
| 1 | 100 മീറ്ററിനു താഴെ ഉയരമുള്ള സ്ഥലങ്ങൾ | 41.16 | 25.35 |
| 2 | 100 മീറ്ററിനും 200 മീറ്ററിനും ഇടയ്ക്കുള്ള സ്ഥലങ്ങൾ | 40.14 | 24.73 |
| 3 | 200 മീറ്ററിനും 400 മീറ്ററിനും ഇടയ്ക്കുള്ള സ്ഥലങ്ങൾ | 49.90 | 30.74 |
| 4 | 400 മീറ്ററിനും 600 മീറ്ററിനും ഇടയ്ക്കുള്ള സ്ഥലങ്ങൾ | 24.89 | 15.33 |
| 5 | 600 മീറ്ററിനും 800 മീറ്ററിനും ഇടയ്ക്കുള്ള സ്ഥലങ്ങൾ | 5.56 | 3.42 |
| 6 | 800 മീറ്ററിന് മേൽ ഉയരമുള്ള പ്രദേശങ്ങൾ | 0.69 | 0.43 |
| | ആകെ | 162.34 | 100.00 |


77° 0'
77° 5'
ഭൂരൂപങ്ങൾ
9° 0'
8° 53'
താഴ്‌വര
5° മു. 10° ഇടക്ക് ചരിവുള്ളവ
10° മു. 18° ഇടക്ക് ചരിവുള്ളവ
18° മു. 27° മു ഇടക്ക് ചരിവുള്ളവ
27° ക്കു മേൽ ചരിവുള്ള
ജലവിഭാജകം
ചരിവിന്റെ ദിശ
ഹിൽ ക്രെസ്റ്റ്
അവലംബം:- DRM CESS

ചിത്രം 3



77° 0'
തെന്മല പഞ്ചായത്ത്
77° 5'
ഭൂരൂപങ്ങൾ
9° 0'
8° 53'
താഴ്വര
5° മു. 10° ഇടക്ക് ചരിവുള്ളവ
10° മു. 18° ഇടക്ക് ചരിവുള്ളവ
18° മു. 27° മു ഇടക്ക് ചരിവുള്ളവ
27° ക്കു മേൽ ചരിവുള്ളവ
ജലവിഭാജകം
ചരിവിന്റെ ദിശ
ഹിൽ ക്രെസ്റ്റ്
അവലംബം:- DRM CESS


ചിത്രം 3

തെന്മല പഞ്ചായത്ത് സമുദ്രനിരപ്പിൽ നിന്നുള്ള ഉയർച്ചാക്രമത്തെ സൂചിപ്പിക്കുന്ന ഭൂപടം




ചിത്രം 4

തെന്മല പഞ്ചായത്ത് സമുദ്രനിരപ്പിൽ നിന്നുള്ള ഉയർച്ചാക്രമത്തെ സൂചിപ്പിക്കുന്ന ഭൂപടം




ചിത്രം 4

അവലംബം:- PRM CESS

മണ്ണും, ചരിവുള്ള പ്രദേശങ്ങളിൽ ചെമ്മണ്ണും കാണുന്നു. ആകെ വിസ്തൃതി 41.16 ച.കി.മീറ്റർ വരും. വളരെ കുറച്ച് നെൽകൃഷിയും ബാക്കി നാണ്യവിളകളുമാണ്.

**(2) 100 മീറ്ററിനും 200 മീറ്ററിനും ഇടയ്ക്ക് ഉയരമുള്ള പ്രദേശങ്ങൾ**

ഇടമൺ, കുറവന്തവളം, ഒറ്റക്കൽ, ഉറുകുന്ന്, ആനപെട്ടകോങ്കൽ എന്നീ പ്രദേശങ്ങളിലെ വളരെയധികം ഭൂവിഭാഗങ്ങൾ ഉൾപ്പെടുന്നു. ചെമ്മണ്ണാണ്. തോട്ടങ്ങളും നാണ്യവിളകളുമാണ് കൃഷി. 40.14 ച.കി.മീറ്റർ വരും.

**(3) 200 മീറ്ററിനും 400 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ**

തേവരുകുന്ന്, ചിറ്റാലംകോട്, ഉറുകുന്ന്, ഒറ്റക്കൽ പ്രദേശങ്ങളിൽ ഈ വിഭാഗം ഉൾപ്പെടുന്നു. കുന്നുകളുടെയും മലകളുടെയും മുകൾ ചരിവു പ്രദേശങ്ങൾ ഈ ഭാഗത്തിൽപ്പെടും. തോട്ടങ്ങളും വനങ്ങളും ആണ് കാണുന്നത്. 49.90 ച.കി.മീറ്ററാണ് ആകെ വിസ്തീർണ്ണം.

**(4) 400 മീറ്ററിനും 600 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ**

കിഴക്കൻ മലകളുടെ കുത്തനെയുള്ള ചരിവുകൾ. മലപ്രദേശങ്ങളും എസ്റ്റേറ്റുകളും കാണുന്നു. ആകെ വിസ്തൃതി 24.89 ച.കി.മീറ്ററാണ്.

**(5) 600 മീറ്ററിനും 800 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ**

കുത്തനെ ചരിവുള്ള മലപ്രദേശങ്ങൾ. 5.56 ച.കി.മീറ്റർ വിസ്തീർണ്ണം.

**(6) 800 മീറ്ററിന് മുകളിൽ ഉയരം വരുന്ന പ്രദേശങ്ങൾ**

കിഴക്കൻ മലകളുടെ ശൃംഗങ്ങളിൽ ഉൾപ്പെടുന്ന ഈ ഭൂവിഭാഗത്തിന്റെ വിസ്തീർണ്ണം. 0.69 ച.കി.മീറ്ററാണ്.

## ജലവിഭവങ്ങൾ

വടക്ക് അമ്പനാർ അരുവി, മദ്ധ്യഭാഗത്ത് കുറവന്താവളം- ഇഞ്ചപ്പള്ളിയാറുകൾ, തെക്ക് കല്ലടയാറ്, ഇവയുടെ കൈവഴികൾ, മറ്റുതോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന ഉപരിതല ജലസ്രോതസ്സുകൾ. കൂടാതെ എല്ലാഭാഗത്തുമായി കുറെയധികം നീരുറവുകളും നിലവിലുണ്ട്. പഞ്ചായത്തിലെ ശരാശരി മഴയുടെ ലഭ്യത വർഷത്തിൽ 2554 മി.മീറ്ററാണ്. ജൂൺ, ജൂലൈ മാസങ്ങളിലും, നവംബർ, ഒക്ടോബർ മാസങ്ങളിലും ആണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ നിന്നും വടക്ക് കിഴക്കൻ വർഷത്തിൽ നിന്നും ഇവിടെ മഴ ലഭിക്കുന്നു. ജൂൺ ജൂലൈ മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്.

പശ്ചിമഘട്ട പർവ്വത നിരകളിൽ നിന്നും ഉത്ഭവിക്കുന്ന കഴുതുരുട്ടിയാറ്, ശെന്തുരുണിയാറ്, കുളത്തുപ്പുഴയാറ് എന്നിവ സംയോജിച്ച് കല്ലടയാറായി രൂപാന്തരം പ്രാപിച്ച് പടിഞ്ഞാറോട്ടൊഴുകി അഷ്ടമുടിക്കായലിൽ പതിക്കുന്നു. ഏകദേശം 31.5 കി.മീറ്റർ ഈ അരുവി നമ്മുടെ പഞ്ചായത്ത് അതൃത്തിയിലൂടെയാണ് ഒഴുകുന്നത്. ഇതിൽ 18 കി.മീറ്ററോളം വർഷാവസാനം വരെ ജലം ലഭിക്കുന്ന സ്ഥലങ്ങളാണ്. ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന എല്ലാ അരുവികളും തോടുകളും കല്ലടയാറ്റിലാണ് പതിക്കുന്നത്. പോഷകനദികളുടെ എണ്ണം 13ഓളം വരും. ഇതിൽ പ്രധാനപ്പെട്ടത് അമ്പനാർ അരുവിയും, കുറവന്താവളം- ഇഞ്ചപ്പള്ളിയാറുമാണ്. ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന അരുവികളുടെ മൊത്തം നീളം 115.47 കിലോമീറ്ററോളം വരും. (ഇതിൽ Ist order streamന്റെ നീളം ഉൾക്കൊള്ളിച്ചിട്ടില്ല). തെന്മല പഞ്ചായത്തിലെ അരുവികളുടെ സാന്ദ്രത (Stream Density) 0.711 കി.മീറ്ററാണ്. അതായത് ഈ പഞ്ചായത്തിൽ ഒരു ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 711 മീറ്റർ നീളത്തിൽ അരുവികൾ ഉണ്ട് എന്നുള്ളതാണ്. ഈ പഞ്ചായത്തിലെ അരുവികളുടെ നീളവും പുഷ്ടിപ്രദേശത്തിന്റെ വ്യാപ്തിയും പട്ടിക III (3) ൽ കൊടുത്തിരിക്കുന്നു. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ ഒട്ടാകെ

മണ്ണും, ചരിവുള്ള പ്രദേശങ്ങളിൽ ചെമ്മണ്ണും കാണുന്നു. ആകെ വിസ്തൃതി 41.16 ച.കി.മീറ്റർ വരും. വളരെ കുറച്ച് നെൽകൃഷിയും ബാക്കി നാണ്യവിളകളുമാണ്.

### (2) 100 മീറ്ററിനും 200 മീറ്ററിനും ഇടയ്ക്ക് ഉയരമുള്ള പ്രദേശങ്ങൾ

ഇടമൺ, കുറവന്തവളം, ഒറ്റക്കൽ, ഉറുകുന്ന്, ആനപെട്ടകോങ്കൽ എന്നീ പ്രദേശങ്ങളിലെ വളരെയധികം ഭൂവിഭാഗങ്ങൾ ഉൾപ്പെടുന്നു. ചെമ്മണ്ണാണ്. തോട്ടങ്ങളും നാണ്യവിളകളുമാണ് കൃഷി. 40.14 ച.കി.മീറ്റർ വരും.

### (3) 200 മീറ്ററിനും 400 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ

തേവരുകുന്ന്, ചിറ്റാലംകോട്, ഉറുകുന്ന്, ഒറ്റക്കൽ പ്രദേശങ്ങളിൽ ഈ വിഭാഗം ഉൾപ്പെടുന്നു. കുന്നുകളുടെയും മലകളുടെയും മുകൾ ചരിവു പ്രദേശങ്ങൾ ഈ ഭാഗത്തിൽപ്പെടും. തോട്ടങ്ങളും വനങ്ങളും ആണ് കാണുന്നത്. 49.90 ച.കി.മീറ്ററാണ് ആകെ വിസ്തീർണ്ണം.

### (4) 400 മീറ്ററിനും 600 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ

കിഴക്കൻ മലകളുടെ കുത്തനെയുള്ള ചരിവുകൾ. മലമ്പ്രദേശങ്ങളും എസ്റ്റേറ്റുകളും കാണുന്നു. ആകെ വിസ്തൃതി 24.89 ച.കി.മീറ്ററാണ്.

### (5) 600 മീറ്ററിനും 800 മീറ്ററിനും ഇടയ്ക്കുള്ള പ്രദേശങ്ങൾ

കുത്തനെ ചരിവുള്ള മലമ്പ്രദേശങ്ങൾ. 5.56 ച.കി.മീറ്റർ വിസ്തീർണ്ണം.

### (6) 800 മീറ്ററിന് മുകളിൽ ഉയരം വരുന്ന പ്രദേശങ്ങൾ

കിഴക്കൻ മലകളുടെ ശൃംഗങ്ങളിൽ ഉൾപ്പെടുന്ന ഈ ഭൂവിഭാഗത്തിന്റെ വിസ്തീർണ്ണം. 0.69 ച.കി.മീറ്ററാണ്.

## ജലവിഭവങ്ങൾ

വടക്ക് അമ്പനാർ അരുവി, മദ്ധ്യഭാഗത്ത് കുറവന്താവളം- ഇഞ്ചപ്പള്ളിയാറുകൾ, തെക്ക് കല്ലടയാറ്, ഇവയുടെ കൈവഴികൾ, മറ്റുതോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന ഉപരിതല ജലസ്രോതസ്സുകൾ. കൂടാതെ എല്ലാഭാഗത്തുമായി കുറെയധികം നീരുറവുകളും നിലവിലുണ്ട്. പഞ്ചായത്തിലെ ശരാശരി മഴയുടെ ലഭ്യത വർഷത്തിൽ 2554 മി.മീറ്ററാണ്. ജൂൺ, ജൂലൈ മാസങ്ങളിലും, നവംബർ, ഒക്ടോബർ മാസങ്ങളിലും ആണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ നിന്നും വടക്ക് കിഴക്കൻ വർഷത്തിൽ നിന്നും ഇവിടെ മഴ ലഭിക്കുന്നു. ജൂൺ ജൂലൈ മാസങ്ങളിലാണ് കൂടുതൽ മഴ ലഭിക്കുന്നത്.

പശ്ചിമഘട്ട പർവ്വത നിരകളിൽ നിന്നും ഉത്ഭവിക്കുന്ന കഴുതുരുട്ടിയാറ്, ശെന്തുരുണിയാറ്, കുളത്തുപ്പുഴയാറ് എന്നിവ സംയോജിച്ച് കല്ലടയാറായി രൂപാന്തരം പ്രാപിച്ച് പടിഞ്ഞാറോട്ടൊഴുകി അഷ്ടമുടിക്കായലിൽ പതിക്കുന്നു. ഏകദേശം 31.5 കി.മീറ്റർ ഈ അരുവി നമ്മുടെ പഞ്ചായത്ത് അതൃത്തിയിലൂടെയാണ് ഒഴുകുന്നത്. ഇതിൽ 18 കി.മീറ്ററോളം വർഷാവസാനം വരെ ജലം ലഭിക്കുന്ന സ്ഥലങ്ങളാണ്. ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന എല്ലാ അരുവികളും തോടുകളും കല്ലടയാറ്റിലാണ് പതിക്കുന്നത്. പോഷകനദികളുടെ എണ്ണം 13ഓളം വരും. ഇതിൽ പ്രധാനപ്പെട്ടത് അമ്പനാർ അരുവിയും, കുറവന്താവളം- ഇഞ്ചപ്പള്ളിയാറുമാണ്. ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന അരുവികളുടെ മൊത്തം നീളം 115.47 കിലോമീറ്ററോളം വരും. (ഇതിൽ Ist order streamന്റെ നീളം ഉൾക്കൊള്ളിച്ചിട്ടില്ല). തെന്മല പഞ്ചായത്തിലെ അരുവികളുടെ സാന്ദ്രത (Stream Density) 0.711 കി.മീറ്ററാണ്. അതായത് ഈ പഞ്ചായത്തിൽ ഒരു ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 711 മീറ്റർ നീളത്തിൽ അരുവികൾ ഉണ്ട് എന്നുള്ളതാണ്. ഈ പഞ്ചായത്തിലെ അരുവികളുടെ നീളവും പുഷ്ടിപ്രദേശത്തിന്റെ വ്യാപ്തിയും പട്ടിക III (3) ൽ കൊടുത്തിരിക്കുന്നു. ലഭ്യമായ വിവരങ്ങളുടെ ആടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ ഒട്ടാകെ

1418 കിണറുകൾ ഉള്ളതായി കാണുന്നു. ഇവയിൽ പകുതിയിലധികം വേനൽക്കാലത്ത് വറ്റുന്നവയാണ്. പഞ്ചായത്തിൽ ഒട്ടാകെ ഏതാനും സ്വകാര്യകുളങ്ങളും നീർച്ചാലുകളും നിലവിലുണ്ടെന്നും മനസ്സിലാക്കുന്നു. എല്ലാ ഉറവിടങ്ങളിലും ശുദ്ധജലമാണ് ലഭിക്കുന്നത്.

പ്രകൃതിദത്തമായിത്തന്നെ പത്തോളം അരുവി/തോടുകളും, നിരവധി കിണറുകളും ഉള്ള ഈ പഞ്ചായത്തിലെ ജല ദൗർലഭ്യത്തിന് പ്രധാനകാരണം ഇവിടുത്തെ ഭൂപ്രകൃതിയാണ്. 95% പ്രദേശങ്ങളും ചരിവുകളാണ്. അതിൽ 50% വും കുത്തനെയുള്ള ചരിവുകൾ ആണ്. ആയതിനാൽ മഴ പെയ്ത് അധികം കഴിയുന്നതിനു മുമ്പ് വെള്ളമെല്ലാം ഒലിച്ചുപോകുന്നു. അതോടൊപ്പം ഫലഭൂയിഷ്ഠമായ മേൽമണ്ണും ഒലിച്ചുനഷ്ടപ്പെടുന്നു. ഈ മണ്ണ് നദീതടങ്ങളിലും മറ്റും അടിയുകയും നദിയുടെ ആഴം കുറയുകയും ജലനിരപ്പ് ഉയരുകയും ചെയ്യുന്നു. തന്മൂലം വെള്ളപ്പൊക്കവും ഉണ്ടാകുന്നു. നിബിഢവനങ്ങളിൽ മണ്ണൊലിപ്പും തത്ഫലമായുണ്ടാകുന്ന നാശനഷ്ടങ്ങളും പൊതുവേ കുറവാണ്. ഇതിനു പ്രധാന കാരണം വനപ്രദേശങ്ങളിൽ മഴവെള്ളം

പട്ടിക 3.3

**അരുവികളുടെയും തോടുകളുടെയും നീളം, നീർമറി എന്നിവ സംബന്ധിച്ച വിവരങ്ങൾ**

| നമ്പർ | അരുവി/തോട് | നീളം കി.മീ. | നീർമറി വ്യാപ്തി (Ha.) | ശതമാനം |
|---|---|---|---|---|
| 1 | തീർത്ഥക്കരതോട് | 4.10 | 513 | 3.16 |
| 2 | കൊളത്താർ തോട് | 2.85 | 420 | 2.59 |
| 3 | ഒറ്റക്കൽ കിഴക്കേതോട് | 7.00 | 833 | 5.13 |
| 4 | ഒറ്റക്കൽ പടിഞ്ഞാറേ തോട് | 2.30 | 288 | 1.80 |
| 5 | ഉറുകുന്ന് കിഴക്കേതോട് | 6.00 | 742 | 4.57 |
| 6 | ഉറുകുന്ന് പടിഞ്ഞാറേ തോട് | 9.00 | 1142 | 7.03 |
| 7 | ഇട്ടത്തൂർ തോട് | 6.30 | 755 | 4.65 |
| 8 | കുറവന്താവളം തോട് | 16.25 | 4775 | 29.41 |
| | 1. കണ്ണിമാർ കുളിതോട് | 4.00 | 49 | 3.01 |
| | 2. മീന്തുള്ളിയാറ് | 15.00 | 1273 | 7.84 |
| | 3. കരിതോട് | 4.25 | 677 | 4.17 |
| 9 | പിലൻതോട് | 5.90 | 456 | 2.80 |
| 10 | അമ്പനാർ അരുവി | 32.50 | 990 | 6.09 |
| | ആകെ | 115.4 | 13354 | |

1418 കിണറുകൾ ഉള്ളതായി കാണുന്നു. ഇവയിൽ പകുതിയിലധികം വേനൽക്കാലത്ത് വറ്റുന്നവയാണ്. പഞ്ചായത്തിൽ ഒട്ടാകെ ഏതാനും സ്വകാര്യകുളങ്ങളും നീർച്ചാലുകളും നിലവിലുണ്ടെന്നും മനസ്സിലാക്കുന്നു. എല്ലാ ഉറവിടങ്ങളിലും ശുദ്ധജലമാണ് ലഭിക്കുന്നത്.

പ്രകൃതിദത്തമായിത്തന്നെ പത്തോളം അരുവി/തോടുകളും, നിരവധി കിണറുകളും ഉള്ള ഈ പഞ്ചായത്തിലെ ജല ദൗർലഭ്യത്തിന് പ്രധാനകാരണം ഇവിടുത്തെ ഭൂപ്രകൃതിയാണ്. 95% പ്രദേശങ്ങളും ചരിവുകളാണ്. അതിൽ 50% വും കുത്തനെയുള്ള ചരിവുകൾ ആണ്. ആയതിനാൽ മഴ പെയ്ത് അധികം കഴിയുന്നതിനു മുമ്പ് വെള്ളമെല്ലാം ഒലിച്ചുപോകുന്നു. അതോടൊപ്പം ഫലഭൂയിഷ്ഠമായ മേൽമണ്ണും ഒലിച്ചുനഷ്ടപ്പെടുന്നു. ഈ മണ്ണ് നദീതടങ്ങളിലും മറ്റും അടിയുകയും നദിയുടെ ആഴം കുറയുകയും ജലനിരപ്പ് ഉയരുകയും ചെയ്യുന്നു. തന്മൂലം വെള്ളപ്പൊക്കവും ഉണ്ടാകുന്നു. നിബിഡവനങ്ങളിൽ മണ്ണൊലിപ്പും തത്ഫലമായുണ്ടാകുന്ന നാശനഷ്ടങ്ങളും പൊതുവേ കുറവാണ്. ഇതിനു പ്രധാന കാരണം വനപ്രദേശങ്ങളിൽ മഴവെള്ളം

പട്ടിക 3.3

**അരുവികളുടെയും തോടുകളുടെയും നീളം, നീർമറി എന്നിവ സംബന്ധിച്ച വിവരങ്ങൾ**

| നമ്പർ | അരുവി/തോട് | നീളം കി.മീ. | നീർമറി വ്യാപ്തി (Ha.) | ശതമാനം |
|---|---|---|---|---|
| 1 | തീർത്ഥക്കരതോട് | 4.10 | 513 | 3.16 |
| 2 | കൊളത്താർ തോട് | 2.85 | 420 | 2.59 |
| 3 | ഒറ്റക്കൽ കിഴക്കേതോട് | 7.00 | 833 | 5.13 |
| 4 | ഒറ്റക്കൽ പടിഞ്ഞാറേ തോട് | 2.30 | 288 | 1.80 |
| 5 | ഉറുകുന്ന് കിഴക്കേതോട് | 6.00 | 742 | 4.57 |
| 6 | ഉറുകുന്ന് പടിഞ്ഞാറേ തോട് | 9.00 | 1142 | 7.03 |
| 7 | ഇട്ടത്തൂർ തോട് | 6.30 | 755 | 4.65 |
| 8 | കുറവന്താവവളം തോട് | 16.25 | 4775 | 29.41 |
| | 1. കണ്ണിമാർ കുളിതോട് | 4.00 | 49 | 3.01 |
| | 2. മീന്തുള്ളിയാറ് | 15.00 | 1273 | 7.84 |
| | 3. കരിതോട് | 4.25 | 677 | 4.17 |
| 9 | പിലൻതോട് | 5.90 | 456 | 2.80 |
| 10 | അമ്പനാർ അരുവി | 32.50 | 990 | 6.09 |
| | ആകെ | 115.4 | 13354 | |


1. തിർത്ഥക്കരതോട്
2. കൊളത്താർതോട്
3. ഒമ്മക്കൽ കിഴക്കേതോട്
4 ഒമ്മക്കൽ പടിഞ്ഞാറേ തോട്
5 ഉരുക്കുന്ന് കിഴക്കേതോട്
6. ഉരുക്കുന്ന് പടിഞ്ഞാറേതോട്
7. ഇടത്തൂർതോട്
8. കുറവന്താവളം തോട്
9. ചിലാൻതോട്
10. അമ്പനാർ അരുവി.

ചിത്രം 5



തെന്മല പഞ്ചായത്ത്
1. തിർത്ഥക്കര തോട്
2. കൊളുത്താർ തോട്
3. ഒറ്റക്കൽ കിഴക്കേതോട്
4 ഒറ്റക്കൽ പടിഞ്ഞാറേ തോട്
5 ഉരുക്കുന്ന് കിഴക്കേതോട്
6. ഉരുക്കുന്ന് പടിഞ്ഞാറേതോട്
7. ഇടത്തൂർതോട്
8. കുറവന്താവളം തോട്
9. ചിലാൻ തോട്
10. അമ്പനാർ അരുവി.


ചിത്രം 5

കുത്തനെ വീഴാത്തതാണ്. വൃക്ഷങ്ങളുടെ ഇലകളും അവശിഷ്ടങ്ങളും, വളരെക്കാലം ഉപരിതലത്തിൽ അടിഞ്ഞുകിടന്ന് കനത്ത തോതിലുള്ള ഒരു `സ്പോഞ്ച്' ആകുന്നു. മഴവെള്ളം ഒഴുകിപ്പോകാതെ സംഭരിച്ച് മണ്ണിലേയ്ക്ക് ആഗിരണം ചെയ്യുന്നതിന് ഈ ആവരണത്തിന് കഴിയുന്നു. വൃക്ഷങ്ങളുടെ വേരുകളും മറ്റും ഈ ആവരണത്തിനെ ബലവത്താക്കുന്നു. സാവധാനത്തിൽ ഈ ആവരണത്തിൽ നിന്നും മണ്ണിലേക്കാഗീരണം ചെയ്യുന്ന ജലം ഭൂഗർഭജലത്തിന്റെ ഭാഗമായിത്തീരുകയും ഭൂഗർഭജലനിരപ്പ് ഉയരുകയും ചെയ്യുന്നു. ഇങ്ങനെ മണ്ണൊലിപ്പ് തടയുന്നതിനും ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിലും വനങ്ങൾ അതിപ്രധാനമായ പങ്ക് വഹിക്കുന്നു.

ഉപയോഗശൂന്യമായി നഷ്ടപ്പെടുന്ന ജലവിഭവങ്ങളുടെ സംരക്ഷണത്തിലൂടെ മണ്ണ്, ജൈവ വിഭവങ്ങളുടെ പ്രാദേശികമായ സംരക്ഷണം സാദ്ധ്യമാക്കാം. ഇവിടെയാണ് നീർമറി പദ്ധതികളുടെ പ്രാധാന്യം.

## നീർമറി പ്രദേശങ്ങൾ

തികച്ചും വൈവിദ്ധ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയും ഉള്ള നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് അമിതമായ പ്രാധാന്യമാണുള്ളത്.

ഒരുപ്രദേശത്തെ പെയ്ത്തുവെള്ളം മുഴുവനും ഒരു പ്രത്യേകസ്ഥലത്തു കൂടി പുറത്തേയ്ക്ക് ഒഴുകുകയാണെങ്കിൽ ആ പ്രദേശത്തെ നീർമറി/നീർതടം/വൃഷ്ടിപ്രദേശങ്ങൾ എന്നുപറയുന്നു. പുറത്തേയ്ക്ക് ഒഴുകുന്ന സ്ഥലത്തുവച്ചു തന്നെ നീർത്തടത്തിലെ മൊത്തം ജലത്തെ നിയന്ത്രിക്കുവാൻ കഴിയും. ഇങ്ങനെ പുറത്തേയ്ക്ക് ഒഴുകുന്ന പൊതുബിന്ദു തോടോ, പുഴയോ, നീർചാലോ ആകാം. ശാസ്ത്രീയ നിർവ്വചനമനുസരിച്ച് നീർമറികളെ ഇങ്ങനെ നിർവ്വചിക്കാം–

"ഏകജലനിർഗമനമാർഗ്ഗം മാത്രമുള്ള, നിശ്ചിതജലശേഖരണ, വ്യാപന മേഖല''യാണ് നീർമറി പ്രദേശം. നീർമറി പ്രദേശ ആസൂത്രണം കൊണ്ടുദ്ദേശിക്കുന്നത് സ്ഥലജല സംരക്ഷണ പ്രവർത്തനങ്ങൾ മാത്രമല്ല, ഭൂമിയുടേയും (മണ്ണിന്റെയും), ജലസ്രോതസ്സുകളുടെയും, സസ്യജൈവ സമ്പത്തിന്റേയും സംയോജിതമായ ആസൂത്രണ പ്രവർത്തനങ്ങളാണ്. നീർമറി പദ്ധതികളുടെ അടിസ്ഥാനലക്ഷ്യം വിവിധ വിളകളുടെ ഉൽപാദനവർദ്ധനവും, മൃഗ-പക്ഷി-മത്സ്യ-കൃഷി മേഖലകൾ ശക്തിപ്പെടുത്തുകയും, കാർഷികവിഭവങ്ങളുടെ സംസ്ക്കരണ-വിപണന സംവിധാനങ്ങളിലൂടെ തൊഴിലവസരങ്ങളുടെ വർദ്ധവും ആകുന്നു. പരമ്പരാഗതമായ മണ്ണ്, ജല സംരക്ഷണപ്രവർത്തനങ്ങൾ ശാസ്ത്രീയമായി പുനരുജ്ജീവിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പരമ്പരാഗത നാടൻ സങ്കേതങ്ങളും, ആധുനിക സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് നീർതട പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. ഇതിന് വളരെയധികം ശാസ്ത്രീയ പഠനങ്ങൾ ആവശ്യമാണ്. വിഭവ ഭൂപടത്തിന്റെയും പഠനപര്യടനത്തിന്റെയും അടിസ്ഥാനത്തിൽ തെന്മല പഞ്ചായത്തിലെ മൊത്തം നീർമറികളെക്കുറിച്ചും, അവയുടെ വിസ്തൃതിയെക്കുറിച്ചും ഭൂപ്രകൃതി, മൺതരങ്ങൾ, നീർവാർച്ചാസൗകര്യം എന്നിവയെക്കുറിച്ചും താഴെ വിശദീകരിക്കുന്നു.

തെന്മല പഞ്ചായത്തിലെ മൊത്തം തോടുകളും അരുവികളും കല്ലടയാറിന്റെ പുഷ്ടിപ്രദേശമാണ്. മൊത്തം 10 നീർമറി പ്രദേശങ്ങൾ ഉണ്ടെന്നു കാണാവുന്നതാണ് (പട്ടിക III (3) കാണുക). നീർമറികൾക്ക് അവയുടെ ഭാഗമായ തോടിന്റേയോ സ്ഥലത്തിന്റെയോ പേരാണ് നൽകിയിരിക്കുന്നത് (ചിത്രം 5 കാണുക).

### (1) തീർത്ഥകര നീർമറി

തീർത്ഥക്കര മലയിൽ നിന്നുത്ഭവിച്ച് ശെന്തുരുണിയാറ്റിൽ പതിക്കുന്ന തോടിന്റെ പുഷ്ടിപ്രദേശങ്ങൾ ഉൾപ്പെടുന്നു. 4.1 കിലോമീറ്റർ നീളമുള്ള തോട് റിസർവ്വ് വനത്തിലൂടെ മാത്രം ഒഴുകുന്നു. നീർമറിയുടെ വിസ്തൃതി 513 ഹെക്ടർ ആണ്. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 3.16 ശതമാനത്തോളം ഈ പ്രദേശം ഉൾപ്പെടുന്നു.

കുത്തനെ വീഴാത്തതാണ്. വൃക്ഷങ്ങളുടെ ഇലകളും അവശിഷ്ടങ്ങളും, വളരെക്കാലം ഉപരിതലത്തിൽ അടിഞ്ഞുകിടന്ന് കനത്ത തോതിലുള്ള ഒരു `സ്പോഞ്ച്' ആകുന്നു. മഴവെള്ളം ഒഴുകിപ്പോകാതെ സംഭരിച്ച് മണ്ണിലേയ്ക്ക് ആഗിരണം ചെയ്യുന്നതിന് ഈ ആവരണത്തിന് കഴിയുന്നു. വൃക്ഷങ്ങളുടെ വേരുകളും മറ്റും ഈ ആവരണത്തിനെ ബലവത്താക്കുന്നു. സാവധാനത്തിൽ ഈ ആവരണത്തിൽ നിന്നും മണ്ണിലേക്കാഗീരണം ചെയ്യുന്ന ജലം ഭൂഗർഭജലത്തിന്റെ ഭാഗമായിത്തീരുകയും ഭൂഗർഭജലനിരപ്പ് ഉയരുകയും ചെയ്യുന്നു. ഇങ്ങനെ മണ്ണൊലിപ്പ് തടയുന്നതിനും ഭൂഗർഭജലനിരപ്പ് ഉയർത്തുന്നതിലും വനങ്ങൾ അതിപ്രധാനമായ പങ്ക് വഹിക്കുന്നു.

ഉപയോഗശൂന്യമായി നഷ്ടപ്പെടുന്ന ജലവിഭവങ്ങളുടെ സംരക്ഷണത്തിലൂടെ മണ്ണ്, ജൈവ വിഭവങ്ങളുടെ പ്രാദേശികമായ സംരക്ഷണം സാദ്ധ്യമാക്കാം. ഇവിടെയാണ് നീർമറി പദ്ധതികളുടെ പ്രാധാന്യം.

## നീർമറി പ്രദേശങ്ങൾ

തികച്ചും വൈവിദ്ധ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയും ഉള്ള നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് അമിതമായ പ്രാധാന്യമാണുള്ളത്.

ഒരുപ്രദേശത്തെ പെയ്ത്തുവെള്ളം മുഴുവനും ഒരു പ്രത്യേകസ്ഥലത്തു കൂടി പുറത്തേയ്ക്ക് ഒഴുകുകയാണെങ്കിൽ ആ പ്രദേശത്തെ നീർമറി/നീർതടം/വൃഷ്ടിപ്രദേശങ്ങൾ എന്നുപറയുന്നു. പുറത്തേയ്ക്ക് ഒഴുകുന്ന സ്ഥലത്തുവച്ചു തന്നെ നീർത്തടത്തിലെ മൊത്തം ജലത്തെ നിയന്ത്രിക്കുവാൻ കഴിയും. ഇങ്ങനെ പുറത്തേയ്ക്ക് ഒഴുകുന്ന പൊതുബിന്ദു തോടോ, പുഴയോ, നീർചാലോ ആകാം. ശാസ്ത്രീയ നിർവ്വചനമനുസരിച്ച് നീർമറികളെ ഇങ്ങനെ നിർവ്വചിക്കാം-

"ഏകജലനിർഗമനമാർഗ്ഗം മാത്രമുള്ള, നിശ്ചിതജല ശേഖരണ, വ്യാപന മേഖല''യാണ് നീർമറി പ്രദേശം. നീർമറി പ്രദേശ ആസൂത്രണം കൊണ്ടുദ്ദേശിക്കുന്നത് സ്ഥലജല സംരക്ഷണ പ്രവർത്തനങ്ങൾ മാത്രമല്ല, ഭൂമിയുടേയും (മണ്ണിന്റെയും), ജലസ്രോതസ്സുകളുടെയും, സസ്യജൈവ സമ്പത്തിന്റേയും സംയോജിതമായ ആസൂത്രണ പ്രവർത്തനങ്ങളാണ്. നീർമറി പദ്ധതികളുടെ അടിസ്ഥാനലക്ഷ്യം വിവിധ വിളകളുടെ ഉൽപാദനവർദ്ധനവും, മൃഗ-പക്ഷി-മത്സ്യ-കൃഷി മേഖലകൾ ശക്തിപ്പെടുത്തുകയും, കാർഷികവിഭവങ്ങളുടെ സംസ്ക്കരണ-വിപണന സംവിധാനങ്ങളിലൂടെ തൊഴിലവസരങ്ങളുടെ വർദ്ധവും ആകുന്നു. പരമ്പരാഗതമായ മണ്ണ്, ജല സംരക്ഷണപ്രവർത്തനങ്ങൾ ശാസ്ത്രീയമായി പുനരുജ്ജീവിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പരമ്പരാഗത നാടൻ സങ്കേതങ്ങളും, ആധുനിക സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് നീർതട പദ്ധതികൾ ആസൂത്രണം ചെയ്യാവുന്നതാണ്. ഇതിന് വളരെയധികം ശാസ്ത്രീയ പഠനങ്ങൾ ആവശ്യമാണ്. വിഭവ ഭൂപടത്തിന്റെയും പഠനപര്യടനത്തിന്റെയും അടിസ്ഥാനത്തിൽ തെന്മല പഞ്ചായത്തിലെ മൊത്തം നീർമറികളെക്കുറിച്ചും, അവയുടെ വിസ്തൃതിയെക്കുറിച്ചും ഭൂപ്രകൃതി, മൺതരങ്ങൾ, നീർവാർച്ചാസൗകര്യം എന്നിവയെക്കുറിച്ചും താഴെ വിശദീകരിക്കുന്നു.

തെന്മല പഞ്ചായത്തിലെ മൊത്തം തോടുകളും അരുവികളും കല്ലടയാറിന്റെ പൃഷ്ടിപ്രദേശമാണ്. മൊത്തം 10 നീർമറി പ്രദേങ്ങൾ ഉണ്ടെന്നു കാണാവുന്നതാണ് (പട്ടിക III (3) കാണുക). നീർമറികൾക്ക് അവയുടെ ഭാഗമായ തോടിന്റേയോ സ്ഥലത്തിന്റെയോ പേരാണ് നൽകിയിരിക്കുന്നത് (ചിത്രം 5 കാണുക).

### (1) തീർത്ഥകര നീർമറി

തീർത്ഥക്കര മലയിൽ നിന്നുത്ഭവിച്ച് ശെന്തുരുണിയാറ്റിൽ പതിക്കുന്ന തോടിന്റെ പൃഷ്ടിപ്രദേശങ്ങൾ ഉൾപ്പെടുന്നു. 4.1 കിലോമീറ്റർ നീളമുള്ള തോട് റിസർവ്വ് വനത്തിലൂടെ മാത്രം ഒഴുകുന്നു. നീർമറിയുടെ വിസ്തൃതി 513 ഹെക്ടർ ആണ്. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 3.16 ശതമാനത്തോളം ഈ പ്രദേശം ഉൾപ്പെടുന്നു.

### (2) കൊളത്താർ നീർമറി

കൊളത്താർ മലയിൽ നിന്നുത്ഭവിച്ച് ശെന്തരുണി യാറ്റിൽ പതിക്കുന്ന തോടിന്റെ പുഷ്ടിപ്രദേശങ്ങൾ 420 ഹെക്ടർ വരും. അരുവിയുടെ നീളം 2.85 കി.മീറ്ററാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 2.59 ശതമാനം വരുന്ന ഈ നീർമറിയും പൂർണ്ണമായും റിസർവ്വ് വനത്തിൽ സ്ഥിതിചെയ്യുന്നു.

### (3) ഒറ്റക്കൽ കിഴക്കേ നീർമറി

നെടുമ്പാറമലകളിൽ നിന്നുത്ഭവിച്ച് തെക്കോട്ടൊഴുകി, പിന്നീട് ദിശമാറി തെക്ക് കിഴക്കോട്ടൊഴുകി തെന്മലയ്ക്ക് പടിഞ്ഞാറു ഭാഗത്തായി ഒറ്റക്കല്ലിൽ വച്ച് കല്ലടയാറ്റിൽ പതിക്കുന്ന തോടിന്റെ പുഷ്ടിപ്രദേശത്തുള്ള നീർമറി 833 ഹെക്ടർ വരും. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 5.13 ശതമാനം വരും. തോടിന്റെ നീളം 7 കിമീറ്ററാണ്. ജന അധിവാസമുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്ന ഈ നീർമറി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. മിശ്രിതകൃഷികളാണ് നിലവിലുള്ളത്. മണ്ണ് ചെമ്മണ്ണാണ്.

### (4) ഒറ്റക്കൽ പടിഞ്ഞാറേ നീർമറി

മുമ്പ് സൂചിപ്പിച്ച നീർമറിയുടെ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 1.8 ശതമാനം വരുന്ന ഈ നീർമറി 288 ഹെക്ടർ വരും. നെടുമ്പാറ മലനിരകളിൽ നിന്നുത്ഭവിച്ച് തെക്കുപടിഞ്ഞാറോട്ട് ഒഴുകി കല്ലടയാറ്റിൽ പതിക്കുന്ന തോടിന്റെ പുഷ്ടിപ്രദേശമാണിത്. കാർഷികപ്രാധാന്യമായ മേഖലയിൽ ഈ നീർമറിയും സ്ഥിതി ചെയ്യുന്നു. ചെമ്മണ്ണ് ആണ് മൺതരം. മിശ്രിതകൃഷി ചെയ്തുവരുന്നു.

### (5) ഉറുകുന്ന് കിഴക്കേ നീർമറി

നെടുമ്പാറ കുന്നുകൾ മുതൽ കല്ലടയാറുവരെ വ്യാപിച്ചുകിടക്കുന്ന 742 ഹെക്ടർ സ്ഥലം. ആകെ വിസ്തൃതിയുടെ 4.57 ശതമാനം വരും. 6 കി.മീറ്ററോളം വരുന്ന തോടിന്റെ പുഷ്ടിപ്രദേശങ്ങൾ വളരെയധികം കാർഷികപ്രാധാന്യമുള്ളതാണ്.

### (6) ഉറുകുന്ന് പടിഞ്ഞാറേ നീർമറി

ആനപ്പെട്ടകോങ്കൽ മലകളിൽ നിന്നുത്ഭവിച്ച് തെക്കുകിഴക്കോട്ടൊഴുകി 9 കി.മീറ്റർ കടന്ന് ഉറുകുന്ന് ക്ഷേത്രത്തിനു സമീപം വച്ച് കല്ലടയാറ്റിൽ പതിക്കുന്ന തോടിന്റെ പുഷ്ടിപ്രദേശം, ആണ്ടൂർപ്പച്ച, ഉറുകുന്ന്, ഉദയഗിരി പ്രദേശങ്ങൾ ഈ നീർമറിയുടെ പരിധിയിൽ വരുന്നു. ആകെ വിസ്തീർണ്ണം 1142 ഹെക്ടർ വരും. പോഷകതോടുകൾ 4 എണ്ണമുണ്ട്. ഈ നീർമറിയുടെ ഭാഗമായി 5 കി.മീറ്റർ നീളത്തിലും 500-750 മീറ്റർ വീതിയിലും ഉള്ള ഒരു താഴ്വരയും സ്ഥിതിചെയ്യുന്നു. നെൽകൃഷിയും നാണ്യവിളകളും കൃഷിചെയ്തുവരുന്നു. ചരിവുകളിൽ ചെങ്കൽമണ്ണും താഴ്വരകളിൽ എക്കൽ മണ്ണും കാണുന്നു.

### (7) ഇട്ടത്തൂർ നീർമറി

ആനപെട്ടകോങ്കൽ കുന്നുകളിൽ നിന്നും ആരംഭിച്ച് വടക്ക് പടിഞ്ഞാറോട്ട് ചരിഞ്ഞിറങ്ങുന്ന നീർമറി. വ്യാപ്തി 755 ഹെക്ടർ. തോടിന്റെ നീളം 6.3 കി.മീറ്റർ. ചരിവുകുറഞ്ഞ പ്രദേശങ്ങൾ താഴ്വരകൾ എന്നിവ ഏറ്റവും കൂടുതൽ ഈ പ്രദേശത്തു കാണുന്നു. നെൽകൃഷിയും തോട്ടങ്ങളും മറ്റുമാണ് പ്രധാനകൃഷി. പ്രാധാന്യമർഹിക്കുന്ന ഒരു നീർമറിയാണിത്.

### (8) കുറവന്താവളം നീർമറി

കണിമാർകുളി, മിന്തുളി, കരിതോട് എന്നീ ഉപനീർമറി പ്രദേശങ്ങളും പ്രധാനനീർമറിയും അടങ്ങുന്ന, പഞ്ചായത്തിലെ ഏറ്റവും വിസ്തൃതിയുള്ള പ്രദേശം. കിഴക്കൻ മലമ്പ്രദേശങ്ങൾ ഉൾപ്പെടുന്നു. പ്ലാന്റേഷനും റിസർവ്വ് വനങ്ങളും ഉൾപ്പെടെ വിസ്തൃതി 4775 ഹെക്ടറും ഉപനീർമറികളുടേത് യഥാക്രമം 490,1273,677 ഹെക്ടർ വീതവുമാണ്.

### (9) പിലൻതോട് നീർമറി

450 ഹെക്ടർ പ്രദേശം. ഓലപ്പാറ പ്രദേശങ്ങൾ ഈ നീർമറിയുടെ പ്രദേശത്തു വരുന്നു.

### (10) അമ്പനാർ നീർമറി

ഒരുകര തെന്മല പഞ്ചായത്തും മറുകര പിറവന്തൂർ

### (2) കൊളത്താർ നീർമറി

കൊളത്താർ മലയിൽ നിന്നുത്ഭവിച്ച് ശെന്തരുണി യാറ്റിൽ പതിക്കുന്ന തോടിന്റെ പുഷ്ടിപ്രദേശങ്ങൾ 420 ഹെക്ടർ വരും. അരുവിയുടെ നീളം 2.85 കി.മീറ്ററാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 2.59 ശതമാനം വരുന്ന ഈ നീർമറിയും പൂർണ്ണമായും റിസർവ്വ് വനത്തിൽ സ്ഥിതിചെയ്യുന്നു.

### (3) ഒറ്റക്കൽ കിഴക്കേ നീർമറി

നെടുമ്പാറമലകളിൽ നിന്നുത്ഭവിച്ച് തെക്കോട്ടൊഴുകി, പിന്നീട് ദിശമാറി തെക്ക് കിഴക്കോട്ടൊഴുകി തെന്മലയ്ക്ക് പടിഞ്ഞാറു ഭാഗത്തായി ഒറ്റക്കല്ലിൽ വച്ച് കല്ലടയാറ്റിൽ പതിക്കുന്ന തോടിന്റെ പുഷ്ടിപ്രദേശത്തുള്ള നീർമറി 833 ഹെക്ടർ വരും. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 5.13 ശതമാനം വരും. തോടിന്റെ നീളം 7 കിമീറ്ററാണ്. ജന അധിവാസമുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്ന ഈ നീർമറി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. മിശ്രിതകൃഷികളാണ് നിലവിലുള്ളത്. മണ്ണ് ചെമ്മണ്ണാണ്.

### (4) ഒറ്റക്കൽ പടിഞ്ഞാറേ നീർമറി

മുമ്പ് സൂചിപ്പിച്ച നീർമറിയുടെ പടിഞ്ഞാറ് ഭാഗത്തായി സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 1.8 ശതമാനം വരുന്ന ഈ നീർമറി 288 ഹെക്ടർ വരും. നെടുമ്പാറ മലനിരകളിൽ നിന്നുത്ഭവിച്ച് തെക്കുപടിഞ്ഞാറോട്ട് ഒഴുകി കല്ലടയാറ്റിൽ പതിക്കുന്ന തോടിന്റെ പുഷ്ടിപ്രദേശമാണിത്. കാർഷികപ്രാധാന്യമായ മേഖലയിൽ ഈ നീർമറിയും സ്ഥിതി ചെയ്യുന്നു. ചെമ്മണ്ണ് ആണ് മൺതരം. മിശ്രിതകൃഷി ചെയ്തുവരുന്നു.

### (5) ഉറുകുന്ന് കിഴക്കേ നീർമറി

നെടുമ്പാറ കുന്നുകൾ മുതൽ കല്ലടയാറുവരെ വ്യാപിച്ചുകിടക്കുന്ന 742 ഹെക്ടർ സ്ഥലം. ആകെ വിസ്തൃതിയുടെ 4.57 ശതമാനം വരും. 6 കി.മീറ്ററോളം വരുന്ന തോടിന്റെ പുഷ്ടിപ്രദേശങ്ങൾ വളരെയധികം കാർഷികപ്രാധാന്യമുള്ളതാണ്.

### (6) ഉറുകുന്ന് പടിഞ്ഞാറേ നീർമറി

ആനപ്പെട്ടകോങ്കൽ മലകളിൽ നിന്നുത്ഭവിച്ച് തെക്കുകിഴക്കോട്ടൊഴുകി 9 കി.മീറ്റർ കടന്ന് ഉറുകുന്ന് ക്ഷേത്രത്തിനു സമീപം വച്ച് കല്ലടയാറ്റിൽ പതിക്കുന്ന തോടിന്റെ പുഷ്ടിപ്രദേശം, ആണ്ടൂർപ്പച്ച, ഉറുകുന്ന്, ഉദയഗിരി പ്രദേശങ്ങൾ ഈ നീർമറിയുടെ പരിധിയിൽ വരുന്നു. ആകെ വിസ്തീർണ്ണം 1142 ഹെക്ടർ വരും. പോഷകതോടുകൾ 4 എണ്ണമുണ്ട്. ഈ നീർമറിയുടെ ഭാഗമായി 5 കി.മീറ്റർ നീളത്തിലും 500-750 മീറ്റർ വീതിയിലും ഉള്ള ഒരു താഴ്വരയും സ്ഥിതിചെയ്യുന്നു. നെൽകൃഷിയും നാണ്യവിളകളും കൃഷിചെയ്തുവരുന്നു. ചരിവുകളിൽ ചെങ്കൽമണ്ണും താഴ്വരകളിൽ എക്കൽ മണ്ണും കാണുന്നു.

### (7) ഇട്ടത്തൂർ നീർമറി

ആനപെട്ടകോങ്കൽ കുന്നുകളിൽ നിന്നും ആരംഭിച്ച് വടക്ക് പടിഞ്ഞാറോട്ട് ചരിഞ്ഞിറങ്ങുന്ന നീർമറി. വ്യാപ്തി 755 ഹെക്ടർ. തോടിന്റെ നീളം 6.3 കി.മീറ്റർ. ചരിവുകുറഞ്ഞ പ്രദേശങ്ങൾ താഴ്വരകൾ എന്നിവ ഏറ്റവും കൂടുതൽ ഈ പ്രദേശത്തു കാണുന്നു. നെൽകൃഷിയും തോട്ടങ്ങളും മറ്റുമാണ് പ്രധാനകൃഷി. പ്രാധാന്യമർഹിക്കുന്ന ഒരു നീർമറിയാണിത്.

### (8) കുറവന്താവളം നീർമറി

കണിമാർകുളി, മിന്തുളി, കരിതോട് എന്നീ ഉപനീർമറി പ്രദേശങ്ങളും പ്രധാനനീർമറിയും അടങ്ങുന്ന, പഞ്ചായത്തിലെ ഏറ്റവും വിസ്തൃതിയുള്ള പ്രദേശം. കിഴക്കൻ മലമ്പ്രദേശങ്ങൾ ഉൾപ്പെടുന്നു. പ്ലാന്റേഷനും റിസർവ്വ് വനങ്ങളും ഉൾപ്പെടെ വിസ്തൃതി 4775 ഹെക്ടറും ഉപനീർമറികളുടേത് യഥാക്രമം 490,1273,677 ഹെക്ടർ വീതവുമാണ്.

### (9) പിലൻതോട് നീർമറി

450 ഹെക്ടർ പ്രദേശം. ഓലപ്പാറ പ്രദേശങ്ങൾ ഈ നീർമറിയുടെ പ്രദേശത്തു വരുന്നു.

### (10) അമ്പനാർ നീർമറി

ഒരുകര തെന്മല പഞ്ചായത്തും മറുകര പിറവന്തൂർ

പഞ്ചായത്തും ആണ്. 990 ഹെക്ടർ പുഷ്ടിപ്രദേശം നമ്മുടെ പഞ്ചായത്തിൽ വരും.

ഈ നീർമറികളിൽ ഉറുകുന്ന് ഒറ്റക്കൽ എന്നിവിടങ്ങളിലെ 2 നീർമറികൾ വീതവും ഇട്ടത്തൂർ നീർമറിയും ഈ പഞ്ചായത്തിന്റെ ജല, മണ്ണ്, ജൈവ സംരക്ഷണ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രാധാന്യം അർഹിക്കുന്നു.

## ഉപരിതല വസ്തുക്കൾ

ഭൗമോപരിതലത്തിൽ കണ്ടുവരുന്ന മൺതരങ്ങൾ, പാറകൾ എന്നിവയെ ആണ് ഉപരിതല വസ്തുക്കൾ എന്നതു കൊണ്ടുദ്ദേശിക്കുന്നത്. പ്രധാന മൺതരങ്ങൾ ചെങ്കൽമണ്ണും എക്കൽമണ്ണുമാണ്.

ചെമ്മണ്ണ്/ചെങ്കൽമണ്ണ് (Laterite Soil) മാറിമാറി വരുന്ന മഴയും ചൂടും മൂലം മൺസൂൺ കാലാവസ്ഥാപ്രദേശങ്ങളിലെ ശിലകൾ വളരെക്കാലത്തെ രാസ, ഭൗതിക അപക്ഷയങ്ങൾക്ക് വിധേയമായി വിഘടിച്ച് ചെങ്കൽ രൂപീകരണം നടക്കുന്നു (Laterisation). വിഘടനസമയത്ത് ഇരുമ്പ്, അലൂമിനിയം ലോഹസംയുക്തങ്ങൾ അടങ്ങിയ ധാതുക്കൾ ഒഴികെയുള്ള സംയുക്തങ്ങൾ നഷ്ടപ്പെടുകയും, ഈ ധാതുക്കളുടെ വിഘടിത രൂപങ്ങൾ അവശേഷിക്കുകയും ചെയ്യുന്നു. ഈ അവശിഷ്ട ശിലകളെ ലാറ്ററൈറ്റ് എന്നും അലൂമിനിയത്തിന്റെ അംശം അടങ്ങിയിട്ടുള്ളതിനാൽ ബോക്സൈറ്റ് എന്നും പറയുന്നു. ഇരുമ്പിന്റെ അംശം അടങ്ങിയതിനാൽ ഇവയ്ക്ക് ചുവപ്പ് നിറം കൈവന്നിരിക്കുന്നു. തീർത്തും ചെങ്കൽ രൂപീകരണ പ്രക്രിയയ്ക്ക് വിധേയമായ പ്രദേശങ്ങളിൽ മണ്ണിന്റെ മുകളിലത്തെ പാളി കറുത്തിരുണ്ടും കടുപ്പമുള്ളതുമായി കാണുന്നു. രണ്ടാമത്തെ പാളി ഏതാണ്ട് ചുവപ്പു നിറമുള്ളതും ഏത് രീതിയിലും വെട്ടിയെടുക്കാവുന്നതുമാണ്. അന്തരീക്ഷവുമായി കൂടുതൽ സമ്പർക്കം വരുമ്പോൾ ഇത് കടുപ്പമുള്ളതായിത്തീരുന്നു. മൂന്നാമത്തെ പാളി കളിമൺ രൂപത്തിലുള്ളതും ഏറെക്കുറെ വെളുത്ത നിറത്തോടു കൂടിയതും ആയിരിക്കും. ഇതിൽ നല്ല ഈർപ്പം ഉണ്ടായിരിക്കും.

ചെങ്കൽ രൂപീകരണം പൂർത്തിയാകാത്ത ഇടങ്ങളിൽ രണ്ടാമത്തെ പാളി ഉണ്ടായിരിക്കില്ല. തെന്മല പഞ്ചായത്തിൽ ഇത്തരം പ്രദേശങ്ങളാണ് കൂടുതലുള്ളത്. വനപ്രദേശങ്ങളിൽ ജൈവാംശം വളരെയധികം ചേർന്നിരിക്കുന്നതിനാൽ മണ്ണ് കറുത്തനിറത്തിലാവുന്നു. പ്രാദേശികമായി കരിമണ്ണ്, വനമണ്ണ് എന്നിങ്ങനെ അറിയപ്പെടുന്ന ഈ മണ്ണിന്റെ PH മൂല്യം (ഹൈഡ്രജൻ അയണുകളുടെ ഗാഢത) 5.5 മുതൽ 5.8 വരെയാണ്.

### എക്കൽമണ്ണ്

ആറുകളുടെയും തോടുകളുടെയും താഴ്വരകളിൽ കണ്ടുവരുന്ന ജൈവാംശം കൂടുതലായി അടങ്ങിയ പശിമരാശി മണ്ണാണിത്. മണൽ, ചെളി എന്നിവയുടെ അംശം കൂടുതൽ ആയതിനാൽ ജലം സംഭരിച്ചുവയ്ക്കാനുള്ള കഴിവുണ്ട്. എന്നാൽ നീർവാർച്ച കുറവാണ്. PH മൂല്യം 5.5. മുതൽ 5 വരെയാണ്. രാസവളങ്ങളുടെയും മറ്റും ഉപയോഗത്താൽ ഈ മണ്ണ് അമ്ലസ്വഭാവം കൂടുതലായി കാണിക്കുന്നു. കുന്നിൻചരിവുകളിൽ നിന്നും മണ്ണും ചെടികളും ആഗിരണം ചെയ്യാതെ കിടക്കുന്ന രാസവളത്തിന്റെ അവശിഷ്ടവും മഴവെള്ളത്തോടൊപ്പം താഴ്വരകളിൽ ഒഴുകി എത്തി PHനെ ഗണ്യമായി സ്വാധീനിക്കുന്നു.

### ഭൂവിനിയോഗം

തെന്മല പഞ്ചായത്തിലെ മൊത്തം വിസ്തൃതിയുടെ 64% വും വനപ്രദേശങ്ങളാണ്. 36% മാത്രമേ കൃഷിക്കുപയോഗിക്കുന്നുള്ളൂ. വിവിധ കൃഷിസ്ഥലങ്ങളിലെ വിളകളുടെ കൃഷി ചെയ്തിട്ടുള്ള വിസ്തൃതി പട്ടിക III (4) ൽ കാണിച്ചിരിക്കുന്നു.

**പട്ടിക III (4) ഭൂവിനിയോഗപ്പട്ടിക**

| നമ്പർ | ഭൂവിനിയോഗം | വിസ്തൃതി (Ha) | % |
|---|---|---|---|
| 1 | തേക്കു തോട്ടങ്ങൾ | 1345 | 24.05 |
| 2 | റബ്ബർതോട്ടങ്ങൾ | 4082 | 69.94 |
| 3 | യൂക്കാലിപ്റ്റസ് | 317 | 5.43 |
| 4 | നാണ്യവിളകൾ | 92 | 1.58 |
| | ആകെ | 5836 | 100.00 |

വനങ്ങളുടെ മൊത്തം വിസ്തൃതി 10398 ഹെക്ടർ വരും. **കേരളത്തിലെ പ്രതിശീർഷ വനഭൂമിയുടെ വിസ്തൃതി 0.038 ഹെക്ടർ ആണെങ്കിൽ തെന്മല പഞ്ചായത്തിൽ അത് 0.43 ഹെക്ടറാണ്. സംസ്ഥാന ശരാശരിയേക്കാൾ 11 ഇരട്ടിയിൽ കൂടുതലാണിത്.**

മഴയുടെ തോത്, മൺതരങ്ങൾ, ഭൂപ്രകൃതി എന്നിവയെ അടിസ്ഥാനമാക്കി കേരളത്തെ 5 കാർഷിക കാലാവസ്ഥാ മേഖലകളായി തിരിച്ചിട്ടുള്ളതിൽ സതേൺ ഹൈലാന്റ് എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതാണ് നമ്മുടെ പഞ്ചായത്ത്. ശക്തമായ മഴയും ചൂടും അത്രതന്നെ സമശീതോഷ്ണാവസ്ഥയും ഈ മേഖലയിലെ സവിശേഷതയാണ്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, മഴ, മൺതരം, ഭൂപ്രകൃതി എന്നീ പരിസ്ഥിതി ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി കേരളത്തെ 13 മേഖലകളായി തിരിച്ചിട്ടുള്ളതിൽ ഹൈലാൻഡ് മേഖലയിൽ നമ്മുടെ പഞ്ചായത്തുൾപ്പെടുന്നു. ലാറ്ററൈസേഷൻ പ്രക്രിയയ്ക്ക് പൂർണ്ണമായി വിധേയമാകാത്ത ചെമ്മണ്ണാണിവിടുള്ളത്.

വൈവിദ്ധ്യമാർന്ന മണ്ണ്, ഭൂപ്രകൃതി എന്നപോലെ തികച്ചും വൈവിദ്ധ്യമാർന്ന കാലാവസ്ഥയും ഇവിടെ അനുഭവപ്പെടുന്നു. സംസ്ഥാന ശരാശരിയേക്കാൾ 509. മി.മീറ്റർ കുറവ് മഴയാണിവിടെ ലഭിക്കുന്നത്. 1975 മുതൽ 1993 വരെ ലഭ്യമായ മഴയുടെ അളവിനെക്കുറിച്ച് പട്ടിക III (6) ൽ നിന്നും മനസ്സിലാക്കാം. ചിത്രം III (6) കൂടി കാണുക. ചിത്രം 7ൽ 1994 ൽ ലഭിച്ച പ്രതിമാസ ശരാശരി മഴയുടെ ലഭ്യത കാണാം.

സംസ്ഥാനത്തേയും കൊല്ലം ജില്ലയിലേയും 1975-76 മുതൽ 1992-93 വരെ ലഭിച്ച ശരാശരി മഴയുടെ അളവ് മില്ലീമീറ്ററിൽ

പട്ടിക III (6)

| സംസ്ഥാന ശരാശരി | ജില്ല | വർഷം |
|---|---|---|
| 2729 | 2354 | 1975-96 |
| 2731 | 2594 | 1976-77 |
| 3256 | 2637 | 1977-78 |
| 2788 | 2839 | 1978-79 |
| 2799 | 4780 | 1979-80 |
| 3039 | 3958 | 1980-81 |
| 2215 | 2634 | 1981-82 |
| 1396 | 897 | 1982-83 |
| 3049 | 2197 | 1983-84 |
| 2734 | 2059 | 1984-85 |
| 1970 | 913 | 1985-86 |
| 2046 | NA | 1986-87 |
| 1828 | 1163 | 1987-88 |
| 2466 | 2337 | 1988-89 |
| 2801 | 2559 | 1989-90 |
| 2966 | 2745 | 1990-91 |
| 2840 | 2430 | 1991-92 |
| 3832 | 3265 | 1992-93 |

ഏറ്റവും കൂടുതൽ താപനില അനുഭവപ്പെടുന്നത് മാർച്ച് ഏപ്രിൽ മാസങ്ങളിലാണ്. ഇവ യഥാക്രമം 37.1 ഡിഗ്രി സെൽഷ്യസ്, 35.4 ഡിഗ്രി സെൽഷ്യസ് എന്നിങ്ങനെയാണ്. ഈ മാസങ്ങളിലെ കുറഞ്ഞ താപനില 27ഡിഗ്രി സെൽഷ്യസും 23.7 ഡിഗ്രി സെൽഷ്യസും ആയിരുന്നു. 1994 ൽ ഓരോ മാസത്തിലുമുള്ള ശരാശരി ഉയർന്ന താപനിലയും കുറഞ്ഞ താപനിലയും പട്ടിക III (7) ൽ കാണിച്ചിരിക്കുന്നു.

പട്ടിക III (7)

| കുറഞ്ഞ താപനില | കൂടിയ താപനില | മാസങ്ങൾ |
|---|---|---|
| 19.6 | 34.0 | ജനുവരി |
| 20.4 | 35.9 | ഫെബ്രുവരി |
| 22.0 | 37.1 | മാർച്ച് |
| 23.7 | 35.4 | ഏപ്രിൽ |
| 23.7 | 33.6 | മെയ് |

| | | |
|---|---|---|
| 23.4 | 30.7 | ജൂൺ |
| 22.3 | 30.3 | ജൂലൈ |
| 23.1 | 30.6 | ആഗസ്റ്റ് |
| 22.9 | 32.7 | സെപ്തംബർ |
| 22.8 | 31.9 | ഒക്ടോബർ |
| 22.5 | 32.4 | നവംബർ |
| 21.6 | 34.2 | ഡിസംബർ |

വായുവിലെ ഈർപ്പത്തിന്റെ അളവിനെയാണ് ആർദ്രത എന്നുപറയുന്നത്. തെന്മലയിലെ ആർദ്രത ഏറ്റവും കൂടിയിരിക്കുന്നത് ആഗസ്റ്റ് സെപ്തംബർ മാസങ്ങളിലാണ്. യഥാക്രമം 95% വും 93% വും വീതം. 1994 ൽ ഓരോ മാസവും രാവിലെ 8.30 നും വൈകിട്ട് 5.30 നും രേഖപ്പെടുത്തിയ ആപേക്ഷിക ആർദ്രതയുടെ രേഖാചിത്രമാണ് ചിത്രം 9ൽ കാണിച്ചിരിക്കുന്നത്.




(തയ്യാറാക്കിയത് PRM CESS (FARM guide 94

ചിത്രം 6


1993 ലെ മഴയുടെ മാസശരാശരി
(പുനലൂർ സ്റ്റേഷൻ)
മഴയുടെ അളവ് മില്ലീമീറ്ററിൽ
600
500
400
300
200
100
(തയ്യാറാക്കിയത് PRM CESS (FARM guide 94
J F M A M J J A S O N D

ചിത്രം 7


1993 ലെ മഴയുടെ മാസശരാശരി
(പുനലൂർ സ്റ്റേഷൻ)
45
40
35
30
25
20
കൂടിയ താപനില
കുറഞ്ഞ താപനില
(തയ്യാറാക്കിയത് PRM CESS (FARM guide 94
J F M A M J J A S O N D

ചിത്രം 8

പട്ടിക III (8) കൂടി കാണുക

പട്ടിക III (8) 1994 ൽ ഓരോ മാസവും രേഖപ്പെടുത്തിയ ശരാശരി ആപേക്ഷിക ആർദ്രത

| 17.30 | 8.30 | സമയം |
|---|---|---|
| 60 | 90 | ജനുവരി |
| 61 | 92 | ഫെബ്രുവരി |
| 57 | 92 | മാർച്ച് |
| 69 | 91 | ഏപ്രിൽ |
| 70 | 88 | മെയ് |
| 79 | 94 | ജൂൺ |
| 82 | 94 | ജൂലൈ |
| 78 | 95 | ആഗസ്റ്റ് |
| 69 | 93 | സെപ്തംബർ |
| 82 | 93 | ഒക്ടോബർ |
| 71 | 91 | നവംബർ |
| 59 | 88 | ഡിസംബർ |

### പരിസ്ഥിതി പ്രശ്നങ്ങൾ

മണ്ണൊലിപ്പ്, ഉരുൾപൊട്ടൽ, ചില സ്ഥലങ്ങളിലെ പാറ പൊട്ടിക്കൽ, മണൽവാരൽ എന്നിവയാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങൾ.

ഉയർന്ന പ്രദേശങ്ങളിൽ വെള്ളം കെട്ടിനിർത്താൻ തടയണകൾ നിർമ്മിച്ചും ഇറിഗേഷൻ ട്രഞ്ചസ് നിർമ്മിച്ചും, മണ്ണൊലിപ്പ് തടയുന്നതിനും ഭുഗർഭ ജലനിരപ്പ് ഉയർത്തുന്നതിനും കഴിയുന്നതാണ്. കീഴ്ക്കാം തൂക്കായ പ്രദേശങ്ങളിൽ തായ്വേരുള്ള വൻവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്. വൻമരങ്ങൾക്കിടയിൽ ചെറുവൃക്ഷങ്ങളും, കുറ്റിച്ചെടികളും, അവയ്ക്കിടയിൽ പുല്ലും ചേർന്ന് ഇടതൂർന്ന് സമ്മിശ്ര സസ്യാവരണം വളർത്തിയെടുത്താൽ 30% മേൽ ചരിവുള്ള പ്രദേശങ്ങളിലെ മണ്ണൊലിപ്പും ഉരുൾപൊട്ടലും തടയാവുന്നതാണ്. നല്ല ചരിവുള്ള പ്രദേശങ്ങളിൽ മണ്ണിളകാത്ത തരത്തിലുള്ള ഭൂവിനിയോഗമാണ് സ്വീകരിക്കേണ്ടത്. ഇടവിളകൾ ആയ ചേന, മരച്ചീനി, ഇഞ്ചി മുതലായ കൃഷി ചെയ്യുമ്പോൾ ചരിവിനു കുറുകെ വരമ്പുകളും ചാലുകളും വരത്തക്കരീതിയിൽ ആവണം. പുതയിടലും നല്ലൊരു മണ്ണൊലിപ്പു നിവാരണ മാർഗ്ഗമാണ്. കുന്നിൻമുകളിൽ നിന്നും താഴേയ്ക്ക് ഒഴുകുന്ന ചാലുകളിൽ അതാതിടങ്ങളിൽ കിട്ടുന്ന കല്ലുകൾ തടികൾ എന്നിവ കൊണ്ട് മുട്ടുകൽ (അണകൾ) കെട്ടി ജലപ്രവാഹത്തിന്റെ വേഗത കുറയ്ക്കാവുന്നതാണ്. മലയിടുക്കുകളിലും മറ്റും ചെറിയ ചെറിയ ജലസംഭരണികളും വെൽഡ്രസ് ക്രോസ് ബാർ തടയണകൾ എന്നിവയും നിർമ്മിക്കാവുന്നതാണ്.

കുറെയധികം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നുവെങ്കിലും പാറ പൊട്ടിക്കലും മണൽ വാരലും നൽകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ തള്ളിക്കളയാവുന്നതല്ല. പാറകളുടെ വിള്ളലുകളിലൂടെയും വിടവുകളിലൂടെയും മഴവെള്ളം ഭൂഗർഭത്തിലേയ്ക്ക് കിനിഞ്ഞിറങ്ങുന്നു. പാറ പൊട്ടിക്കൽ ഈ സംവിധാനത്തിന് തടസ്സം സൃഷ്ടിക്കുന്നു. പാറ പൊട്ടിക്കൽ സ്ഥലത്തുണ്ടാകുന്ന സൂക്ഷ്മധൂളികൾ സസ്യങ്ങളുടെ പരാഗണത്തെ തടയുന്നു. മാത്രമല്ല സിലിക്കോസിസ് പോലുള്ള മാരകരോഗങ്ങൾക്കും ഇതു കാരണമാകുന്നു. ജനവാസം കുറവുള്ള സസ്യാവരണങ്ങൾ കുറവുള്ള തരിശുഭൂമിയിലും മറ്റുമുള്ള പാറകൾ മാത്രം പൊട്ടിക്കുക വഴി ഇതിന് പരിഹാരമുണ്ടാക്കാം.

ആറുകളിലെ മണൽവാരൽ മൂലം ആഴം കൂടുകയും ജലനിരപ്പ് കുറയുകയും ചെയ്യും. തന്മൂലം സമീപപ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും വറ്റുന്നു. ആറ്റുതീരം ഇടിഞ്ഞിറങ്ങുകയും ചെയ്യുന്നു. ഓരോ വർഷവും ഒഴുകിയെത്തുന്ന മണൽമാത്രം വാരിയെടുക്കുന്നതിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

### മനുഷ്യവിഭവങ്ങൾ

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് തെന്മല പഞ്ചായത്തിലെ ജനസംഖ്യ 24214 ആണ്. ജനസാന്ദ്രത 149 ആണെന്നു കാണാം. മൊത്തം ജനസംഖ്യയിൽ 12061

പുരുഷന്മാരും 12153 സ്ത്രീകളും ഉൾപ്പെടുന്നു. 1000 പുരുഷന്മാർക്ക് 1008 സ്ത്രീകൾ എന്നാണ് അനുപാതം. സംസ്ഥാനത്ത് ഇത് 1000 ന് 1036 എന്നാണ്. ആകെ വീടുകളുടെ എണ്ണം 5377 ഉം കുടുംബങ്ങളുടെ എണ്ണം 5385 ഉം ആണ്. ആറുവയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 2824 ആണ്. ഇതിൽ 1433 ആൺകുട്ടികളും 1391 പെൺകുട്ടികളും ഉണ്ട്. 6 വയസ്സിൽ താഴെയുള്ള 1000 ആൺകുട്ടികൾക്ക് 970 പെൺകുട്ടികൾ മാത്രമാണുള്ളത്. 1687 പുരുഷന്മാരും 1680 സ്ത്രീകളും ഉൾപ്പെടെ 3367 പട്ടികജാതിക്കാർ നമ്മുടെ പഞ്ചായത്തിലുണ്ട്. 1000 പുരുഷന്മാർക്ക് 995 സ്ത്രീകൾ മാത്രം. പട്ടികവർഗ്ഗക്കാരുടെ ആകെ എണ്ണം 355 ആണ്. 192 പുരുഷന്മാരും 163 സ്ത്രീകളും. 1000 പുരുഷന്മാർക്ക് 849 സ്ത്രീകൾ മാത്രം.

മൊത്തം ജനസംഖ്യയിൽ 9867 പുരുഷന്മാരും 9245 സ്ത്രീകളും സാക്ഷരരാണ്. 89% സാക്ഷരർ ഉണ്ട്. പുരുഷന്മാരുടെ സാക്ഷരതാനിരക്ക് 93 ഉം സ്ത്രീകളുടേത് 85 ഉം ആണ്. 6177 പുരുഷന്മാരും 1614 സ്ത്രീകളും ഉൾപ്പെടെ നമ്മുടെ പഞ്ചായത്തിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം 7791 ആണ്. 1433 പുരുഷന്മാരും 156 സ്ത്രീകളും അടക്കം 1589 കൃഷിക്കാരും, 2301 പുരുഷന്മാരും 156 സ്ത്രീകളും അടക്കം 2457 കർഷകത്തൊഴിലാളികളും ഇവിടെയുണ്ട്. മൊത്തം ജനസംഖ്യയുടെ 10% മാത്രമാണ് കർഷക തൊഴിലാളികൾ എന്നു കാണാവുന്നതാണ്. തൊഴിലില്ലാത്തവരുടെ എണ്ണം 15770 വരും. ഇതിൽ 5684 പുരുഷന്മാരും 10086 സ്ത്രീകളും ഉൾപ്പെടുന്നു. അതായത് ജനസംഖ്യയുടെ 65% വും തൊഴിൽ രഹിതരാണ് എന്നു കാണാവുന്നതാണ്.

വാർഡ് അനുസരിച്ചുള്ള ജനസംഖ്യാ വിവരങ്ങൾ പട്ടിക III (9) ൽ നിന്നും മനസ്സിലാക്കാം.

തെന്മല പഞ്ചായത്തിൽ ജനസാന്ദ്രത കുറയാനുള്ള കാരണം ഭൂരിഭാഗം പ്രദേശങ്ങളും ജനവാസയോഗ്യമല്ല എന്നുള്ളതാണ്. വനങ്ങളും പ്ലാന്റേഷനുകളും 75% വും കയ്യടക്കിയിരിക്കുന്ന ഈ പ്രദേശത്തെ തൊഴിൽ ഇല്ലായ്മ പരിഹരിക്കുന്നതിനായി വനവിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള തൊഴിൽ മേഖലകൾ രൂപീകരിക്കേണ്ടിയിരിക്കുന്നു.




ചിത്രം 9

Farm guide 94

## വാർഡു തിരിച്ചുള്ള ജനസംഖ്യാ വിവരങ്ങൾ

### പട്ടിക III (9)

| വാർഡ് | ആകെ ജനസംഖ്യ | പുരുഷൻ മാർ | സ്ത്രീകൾ | വെയസ്സിനു താഴെയുള്ള വർ | പട്ടിക ജാതി ക്കാർ | പട്ടിക വർഗ്ഗ ക്കാർ | തൊഴിൽ രഹിതർ | സാക്ഷരർ |
|---|---|---|---|---|---|---|---|---|
| 1 | 2734 | 1382 | 1352 | 329 | 843 | 5 | 1745 | 2117 |
| 2 | 1516 | 719 | 797 | 187 | 122 | 54 | 981 | 1182 |
| 3 | 1669 | 822 | 847 | 194 | 265 | - | 901 | 1378 |
| 4 | 2518 | 1294 | 1224 | 266 | 196 | - | 1660 | 1120 |
| 5 | 2260 | 1113 | 1147 | 246 | 141 | - | 1543 | 1882 |
| 6 | 1921 | 941 | 980 | 230 | 246 | 213 | 1262 | 1490 |
| 7 | 2106 | 1018 | 1088 | 242 | 229 | 3 | 1433 | 1731 |
| 8 | 1848 | 889 | 959 | 223 | 165 | - | 1292 | 1509 |
| 9 | 3192 | 1629 | 1563 | 327 | 162 | 3 | 2162 | 2580 |
| 10 | 2691 | 1348 | 1343 | 382 | 464 | 22 | 1762 | 1850 |
| 11 | 1759 | 906 | 853 | 198 | 534 | 55 | 1009 | 1268 |
| Total | 24214 | 12061 | 12153 | 2824 | 3367 | 355 | 15570 | 19112 |

Source: NIC Kerala State Unit

# IV വികസനത്തിന്റെ മേഖലകൾ

[1] കൃഷിയും ജലസേചനവും

[2] മൃഗസംരക്ഷണവും, മത്സ്യബന്ധനവും

[3] വിദ്യാഭ്യാസം

[4] കുടിവെള്ളവും, പൊതുജനാരോഗ്യവും

[5] വ്യവസായം

[6] ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

[7] ഭവനനിർമ്മാണവും, സാമൂഹ്യക്ഷേമവും

[8] സംസ്ക്കാരം

[9] വനിത

[10] സഹകരണം

[11] പട്ടികജാതി പട്ടികവർഗ്ഗം

[12] വിഭവസമാഹരണം

(i) വനം

(ii) ടൂറിസം



# IV (1) കൃഷിയും ജലസേചനവും

തെന്മല പഞ്ചായത്തിലെ ഭൂമിയുടെ കിടപ്പ്, കുന്നിൻപുറം (ഉയർന്ന സമതലം) ചിരവുപ്രദേശം, താഴ്‌വാര, നിലങ്ങൾ, എന്നിങ്ങനെയാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗവും വനപ്രദേശമാണ്.

അൻപതു വർഷങ്ങൾക്കു മുമ്പ് തെന്മല പഞ്ചായത്തിൽ മരച്ചീനി, നെല്ല് അപൂർവ്വമായി മുതിര, പയർ എന്നിവയും കോങ്കലുകളിൽ കരിമ്പു കൃഷിയും ചെയ്തു വന്നിരുന്നു. നാണ്യവിളകളിൽ അന്നുണ്ടായിരുന്നത് അപൂർവ്വമായിതെങ്ങും കവുങ്ങും, പറങ്കമാവുമാണ്. കുടിയേറ്റ കർഷകരുടെ വരവോടുകൂടി കാർഷികമേഖലയിൽ അതിശീഘ്രമായ വ്യതിയാനങ്ങൾ കണ്ടുതുടങ്ങി. അതിനുശേഷം തെന്മല പഞ്ചായത്തിൽ കുരുമുളക്, തെങ്ങ്, കവുങ്ങ്, കശുമാവ്, പ്ലാവ്, മാവ്, ഇഞ്ചി, കിഴങ്ങു വർഗ്ഗങ്ങൾ വാഴകൃഷി, പച്ചക്കറി, വെറ്റിലകൊടി ഇവയുടെ കൃഷി വ്യാപകമായി.

ആയിരത്തിത്തൊള്ളായിരം മാണ്ടോടു കൂടി തെന്മല പഞ്ചായത്തിൽ ബ്രിട്ടീഷ് കമ്പനി റബ്ബർ കൃഷി ആരംഭിച്ചു. റാണി ട്രാവൻകൂർ കമ്പനി ചാലിയേക്കരയിലും H&C പ്ലാന്റേഷൻസ് തെന്മല വാലിയിലും റബ്ബർ കൃഷി ആരംഭിച്ചു. 1950 ഓടുകൂടി ചെറുകിട കർഷകരും റബ്ബർകൃഷി ആരംഭിച്ചുവെങ്കിലും കൃഷി വ്യാപകമായില്ല.

എന്നാൽ മരച്ചീനിയുടെ സ്ഥാനത്ത് കുരുമുളക്, തെങ്ങ്, കശുമാവ്, കവുങ്ങ് എന്നീ നാണ്യവിളകൾ വ്യാപകമായി. ആയിരത്തിത്തൊള്ളായിരത്തി എഴുപത്തി അഞ്ച്-എൺപതോടുകൂടി തെന്മല പഞ്ചായത്തിൽ റബ്ബർ കൃഷി വ്യാപകമാകാൻ തുടങ്ങി. 1995-ാം മാണ്ടോടുകൂടി തെന്മല പഞ്ചായത്തിൽ 69% റബ്ബർ കൃഷിയും ബാക്കി മറ്റു കൃഷിയും ചെയ്തുവരുന്നു.

## 1. മണ്ണിനങ്ങൾ

തെന്മല പഞ്ചായത്തിലെ പ്രധാന മണ്ണിനങ്ങൾ വനമണ്ണ്, ചെമ്മണ്ണ്, കളിമണ്ണ് കലർന്ന എക്കൽമണ്ണ് എന്നിവയാണ്. വനമേഖലയായതിനാൽ താരതമ്യേന ഫലഭൂയിഷ്ടമായ മണ്ണാണ് എങ്കിലും തുടർച്ചയായുള്ള കൃഷി, മണ്ണൊലിപ്പ് രാസവളങ്ങളുടെ അമിത പ്രയോഗം ഇത്യാദികാരണങ്ങളാൽ ഫലഭൂയിഷ്ടത കുറയുകയും മണ്ണിന്റെ ഘടന മാറുകയും ചെയ്യുന്നു.

## 2. ജലസമ്പത്ത്

തെന്മല പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടി കല്ലട ആറും കിഴക്കുഭാഗത്തുകൂടി നെടുപാറ കഴുതുരുട്ടി ആറുകളും വടക്കുഭാഗത്തുകൂടി അമ്പനാർ അരുവി ഇഞ്ചപ്പണ്ണി ആറ്, മാമ്പഴത്തറ ആറ് എന്നിവയും ഒഴുകുന്നു കല്ലട ജലസേചന പദ്ധതിയുടെ വലതുകര കനാൽ ഈ പഞ്ചായത്തിലെ IX-ാം വാർഡായ ഒറ്റക്കല്ലിൽ നിന്നും ആരംഭിച്ച് 8,7 ,4,2,1, വാർഡുകളിലൂടെ കടന്നുപോകുന്നു. ശരിയായ സമയത്ത് കനാനുകളിലൂടെ ജലം തുറന്നു വിടാത്തതിനാലും അസമയത്ത് തുറന്നു വിടുന്നതിനാലും നെൽകൃഷിക്കും മറ്റും കൃഷിക്കും ശരിയായ പ്രയോജനം

ലഭിക്കുന്നില്ല.

തെന്മല പഞ്ചായത്തിലെ ഓലപ്പാറ, ചെറുകടവ്, ഉപ്പൂഴി, ചെറുതന്നൂർ, തോണിച്ചാൽ, നെടുപച്ച, ചിറ്റാലംകോട്, പനംപുന്ന, ഇടമൺ, അണ്ടൂർപച്ച, ആലക്കുന്ന്, അറുപതുപറ, മാങ്കോണം, തേവർകുന്ന്, ഇടത്തറപ്പച്ച, ഉപ്പൂഴിത്തറ, എന്നീ ഏലാകളുടെ അതിർത്തിയിലൂടെ ഒഴുകുന്നതോടുകളും ആനപ്പെട്ട കോങ്കൽ ഈസ്റ്റ്. ഉറുകുന്ന് നേതാജി ഒറ്റക്കൽ, RB കുറ്റാലം നാലാം ബ്ലോക്ക്, ഒന്നാം ബ്ലോക്ക്, നാഗമല എന്നിവിടങ്ങളിലുള്ള തോടുകളാണ് നിലവിൽ ഉള്ളത്. വേനൽക്കാലങ്ങളിൽ ഇവവറ്റുകയും, മഴക്കാലങ്ങളിൽ മഴവെള്ളപ്പാച്ചിലിൽ കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നു. ചെറുതന്നൂർ തോണിച്ചാൽ ഇടമൺ അണ്ടൂർപ്പച്ച ഏലാ തോടുകളിൽ വേനൽക്കാലത്തും വെള്ളം ഉണ്ടാകാറുണ്ട്.

സ്വകാര്യ ഭൂമിയിൽ പലഭാഗത്തും, വറ്റാത്ത നിരവധി കുളങ്ങൾ ഉണ്ട്. അവ വികസിപ്പിക്കുന്നതിന് ധനസഹായം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിൽ KIP യുടെ പ്രവർത്തനം തൃപ്തികരമല്ല.

പാടങ്ങളിലെ നെൽകൃഷി കുറഞ്ഞുവരുന്നു. ഭൂരിഭാഗം കർഷകരും റബ്ബർ കൃഷിയിലേക്ക് തിരിഞ്ഞു കൊണ്ടിരിക്കുന്നു. കാർഷിക വിളകളുടെ വിസ്തൃതിയിൽ വന്ന വ്യതിയാനം പട്ടിക 1.1-ൽ കാണിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിലെ കുന്നിൻ പ്രദേശങ്ങളും താഴ്‌വരകളും റബ്ബർ കൃഷിക്ക് ഏറ്റവും അനുയോജ്യമായതിനാലും വിപണനസൗകര്യം ഉള്ളതിനാലും റബ്ബർ കൃഷി മറ്റുവിളകളേക്കാൾ ലാഭകരമായതിനാലാണ്. കർഷർ റബ്ബറിനെ മുഖ്യനാണ്യ വിളയാക്കുന്നത്.

കുരുമുളക്, തെങ്ങ്, നെല്ല് എന്നിവയുടെ ഉല്പാദക്ഷമത കുറഞ്ഞുവരികയാണ്. ഇതിനുപ്രധാന കാരണം തൊഴിലാളികളുടെ ലഭ്യതകുറവും, മണ്ണൊലിപ്പ്, തുടർത്തായായും അമിതമായുമുള്ള രാസവളപ്രയോഗം, പ്രകൃതിക്ഷോഭം, (വരൾച്ച, മലവെള്ളപ്പാച്ചിൽ) ജൈവവളങ്ങളുടെ ഉപയോഗകുറവ് എന്നിവയാണ്. പഞ്ചായത്തിലെ രാസവളപ്രയോഗത്തിന്റെയും ജൈവവളപ്രയോഗത്തിന്റേയും താരതമ്യപഠനം ചുവടേചേർക്കുന്നു.

## 3. പ്രധാന കാർഷിക വിളകൾ

| ക്രമ നമ്പർ | വിളകൾ | 1945 | 1955 | 1965 | 1975 | 1985 | 1995 |
|---|---|---|---|---|---|---|---|
| | | ശതമാനം | ശതമാനം | ശതമാനം | ശതമാനം | ശതമാനം | ശതമാനം |
| 1 | മരിച്ചീനി | 80 | 60 | 50 | 28 | 13.3 | 4.5 |
| 2 | നെല്ല് | 0.2 | 1 | 2 | 3 | 3.3 | 2 |
| 3 | കരിമ്പ് | 10 | 10 | 5 | 2 | 1 | - |
| 4 | മുതിര | 4 | 6 | 4 | 2 | - | - |
| 5 | പയറുവർഗ്ഗം | 3 | 5 | 12 | 8 | 10 | 0.8 |
| 6 | കശുമാവ് | 0.3 | 0.4 | 0.6 | 0.7 | 0.8 | 0.9 |
| 7 | തെങ്ങ് | 0.5 | 1 | 3 | 7 | 4 | 4.6 |
| 8 | കരുമുളക് | - | 1 | 4 | 6 | 10 | 10.6 |
| 9 | കവുങ്ങ് | 0.3 | 0.4 | 1 | 1.2 | 1.3 | 1.5 |
| 10 | വാഴ | 1 | 1.3 | 2 | 2.1 | 2.3 | 2.7 |
| 11 | റബ്ബർ | - | 4 | 10 | 30 | 40 | 69 |
| 12 | മറ്റിനങ്ങൾ | 0.7 | 9.9 | 6.4 | 10 | 14 | 3.4 |

പട്ടിക 1.1

പട്ടിക 1.2

| Sl.No. | വർഷം | രാസവളം (ടൺ) | ജൈവവളം (ടൺ) |
|---|---|---|---|
| 1. | 93-94 | 150.5 | Nil |
| 2. | 94-95 | 233.75 | 4 |
| 3. | 95-96 | 300 | 5 |

എല്ലാത്തരം കൃഷികൾക്കും വന്യമൃഗശല്യം പ്രധാന തടസ്സമാണ്. എലിശല്യവും രോഗങ്ങളും കീടബാധയും സർവ്വസാധാരണമായി വരുന്നു. തെന്മല പഞ്ചായത്തിലെ പ്രധാന കീടങ്ങളുടെയും രോഗങ്ങളുടെയും വിവരങ്ങൾ പട്ടിക 1.3 -ൽ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | വിള | രോഗങ്ങൾ/കീടങ്ങൾ |
|---|---|---|
| 1 | നെല്ല് | പോള ചീയൽ, ഓലചുരുട്ടി, ചാഴി, ബ്ലാസ്റ്റ് രോഗം |
| 2 | തെങ്ങ് | മണ്ടചീയൽ, ചെന്നീരൊലിപ്പ്, കാറ്റുവീഴ്ച, ഓല മഞ്ഞളിപ്പ് |
| 3 | ഇഞ്ചി | അഴുകൻ രോഗം |
| 4 | വാഴ | മണ്ടഅടപ്പ്, ഇലപ്പുള്ളിരോഗം |
| 5 | മരച്ചീനി | മുരടിപ്പ് |
| 6 | റബ്ബർ | പട്ടമരവിപ്പ്, ചീക്ക്, പൊടി കുമിൾ രോഗം |
| 7 | കുരുമുളക് | ദ്രുതവാട്ടം, പൊള്ളുവണ്ട് |

പട്ടിക 1.3

പഞ്ചായത്തിലെ പ്രധാന വിളകളുടെ ഒരു ഹെക്ടറിലുള്ള ഉല്പാദനം സംസ്ഥാനത്തിന്റേതുമായി താരതമ്യം ചെയ്ത് താഴെ പട്ടിക 1.4 ൽ ചേർക്കുന്നു.

പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരം സംസ്ഥാനത്തിന്റെ ഉല്പാദന ക്ഷമതയേക്കാൾ വളരെ കൂടുതലാണ് തെന്മല പഞ്ചായത്തിന്റെ ഉല്പാദനക്ഷമത. ഇതിന്റെ പ്രധാന കാരണം മണ്ണിന്റെ ഫലഭൂയിഷ്ടതയാണ്.

## 4. ഉല്പന്നങ്ങളുടെ വിപണനം

കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിന് പഞ്ചായത്തിൽ സൗകര്യം ഇല്ലാത്തതിനാൽ പഞ്ചായത്തിനോടു ചേർന്നു കിടക്കുന്ന 15 മു: 20 കി.മീറ്റർ ദൂരം വരുന്ന പുനലൂർ മാർക്കറ്റിലോ 13 മു: 15 കി.മീ. ദൂരം വരുന്ന ആര്യങ്കാവ് പഞ്ചായത്തിലെ കഴുതുരുട്ടിയേയോ ആണ് കർഷകർക്ക് ആശ്രയിക്കേണ്ടിവരുന്നത്.

## 5. നഴ്സറികൾ

തെന്മല പഞ്ചായത്തിൽ കാർഷിക വിത്ത്/ തൈകളുടെ വിതരണത്തിന് നഴ്സറികൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ഭൂരിഭാഗവും റബ്ബർ തൈകളുടെ വിതരണാണ് നടത്തുന്നത്.

## 6. പാടശേഖരസമിതികൾ

കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ നെൽകൃഷി ഗ്രൂപ്പ് ഫാമിങ്ങിന്റെ ഭാഗമായി രൂപീകരിച്ചുള്ള പാട ശേഖരസമിതികളുടെ വിവരങ്ങൾ പട്ടിക 1.5 ൽ ചേർക്കുന്നു.

പട്ടിക 1.4

| ക്രമ നമ്പർ | വിള | തെന്മല പഞ്ചായത്തിന്റെ ഉല്പാദന ക്ഷമത കിലോ/ഹെക്ടർ | സംസ്ഥാനത്തിന്റെ ഉല്പാദന ക്ഷമത കി.ഗ്രാം/ ഹെക്ടർ |
|---|---|---|---|
| 1 | നെല്ല് | 2980 | 1973 |
| 2 | റബ്ബർ | 1400 | 794 |
| 3 | മരച്ചീനി | 30000 | 19112 |
| 4 | കശുമാവ് | 1600 | 899 |
| 5 | വാഴ | 11400 | 7592 |
| 6 | കുരുമുളക് | 360 | 277 |
| 7 | ഇഞ്ചി | 3500 | 3341 |
| 8 | തെങ്ങ് | 4306 എണ്ണം | 5362 എണ്ണം |

| ക്രമ നമ്പർ | പാടശേഖരത്തിന്റെ പേര് | വിസ്തൃതി ഹെക്ടർ | കാർഷിക രുടെ എണ്ണം |
|---|---|---|---|
| 1 | അണ്ടൂർപ്പച്ച ഏല | 20H | 63 |
| 2 | ഇടമൺ ഏല | 15H | 55 |
| 3 | ചെറുതന്നൂർഏല | 25H | 50 |
| 4 | ഉപ്പുകഴി ഏല | 12H | 38 |
| 5 | മാങ്കോണം ഏല | 11H | 30 |

പട്ടിക 1.5

പാടശേഖരസമിതികളുടെ പ്രവർത്തനം കൂടുതൽ വികസിപ്പിച്ച് കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവിധം മാറ്റേണ്ടതാണ്.

കേരകർഷകരുടെ ഉന്നമനത്തിനായി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന ഒരു കേര സംരക്ഷണസമിതിയും കുരുമുളകു കർഷകരുടെ ഉന്നമനത്തിനായി 4 കുരുമുളകു സംരക്ഷണസമിതികളും തെന്മല പഞ്ചായത്ത് പ്രവർത്തന മേഖലയാക്കി ഇടമണ്ണിൽ റബ്ബർ കർഷകരുടെ ഒരു റബ്ബർ ഉൽപാദക സംഘവും പ്രവർത്തിച്ചു വരുന്നു.

| ക്രമനമ്പർ | കുരുമുളക് സംരക്ഷണസമിതികളുടെ പേര് |
|---|---|
| 1 | ദേശസേവിനികുരുമുളകു സംരക്ഷണസമിതി |
| 2 | പ്രിയ ദർശിനി കുരുമുളകു സംരക്ഷണ സമിതി |
| 3 | ഇടമൺ കുരുമുളകു സംരക്ഷണ സമിതി |
| 4 | ആനപെട്ടകോങ്കൽ കുരമുളകു സംരക്ഷണ സമിതി |

പട്ടിക 1.6

## 7. കൂലിവ്യവസ്ഥകൾ

ഈ പഞ്ചായത്തിലെ പ്രധാന കൃഷിതൊഴിലിന്റെ നിലവിലുള്ള കൂലി നിരക്കിനെപ്പറ്റി താഴെ പട്ടിക1.7ൽ ചേർക്കുന്നു.

| ക്രമ നമ്പർ | തൊഴിൽ | കൂലിനിരക്കുകൾ | |
|---|---|---|---|
| | | ആൺ രൂപ | പെൺരൂപ |
| 1 | കിളിക്കൽ | 80.00 | - |
| 2 | കളപറിക്കൽ | – | 70.00 |
| 3 | ഞാറുനടീൽ | 80 | 70 |
| 4 | റബ്ബർവെട്ട് (മരം ഒന്നിന്) | 0.20 | 0.20 |
| 5 | തേങ്ങഇടിൽ (മരം ഒന്നിന്) | 2.00 | |
| 6 | കൊയ്ത്തും മെതിയും | വിളവിന്റെഏഴിൽ ഒരുഭാഗം | |

പട്ടിക 1.7

## പ്രശ്നങ്ങൾ

1. നെൽകൃഷി പൊതുവേ നഷ്ടമാണ്, നെൽപ്പാടങ്ങൾ മറ്റു കൃഷികൾക്കായി മാറ്റിക്കൊണ്ടിരിക്കുന്നു.

2. നിലവിലുള്ള നാട്ടു തോട്ടങ്ങളുടെ വീതി കുറഞ്ഞു വരുന്നതും ആഴം കുറയുന്നതും വർഷകാലത്ത് വെള്ളക്കെട്ട് അനുഭവപ്പെടുന്നതും കൃഷിനാശത്തിന്റെ പ്രധാന കാരണങ്ങളാണ്.

3. കാർഷിക ജോലിക്ക് വേണ്ടത്ര കർഷക തൊഴിലാളികളെ കിട്ടുന്നില്ല.

4. റബ്ബർ കൃഷിയുടെ വർദ്ധിച്ചു വരുന്ന തോത്.

5. കൃഷിയിൽ നിന്നുള്ള ആദായവുമായി തട്ടിച്ചു നോക്കുമ്പോൾ കർഷക തൊഴിലാളികളുടെ കൂലിനിരക്കു കൂടുതലും സേവന നിലവാരം കുറഞ്ഞും വരുന്നു.

6. പാടങ്ങളുടെ കരയിലുള്ള വൃക്ഷങ്ങൾ പടർന്നു പന്തലിച്ച് നെൽകൃഷി നാശമാക്കുന്നു.

7. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വള പ്രയോഗം നടത്തി വരുന്നത്.

8. രാസവളങ്ങളുടെ വില വളരെ കൂടി വരുന്നു.

9. കൃഷിയോടുള്ള ആഭിമുഖ്യം പൊതുവേ കുറഞ്ഞു വരുന്നു. കൃഷി അഭിവൃത്തിപ്പെടുന്നതിനുള്ള താല്പര്യവും കുറഞ്ഞു വരുന്നു.

10. തെങ്ങുകൾ രോഗം ബാധിച്ച് നശിച്ചു കൊണ്ടിരിക്കുന്നു.

11. പാടശേഖര സമിതികൾ, നാളികേര വികസന സമിതികൾ, കുരുമുളകു സമിതികൾ എന്നിവ പ്രവർത്തന നിരതമല്ല.

12. കൃഷിഭവന്റെ സേവനം എല്ലാ വാർഡുകളിലും ലഭ്യമല്ല.

13. വന്യജീവികളുടെയും, എലികളുടെയും ശല്യം വളരെ കൂടുതലാണ്.

14. മണ്ണു സംരക്ഷണം, ജലസംരക്ഷണം നടക്കുന്നില്ല.

15.നൂതന സംരംഭങ്ങളായ കൂൺ കൃഷി, തേനീച്ച വളർത്തൽ, ഔഷധ കൃഷി തുടങ്ങിയവയുടെ വിപുലമായ കൃഷി സാദ്ധ്യതകൾ ഉപയോഗിച്ചിട്ടില്ല.

16. പഴ വർഗ്ഗ കൃഷിക്കുള്ള സാദ്ധ്യതകൾ ഉപയോഗിച്ചിട്ടില്ല.

17. പച്ചില വള കൃഷി, കമ്പോസ്റ്റ് നിർമ്മാണം, മണ്ണിര വളം, ജീവാണു വളങ്ങൾ തുടങ്ങിയവ വ്യപകമായിട്ടില്ല.

18. കാർഷികോല്പന്നങ്ങളുടെ സംസ്കരണ രീതിയും പ്രയോഗിക്കുന്നില്ല.

19. വിള ഇൻഷുറൻസ് വ്യാപകമായിട്ടില്ല.

20. നിലവിലുള്ള ജല സ്രോതസുകളായ കുളങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.

21. അഭ്.സ്ത വിദ്യരായ ചെറുപ്പക്കാർ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നില്ല, കൃഷിപ്പണി ചെയ്യുന്നില്ല.

22. ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ചുള്ള അറിവിന്റെ അഭാവം.

23. കൃഷി ഭൂമിയ്ക്ക് പട്ടയം ലഭ്യമായിട്ടില്ല.

24. പഞ്ചായത്തിന്റെ പൊതു മാർക്കറ്റിന്റെ പ്രവർത്തനം (ഇടമൺ, തെന്മല) തൃപ്തികരമല്ല.

25. കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.

26. കാർഷിക വായ്പയുടെ തിരിച്ചടയ്ക്കൽ കാലാവധിയുടെ കുറവ്.

27. കൃഷിഭവന് സ്വന്തമായി കെട്ടിടം നിർമ്മിച്ചു പ്രവർത്തിക്കണം.

28. KIP യൂറ്റികൾ മണ്ണു നിറഞ്ഞു കിടക്കുന്നതിനാൽ ഏലായിൽ നിന്നും വെള്ളം ഒഴുകിപ്പോകുന്നില്ല.

29. എല്ലാ കൃഷിക്കും വായ്പ ലഭ്യമല്ല.

30. തെന്മല പഞ്ചായത്തിൽ വാട്ടർ ഷെഡ് പദ്ധതികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

31. കാർഷിക വായ്പ അതാത് ആവശ്യങ്ങൾക്കു തന്നെ ഉപയോഗിക്കുന്നില്ല.

32. നെൽപ്പാടങ്ങൾ നികത്തുന്നു, നിലം നികത്തുന്നതിനെതിരേ ബോധവല്ക്കരണം നടത്തുകയും, നെൽകൃഷി ലാഭകരമായി നടത്തുന്നതിനുള്ള സഹായം നല്കുക, നിയമനടപടിയിലൂടെ കർശനമായി തടയുക.

33. വേണ്ടത്ര ജല സേചന സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് ഉല്പാദനം കുറയുന്നു.

34. മുസ്ലിയാർ പാടം തരിശായി ഇട്ടിരിക്കുന്നു.

## നിർദ്ദേശങ്ങൾ

***കുളം കുഴിച്ച് മോട്ടോർ വയ്ക്കുക.***

**Ward I**

ചെല്ലം കോടുവ ഏലായിലും

4-ാം ബ്ലോക്കിന്റെ കിഴക്കേ അറ്റത്തും

**Ward II**

തോണിച്ചാൽ ഏലായുടെ മുകളിൽ അറ്റത്ത്.

**Ward III**

ചിറ്റാലംകോടുവ ഏലായിലും, ആനപെട്ടകോകൽ ഏലായിലും

**Ward IV**

പാട്ടുകുഴി ഏലായിൽ വെള്ളി മലയ്ക്കു സമീപം ഇടമൺ 34ൽ അമ്പല വളവിനു താഴെയും.

**Ward V**

തേവർ കുന്ന് - കൊച്ചുപിലാംമൂട് ഏലായിലും,

ആലക്കുന്ന് - മൂലക്കയം ഏലായിലും

മാങ്കോണം - കൊച്ചുപിലാം മൂട്ടു ഏലാ.

അറുപതുപറ ഏലാ എന്നിവിടങ്ങളിൽ

Ward VI

ഇടത്തറപ്പച്ച, ഉപ്പു കുഴിത്തുറ ആറ്റുകടവ് എന്നീ ഏലാകൾ, പനംപുന്ന ഏലാ.

Ward VII

കുറവൻ താവളം റെയിൽവേ പാലത്തിനു സമീപവും ഉറുകുന്ന് എൽ.പി. എസിനു സമീപവും.

Ward VIII

കുരിശുമല അടിവാരം, നേതാജി റയിൽവേ പാലത്തിനു സമീപം ഒറ്റക്കൽ റയിൽവേ സ്റ്റേഷനു സമീപവും, കുളം നിർമ്മിച്ച് പൈപ്പ് ഇടുക.

Ward IX

പാറക്കോങ്കൽ ഏലായിൽ തലക്കുളം നിർമ്മിക്കുക. ആനക്കലുങ്കിനു താഴെയും പുളിമുക്കിൽ കുളം നിർമ്മിക്കുക.

Ward XI

മാമ്പഴത്തറ ജലസേചന പദ്ധതി പൂർത്തിയാക്കുക.

Ward I to VII, KIP യിൽ നിന്നും ഈ പഞ്ചായത്ത് അതൃത്തിയിലുള്ള എല്ലാ സ്പൗട്ടും അടിയന്തിരമായി റിപ്പയർ ചെയ്ത് കർഷകർക്ക് ജലം നൽകുക.

*തോടു സംരക്ഷണം*

Ward I

ചെറുകടവ് - ഏലാതോട് രണ്ടു സൈഡും കെട്ടുക. ഓലപ്പാറ തോടു രണ്ടു സൈഡും കെട്ടുക.

Ward II

തോണിച്ചാൽ - ചെറുതന്നൂർ ഏലാതോട് രണ്ടു സൈഡും കെട്ടുക.

Ward III

(1) ആനപെട്ടകോങ്കൽ ഈസ്റ്റ് ചിറഭാഗം മുതലും, പളിയൻ പാറയിൽ നിന്നുള്ളതുമായ തോടിന്റെ ഇരു ഭാഗവും മൂന്നു കണ്ണറ വരെ കെട്ടി ബലപ്പെടുത്തുക.

(2) നെടുമ്പച്ച ഏലായുടെ ഇരു സൈഡും കല്ലു കെട്ടി തോട് വൃത്തിയാക്കുക.

(3) പനംപൂണ ഏലായുടെ സൈഡിലുള്ള തോടുകെട്ടുക.

(4) അഞ്ചാനക്കുഴി മുതൽ തോണിച്ചാൽ വരെ ബണ്ടു കെട്ടി മണ്ണൊലിപ്പു തടയുക.

Ward IV

(1) ഇടമൺ ഏലായുടെ ഇരു കരയിലുമുള്ള തോടിന്റെ ആഴം കൂട്ടി സൈഡുകെട്ടുക.

(2) KIP - 7-ാം കിലോമീറ്ററിൽ ഉദയഗിരിയിൽ ഇടമൺ ഏലായിലുള്ള UTയിലെ മണ്ണ് അടിയന്തിരമായി നീക്കം ചെയ്യുക.

(3) അയത്തിൽ നിന്നുള്ള തോട് കൊപ്പാറ ഭാഗം അടിയന്തിരമായി സൈഡുകെട്ടുക.

Ward V

1. തേവർകുന്ന് - കൊച്ചു പിലാംമൂട് - ആലക്കുന്ന് - മൂലക്കയം, 60 പറക്കുലാ, മാങ്കോണം ഏലാ എന്നിവയുടെ വരമ്പു കെട്ടി ഡ്രില്ലർ പോകുന്നതിന് സൗകര്യപ്പെടുത്തുക.

Ward VI

ഇടത്തറപ്പച്ച - ഉപ്പൂഴിത്തറ, ആറ്റുകടവ് ഈ ഏലാകളുടെ സൈഡു കെട്ടുക.

Ward VII

ആണ്ടൂർപ്പച്ച ഏലായുടെ രണ്ടു സൈഡും കുഴിച്ച് വരമ്പു കെട്ടുക.

Ward VIII

ഇരപ്പൻ കലങ്ക് - നേതാജി തോട്, കുറവൻ താവളം - റയിൽവേപ്പാലം, മുസ്ലിയാർപ്പാടം തോട്, ആലും തടം, നേതാജി തോട്, റയിൽവേ സ്റ്റേഷൻ RB കുറ്റാലം തോട് എന്നിവയുടെ സൈഡ് കെട്ടുക.

Ward IX

ഉദയാമുറ്റം - വണ്ടിപ്പേട്ട പുരയിടം തോട്, ചെറുപുഴ, ഇരപ്പൻ ചാൽ, ആനക്കലുങ്ക് എന്നിവയുടെ സൈഡു കെട്ടുക.

Ward X

കടുവാ കലുങ്ക് തോട്, ഏരപ്പൻ കലുങ്ക് തോട് ഇവയുടെ സൈഡ് കെട്ടുക.

**Ward XI**

മാമ്പഴത്തറ തോടിന്റെ സൈഡുകെട്ടുക.

### *മണ്ണ് സംരക്ഷണം.*

ഈ പഞ്ചായത്തിലെ എല്ലാ വാർഡിലും ചരിവു കൃഷിസ്ഥലം പൂർണ്ണമായും കയ്യാല കെട്ടി സംരക്ഷിക്കണം.

### *കിഴങ്ങു വർഗ്ഗകൃഷി*

കിഴങ്ങുവിളകളുടെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കാട്ടുമൃഗങ്ങളുടെ ശല്യം ഒഴിവാക്കാൻ വേണ്ട ഏർപ്പാടു ചെയ്യണം.

### *ഇൻഷുറൻസ്*

എല്ലാ വിളകൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക. (അസുഖം ഭാധിച്ചാലും ഇൻഷുറൻസ് നൽകുക)

### *അടയ്ക്കാ കൃഷി*

നമ്മുടെ പഞ്ചായത്തിലെ വളരെയധികം വികസന സാധ്യതയുള്ള ഒരു കൃഷിയാണ് അടയ്ക്കാ. ധാരാളം ആളുകൾ ഈ കൃഷിയിലേക്ക് പുതുതായി തിരിഞ്ഞിട്ടുണ്ട്. ആകയാൽ സഹകരണ മേഖലയിൽ ഒരു അടയ്ക്കാ സംസ്കരണ ഫാക്ടറി തുടങ്ങിയാൽ വൻ വിജയ സാദ്ധ്യതയും ധാരാളം ആളുകൾക്ക് തൊഴിൽ കിട്ടാൻ ഇടയാവുകയും ചെയ്യും.

### *പുഷ്പകൃഷികൾ*

പുഷ്പകൃഷിക്കു തയ്യാറുള്ള ധാരാളം ആളുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അവർക്ക് നല്ലയിനം ഓർക്കിഡും, ഇലച്ചെടികളും കുറഞ്ഞ വിലയ്കു നല്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം.

### *കൂൺകൃഷി*

വളരെ ആദായകരമായ ഒരു കൃഷിയാണ് കൂൺ കൃഷി. കൂൺകൃഷിയെക്കുറിച്ച് നമ്മുടെ കർഷകരെ ബോധവാന്മാരാക്കുന്ന ക്ലാസുകൾ നടത്തണം.

### *തേനീച്ചകൃഷി*

നമ്മുടെ പഞ്ചായത്തിൽ വളരെ സാദ്ധ്യതയുള്ള ഒരു കൃഷിയാണ് തേനീച്ച വളർത്തൽ. അസുഖം ബാധിച്ച് തേനീച്ചകൾ നശിച്ചുപോയതിനാൽ ലോൺ പോലും തിരിച്ചടക്കാൻ കഴിയാത്തനിരവധി കർഷകർ നമ്മുടെ ഇടയിൽ ഉണ്ട്. അവരെ ഉയർത്തെഴുന്നേല്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

### *വെറ്റിലക്കൊടികൃഷി*

വെറ്റിലക്കൊടി കൃഷിക്കാർക്ക് ആവശ്യമായ മുള, ഈറ്റ തുടങ്ങിയവ ന്യായമായ വിലയ്ക്ക് ലഭിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം. അതിലേക്കായി തരിശുപുഴയോരവും, മണ്ണൊലിപ്പുള്ള തോടിന്റെ സൈടിലും മുള, ഈറ തുടങ്ങിയവ നട്ടുവളർത്തണം.

## പരിഹാരങ്ങൾ

1. പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിന് നല്ലയിനം പച്ചക്കറി വിത്തും, വളവും മരുന്നും കർഷകർക്ക് സൗജന്യമായിനൽകുക.

2. ഈ പഞ്ചായത്തിലെ എല്ലാവാർഡുകളിലുമായി തെരഞ്ഞെടുത്ത നൂറു കർഷകരെ പങ്കെടുപ്പിച്ച് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ മാതൃകാപച്ചക്കറി തോട്ടം സ്ഥാപിക്കുക.

3. ഭംഗിയായി കൃഷി ചെയ്യുന്ന കർഷകന് അവാർഡ് ഏർപ്പെടുത്തുക.

4. ഈ പഞ്ചായത്തിലെ എല്ലാസ്കൂളിലും കുട്ടികളിലൂടെ എല്ലാ വീട്ടിലും ഒരു മുരിങ്ങയും, പപ്പായയും വച്ചു പിടിപ്പിക്കുക.

5. ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുക.

6. കുരുമുളകിന് സ്പ്രേയിംഗ് സഹകരണ അടിസ്ഥാനത്തിൽ നടപ്പിലാക്കുക.

7. തെങ്ങു കൃഷിക്ക് വളം ചേർക്കലിനു, മരുന്നു തളിക്കലിനും സബ്സിഡി അനുവദിക്കുക.

8. ഈ പഞ്ചായത്തിലേക്ക് രണ്ടു പവർ ഡ്രില്ലറും, നാലു മെതിയന്ത്രവും 90% സബ്സിഡിയോടുകൂടി അനുവ

ദിക്കുക.

9. സബ്സിഡി നിരക്കിൽ നൽകുന്ന ഡ്രില്ലറിനും, മെതിയന്ത്രത്തിനും മണിക്കൂർ വാടക സർക്കാർ നിശ്ചയിക്കുക.

10. ഓരോ പഞ്ചായത്തിലും ഓരോ വിത്ത ഉല്പാദന കേന്ദ്രം ആരംഭിക്കുക.

11. വയലുകൾ നികത്തി ദീർഘകാലവിളവുകൾ വയലിൽ കൃഷിചെയ്യുന്നത് നിർബന്ധമായും തടയുക.

12. നെൽകൃഷി ചെയ്ത് നഷ്ടം സഹിക്കവയ്യാതായ കർഷകരെ അടിമകളാക്കാതെ ഇഞ്ചി, വാഴ, പച്ചക്കറി മരച്ചീനി തുടങ്ങിയ ഹ്യസ്വകാലകൃഷികൾ ചെയ്യാൻ അനുവദിക്കുക.

13. എല്ലാ കൃഷിക്കും ഉല്പാദക ബോണസും പ്രോത്സാഹന സമ്മാനവും ഏർപ്പെടുത്തുക.

14. പാടങ്ങളുടെ ഇരുകരകളിലും ചോലമരങ്ങൾ നടുന്നത് നിയമം മൂലം തടയുക.

15. സർക്കാർ വക തരിശുഭൂമയിലും പുറം പോക്കുകളിലും കശുമാവു നട്ടുപിടിപ്പിക്കുക. അതിനുള്ള ചുമതല കർഷകസമിതികളെ ഏൽപിക്കുക.

16. ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിലോ പൊതുമേഖലയിലോ ഒരു കശുവണ്ടി ഫാക്ടറി സ്ഥാപിക്കുക.

17. സഹകരണ മേഖലയിൽ ഒരു കാർഷിക വിപണനകേന്ദ്രം തുറക്കുക.

18. കാട്ടുമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിന് മലയോര കർഷകർക്ക് ലൈസൻസോടുകൂടി തോക്കുനൽകുക.

19. കാർഷിക കോളേജിൽ നിന്ന് പുതിയവിത്ത് ഇനങ്ങൾ കർഷകർക്ക് കിട്ടുന്നതിന് മുൻകൂറായി ഓർഡർ ശേഖരിക്കുന്നതിനുള്ള ഏർപ്പാട് പഞ്ചായത്ത് മുഖേന നടപ്പിലാക്കുക.

20. എല്ലാ വർഷവും പഞ്ചായത്തിന്റെ ചുമതലയിൽ ഒരാഴ്ചക്കാലം എലി നശീകരണവാരം ആഘോഷിക്കുക. ആവശ്യമായ വിഷം സൗജന്യമായി എല്ലാ വീട്ടുകാർക്കും നൽകുക.

21. പ്രവർത്തനമില്ലാതെ കിടക്കുന്ന കർഷകസമിതികൾ പുനഃ പ്രവർത്തിക്കാനുള്ള ഏർപ്പാടു ചെയ്യുക.

22. കർഷകർക്ക് ബോണസും, മറ്റും വിതരണം ചെയ്യുമ്പോൾ അർഹരായവർക്കുമാത്രം കിട്ടുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.

23. കൃഷിഭവന്റെ പ്രവർത്തനം എല്ലാ മേഖലകളിലും വേണ്ടുവോളം കിട്ടുന്നില്ല. അതിനു പരിഹാരംകാണണം.

24. നാളികേരവികസന സമിതിയുടെ മേൽനോട്ടത്തിൽ ഒരു പച്ചതൊണ്ടുതല്ലൽ മിഷ്യൻ പ്രവർത്തിപ്പിക്കാൻ അനുവാദം നൽകുക.

25. കർഷകതൊഴിലാള സംഘടകളേയും കർഷക പ്രതിനിധികളേയും വിളിച്ച് ചർച്ച ചെയ്ത് തൊഴിലാളികളുടെ ശമ്പളവും, ജോലിസമയവും ഏകീകരിക്കുക.

26. ഹ്യസ്വകാല കാർഷിക വായ്പയ്ക്ക് തിരിച്ചടവ് മൂന്നു വർഷം കാലാവധി അനുവദിക്കുകയും കൃത്യമായി അടയ്ക്കുന്നവർക്ക് പലിശ ഇളവുചെയ്യുകയും ചെയ്യുക.

27. ഈ പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലെല്ലാം പഴം, പച്ചക്കറി, ഇളനീർ, പാൽവില്പന കേന്ദ്രങ്ങൾ തുറക്കുക. (വികസിച്ചുവരുന്ന ടൂറിസം ലക്ഷ്യമാക്കി ഇതിനു വേണ്ടി പഞ്ചായത്തിൽ നിന്നും ഓരോ ബങ്ക് പ്രധാന കേന്ദ്രങ്ങളിൽ പണിതു നൽകുക.

28. ഇടമൺ റയിൽവേസ്റ്റേഷൻ ഭാഗത്ത് മലമൂത്ര വിസർജ്ജനം മൂലം പാടങ്ങളിൽ പണിയെടുക്കാൻ ജോലിക്കാർ മടിക്കുന്നു. ആകയാൽ ടി ഭാഗത്ത് ഒരു പൊതുകക്കൂസ് നിർമ്മിക്കുക.

29. സർക്കാർ വക ഫോറസ്റ്റ് റീ പ്ലാന്റേഷൻ സ്ഥലങ്ങൾ കൃഷിക്കു പാട്ടത്തിനു നൽകുക. ഇതുമൂലം സർക്കാരിന് കള എടുപ്പുകൂലിയും പാട്ടക്കാശും ലാഭവും ഭക്ഷ്യക്ഷാമവും ഒരു പരിധിവരെ ഒഴിവാക്കുകയും ചെയ്യാം.

30. കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്ക് അപേക്ഷനൽകിയാൽ 15 ദിവസത്തിനകം കണക്ഷൻ നൽകുക.

31. നെൽകൃഷി 'പീഠിത' കൃഷിയായി പ്രഖ്യാപിക്കുക.

32. നെൽ കൃഷി വികസനത്തിനായി പാഡീബോർഡ് സ്ഥാപിക്കുക.

33. കൃഷി ഭവനുകളിൽ കർഷകരുടെ ആവശ്യാനുസരമുള്ള വിത്ത് ഇനങ്ങളേനൽകാവൂ.

34. എല്ലാവിത്ത് ഇനങ്ങളും യഥാസമയങ്ങളിൽ കർഷകർക്കു നൽകുക.

35. നിരത്തു വക്കുകളിൽ പുളി, മാവ്, പ്ലാവ് തുടങ്ങിയവ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.



# IV (2) മൃഗസംരക്ഷണം മൽസ്യബന്ധനം

കാർഷിക ഗ്രാമമായ തെന്മല പഞ്ചായത്തിൽ പാലിനും, ഉഴവിനും, വണ്ടി വലിക്കുന്നതിനും, കാലിവളത്തിനുമായി ധാരാളം കന്നുകാലികളെ പണ്ടുകാലം മുതലേ വളർത്തിയിരുന്നു. പശു, കാള, എരുമ, പോത്ത്, പട്ടി, കോഴി എന്നിവയാണ് പ്രധാനമായും ഉണ്ടായിരുന്നത്. വനങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഈ ഭൂപ്രദേശത്തെ മിക്കവീടുകളിലേയും കന്നുകാലികളെ വളർത്തിയിരുന്നത് വനങ്ങളെ ആശ്രയിച്ചാണ്. 50% കാലികളേയും വനത്തിൽ മേയാൻ വിട്ടും, ബാക്കി ഉള്ളവയ്ക്ക് വനങ്ങളിൽ നിന്നും പുല്ല് ചെത്തിക്കൊണ്ടു കൊടുക്കുകയുമായിരുന്നു പതിവ്. വലിയ റബ്ബർ എസ്റ്റേറ്റുകളിൽ അവിടെയുള്ള കന്നുകാലികളെ കൂട്ടത്തോടെ മേയാൻ വിട്ടിരുന്നു. ഈ രീതിയിലുള്ള കന്നുകാലി വളർത്തലാണ് ഇപ്പോൾ ഈ പഞ്ചായത്തിൽ തുടരുന്നത്.

1980 വരെയും 90%-ഉം നാടൻ ഇനത്തിൽപ്പെട്ട പശുക്കളായിരുന്നു ഉണ്ടായിരുന്നത്.1980-ൽ ഓപ്പറേഷൻ ഫ്ളഡ് സെക്കന്റ് എന്നറിയപ്പെടുന്ന ധവള വിപ്ലവം കേരളത്തിലും ആരംഭിച്ചു. അതോടെ സങ്കരയിനത്തിലുള്ള പശുക്കളെ ധാരാളമായി വളർത്താൻ തുടങ്ങി. കാളവണ്ടികൾ അപ്രത്യക്ഷമാവുകയും, ഉഴവിനും മറ്റും യന്ത്രങ്ങൾ വരികയും ചെയ്തതോടെ കാള, പോത്ത് എന്നിവയുടെ എണ്ണം കുറഞ്ഞു.

മൃഗസംരക്ഷണ വിവരങ്ങൾ (പട്ടിക 2.1)

| മൃഗങ്ങൾ, പക്ഷികൾ | 1982-ലെ കണക്ക് | 1995-ലെ കണക്ക് |
|---|---|---|
| നാടൻ പശുക്കൾ | 647 | 385 |
| സങ്കരയിനം പശു | 382 | 898 |
| എരുമ | 329 | 51 |
| പോത്ത് | 171 | 48 |
| കാള | 218 | 115 |
| ആട് | 870 | 1610 |
| പട്ടി | - | 1890 |
| കോഴി | 12146 | 10960 |

1986-ൽ ഈ പഞ്ചായത്തിൽ ഇടമൺ, ഒറ്റക്കൽ, തോണിച്ചാൽ, അണ്ടൂർപച്ച, തെന്മല എന്നിവിടങ്ങളിൽ ആനന്ദ് മാതൃക ക്ഷീരോല്പാദക സംഘങ്ങൾ നിലവിൽ വന്നു. ഇടമണ്ണിൽവച്ച് ഒരു ഏകദിന ക്ഷീരോല്പാദക സെമിനാർ സംഘടിപ്പിച്ചു. വളരെയധികം ആളുകൾ പുതുതായി ഈ മേഖലയിലേക്ക് കടന്നുവന്നു. ബാങ്കുകൾ പശുക്കളെ വാങ്ങുന്നതിന് ധാരാളമായി വായ്പ നൽകി. ഇടമൺ സോഷ്യൽ സർവ്വീസ് സോസൈറ്റി ഇക്കാര്യത്തിൽ ബാങ്കുകളെ വളരെയധികം സഹായിച്ചു. പാലിന്റെ ഉല്പാദനം കൂടി. മിൽമയുടെ വാഹനം വന്നു പാൽ കൊണ്ടുപേകുന്ന രീതി നിലവിൽ വന്നു. എന്നാൽ ഈ

സാഹചര്യം അധികകാലം നിലനിർത്തിക്കൊണ്ടു പോകുന്നതിന് കഴിഞ്ഞില്ല. വായ്പ എടുത്തവർ കാർഷിക വായ്പ എഴുതിത്തള്ളുമെന്ന ധാരണയിൽ അടയ്ക്കാതെയായി. അതിനാൽ തുടർന്ന് വായ്പ നല്കാൻ ബാങ്കുകൾ തയ്യാറായില്ല. റോഡുകളുടെ അപര്യാപ്തത നിമിത്തം ഉൾപ്രദേശങ്ങളിൽ കടന്നുചെന്ന് പാൽ സംഭരിക്കുന്നതിന് സംഘങ്ങൾക്ക് കഴിയാതെയായി. പാലിന്റെ ഉല്പാദനവും സംഘങ്ങളുടെ സംഭരണശേഷിയും കുറഞ്ഞതോടെ മിൽമയുടെ വാഹനം വരാതെയായി. സംഘങ്ങൾ സംഭരിക്കുന്ന പാൽ ഏരൂർ, കുന്നിക്കോട് എന്നിവിടങ്ങളിൽ എത്തിക്കേണ്ടതായിവന്നു. ഇതു താങ്ങാനുള്ള കഴിവ് സംഘങ്ങൾക്ക് ഇല്ലാതായതോടെ മിൽമാ സംഘങ്ങളുടെ പ്രവർത്തനം 1990-ൽ നിലച്ചു.

ക്ഷീരോല്പാദക സംഘങ്ങലുടെ വിവരണം പട്ടിക 2.2

| സംഘങ്ങളുടെ പേര് | സ്ഥാപിച്ച വർഷം | പ്രവർത്തന പരിധിയിലുള്ള വാർഡുകൾ | ഉല്പന്ന നിർമ്മാണ യൂണിറ്റ് | 1996 ൽ ശരാശരി പ്രതിദിനം സംഭരിക്കുന്ന പാൽ |
|---|---|---|---|---|
| ഇടമൺ | 1986 | 4,5 | ഉണ്ട് | 15 ലിറ്റർ |
| ഒറ്റക്കൽ | 1986 | 8,9 | " | 10 ലിറ്റർ |
| അണ്ടൂർപ്പച്ച | 1986 | 6,7 | " | 58 ലിറ്റർ |
| തോണിച്ചാൽ | 1986 | 1,2,3 | ഇല്ല | 100 ലിറ്റർ |
| തെന്മല | 1988 | 10,11 | " | നിലവിൽ ഇല്ല |

ഒരു പ്രധാന ഉപതൊഴിലും വരുമാന മാർഗ്ഗവുമെന്ന നിലയിൽ കാലിവളർത്തലിന്റെ പ്രാധാന്യം ഒട്ടുംതന്നെ കുറച്ചു കാണാൻ പറ്റില്ല. ഇപ്പോൾ ഈ പഞ്ചായത്തിലെ 50% കുടുംബങ്ങലിലും കാലിവളർത്തൽ ഉണ്ട്. പശു, ആട്, കോഴി, പട്ടി, എരുമ എന്നിവയാണ് പ്രധാനമായും ഉള്ളത്.

1996 മാർച്ച് മുതൽ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും മിൽമയുടെ വാഹനംവന്ന് പാൽ കൊണ്ടുപോകാൻ തുടങ്ങുകയും ചെയ്തു. എന്നാൽ സംഭരിക്കുന്ന പാലിന്റെ അളവ് കുറവായതിനാൽ രണ്ടുമാസമേ ഇതു നിലനിർത്താൻ കഴിഞ്ഞുള്ളു. ഇപ്പോൾ ഇടമൺ, തോണിച്ചാൽ ഒറ്റക്കൽ, അണ്ടൂപച്ച എന്നീ സംഘങ്ങളിൽ പാൽ സംഭരണം നടത്തുന്നുണ്ട്. ഇതിൽ തോണിച്ചാൽ സംഘം മാത്രം മിൽമയ്ക്ക് പാൽ നല്കുന്നു. ഈ സംഘത്തിന് നാലു പാൽ സംഭരണ കേന്ദ്രങ്ങൾ ഉണ്ട്.

ഈ പഞ്ചായത്തിലെ പ്രധാന മൃഗസംരക്ഷണ സംവിധാനം ഇടമണ്ണിൽ പ്രവർത്തിക്കുന്ന തെന്മല വെറ്റിനറി ഡിസ്പൻസറിയും അണ്ടൂർപ്പച്ചയിലുള്ള ICDP സബ് സെന്ററുമാണ്. കൂടാതെ തമിഴ്നാട്ടിൽ നിന്നു വരുന്ന കാലികൾക്ക് പ്രതിരോധ കുത്തിവയ്പു നടത്തുന്നതിനുള്ള ഒരു റിന്റർ പെസ്റ്റ് ചെക്ക് പോസ്റ്റും പ്രവർത്തിക്കുന്നു.

ഇടമൺ, അണ്ടൂർപ്പച്ച, ഒറ്റക്കൽ എന്നീ ക്ഷീരസംഘങ്ങളിലും 17-ാം ബ്ലോക്ക്, ഉറുകുന്ന് എന്നിവിടങ്ങളിലുമായി അഞ്ച് പാൽ ഉല്പന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

3-ാം വാർഡിൽ ഒരു ചെറുകിട ആടു വളർത്തൽ യൂണിറ്റും 4-ാം വാർഡിൽ രണ്ട് ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റും DECRA പദ്ധതി പ്രകാരമുള്ള ഒരു വനിതാ പശു വളർത്തൽ യൂണിറ്റും ഉണ്ട്. തെന്മല, ഇടമൺ എന്നീ മാർക്കറ്റുകളിൽ ഇറച്ചി വില്പന കേന്ദ്രങ്ങൾ ഉണ്ട്.

ഈ പഞ്ചായത്തിൽ സാധാരണയായി കണ്ടുവരുന്ന കാലിരോഗങ്ങൾ കുളമ്പുരോഗം, കാലിവസന്ത, അടപ്പൻ, ചെള്ളുപനി, പേ വിഷബാധ, അകിടുവീക്കം എന്നിവയാണ്.

## പ്രശ്നങ്ങൾ

1. നല്ലയിനം പശുക്കളെ വാങ്ങാനുള്ള സാമ്പത്തികശേഷി സാധാരണക്കാർക്കില്ല.

2. ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങൾ പല വാർഡുകളിലേയും ഉൾപ്രദേശങ്ങളിൽ ഇല്ല.

3. കാലിതീറ്റയുടെ അമിതവില വർദ്ധന.

4. മൃഗസംരക്ഷണ മേഖലയിലേക്ക്കടന്നുവരാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത.

5. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങളുടെ സേവനം എല്ലാ വാർഡുകൾക്കും ലഭ്യമല്ല.

6. മെച്ചപ്പെട്ട കാലിത്തൊഴുത്തിന്റെ അപര്യാപ്തത.

7. പഞ്ചായത്തിൽ ലഭിക്കുന്ന വയ്ക്കോലിന്റെ കുറവും വർദ്ധിച്ച വിലയും

8. പുൽകൃഷി വ്യാപിപ്പിച്ചിട്ടില്ല.

9. കാലികളെ വാങ്ങാനുള്ള സബ്സിഡി തുക ശരിയായ രീതതിയിൽ വിനിയോഗിക്കപ്പെടുന്നില്ല.

10. നടപ്പു സർക്കാർ പദ്ധതികളെ സംബന്ധിച്ചുള്ള അറിവില്ലായ്മ.

11. വേണ്ടത്ര പരിശീലന പരിപാടികളുടെ അഭാവം

.

12. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം തൃപ്തികര മല്ല.

13. പശുക്കളെ വാങ്ങാൻ ലോൺ കൊടുക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾക്കുള്ള വിമുഖത.

14. കന്നുകാലികൾക്കുള്ള വർദ്ധിച്ച ഇൻഷുറൻസ് പ്രീമിയം.

15.. പാലിന്റെ വില കുറവ്.

16. നല്ലയിനം മുട്ട കോഴികളുടെ ദൗർലഭ്യം.

17. പേപ്പട്ടികലുടെയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെയും ശല്യം.

## സാദ്ധ്യതകൾ.

1. നല്ല സങ്കരയിനം പശുക്കളെ വാങ്ങുന്നതിന് താല്പര്യമുള്ള കർഷകരെ തെരഞ്ഞടുത്ത് അവയ്ക്ക് വായ്പ നൽകുന്നതിന് ഒരു കർമ്മ പരിപാടി വടപ്പിലാക്കുക.

2. ചാലിയക്കര, ഉറുകുന്ന്, ഒറ്റക്കൽ എന്നിവിടങ്ങളിൽ ICDP സബ് സെന്ററുകൾ സ്ഥാപിക്കുകയും സഞ്ചരിക്കുന്ന മൃഗചികിൽസാ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.

3. കാലിത്തൊഴുത്തു നിർമ്മിക്കാൻ കർഷകർക്ക് സഹായം വൽകുക.

4. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കൂടുതൽ മിൽക്ക് കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യുക.

5. കന്നുകാലികൾക്ക് പഞ്ചായത്തു തലത്തിൽ ഒരു മാസ്റ്റർ ഇൻഷുറൻസ് പോളിസി നടപ്പിലാക്കുക.

6. 2 പശുക്കൾ, 3 പശുക്കൾ, 5 പശുക്കൾ എന്നിങ്ങനെയുള്ള മിനി ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് കർഷകരെ സഹായിക്കുക.

7. ഓരോ വാർഡിലും 10 വീതം വനിതാ സംരംഭകരെ സംഘടിപ്പിച്ച് DWCRA പദ്ധതി പ്രകാരമുള്ള പശു വളർത്തൽ യൂണിറ്റ് ആരംഭിക്കുക.

8. ഉല്പാദനക്ഷമത കുറഞ്ഞതും ലാഭകരമല്ലാത്തതുമായ നാടൻ പശുക്കളെ നിർബന്ധമായും ഒഴിവാക്കുക.

9. തമിഴ്നാട്ടിൽ നിന്നും വൈക്കോൾ വാങ്ങി ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുക.

10. താഴെപ്പറയുന്ന ഫാറസ്റ്റുവക സ്ഥലങ്ങളിൽ ക്ഷീരസംഘങ്ങളുടെ നേതൃത്വത്തിൽ തീറ്റപുൽ കൃഷി ആരംഭിക്കുക.

(1) സത്രം ജംഗ്ഷനിലുള്ള T.B. സ്ഥലം.

(2) അണ്ടൂർപ്പിച്ച ഫോറസ്റ്റു സ്റ്റേഷനു സമീപമുള്ള സ്ഥലം.

(3) തെന്മല ഡാമിനു പടിഞ്ഞാറുള്ള തെന്മല വെസ്റ്റിലെ ഫാറസ്റ്റുവക സ്ഥലം.

11. ക്ഷീരകർഷക സെമിനാറുകൾ ഓരോ വാർഡുകളിലും സംഘടിപ്പിക്കുക.

12. കർഷകരുടെ പറമ്പിൽത്തന്നെ പോഷകഗുണമുള്ള നേപ്പിയർ, ഗിനി, ചോളം, സിബ്ബാബുൾ എന്നിവ വച്ചു പിടിപ്പിക്കുവാൻ പ്രേരിപ്പിക്കുക.

13. കാലികർഷകർക്ക് അവരുൽപ്പാദിപ്പിക്കുന്ന പാലിന് അനുസൃതമായി കാലിത്തീറ്റക്ക് സബ്സിഡി നല്കുക.

14. പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കളെയും രജിസ്റ്റർ ചെയ്യുകയും ഊർജ്ജിത കന്നുകുട്ടിപരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുകയും ചെയ്യുക.

15. പഞ്ചായത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

16. വെറ്റിനറി ഡിസ്പൻസറി റിന്റർ പെസ്റ്റ് ചെക്ക് പോസ്റ്റ് എന്നിവയ്ക്ക് സ്വന്തമായ കെട്ടിടങ്ങൾ സ്ഥാപിക്കുക.

17. യൂറിയ ചേർത്ത വയ്ക്കോൽ ഞസലേജ്, ഹേ എന്നിവ സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ചു നൽകുക.

18. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രോൽസാഹനം നൽകുക.

19. പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള ഒരു അറവുശാല സ്താപിക്കുക.

20. എല്ലാ വീടുകളിലും കോഴിവളർത്തൽ യൂണിറ്റ് ആരംഭിക്കുക.

21. എഗ്ഗർ നഴ്സറി യൂണിറ്റുകൾ സ്താപിച്ച് കോഴിക്കുഞ്ഞുങ്ങളെ യഥേഷ്ടം ലഭ്യമാക്കുക.

22.പാലിനും ഇറച്ചിക്കുമായി ആടു വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

23. സ്കൂൾ കുട്ടികളേയും വീട്ടമ്മമാരേയും ഉൾപ്പെടുത്തി മുയൽ വളർത്തൽ യൂണിറ്റ് ആരംഭിക്കുക.

24. വളർത്തു പട്ടികൾക്ക് ലൈസൻസിംഗ് സമ്പ്രദായം കർശനമാക്കുക.

25. പഞ്ചായത്തുതലത്തിൽ ഒരു മൃഗസംരക്ഷണ സമിതി രൂപീകരിക്കുക.

26. തെന്മലയിൽ ഒരു കന്നുകാലി ചന്ത സ്ഥാപിക്കുക.

## മത്സ്യബന്ധനം

ഇടപ്പള്ളി, അമ്പനാർ അരുവി, കൽപടയാർ KIP കനാൽ എന്നിവ ഉൾപ്പെടെ 100 കി.മീറ്ററോളം വരുന്ന തോടുകളും, ചെറിയ കുളങ്ങളും ആണ് ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഉപരിതല ജലസ്രോതസ്സുകൾ.ഇവ പ്രയോജനപ്പെടുത്തി മത്സ്യബന്ധനം തൊഴിലായോ, ഉപതൊഴിലായോ ചെയ്യുന്നവർ ആരുംതന്നെ ഇല്ല.

കൂരൽ, ആറ്റുവരാൽ, മുശി, കുറുവ, ചൊട്ടാവാട, നെടുമീൻ, ചെറുമീൻ, വാഹപൊത്ത തുടങ്ങി ചെറുതരം മത്സ്യങ്ങളാണ് ഇവിടെയുള്ള മത്സ്യങ്ങൾ. ചൂണ്ട ഉപയോഗിച്ചും, ചുരുക്കം ചിലർ മഴക്കാലത്ത് മടാവല ഉപയോഗിച്ചും മത്സ്യങ്ങൾ പിടിക്കാറുണ്ട്.

പുറമേ നിന്നുള്ള കടൽ മത്സ്യങ്ങളാണ് പ്രധാനമായും ഇവിടെ വിപണനം ചെയ്യുന്നത്. സൈക്കിളിലും, തലചുമടായും, ചെറുവാഹനങ്ങളിലും വിൽപ്പനക്കാർ പഞ്ചായത്തിലുടനീളം മത്സ്യം വിറ്റുവരുന്നു. ഇതിൽ 60 ആളുകൾ ഈ പഞ്ചായത്തിൽ തന്നെ ഉള്ളവരാണ്.

തെന്മല, പരപ്പാർ, ജലസംഭരണിയിൽ ഇൻഡോ-ജർമ്മൻ റിസർവോയർ ഫിഷറീസ് ഡവലപ്പ്മെന്റ് പ്രോജക്ട് (I.G.R.F.D.P.)ന്റെ സഹകരണത്തോടുകൂടി ജില്ലാ മത്സ്യ കർഷക വികസന ഏജൻസിയുടെ ചുമതലയിൽ 1995 ഡിസംബറിൽ 83636 രൂപ വിലവരുന്ന 1,76,075 മത്സ്യകുഞ്ഞുങ്ങളെ ജലസംഭരണിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കട്ല, രോഹു, മൃഗാല, ലേബിയ, സൈപ്രണസ് എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചിരിക്കുന്നത്.

ഇൻഡോ-ജർമ്മൻ പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ 1996 മേയ് 23 മുതൽ ജൂൺ 2 വരെ പരപ്പാർ ഡാമിനെ കേന്ദ്രീകരിച്ച് വിവിധ ഗ്രാമങ്ങളിൽ ജനപങ്കാളിത്തത്തോടെ അടിസ്ഥാന വിവരങ്ങൾ പദ്ധതി തയ്യാറാക്കുന്നതിനു വേണ്ടി നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1) നിലവിലുള്ള ജല സ്രോതസ്സുകൾ മത്സ്യകൃഷിക്ക് അനുയോജ്യമല്ല.

2). പരപ്പാർ ഡാമിൽ നിക്ഷേപിച്ചിട്ടുള്ള മത്സ്യകുഞ്ഞുങ്ങൾക്ക് വേണ്ടത്ര സംരക്ഷണം ലഭിക്കുന്നില്ല.

3) മത്സ്യവിപണനത്തിനുള്ള മാർക്കറ്റിംഗ് സൗകര്യം ലഭ്യമല്ല.

4) ശാസ്ത്രീയമായി മത്സ്യകൃഷിക്കുള്ള പരിശീലനം ഇല്ല.

## നിർദ്ദേശങ്ങൾ

1) നിലവിലുള്ള കുളങ്ങളും, ജലസ്രോതസ്സുകളിലും മത്സ്യകൃഷിക്ക് അനുയോജ്യമാക്കി തീർക്കുക.

2) എലാതലങ്ങളിൽ കുളങ്ങൾ കുഴിച്ച് ശാസ്ത്രീയ മായി മത്സ്യകൃഷി നടത്തി തൊഴിൽ സാദ്ധ്യത ഉറപ്പു വരുത്തുക.

3) ശാസ്ത്രീയമായി മത്സ്യകൃഷഷി ചെയ്യുന്നതിന് വേണ്ട പരിശീലനം തേടുക.

4) പരപ്പാർ ഡാമിൽ കൂടുതൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുക.

5) ഡാമിൽ നിക്ഷേപിച്ച മത്സ്യകുഞ്ഞുങ്ങൾക്ക് വേണ്ടത്ര സംരക്ഷണം ഉറപ്പുവരുത്തുക.

6) പരപ്പാർ ഡാമിൽ നിന്നും നിയമപരമായി മത്സ്യബന്ധനം നടത്തുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.

7) മത്സ്യബന്ധന മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിപ്പിച്ച് മത്സ്യബന്ധനം ഒരു തൊഴിലാക്കി മാറ്റി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

8) പരപ്പാർ ഡാമിൽ നിക്ഷേപിക്കുന്നതിനാവശ്യമായ മത്സ്യകുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിന് ഇവിടെ ഒരു ഹാച്ചറി സ്ഥാപിക്കുക.

9) പഞ്ചായത്തിൽ മത്സ്യ വിപണനത്തിനായി വിവിധ സ്ഥലങ്ങളിൽ മാർക്കറ്റ് സൗകര്യം ലഭ്യമാക്കുക.



# IV (3) വിദ്യാഭ്യാസം

തെന്മല ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന ഒരു പ്രദേശമാണ്. വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിലും ഈ പ്രദേശം പിന്നോക്കാവസ്ഥയിലാണ്. തെന്മലയിലെ ആദ്യകാല വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കേരളത്തിൽ സാമൂഹ്യ സമത്വത്തിനു വേണ്ടി നടന്ന പരിശ്രമങ്ങളുടെ ഭാഗമായിരുന്നു. വിദ്യാഭ്യാസത്തിന് അവകാശം നിഷേധിക്കപ്പെട്ട അവശജനവിഭാഗത്തിൽപ്പെട്ട ഇവിടത്തെ ഭൂരിപക്ഷത്തിന് വിദ്യനൽകേണ്ടത് അനുപേക്ഷണീയമായ ഒരു സാമൂഹ്യാവശ്യമാണെന്ന് ചിന്തിച്ച ഏതാനും സാമൂഹ്യ പരിഷ്കർത്താക്കളുടെ നാടാണ് ഈ ഗ്രാമം. ശ്രീ അയ്യപ്പൻ കൃഷ്ണൻ അക്കൂട്ടത്തിൽ ശ്രദ്ധേയനായ ഒരു മഹത്വ്യക്തിയാണ്.സ്വാതന്ത്ര്യലബ്ധിക്ക് വളരെ മുമ്പ് തന്നെ (1916ൽ- കൊല്ലവർഷം 1092-ൽ) തെന്മല പഞ്ചായത്തിൽ ഇടമണിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം അദ്ദേഹം സ്ഥാപിച്ചു. ഈ സ്ഥാപനം 1946-ൽ ഗവൺമെന്റിന് വിട്ടുകൊടുത്തു. ഇന്ന് ഈ വിദ്യാഭ്യാസ സ്ഥാപനം ഇടമൺ എൽ.പി. സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. 1947 മാർച്ച് മാസം തെന്മലയിൽ മറ്റൊരു വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിതമായി. ഇത് ഗവ: L.P.S. എന്ന പേരിൽ അറിയപ്പെടുന്നു. ശ്രീനാരായണഗുരുവിന്റെ പാദസ്പർശത്താൽ ധന്യമായ ഒരു ഗ്രാമമാണ് തെന്മല. തെന്മല പഞ്ചായത്തിൽ ആദ്യമായി സ്ഥാപിതമായ ഇടമൺ L.P.S.ന് തെന്മല പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഒരു നാഴിക കല്ലാകാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നാട്ടിൽ വിപ്ലവകരമായൊരു സാമൂഹ്യമാറ്റത്തിന് ഈ സ്ഥാപനം സഹായകമായിത്തീർന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ 11 എണ്ണം പ്രവർത്തിക്കുന്നു. രണ്ട് ഹൈസ്കൂളുകളും രണ്ട് യു.പി. സ്കൂളുകളും ഏഴ് പ്രൈമറി സ്കൂളുകളുമാണിവ. ഇവയിൽ 6 എണ്ണം സ്വകാര്യമേഖലയിലും 5 എണ്ണം ഗവണ്മെന്റു മേഖലയിലുമാണ്. ഇതിൽ തന്നെ ഉറുകുന്ന് L.P.S. പഞ്ചായത്തിന്റെ മാനേജുമെന്റിലാണ് ഇടമൺ H.S., ഇടമൺ U.P.S., ചാലിയാക്കര L.P.S., SVK. LPS ഒറ്റക്കൽ, DB L.P.S. മാമ്പഴത്തറ എന്നിവ സ്വകാര്യ മാനേജുമെന്റിന്റെ കീഴിലും ഒറ്റക്കൽ ഹൈസ്കൂൾ, W.U.P.S ഒറ്റക്കൽ, ന്യൂ L.P.S. ഇടമൺ, ഗവ: L.P.S. ഇടമൺ, ഗവ: L.P.S. തെന്മല എന്നിവ ഗവ: മേഖലയിലുമാണ്.

ഒറ്റക്കലിൽ 1961-ൽ U.P.S. ആയി പ്രവർത്തനമാരംഭിച്ച സ്ഥാപനം 1975- ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1979-ൽ ഹൈസ്കൂളായി പ്രവർത്തനം ആരംഭിച്ച ഇടമൺ ഹൈസ്കൂൾ 1992-ൽ വൊക്കേഷണൽ ഹയർ സെക്കന്ററി

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | സ്ഥാപിച്ച വർഷം | സ്വകാര്യ /സർക്കാർ /അർദ്ധ സർക്കാർ |
|---|---|---|---|
| 1 | ഇടമൺ H S | 1979 | സ്വകാര്യം |
| 2 | ഒറ്റക്കൽ H S | 1961 & 1975 | സർക്കാർ |
| 3 | ഇടമൺ UPS | 1953 | സ്വകാര്യം |
| 4 | WUPS ഒറ്റക്കൽ | 1957 | സർക്കാർ |
| 5 | ന്യൂ LPS ഇടമൺ | 1954 | " |
| 6 | ഗവഃ LPS ഇടമൺ | 1916 | " |
| 7 | ചാലിയാക്കര LPS | 1951 | സ്വകാര്യം |
| 8 | ഉറുകുന്ന് LPS | 1951 | അർദ്ധ സർക്കാർ |
| 9 | SVKLPS ഒറ്റക്കൽ | 1956 | സ്വകാര്യം |
| 10 | ഗവഃ LPS തെന്മല | 1947 | സർക്കാർ |
| 11 | DBLPS മാമ്പഴത്തറ | 1961 | സ്വകാര്യം |

പട്ടിക 3.1

സ്കൂളായി ഇയർത്തപ്പെട്ടു. സാങ്കേതിക വിദ്യാഭ്യാസത്തിനും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും ഈ സ്ഥാപനം ഊന്നൽ നൽകുന്നു.ഉറുകുന്നിലും ഇടമണിലും ഓരോ അൺ എയിഡഡ് അൺ റക്കഗൈസ്ഡ് പ്രൈമറി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. ഇവിടെ അദ്ധ്യയന മാദ്ധ്യമം ഇംഗ്ലീഷാണ്.

നാല് പാരലൽ കോളേജുകൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇടമൺ, ആനപെട്ട കോങ്കൽ, ഉറുകുന്ന്, കോളനി ജംഗ്ഷൻ എന്നിവിടങ്ങളിലായി 5 അങ്കൻവാടികൾ പ്രവർത്തിച്ചുവരുന്നു. 7 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഉറുകുന്ന് M.N.ജംഗ്ഷനിൽ ഒരു "ക്രഷും" പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ തന്നെ ഇടമൺ, ഉറുകുന്ന് എന്നിവിടങ്ങളിൽ ഓരോ കമ്പ്യൂട്ടർ സെന്ററുകളുമുണ്ട്.

ഗ്രന്ഥശാലാ സംഘം അംഗീകരിച്ചിട്ടുള്ള 4 ഗ്രന്ഥശാലകൾ മാമ്പഴത്തറ, ഇടമൺ, ഒറ്റക്കൽ, കുറവന്താവളം എന്നിവിടങ്ങളിലായി പ്രവർത്തിച്ചുവരുന്നു. ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമില്ലാത്ത ഒരു ഗ്രന്ഥശാല ഉറുകുന്ന് നേതാജി ജംഗ്ഷനിൽ പ്രവർത്തിക്കുന്നുണ്ട്. ചാലിയക്കര, നാഗമല, വെള്ളിമല എന്നീ എസ്റ്റേറ്റുകളിൽ തോട്ടം തൊഴിലാളികൾക്കായി 4 വായനശാലകൾ പ്രവർത്തിച്ചുവരുന്നു.

നിലവിലുള്ള ബാലവാടികൾ 1995-96 മുതൽ അങ്കൻവാടികളായി മാറി. ഇവിടങ്ങളിൽ കെട്ടിടങ്ങൾ ഉണ്ടെങ്കിലും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ചോർന്നൊലിക്കുന്നു.സാക്ഷരതാ പ്രവർത്തനം വളരെ ജനശ്രദ്ധയാകർഷിച്ചതും ഈ ഉദ്ദേശിച്ച ഫലസിദ്ധി ലഭിച്ച പരിപാടിയായിരുന്നു. സമ്പൂർണ്ണ സാക്ഷരതാ പദ്ധതിയുടെ ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും സാക്ഷരരായവർ തുടർന്നുള്ള പ്രവർത്തനങ്ങളുടെ അഭാവത്താൽ വീണ്ടും നിരക്ഷരതയിലേക്ക് നീങ്ങിയിട്ടുണ്ട്. തോട്ടം മേഖലയിൽ വിവിധ വാർഡുകളിലായി അക്ഷരമറിയാത്തവരും ഇല്ലാതില്ല.

പ്രാഥമിക വിദ്യാഭ്യാസത്തിനായി ആനപ്പെട്ട

**പട്ടിക 3.2**

**വിദ്യാർത്ഥികളുടെ എണ്ണം 1996-97 ൽ**

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ | ആൺ SC/ST | പെൺ SC/ST | ആകെ SC/ST |
|---|---|---|---|---|---|---|---|
| 1 | ഇടമൺ H S | 363 | 331 | 694 | 66 | 61 | 127 |
| 2 | ഒറ്റക്കൽ H S | 357 | 313 | 670 | 59 | 58 | 117 |
| 3 | ഇടമൺ UPS | 325 | 330 | 655 | 90 | 85 | 175 |
| 4 | WUPS ഒറ്റക്കൽ | 45 | 38 | 83 | 22 | 13 | 35 |
| 5 | ന്യൂ LPS ഇടമൺ | 152 | 151 | 303 | 21 | 22 | 43 |
| 6 | ഗവഃ LPS ഇടമൺ | 105 | 109 | 214 | 21 | 32 | 53 |
| 7 | ചാലിയാക്കര LPS | 78 | 90 | 168 | 16 | 16 | 32 |
| 8 | ഉറുകുന്ന് LPS | 117 | 99 | 216 | 33 | 28 | 61 |
| 9 | SVKLPS ഉറുകുന്ന് | 77 | 73 | 150 | 27 | 32 | 59 |
| 10 | ഗവഃ LPS തെന്മല | 107 | 109 | 216 | 14 | 14 | 28 |
| 11 | DBLPS മാമ്പഴത്തറ | 33 | 30 | 63 | 7 | 5 | 12 |
| | ആകെ | 1759 | 1673 | 3432 | 376 | 366 | 742 |

കോങ്കൽ പ്രദേശത്തുള്ള കുട്ടികൾ 5 കി.മീ. അകലെയുള്ള ഇടമൺ L.P.S. ലോ, ന്യൂ L.P.S.ലോ പോകണം. മാമ്പഴത്തറ, കുറവന്താളം എന്നിവിടങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് 8 കി.മീ. അധികം സഞ്ചരിച്ചുവേണം U.P., H.S. വിദ്യാഭ്യാസം നേടുവാൻ. തെന്മല, ഉറുകുന്ന്, ചാലിയാക്കര, ആനപ്പെട്ട കോങ്കൽ എന്നിവിടങ്ങളിലുള്ള കുട്ടികൾ 5 കി.മീ. അധികം സഞ്ചരിച്ചാൽ മാത്രമേ U.P., H.S. വിദ്യാഭ്യാസം നേടുവാൻ കഴിയുകയുള്ളു, വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത പഞ്ചായത്തിന്റെ വിദ്യാഭ്യാസ നിലവാരത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. അതുപോലെതന്നെ പര്യാപ്തമല്ലാത്ത ഗതാഗതസൗകര്യങ്ങൾ വിദ്യാഭ്യാസ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഇരുനൂറോളം കുട്ടികൾ സമീപ മുനിസിപ്പാലിറ്റിയിലേക്കും മറ്റ് ദൂരസ്ഥലങ്ങളിലേക്കും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള താത്പര്യംമൂലം പഠിക്കാൻ പോകുന്നുണ്ട്. ഇതുമൂലം ശരാശരിയിൽ താഴെ നിലവാരമുള്ള കുട്ടികൾ മാത്രമേ പഞ്ചായത്തിലെ സ്വകാര്യ സർക്കാർ വിദ്യാലയങ്ങളിൽ എത്തിച്ചേരുന്നുള്ളു. S.S.L.C. യ്ക്ക് 30-35% മാത്രമേ വിജയിക്കുന്നുള്ളു. അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടെയും താത്പര്യക്കുറവും കുട്ടികളുടെ പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു. ഗവ: സ്കൂളിൽ ഒരിക്കലും പര്യാപ്തമായ രീതിയിൽ അദ്ധ്യാപകരെ നിയമിക്കാറില്ല. ഇത്തരം സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ പൊതുവേ തൃപ്തികരമല്ല. ആവശ്യാനുസരണമുള്ള ഫർണിച്ചറുകൾ മിക്ക സ്കൂളുകളിലുമില്ല. രക്ഷകർത്താക്കൾക്ക് വിദ്യാഭ്യാസത്തോടുള്ള വികലമായ വീക്ഷണങ്ങളും വിദ്യാഭ്യാസ നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു.

അദ്ധ്യാപക പരിശീലനത്തിലുള്ള അശാസ്ത്രീയ സമീപനങ്ങൾ അതിന്റെ ഗുണനിലവാരത്തെ സ്വാധീനിക്കുന്നു. പഴഞ്ചൻ മൂല്യനിർണ്ണയോപാധികൾ ബോധന പ്രക്രിയകൾ എന്നിവ കുട്ടികളുടെ പഠനത്തെ ഗണ്യമായി

**അദ്ധ്യാപകരുടെ എണ്ണം**
**പട്ടിക 3.3**

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | പുരുഷൻ | സ്ത്രീ | ആകെ | ഒഴിവുള്ള തസ്തിക യുടെഎണ്ണം |
|---|---|---|---|---|---|
| 1 | ഇടമൺ H S | 8 | 15 | 24 | 1 |
| 2 | ഒറ്റക്കൽ H S | 8 | 20 | 28 | - |
| 3 | ഇടമൺ UPS | 9 | 13 | 22 | - |
| 4 | WUPS ഒറ്റക്കൽ | 2 | 1 | 4 | 1 |
| 5 | ഗവഃ LPS ഇടമൺ | 4 | 6 | 11 | 1 |
| 6 | ന്യൂ LPS ഇടമൺ | 2 | 7 | 9 | - |
| 7 | ഉറുകുന്ന് LPS | 1 | 6 | 7 | - |
| 8 | ഗവഃ LPS തെന്മല | 3 | 2 | 7 | 2 |
| 9 | ചാലിയക്കര LPS | 1 | 4 | 5 | - |
| 10 | SVKLPS ഉറുകുന്ന് | 2 | 6 | 8 | - |
| 11 | DBLPS മാമ്പഴത്തറ | - | 4 | 4 | - |
| | ആകെ | 40 | 84 | 129 | 5 |

സ്വാധീനിക്കുന്നു. (പട്ടിക 3.2 കാണുക)

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ എയിഡഡ് സ്ഥാപനങ്ങളിൽ എല്ലാം കൂടി 3432 കുട്ടികൾ പഠിക്കുന്നു. ഇതിൽ 1759 ആൺകുട്ടികളും 1673 പെൺകുട്ടികളും ആണ്. ആൺകുട്ടികൾ 51.2% ഉം പെൺകുട്ടികൾ 48.7% ഉം ആണ്. SC\ST വിതരണത്തിൽ 742 കുട്ടികൾ പഠിക്കുന്നു. ഇത് ആകെയുള്ളതിന്റെ 21.6% ആണ്. ഇതിൽ 376 പേർ ആൺകുട്ടികളും 366 പേർ പെൺകുട്ടികളുമാണ്.

ആകെയുള്ള കുട്ടികളിൽ 260 പേർ തോറ്റു പഠിക്കുന്നവരാണ്. ഇത് 7.6% വരും. ഇവരിൽ 93 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളാണ്. ഇത് തോറ്റു പഠിക്കുന്നവരിൽ 35%ത്തോളം വരും. ഇതിൽ 5 ആൺകുട്ടികളും 42 പെൺകുട്ടികളുമാണ്. കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് പഠനം നിർത്തിയത് 100 കുട്ടികളാണ്. ഇതിൽ 35% പട്ടിക വിഭാഗത്തിൽപ്പെട്ടവരാണ്. 8:9 ക്ലാസുകളിൽ നിന്നാണ് കൂടുതൽ കുട്ടികളും പഠനം നിർത്തുന്നത്. പഠനം നിർത്തുന്നവരുടെ 79%വും ഇങ്ങനെയുള്ളവരാണ്. 10-ാം ക്ലാസിൽ SC വിഭാഗം കുട്ടികളുടെ പങ്കാളിത്തം 13.92% മാത്രമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. കഴിഞ്ഞ 10 വർഷത്തിനിടയിൽ കുട്ടികളുടെ എണ്ണം




15% കുറയുകയുണ്ടായി. ഗവ: വെൽഫെയർ സ്കൂളിൽ 83ഉം മാമ്പഴത്തറ DB LPS ൽ 63ഉം കുട്ടികൾ മാത്രമേ പഠിക്കുന്നുള്ളു. (പട്ടിക 3.3 കാണുക)

ആകെയുള്ള 129 അദ്ധ്യാപകരിൽ 40 പേർ പുരുഷന്മാരും 84 പേർ സ്ത്രീകളും ആണ്. 5 അദ്ധ്യാപകരുടെ ഒഴിവുകളുണ്ട്. അദ്ധ്യാപക വിദ്ധ്യാർത്ഥി അനുപാതം 1:28 ആണ്.

## ഭൗതിക സാഹചര്യങ്ങൾ

സ്വകാര്യ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ അപേക്ഷിച്ച് ഗവ: സ്കൂളുകളിലെ ഭൗതിക ചുറ്റുപാടുകൾ പരിതാപകരമാണ്. ആവശ്യത്തിനുള്ള ഫർണിച്ചറുകളോ പഠനോപകരണങ്ങളോ മിക്ക ഗവ: സ്കൂളുകളിലുമില്ല. 1990-ൽ U.P.S. ആയി ഉയർത്തപ്പെട്ട W UPS, ഒറ്റക്കൽ, സ്ഥിരമായ കെട്ടിടവും സ്ഥലവും രക്ഷാകർതൃസമിതി നൽകാത്തതുമൂലം U.P. വിഭാഗം പ്രവർത്തിക്കുന്നില്ല. അദ്ധ്യാപക ക്ഷാമം ഈ സ്കൂൾ നേരിടുന്ന വലിയൊരു പ്രതിസന്ധിയാണ്. ചുറ്റുമതിൽ ഇല്ലാത്തതിനാൽ പല സ്കൂളുകളിലും പല വിധത്തിലുള്ള പ്രയാസങ്ങൾ അനുഭവപ്പെടുന്നു. അതുപോലെതന്നെ മിക്ക സ്കൂളുകളിലും മൂത്രപ്പുര, കക്കൂസ്, കഞ്ഞിപ്പുര എന്നിവയില്ല.

ഒറ്റക്കൾ വാർഡിൽ പ്രവർത്തിച്ചുവരുന്ന ഗവ: H.S. ന്റെയും L.P.S. ന്റെയും പ്രവർത്തനം ആശാവഹമല്ല. ആവശ്യത്തിനുള്ള അദ്ധ്യാപകരില്ലായ്മ ഈ സ്കൂളുകളെ നേരിടുന്ന പ്രതിസന്ധിയാണ്. പര്യാപ്തമായ സ്ഥലസൗകര്യത്തിന്റെ കുറവും കെട്ടിടങ്ങളുടെ കുറവും കലിസ്ഥലത്തിന്റെ അഭാവം എന്നിവ മറ്റു പ്രശ്നങ്ങളാണ്. സ്ഥലസൗകര്യകുറവുമൂലം H.Sൽ പുതിയ ഡിവിഷനുകൾ അനുവദിക്കുന്നില്ല. സ്കൂളിന്റെ സ്ഥലം ഇപ്പോഴും വനംവകുപ്പിന്റെ കൈവശമാണ്. ഫർണീച്ചറുകളുടെ അപര്യാപ്തത, പഠനോപകരണങ്ങളുടെ ദൗർലഭ്യം എന്നിവ സ്കൂളിന്റെ പ്രധാന പ്രശ്നങ്ങളാണ്. മിക്ക സ്കൂളുകളിലും ലൈബ്രറി, ലബോറട്ടറി എന്നിവ ഉണ്ടെങ്കിലും അവയൊന്നും വേണ്ടവിധത്തിൽ ഉപയോഗിക്കുന്നില്ല. നിലവിലുള്ള പല സൗകര്യങ്ങളും പല സ്കൂളുകളിലും വേണ്ടവിധത്തിൽ ഉപയോഗിക്കുന്നില്ല എന്ന്

സർവ്വേയിൽ കണ്ടു. പല സ്കൂളുകളിലും പാഠ്യേതര പ്രവർത്തനങ്ങൾക്ക് അർഹമായ പ്രാധാന്യം നല്കുന്നില്ല.

**P.T.A.**

മിക്ക സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. പലയിടത്തും PTA വെറും ഒരു കടലാസു സംഘടനയായി മാത്രം നിലനില്ക്കുന്നു. P.T.A.യുടെ ഭാഗത്തുനിന്നും ക്രിയാത്മക നിർദ്ദേശങ്ങളുണ്ടായാൽ ബന്ധപ്പെട്ടവർ പലപ്പോഴും അതുൾക്കൊള്ളുവാൻ മടി കാണിക്കുന്നു. ക്ലാസ് റൂം; പി.ടി.എ. ഒരു സ്കൂളിലും കൂടുന്നില്ല. ഭാഗികമായി പ്രവർത്തനം ആരംഭിച്ച "സ്കൂൾ കോംപ്ലക്സ്" ആരംഭദശയിൽ തന്നെ അസ്തമിച്ചിരുന്നു.

**വിദ്യാഭ്യാസ നിലവാരം**

പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന രണ്ട് ഹൈസ്കൂളുകളിലെ SSLC വിജയശതമാനം വളരെ മോശമാണ്. 1995-96-ൽ ഇവിടത്തെ വിജയശതമാനം 30% മാത്രമായിരുന്നു. കഴിഞ്ഞ 4 വർഷത്തെ S.S.L.C. വിജയശതമാനം താഴെ കൊടുത്തിരിക്കുന്നു:

**വിജയശതമാനം പഞ്ചായത്തടിസ്ഥാനത്തിൽ**




പട്ടിക 3.4

| വിദ്യാലയത്തിന്റെ പേര് | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| വിദ്യാലയത്തിന്റെ | 30 | 27 | 32 | 31 |
| ഗവഃ HS ഒറ്റക്കൽ | 25 | 30 | 60 | 29 |

S.S.L.C. പരീക്ഷയുടെ വിജയശതമാനം ആശാവഹമല്ല. അതിനുള്ള കാരണങ്ങൾ അനവധിയാണ്. പലപ്പോഴും സംസ്ഥാന ശരാശരിയോടൊപ്പം നമ്മുടെ പഞ്ചായത്തിലെ S.S.L.C. ഫലം എത്തിച്ചേരുന്നില്ല.

ഹൈസ്കൂൾ കുട്ടികളുടേയും U.P., L.P. വിഭാഗം കുട്ടികളുടേയും പൊതുനിലവാരവും മെച്ചമല്ല. ഹൈസ്കൂൾ വിഭാഗത്തിൽ ഏകദേശം 10% കുട്ടികൾ മാത്രമേ പാദവാർഷിക പരീക്ഷകളിൽ 50%ത്തിനു മുകളിൽ മാർക്കുവാങ്ങി വിജയിക്കുന്നുള്ളു. U.P. വിഭാഗത്തിൽ 1081 കുട്ടികൾ പഠിക്കുന്നതിൽ 158 കുട്ടികൾ മാത്രം 50%ത്തിന് മുകളിൽ മാർക്കുവാങ്ങി വിജയിക്കുന്നു. L.P. വിഭാഗത്തിൽ 731 കുട്ടികലിൽ 38.4%പേർ മാത്രമേ 50%ത്തിൽ കൂടുതൽ മാർക്കുവാങ്ങി വിജയിക്കുന്നുള്ളു.

സ്കോളർഷിപ്പു പരീക്ഷകളിൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്നുണ്ടെങ്കിലും വിജയിക്കുന്നവരുടെ എണ്ണം നാമമാത്രമാണ്. തെന്മല പഞ്ചായത്തിൽ 2 കുട്ടികൾക്ക് മാത്രമേ സ്കോളർഷിപ്പ് ലഭിക്കുന്നുള്ളു.



### സാദ്ധ്യായ ദിവസങ്ങളുടെ ലഭ്യത

1995-96-ൽ ശരാശരി 193 അദ്ധ്യയന ദിവസങ്ങൾ പ്രൈമറി സ്കൂളുകൾക്ക് ലഭിച്ചു. ഹൈസ്കൂളുകളിൽ 186 ദിനങ്ങളും ലഭിച്ചു. സമരംമൂലം ഈ വർഷം ദിവസങ്ങൾ നഷ്ടപ്പെട്ടില്ല. എന്നാൽ പ്രത്യേക പൊതു അവധികൾ തുടർച്ചയായി വന്നിരുന്നു. 1995-96-ൽ കൂടുതൽ അദ്ധ്യയന ദിനങ്ങൾ ലഭിച്ചിട്ടും അത് വിജയശതമാനത്തിൽ പ്രതിഫലിച്ചില്ല. സാദ്ധ്യായ ദിനങ്ങൾ കൂടുതൽ ലഭിച്ചതു കൊണ്ടു മാത്രം പഠനനിലവാരം ഉയരില്ല എന്നും മറ്റൊട്ടേറെ ഘടകങ്ങൾ കൂടി പ്രാദേശിക തലത്തിൽ മെച്ചപ്പെടേണ്ടതുണ്ടെന്നാണ് ഇത് സൂചിപ്പിക്കുന്നത്. കലാ കായിക രംഗങ്ങളിലും തെന്മല പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളുടെ പ്രകടനവും ആശാവഹമല്ല. മറ്റു പാഠ്യേതര പ്രവർത്തനത്തിലും പഞ്ചായത്തിലെ കുട്ടികൾ മികവും പുലർത്തുന്നില്ല.

ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി ചേർന്ന ഗ്രാമസഭകൾ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്തു. പ്രീ- പ്രൈമറി, തുടർ സാക്ഷരത, ഉന്നത വിദ്യാഭ്യാസ. സാങ്കേതിക വിദ്യാഭ്യാസം, PTA യുടെ പ്രവർത്തനം, വിദ്യാഭ്യാസ നിലവാരം, ഭൗതിക സാഹചര്യങ്ങൾ, സ്കൂൾ കോംപ്ലക്സ്, വിദ്യാഭ്യാസ വികസന സമിതി തുടങ്ങിയവയെപ്പറ്റിയാണ് പ്രധാനമായും ചർച്ച ചെയ്തത്. ഗ്രാമസഭാ ചർച്ചകളുടേയും ദ്വിദീയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളെ താഴെ കാണും വിധം ക്രോഡീകരിക്കാം.

☞ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം തൃപ്തികരമല്ല.

☞ S.S.L.C. വിജയശതമാനം ആശാവഹമല്ല.

☞ തോറ്റു പഠിക്കുന്നവരിലും പഠനം നിർത്തുന്നവരിലും പട്ടികജാതി വിഭാഗത്തിലുള്ളവരാണ് കൂടുതൽ.

☞ സ്കൂളിൽ ആവശ്യമുള്ള പഠനോപകരണങ്ങൾ ഇല്ല. ഉള്ളവ പൂർണ്ണമായി ഉപയോഗിക്കുന്നില്ല.

☞ P.T.Aയുടെ പ്രവർത്തനം നാമമാത്രമാണ്.

☞ വിദ്യാഭ്യാസ പ്രവർത്തനത്തിൽ ജനകീയ സമിതിയുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

☞ അങ്കനവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ല.

☞ S.S.L.C കഴിയുന്നവർക്ക് തുടർ വിദ്യാഭ്യാസത്തിനായി 15 കി.മീ.ലധികം സഞ്ചരിക്കേണ്ടിവരുന്നു.

☞ തൊഴിലധിഷ്ഠിതമായ കോഴ്സുകൾ പഠിക്കുവാനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തത

☞ നിരക്ഷരത പൂർണ്ണമായും നിർമാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

☞ മിക്ക സ്കൂളുകളിലും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.

☞ ഗവ: സ്കൂളുകളിൽ ആവശ്യത്തിനുള്ള അദ്ധ്യാപകരില്ലാത്തതുമൂലം വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുന്നു.

☞ ഇംഗ്ലീഷ് മീഡിയം അൺ എയിഡഡ് സ്കൂളുകലിലേക്ക് കുട്ടികൾ പോകുന്നു. അവരെ ആകർഷിക്കാൻ പഞ്ചായത്തിലെ ഗവ: സ്വകാര്യ സ്കൂളുകൾക്ക് കഴിയുന്നില്ല.

☞ പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾ പിന്നിലാണ്.

☞ കായിക-കലാരംഗങ്ങളിൽ മികവ് പ്രകടിപ്പിക്കുന്നില്ല.

☞ നല്ല കളിസ്ഥലങ്ങളുടെ അപര്യാപ്തത

☞ ഗതാഗതസൗകര്യങ്ങളില്ലായ്മ

☞ പല അദ്ധ്യാപകരുടെ ആത്മാർത്ഥതക്കുറവ് വിദ്യാഭ്യാസ നിലവാരത്തെ ബാദിക്കുന്നു.

## നിർദ്ദേശങ്ങൾ\സാദ്ധ്യതകൾ

1. പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കണം. ഇതിനായി

i) സ്കൂൾ കോംപ്ലക്സ് പ്രവർത്തനം മെച്ചപ്പെടുത്തുക.

ii) സ്കൂൾ PTA യുടെ പ്രവർത്തനം കൂടുതൽ ഫലവത്തായി ഉപയോഗിക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം അനിവാര്യമാണ്.

iii) അക്കാഡമിക് കാര്യങ്ങൾ പ്രതിമാസം വിലയിരുത്തുക.

iv) അദ്ധ്യാപകരുടെ പുനഃ പരിശീലനം കുറ്റമറ്റതായി ക്രമീകരിക്കുക.

v) പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നടപ്പിലാക്കുക.

vi) S.S.L.C. വിജയശതമാനം പടിപടിയായി ഉയർത്താനുള്ള പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പിലാക്കുക.

vii) പഠനോപകരണങ്ങൾ എല്ലാ സ്കൂളിലും ഉറപ്പു വരുത്തുക. അവ പൂർണ്ണമായും കുട്ടികൾക്ക് പ്രയോജനകരമാം വിധം ഉപയോഗിക്കുക.

viii) അദ്ധ്യാപകനിയമനം/ട്രാൻഫർ എന്നിവയിലെ കാലതാമസം ഒഴിവാക്കുക.

ix) പിന്നോക്ക വിഭാഗത്തിൽപെട്ട കുട്ടികളുടെ പഠന നിലവാരം ഉയർത്താനുള്ള പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

x) ലബോറട്ടറി, ലൈബ്രറി എന്നിവയുടെ പ്രവർത്തനം പൂർണ്ണമായും പ്രയോജനപ്പെടുത്തി പഠന പ്രക്രിയ ലളിതമാക്കുക.

xi) V-ാം ക്ലാസ്സു മുതൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കുക.

xii) സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ അവശ്യം വേണ്ടത് അടിയന്തിരമായി ഒരുക്കിക്കൊടുക്കുക.

xiii) Govt. W.U.PS. ൽ മൂത്രപുര, കക്കൂസ്, പാചകപുര, ചുറ്റുമതിൽ എന്നിവ അടിയന്തിര പ്രാധാന്യത്തോടു നിർമ്മിക്കണം.

2. i) അങ്കൻവാടികൾക്കും സ്വന്തമായി കെട്ടിടം കളിസ്ഥലം, കളിപ്പാട്ടങ്ങൾ മുതലായവ ഉറപ്പാക്കുക.

ii) കളിസ്ഥലം നിർമ്മിക്കാൻ സ്ഥലമുള്ള സ്കൂളുകളിൽ സന്നദ്ധപ്രവർത്തനത്തിലൂടെ കളിസ്ഥലം നിർമ്മിക്കുക.

iii) എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും കേന്ദ്രീകരിച്ച് ജനകീയ വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുക. അങ്കനവാടികളുടെ പ്രവർത്തനങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിന് വാർഡുതലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുക.

iv) നിരക്ഷരത പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിലേക്കായി തുടർ സാക്ഷരതാ പ്രവർത്തനം നടത്തുക.

v) തൊഴിൽ സാദ്ധ്യത കൂടുതലുള്ള സാങ്കേതിക വിദ്യാഭ്യാസം നൽകുക. ഗവഃ മേഖലയിൽ ഒരു പോളീടെക്നികും ഒരു ITI യും പഞ്ചായത്തിൽ ആരംഭിക്കുക.

vi) ഉന്നത വിദ്യാഭ്യാസത്തിനായി ഒരു കോളേജ് (സ്വകാര്യ /സർക്കാർ/സഹകരണം) സ്ഥാപിക്കുക കോഴ്സുകൾ തൊഴിൽ സാദ്ധ്യത ഉള്ളതാകണം.

vii) പ്ലസ് ടു കോഴ്സ് പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകളിലും ആരംഭിക്കുക.

viii) ഇംഗ്ലീഷ് മീഡിയം ഉള്ള ഓരോ ഡിവിഷനുകൾ എല്ലാ വിദ്യാലയങ്ങളിലും അനുവദിക്കുക.

ix) അങ്കണവാടികൾ ഇല്ലാത്തിടത്ത് അങ്കണവാടികൾ ആരംഭിക്കുക.

x) സ്കൂൾ മോണിറ്ററിംഗ് കൃത്യതയാർന്ന രീതിയിൽ നടത്തുക.

xi) സൗകര്യമുള്ള പ്രൈമറി സ്കൂളുകളിൽ പ്രീ പ്രൈമറി വിഭാഗം പ്രവർത്തിപ്പിക്കുക.

xii) അദ്ധ്യാപകരേയും പ്രധാന അദ്ധ്യാപകരേയും എന്യൂമറേഷൻ, യുജനോത്സവ നടത്തിപ്പും എന്നീ ജോലികളിൽ നിന്നൊഴിവാക്കി അദ്ധ്യാപന രംഗത്തു ശ്രദ്ധിക്കാൻ അവസരമുണ്ടാക്കുക.

xiii) ഉറുകുന്ന് LP സ്കൂൾ അപ്ഗ്രേഡു ചെയ്യണം.



# IV (4) കുടിവെള്ളവും പൊതുജനാരോഗ്യവും

തെന്മല പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും കുടിവെള്ളത്തിന് കിണറുകളേയും ചെറിയ കുളങ്ങളേയും, ഉറമ്പകളേയുമാണ് ആശ്രയിക്കുന്നത്. കൂടാതെ ഉറുകുന്ന് മലവേടർ കോളനിയിലെ വാട്ടർ സപ്ലൈസ്കീമിന്റെ ഭാഗമായി 24 പൊതു ടാപ്പുകളും ഇടമൺ അമ്പേദ്കർ കോളനി വാട്ടർ സപ്ലൈ സ്കീമിന്റെ ഭാഗമായി 18 പൊതു ടാപ്പുകളും അവിട ങ്ങളിലെ പൊതു ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നു. പഞ്ചായത്തിൽ ആകെ 53 പൊതു കിണറുകളും 13 കുഴൽ കിണറുകളും ഉണ്ടെങ്കിലും വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉണ്ട്. 30% വീടുകൾക്ക് സ്വന്തമായി കിണറുകൾ ഇല്ല. പഞ്ചായത്തിൽ മൊത്തം കുടിവെള്ളം എത്തിക്കാൻ ഉദ്ദേശിക്കുന്ന തെന്മലയിലെ മേജർ വാട്ടർ സപ്ലൈ സ്കീം വളരെ വേഗം കമ്മിഷൻ ചെയ്യണമെന്നു പ്രതീക്ഷിക്കുന്നു. എന്നാൽ തെന്മലയിലെ ഓവർഹെഡ് ടാങ്കിനെക്കാൾ ഉയർന്ന തലത്തിലുള്ള കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ ഈ സ്കീം മുഖാന്തിരം വെള്ളം എത്താൻ സാദ്ധ്യത ഇല്ലാത്തതുകൊണ്ട് കുടിവെ ള്ളക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ മറ്റു സ്കീമുകൾ ആവശ്യമായി വരുന്നതാണ്. മാമ്പഴത്തറ, ഇരുട്ടുതറ ഗിരിവർഗ്ഗ കോളനിയിലെ വാട്ടർ സപ്ലൈ സ്കീം ഇനിയും പൂർത്തിയായിട്ടില്ല.

**വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ**

I. കമ്പിലൈൻ, ഉപ്പുകുഴി, ഓലപ്പാറ കിഴക്ക്

II. ചെറുതന്നൂർ കമ്പിലൈനിനു സമീപവും കമ്പിലൈനിലും

III. ചിറ്റാലുംകോട്, മൂന്ന് കണ്ണറ, ആനപെട്ട കോങ്കൽ ഇസ്ററ്

IV. തണ്ണിവടവ്, ബംഗ്ലാവ് മുപ്പ്, 4 സെന്റ് കോളനി.

V. തേവരുകുന്ന്, പുലരി ഭാഗം, ഇടമൺ KBS.

VI. പട്ടയകോളനി, തേക്കും കൂപ്പ്.

VII. ഉറുകുന്ന്, അയ്യാമുക്ക്, തുരപ്പിൻ പുറം, പ്രദേശങ്ങൾ.

VIII. ഉറുകുന്ന് പാണ്ഡവൻപാറയ്ക്കു ചുറ്റുമുള്ള പ്രദേശ ങ്ങളും W.U.P.S പരിസരവും.

IX. ലുക്ക് ഔട്ടിനു കിഴക്കും വടക്ക് പരിസരവും റയിവേ സ്റ്റേഷൻ പരിസരവും തെന്മല ലക്ഷം വാടുകോളനിയിലും പടിഞ്ഞാറു ഭാഗത്തും.

X. തെന്മല ഡിപ്പോ കാമ്പൗണ്ടും 3 കണ്ണറ, MSL എന്നിവിട ങ്ങളിലും.

XI. മാമ്പഴത്തറ പ്രദേശത്ത്.

മുകളിൽ കാണിച്ചിട്ടുള്ള മിക്കസ്ഥലങ്ങളിലും ഉയർന്ന പ്രദേശങ്ങളാണ്. കുഴൽ കിണറുകളോ, പൊതു ജലവിതരണ സംവിധാനമോ പ്രദേശികമായ ഊറ്റുറവ വികസിപ്പിച്ചെടുക്കുന്ന ചെറിയ വാട്ടർ സപ്ലൈസ്കീമുകളോ

ഇവിടങ്ങളിൽ നടപ്പാക്കേണ്ടിയിരിക്കുന്നു. കുറവന്താവളം പാലത്തിനു സമീപമുള്ള ഊറ്റുറവ വികസിപ്പിച്ചെടുത്താൽ ഇരുന്നൂറോളം വീടുകൾക്ക് കുടിവെള്ളം എത്തിക്കാൻ കഴിയും.

പഞ്ചായത്തിലെ കാൽ ഭാഗത്തോളം വീടുകൾക്ക് സ്വന്തമായി കക്കൂസ് ഇല്ല. സാമ്പത്തിക പരാധീനതയാണ് ഇതിനുള്ള പ്രധാന കാരണം. മലിനജലം കെട്ടിക്കിടക്കുന്ന പ്രദേശങ്ങൾ പഞ്ചായത്തിൽ കുറവാണ്. നീരൊഴുക്കു ചാലുകളും തോടുകളും ഒട്ടുമിക്കവയും വേനൽക്കാലത്ത് വറ്റി വരളുന്നവയാണ്. പഞ്ചായത്തിന്റെ തെക്ക് അതിരിലൂടെ ഒഴുകുന്ന കഴുതുരുട്ടി പുഴയും കല്ലട ആറും പഞ്ചായത്തിലെ ജനങ്ങൾക്ക് കുടിവെള്ളത്തിന്റെ കാര്യത്തിൽ പ്രയോജനപ്പെടുന്നില്ല. കല്ലട ഇറിഗേഷൻ വലതുകരമെയിൻ കനാൽ ഓറ്റക്കല്ലു മുതൽ ചാലിയേക്കര വരെ പഞ്ചായത്തിനെ മുറിച്ചു പോകുന്നെങ്കിലും വേനൽക്കാലത്തു കനാലിന്റെ ജലവിതാനത്തിനു താഴെയുള്ള പ്രദേശങ്ങളിലെ കിണറുകൾക്കും ഉറവകൾക്കും പ്രയോജനം ചെയ്യുന്നില്ല. മറിച്ച് ഉയർന്ന പ്രദേശങ്ങളിലെ കിണറുകളിലെ ജലനിരപ്പ് താഴാനും കുടിവെള്ള ക്ഷാമം ഉണ്ടാകാനും കാരണമാകുന്നു. പഞ്ചായത്തിന്റെ ഭൂമി ശാസ്ത്രപരമായ സ്ഥിതിക്ക് ESP കക്കൂസുകൾ അനുകൂലമാണ്. ചപ്പുചവറുകൾ നീക്കം ചെയ്യാനുള്ള സംവിധാനം സ്ഥിരമായി ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിൽ ഒരു വാട്ടർ ഹൗസ് ഇല്ലാത്തതിനാൽ ഇറച്ചിക്കായി വെട്ടുന്ന കന്നുകാലികളുടെ അവശിഷ്ടങ്ങൾ പരിസര മലിനീകരണത്തിന് ഇടവരുത്തുന്നു. പൊതു ചന്തയ്ക്കു സമീപമുള്ള പ്രദേശങ്ങളിൽ ഇത്തരം മലിനീകരണത്തിന് രൂക്ഷത കൂടുന്നു. കൊതുകനിവാരണത്തിനുള്ള പദ്ധതിയും ഇപ്പോൾ നിലവിൽ ഇല്ല. മലേറിയാപോലുള്ള രോഗങ്ങൾ ഇപ്പോൾ പലേടത്തും റിപ്പോർട്ടു ചെയ്യുന്നുണ്ട്.

## പ്രശ്നങ്ങൾ

1. തെന്മല വാട്ടർ സപ്ലൈ സ്കീമിൽ നിന്നുള്ള പൈപ്പുകൾ എല്ലാ വാർഡുകളിലും എത്തുന്നില്ല.

2. എല്ലാ വാർഡും വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം ഉണ്ടാകുന്നു.

3. പഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.

## നിർദ്ദേശങ്ങൾ

1. തെന്മല വാട്ടർ സപ്ലൈസ്കീമിന്റെ പ്രയോജനം എല്ലാ വാർഡുകൾക്കും കിട്ടത്തക്കവണ്ണം സജ്ജീകരിക്കുക,

2. പൊതു കിണറുകളുടെയും കുഴൽ കിണറുകളുടെയും അറ്റകുറ്റപ്പണികൾ ചെയ്യുകയും അത്യാവശ്യമുള്ള പ്രദേശത്ത് പൊതുകിണറുകളും കുഴൽക്കിണറുകളും സ്ഥാപിക്കുകയും ചെയ്യുക.

3. നിലവിലുള്ള പല കുഴൽകിണറുകളിലെയും ജലം കുടിക്കാൻ പറ്റാത്തവിധം തുരുമ്പും മറ്റു മാലിന്യങ്ങളും ഉള്ളതിനാൽ PVC പൈപ്പുകൾ ഉപയോഗിച്ച് അവ പുനഃസ്ഥാപിക്കുക.

4. പ്രധാനപ്പെട്ട ജംഗ്ഷനുകളിലും ആളുകൾ തിങ്ങിപ്പാർക്കുന്ന കോളനികൾ പോലുള്ള സ്ഥലങ്ങളിലും പൊതു ടാപ്പുകൾ സ്ഥാപിക്കുക, ഹൗസ് കണക്ഷനുകൾ കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

5. വീടുകളിലെ കിണറുകളിലും, പൊതു കിണറുകളിലും ക്ലോറിനേഷൻ നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.

6. പഞ്ചായത്തിലെ പ്രധാന നീർത്തടങ്ങൾ കണ്ടെത്തി നീർത്തട പദ്ധതിയിൽ അടിയന്തിരമായി നടപ്പിലാക്കുക.

7. ഭൂഗർഭ ജല സമ്പത്ത് വർദ്ധിപ്പിക്കാനുള്ള ജലക്കുഴികൾ, തട അണകൾ ഇവ നിർമ്മിക്കുകന്നതിന് ധന സഹായം എത്തിക്കുക.

8. അശാസ്ത്രീയ മായ കുഴൽക്കിണർ നിർമ്മാണം കുടിവെള്ള സ്രോതസ്സുകളെ ബാധിക്കുമെന്നുള്ളതുകൊണ്ട് ശാസ്ത്രീയ സമീപനം സ്വീകരിക്കുക.

## ആരോഗ്യം

തെന്മല പഞ്ചായത്തിലെ ജനസംഖ്യ 24214 ആണ് ഇതിൽ 12061 പുരുഷന്മാരും 12153 സ്ത്രീകളുമാണ്. ഒ

വയസ്സിനു താഴെയുള്ള കുട്ടികൾ 361ഉം 1 മുതൽ 3 വരെ വർഷം പ്രായമുള്ള കുട്ടികൾ 1127 ഉം, 3 മുതൽ 6 വരെയുള്ള കുട്ടികൾ 1336 ഉം ആണ്. 240 ഗർഭിണികളായ സ്ത്രീകളും 361 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. മുൻ വർഷത്തെ ജനനനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. പഞ്ചായത്തിലെ മെച്ചപ്പെട്ട കുടുംബാസൂത്രണ പ്രവർത്തനത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. പഞ്ചായത്തിലെ മരണ നിരക്ക് 5.98% ആണ്. (സംസ്ഥാനത്തെ ശരാസറി 5.9% ആണ്). പഞ്ചായത്തിലെ വൈകല്യനിരക്ക് 0.7% ആണ് അതിൽ അന്ധരായവർ 16 ഉം ബധിരർ 17 ഉം മൂകർ 5 ഉം ബധിരമൂകർ 6 ഉം ചലന വൈകല്യമുള്ളവർ 130 ഉം ആണ്. രോഗാതുരർ ആകെയുള്ള ജനസംഖ്യയുടെ 19.2% ആണ്. രക്ത സമ്മർദ്ധം, പ്രമേഹം, ക്യാൻസർ, കുഷ്ഠം, ക്ഷയം, ഹൃദ്രോഗം എന്നിവയാണ് പ്രധാന രോഗങ്ങൾ. കുട്ടികളിൽ 35% പേർക്ക് ദന്തരോഗം കാണപ്പെടുന്നു. പഞ്ചായത്തിലെ പ്രധാന പകർച്ചവ്യാധികൾ മഞ്ഞപ്പിത്തം, ചിക്കൻ പോക്സ്, മലേറിയാ, ഛർദ്ദി, അതിസാരം, അഞ്ചാപനി, ത്വക്രോഗങ്ങൾ എന്നിവയാണ്.

## കുട്ടികളുടെ പോഷണ നിലവാരം

ഒരു വയസ്സിനു താഴെയുള്ള 361 കുട്ടികളിൽ 250 പേർ നോർമൽ ആയവരും 101 പേർ ലഘുവായ പോഷകക്കുറവുള്ളവരുമാണ്. 10 പേർ മിതമായ പോഷകക്കുറവുള്ളവരുമാണ്. ഗുരുതരമായ പോഷകക്കുറവുള്ളവർ ആരും തന്നെയില്ല. 1 മുതൽ 3 വരെ വയസ്സ് പ്രായക്കാരിൽ നോർമൽ ആയവർ 992 വരും. ലഘുവായ പോഷകക്കുറവുള്ളവർ 98 പേരും മിതമായ പോഷകക്കുറവുള്ളവർ 37 പേരും ഉണ്ട്. 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ളവരിൽ 1006 പേർ നോർമൽ ആയവരും 213 പേർ ലഘുവായ പോഷകക്കുറവുള്ളവരും 117 പേർ മിതമായ പോഷകക്കുറവുള്ളവരുമാണ്. ഗുരുതരമായ പോഷകക്കുറവ് ആരിലും കാണുന്നില്ല.

ഒരു കുട്ടിമാത്രമുള്ള 433 അമ്മമാരും, രണ്ടുകുട്ടികളുള്ള 873 അമ്മമാരും, രണ്ടിൽ കൂടുതൽ കുട്ടികളുള്ള 1139 അമ്മമാരും ഉണ്ട്.

പഞ്ചായത്തിലെ എൽ.പി., യുപി സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം ഉണ്ട്. ഇടമൺ, ആനപെട്ട കോങ്കൽ, ഉറുകുന്ന് നേതാജി, ഉരകുന്ന് മലവേടർ കോളനി, ഒറ്റക്കൽ എന്നിവിടങ്ങളിലായി അഞ്ച് അങ്കണവാടികൾ പ്രവർത്തിക്കുന്നു. അണ്ടൂർപ്പച്ചയിലും, കുറവന്താവളത്തും നാഗമലയിലും ഓരോ ക്രഷ് പ്രവർത്തിക്കുന്നുണ്ട്. ഉറുകുന്നിലും ഇടമണ്ണിലും ഓരോ നഴ്സറി സ്കൂളുകളും ഉണ്ട്. ഗ്രാമീണ വനിതാ ശിശു വികസന പരിപാടിയുടെ ഭാഗമായി ഉറുകുന്നിൽ 8-ാം വാർഡിലും ഇടമൺ 17-ാം ബ്ലോക്കിലും ഓരോ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

## സ്ഥാപനങ്ങൾ

തെന്മലയിലെ PHC തെന്മല ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്നു. ഒറ്റക്കല്ലിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറിയും തെന്മല KIP ക്വാർട്ടേഴ്സിൽ ഒരു അലോപ്പതി ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. കൂടാതെ ഉപ്പുകുഴി, വെള്ളിമല, ആനപെട്ട കോങ്കൽ, ഒറ്റക്കൽ, തെന്മല, നാഗമല എന്നവിടങ്ങളിലായി PH സബ്സെന്ററുകൾ

| ക്രമ നമ്പർ | തസ്തിക | നിലവിലുള്ളത് | ഒഴിഞ്ഞു കിടക്കുന്നത് | ആകെ |
|---|---|---|---|---|
| 1 | മെഡിക്കൽ ആഫീസർ | – | 1 | 1 |
| 2 | ഫാർമസിസ്റ്റ് | 1 | – | 1 |
| 3 | സ്റ്റാഫ് നേഴ്സ് | 1 | – | 1 |
| 4 | നേഴ്സിംഗ് | 1 | – | 1 |
| 5 | സെക്കൻഡ് ഗ്രേഡ് അറ്റൻഡർ | – | 1 | 1 |
| 6 | പാർട്ട് ടൈം ക്ലീനർ | 1 | – | 1 |
| 7 | എൽ.ഡി. ക്ലാർക്ക് | 1 | – | 1 |
| 8 | പ്യൂൺ | 1 | – | 1 |
| 9 | ലേഡി HI | 2 | – | 2 |
| 10 | ജൂനിയർ PH നേഴ്സ് | 5 | 1 | 6 |

പ്രവർത്തിക്കുന്നുണ്ട്. തെന്മല, ഇടമൺ, ഉറുകുന്ന് എന്നിവിടങ്ങളിലായി സ്വകാര്യ ക്ലിനിക്കുകളുമുണ്ട്.

തെന്മല PHC യിലെ സ്റ്റാഫിന്റെ പട്ടിക താഴെ ചേർക്കുന്നു

തെന്മല PHC പഞ്ചായത്തിന്റെ കിഴക്കറ്റമായതിനാൽ ഇതിന്റെ പ്രയോജനം ഏകദേശം 20% പൊതുജനങ്ങൾക്കേ ലഭിക്കുന്നുള്ളു. ഒറ്റക്കല്ലിലെ ആയുർവേദ ആശുപത്രികെട്ടിടം പണിനടന്നു കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ സാമാന്യം മെച്ചപ്പെട്ട ജീവിത നിലവാരവും സാമൂഹ്യബോധവും കാരണം എല്ലാ ദമ്പതികളും കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനാൽ ജനനനിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കുറഞ്ഞിരിക്കുന്നു.

## പ്രശ്നങ്ങൾ

1. P.H.C. പഞ്ചായത്തിന്റെ ഒരു കോണിൽ സ്ഥിതചെയ്യുന്നതിനാൽ അതിന്റെ പ്രയോജനം എല്ലാ വർക്കു ലഭിക്കുന്നില്ല.

2. എല്ലാ വാർഡിലും PHC യ്ക്ക് സബ്സെന്ററുകൾ ഇല്ല.

3. പഞ്ചായത്തിലെ പട്ടികജാതി, പട്ടിക വർഗ്ഗ കോളനിയിലെ ആൾക്കാർക്ക് വേണ്ടത്ര വൈദ്യസഹായം ലഭിക്കുന്നില്ല.

4, പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും വൈദ്യസഹായത്തിന് പുനലൂർ താലൂക്ക് ആശുപത്രിയിലേക്ക് 10ഉം 15 ഉം കിലോമീറ്റർ യാത്രചെയ്ത് പോകേണ്ട സ്ഥിതിയാണ് ഇന്നുള്ളത്.

5. ചെങ്കണ്ണ്, മഞ്ഞപ്പിത്തം, ചിക്കൻഫോക്സ്, ഛർദ്ദിയും, അതിസാരവും, ക്ഷയം, മലേറിയാ എന്നീ പകർച്ച വ്യാധികൾ സാധാരണയാണ്.

6. കുടുബക്ഷേമ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ കുറവ് പ്രധാന പ്രശ്നമാണ്. ഇതുമൂലം എല്ലാ വീടുകളും സന്ദർശിക്കുന്നില്ല.

7. പട്ടികജാതി പട്ടിക വർഗ്ഗ കോളനിയിലും 4 സെന്ററു കോളനികളിലും കുട്ടികൾ പോഷക ആഹാരക്കുറവ് അനുഭവപ്പെടുന്നു.

8. റബ്ബർ ഫാക്ടറികളിൽ നിന്നും റബ്ബർ റോളറുകളിൽ നിന്നും തൊഴുത്തുകളിൽ നിന്നും, ഹോട്ടലുകളിൽ നിന്നും വരുന്ന മലിന ജലം റോഡിലേക്കും തോടുകളിലേക്കും ഒഴുക്കിവിടുന്നത് മലിനീകരണ പ്രശ്നമുണ്ടാക്കുന്നു.

9. ഇറച്ചി വെട്ടും, മത്സ്യ, മാംസ വ്യാപാരവും പരിസര ശുചിത്വത്തിന് ഭീഷണിയാകുന്നു.

10. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ലാത്തതും പ്രശ്നമാകുന്നു.

11. പഞ്ചായത്തിലെ 35% കുട്ടികളിൽ ദന്ധരോഗം കാണുന്നു.

12. തെന്മല പഞ്ചായത്തിൽ ഹോമിയോ, യുനാനി, സിദ്ധ പ്രകൃതി ചികിത്സാ സംവിധാനമില്ല.

## നിർദ്ദേശങ്ങൾ

1. എല്ലാ വാർഡിലും കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

2. വിദഗ്ധ ഡോക്ടർമാരുടെ സേവനവും മരുന്നും എല്ലാ വാർഡിലും രണ്ടാഴ്ചയിൽ ഒരിക്കൽ ലഭ്യമാക്കുക.

3. തെന്മല PHC 10 കിടക്കകളുള്ള ആശുപത്രിയായി വികസിപ്പിക്കുക.

4. ഇടമൺ വില്ലേജിൽ ഇടമൺ കേന്ദ്രമായി ഒരു PHC സ്ഥാപിക്കുക.

5. ഏറ്റവും കൂടുതൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർ താമസിക്കുന്ന ഉറുകുന്ന് ഭാഗത്ത് ഒരു ഗവഃ ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

6. ഇടമൺ സത്രമുക്ക്, ഇടമൺ 34, ഉറുകുന്ന് കോളനി ജംഗ്ഷൻ, ലുക്ക് ഔട്ട്, തെന്മല എന്നിവിടങ്ങളിൽ ഓരോ പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

7. ഓടകൾ മൂടിക്കിടക്കുന്നതും മാലിന ജലം കെട്ടിക്കിടക്കുന്നതുമായ പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുക.

8. കൊതുകു നിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും പഞ്ചായത്തിലെ എല്ലാ കക്കൂസുകൾക്കു എയർ പൈപ്പ്, നെറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

9. പഞ്ചായത്തിൽ ഒരു സ്ലാട്ടർ ഹൗസ് സ്ഥാപിക്കുക.

10. പഞ്ചായത്തിൽ സ്വന്തമായി കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് (1668) കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

11. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുക.

12. ആരോഗ്യപ്രവർത്തകരുടെ ഭവന സന്ദർശനം ഊർജ്ജിതപ്പെടുത്തുക.

13. ഒറ്റക്കൽ ആയുർവേദ ആശുപത്രി, കെട്ടിടപ്പണി പൂർത്തിയാക്കുന്നതോടൊപ്പം 20 ബഡുകളുള്ള ആശുപത്രിയായി ഉയർത്തുകയും പഞ്ചകർമ്മ ചികിത്സാ യൂണിറ്റ് സ്ഥാപിക്കുകയും ചെയ്യുക.

14. ഹോട്ടലുകളിലെ ശുചിത്വം ഉറപ്പു വരുത്താൻ ബന്ധപ്പെട്ടവർ വേണ്ട നടപടികൾ സ്വീകരിക്കുകയും ഹോട്ടൽ ജീവനക്കാർക്ക്, ഹെൽത്ത് കാർഡ് നിർബന്ധമാക്കുകയും ചെയ്യുക.

15, കല്ലട ആറ്റിൽ ഒറ്റക്കൽ പാറക്കടവിലും, ഉറുകുന്നിലും കുളിക്കടവുകൾ സ്ഥാപിക്കുക.

16. സൗജന്യ രക്ത പരിശോധനാ ക്യാമ്പുകൾ സ്ഥാപിക്കുക.

17. രക്തദാനം, നേത്രദാനം, എന്നിവയ്ക്കു വേണ്ട ബോധവത്കരണം നടത്തുക.

18. യൂനാനി, സിദ്ധ, ഒറ്റമൂലി ചികത്സാ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കണം.

19. പ്രകൃതി ചികിത്സാ സമ്പ്രദായത്തെ പ്രത്യേകമായി പ്രോത്സാഹിപ്പിക്കുകയും അതിനുള്ള സൗകര്യങ്ങൾ



# IV (5) വ്യവസായം

തെന്മല പഞ്ചായത്തിൽ എടുത്തുപറയത്തക്ക വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. പഞ്ചായത്തിൽ നെടുകെ ഏതാണ് 20 കി. മീറ്ററോളം ക്യൂ.എസ്സ്. റോഡും, തെന്മല തിരുവനന്തപുരം 2 കീ.മീ. റോഡും 20 കി. മീറ്റർ റെയിൽ പാത ഉണ്ടെങ്കിലും അവയൊന്നു വ്യവസായവികസനത്തിന് ഇതേവരെ പ്രയോജനപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ ഇന്നു ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളായ റബ്ബർ, റബ്ബർതടി, മറ്റ് തടികൾ കാർഷിക വിഭവങ്ങൾ, കരിങ്കൽ, ഇഷ്ടികക്കുള്ള മണ്ണ് വന വിഭവങ്ങൾ ഇവയൊന്നും വ്യവസായത്തിന് ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നില്ല. ജനങ്ങൾക്കാവശ്യമുള്ളതും തദ്ദേശീയമായി നിർമ്മിക്കാവുന്നതുമായ സോപ്പ്, വസ്ത്രങ്ങൾ കാർഷീകോൽപന്നങ്ങളിൽ നിന്നുള്ള വസ്തുക്കൾ എന്നിവയിലൊന്നുപോലും ഇവിടെ നിർമ്മിക്കുന്നില്ല. അവയെല്ലാം പഞ്ചായത്തിന് പുറത്തുനിന്നും എത്തിക്കുകയാണ് ചെയ്യുന്നത്.

പഞ്ചായത്തിൽ ആദ്യം തുടങ്ങിയ വ്യവസായ സ്ഥാപനം H&C കമ്പനിയുടെ നാഗമലയിലുള്ള തേയില നിർമ്മാണ ഫാക്ടറിയാണ്. 1972-ൽ സ്ഥാപിച്ച ഈ ഫാക്ടറി തേയില കൃഷി നിലച്ചിതനെ തുടർന്ന് 1992-ൽ റബ്ബർ നിർമ്മാണ ഫാക്ടറിയാക്കിമാറ്റി. ഇതോടൊപ്പം കുറവൻ താവളത്തുണ്ടായിരുന്ന ക്രോപ്പ് ഫാക്ടറിയുടെ പ്രവർത്തനം നിർത്തിവച്ചു. ചാലിയങ്കര AVT &Co. യുടെ ക്രമ്പ്റബ്ബർ ഫാക്ടറിയും, ക്രോസ് റബ്ബർ ഫാക്ടറിയും നല്ലനിലയിൽ പ്രവർത്തിക്കുന്നു. എന്നാൽ ഉല്പന്ന നിർമ്മാണ രംഗത്തേക്ക് തിരിഞ്ഞിട്ടില്ല. ഒറ്റക്കല്ലിലും ഇടമണ്ണിലും രണ്ട് തീപ്പെട്ടി നിർമ്മാണയൂണിറ്റുകൾ പ്രവർത്തിച്ചിരുന്നെങ്കിലും നിലച്ചുപോയി. ഉറുകന്ന് കേന്ദ്രമാക്കി ഒരു ചൂരൽ സഹകരണ സംഘവും, ഒറ്റക്കറ്റിൽ ഒരു ഖാദിനൂൽനൂൽപ് കേന്ദ്രവും പ്രവർത്തിച്ചിരുന്നതും ഇപ്പോൾ നിലച്ചുപോയിരിക്കുകയാണ്. പരമ്പരാഗത വ്യവസായമായ ഈറ്റ വ്യവസായവും സംഘടിതമല്ലെങ്കിലും പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും ഈ രംഗത്തു പ്രവർത്തിക്കുന്നവരുണ്ട്, ബീഡിതെറുപ്പു രംഗത്ത് വ്യക്തികളുടെ ഒറ്റക്കുള്ള പ്രവർത്തനങ്ങൾ മാത്രമാണുള്ളത്. അഞ്ച് ചെറുകിട സോപ്പ് നിർമ്മാണയൂണിറ്റുകൾ നിലച്ചിരുന്നതായും കാണുന്നു. തടിവ്യവസായവും ഫർണീച്ചർ വ്യവസായവും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. ഉറുകുന്ന് മലവേടർ കോളനിയിൽ ഒരു പട്ടുനൂൽ വ്യവസായ യൂണിറ്റുണ്ടായിരുന്നതും കാര്യക്ഷമമല്ല. പട്ടികജാതിക്കാരുടെ ഗ്രാനൈറ്റ് വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന ഒരു സഹകരണസംഘം ഇടമണ്ണിൽ രൂപീകരിച്ചതും പ്രവർത്തിക്കുന്നില്ല. ബന്ധപ്പെട്ട മേഖലകളിൽ ഏർപ്പെട്ടിരുന്നവരുടെ തൊഴിൽ വൈദഗ്ധ്യകുറവ്

### തെന്മല പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾ

പട്ടിക 5-1

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | എണ്ണം | തൊഴിലാളി കളുടെ എണ്ണം |
|---|---|---|---|
| 1. | ക്രമ്പ് റബ്ബർ ഫാക്ടറി | 1 | 25 |
| 2. | ക്രേപ് ഫാക്ടറി | 2 | 85 |
| 3. | ധാന്യ/പൊടിപ്പ് മില്ലുകൾ | 12 | 24 |
| 4. | ഫർണിച്ചർ നിർമ്മാണം | 10 | 20 |
| 5. | പാലുല്പന്ന നിർമ്മാണം | 5 | 20 |
| 6. | ഗോൾഡ് കവറിങ്ങ് ആഭരണനിർമ്മാണം | 5 | 10 |
| 7. | സാമിൽ | 3 | 18 |
| 8. | പ്രിന്റിംഗ് പ്രസ്സ് | 3 | 9 |
| 9. | അടയ്ക്കാ സംസ്ക്കരണ യൂണിറ്റ് | 2 | 30 |
| 10. | P.V.C. പൈപ്പ് ഫാക്ടറി | 1 | 10 |
| 11. | ടൂൾസ് നിർമ്മാണം | 1 | 3 |
| 12. | ഹോളോ ബ്രിക്സ് | 1 | 5 |
| 13. | കരകൗശലം | 1 | 10 |
| 14. | ടയർ റീട്രെഡിംഗ് | 1 | 3 |
| 15. | സ്റ്റെബിലൈസർ നിർമ്മാണം | 1 | 15 |
| 16. | ചിപ്സ് | 1 | 8 |
| 17. | ഓട്ടോമൊബൈൽ ബാറ്ററി | 1 | 2 |
| 18. | തേൻ സംസ്ക്കരണം | 1 | 10 |
| 19. | ചന്ദനത്തിരി | 1 | 13 |
| 20. | ഫൈബർ/പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ | 1 | 4 |
| 21. | കൊപ്രാ ആട്ട്മില്ല് | 2 | 4 |
| | ആകെ | 46 | 318 |

സാമ്പത്തിക സാങ്കേതിക വിപണന രംഗങ്ങളിലുള്ള ആസൂത്രണ മില്ലായ്മ എന്നീ കാരണങ്ങളാണ് വ്യവസായ സംരംഭങ്ങളുടെ പ്രധാന പരാജയ കാരണങ്ങൾ എന്നു കാണാവുന്നതാണ്.

ഇപ്പോൾ തെന്മല പഞ്ചായത്തിൽ പൊതുമേഖലിയലോ സഹകരണ മേഖലയിലോ വ്യവസായരംഗത്ത് പ്രവർത്തിക്കുന്ന ഒരു സംരംഭം പോലും നിലവിലില്ല. എന്നാൽ സ്വകാര്യമേഖലയിൽ നേരത്തെ സൂചിപ്പിച്ച റബ്ബർ ഫാക്ടറികളും, P.V.C. പൈപ്പ്, ടൂൾസ്റ്റ്, ഹോളോ ബ്രിക്സ്, കരകൗശലം, ടയർ റീട്രെഡിംഗ്, സ്റ്റെബിലൈസർ, ചിപ്സ്, ഓട്ടോമൊബൈൽ, ബാറ്ററി, തേൻ സംസ്ക്കരണം, ചന്ദനത്തിരി, ഫൈബർ, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ എന്നീ രംഗങ്ങളിൽ ഓരോ യൂണിറ്റുകളും 3 പ്രിന്റിംഗ് പ്രസ്സുകളും 3 സാമില്ലുകളും 12 ധാന്യപ്പൊടുമില്ലുകളും 2 കൊപ്രആട്ടുമില്ലുകളും, 10 ഫർണീച്ചർ നിർമ്മാണയൂണിറ്റുകളും 5 പാലുല്പന്ന നിർമ്മാണ യൂണിറ്റുകളും, 2 അടയക്കാ സംസ്ക്കരണ യൂണിറ്റുകളും, 5 ഗോൾഡ് കവറിംഗ് ആഭരണ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. (പട്ടിക കാണുക)

ഈ പഞ്ചായത്തിൽ തടിമുറിച്ചുകയറ്റൽ രംഗത്ത് ജോലി ചെയ്യുന്ന 200 ഓളം തൊഴിലാളികളും, മണൽ വാരൽ രംഗത്ത് പ്രവർത്തിക്കുന്ന 300 ഓളം തൊഴിലാളികളുമുണ്ട്. പാറത്തൊഴിലാളികളുടെ എണ്ണം 250 ആണ്. എന്നാൽ ഈ മേഖലകളിലെല്ലാം വർഷത്തിൽ 100 ദിവസത്തിൽ താഴെ മാത്രമാണ് ജോലി ലഭിക്കുന്നത്.

വ്യവസായ വികസനത്തിന് വൻകിട ആധുനിക വ്യവസായരംഗത്ത് പഞ്ചായത്ത് തലത്തിൽ കാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിന് സാധ്യതയില്ലെങ്കിലും ചെറുകിട വ്യവസായരംഗത്ത് വൻ പുരോഗതി ഉണ്ടാക്കുന്നതിന് കഴിയും പഞ്ചായത്തിൽ ഇനിയും ചൂഷണം ചെയ്യാത്ത അസംസ്കൃത സാധനങ്ങൾ വേണ്ടരീതിയിൽ ഉപയോഗിക്കുന്നതിന് ശ്രദ്ധചെലുത്തുകയും പ്രാദേശികമായി ആവശ്യമുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നതിലൂടെ ഈ രംഗത്ത് കാര്യമായ പുരോഗതി നേടാവുന്നതാണ്. വ്യവസായരംഗത്ത്, വനിത, പട്ടികജാതി, പട്ടികവർഗ്ഗവിഭാഗങ്ങളിലുള്ളവരുടെ

പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഒരു ദൗത്യമായി ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യങ്ങൾക്കായി വേണ്ടത്ര പ്രചരണവും സാങ്കേതിക വിദ്യയുടേയും സമ്പത്തിന്റേയും സമാഹരണവും വഴി ഒരു പുത്തൻ വ്യവസായം, സംസ്ക്കാരം സൃഷ്ടിക്കാവുന്നതാണ്.

പ്രാദേശികമായി ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി താഴെപ്പറയുന്ന വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനാവും എന്ന് ആസൂത്രണ സമിതി കരുതുന്നു.

റബ്ബർ, റബ്ബർബാൻഡ്, ഗ്ലൗസ്, ബുഷ്, പന്ത്, കളിപ്പാട്ടങ്ങൾ, ചെരുപ്പ്, ബലൂൺ, ഫോംബെഡ്സ്, സൈക്കിൾ ടയർ ട്യൂബ്, റബ്ബർമാറ്റ്, ഒട്ടുപാർ സംസ്ക്കരണം

റബ്ബർതടി-തടിപ്രോസ്സസ്സിംഗ്, ഫർണീച്ചർ, പാക്കിങ്ങ്കേയിസ്, ബ്രഷ്ഹാൻഡിൽ, ക്രിക്കറ്റ് ബാറ്റ്, കരകൗശലവസ്തുക്കൾ കാരംസ്ബോർഡ് കരുക്കളും, ചെസ് കരുക്കൾ.

റബ്ബർക്കുരു- റബ്ബർ എണ്ണ

തടി - ഫർണീച്ചർ, സ്വിച്ച്ബോർഡ്, കളിപ്പാട്ടം, കരകൗശലവസ്തുക്കൾ, ഗൃഹനിർമ്മാണ സാമഗ്രികൾ.

കാലിത്തീറ്റ, ചിരട്ടയും വാഴനാരും ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ, തേനുല്പാദനവും സംസ്ക്കരണവും ആയുർവേദ മരുന്നുകൾ, പഴസംസ്ക്കരണം, സ്റ്റാക്സ് എന്നിവയുടെ നിർമ്മാണം, പാലുല്പന്ന നിർമ്മാണം.

കരിങ്കൽ - വേലിക്കല്ല്, മെറ്റൽ, കരിങ്കൽ സ്ലാബുകൾ, ക്രഷർയൂണിറ്റ്.

**പ്രാദേശികവും പുറത്തുനിന്ന് കൊണ്ട് വരുന്നതുമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങളുടെ സാധ്യത ചുവടെ ചേർക്കുന്നു.**

1. കെട്ടിട നിർമ്മാണ വസ്തുക്കളുടെ നിർമ്മാണം.
2. നിത്യോപയോഗ സാധനങ്ങളുടെ നിർമ്മാണം
3. വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങളുടെ നിർമ്മാണം
4. ഇലക്ട്രോണിക് അസംബ്ലിഗ് യൂണിറ്റ്
5. ഇലക്ട്രോണിക് ഗാർഡഹികോപകരണങ്ങളുടെ നിർമ്മാണം
6. കുട, ചെരുപ്പ്, സോപ്പ്, ചന്ദനത്തിരി, എന്നിവയുടെ നിർമ്മാണം
7. പേപ്പർ പൾപ്പ്, പ്ലാസ്റ്റർ ഓഫ് പാരീസ്, എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള ഉല്പന്നങ്ങൾ

## പ്രശ്നങ്ങൾ

1. വ്യവസായങ്ങൾ ലാഭത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു അന്തരീക്ഷം കേരളത്തിലില്ലെന്ന പൊതുവായ ധാരണ
2. വ്യവസായങ്ങൾ നല്ലരീതിയിൽ നടത്തുന്നവരുമായുള്ള സമ്പർക്കത്തിനപസര മില്ലായ്മക്കുറവ്.
3. വ്യവസായ സാധ്യതയെക്കുറിച്ചുള്ള അറിവില്ലായ്മ
4. മൂലധനവും മറ്റും കണ്ടെത്തുന്നതിനുള്ള പ്രയാസം
5. സാങ്കേതിക ജ്ഞാനത്തിന്റെ കുറവ്
6. വിപണി കണ്ടെത്തുന്നതിനുള്ള വിഷമം.
7. വൈദ്യുതി കണക്ഷൻ, ബാങ്ക്ലോൺ, സബ്സിഡി, ലൈസൻസ് തുടങ്ങിയവ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും കാലതാമസവും.
8. ഭൂമി, കെട്ടിടം ഇവയ്ക്ക് വേണ്ടിവരുന്ന ഭീമമായ മുതൽ മുടക്ക്.
9. ചെറുകിട യൂണിറ്റുകൾ ലോക്കൽ മാർക്കറ്റിൽ നിന്നും അമിതമായ വിലക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങേണ്ടിവരുന്നു.
10. പരമ്പരാഗത വ്യവസായ ഉല്പന്നങ്ങൾ കട്ട, വട്ടി, പരമ്പ്, ഇവയ്ക്ക് പകരം ആധുനിക ഉല്പന്നങ്ങൾ ഉപയോഗിക്കുന്നു.
11. പ്ലാസ്റ്റിക് റബ്ബർ തുടങ്ങിയവ കൊണ്ടുള്ളത്.
12. വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം

13. തങ്ങളുടെ ജീവിത നിലവാരം ഉയർത്താനുള്ള തൊഴിലാളികളുടെ അഭിവാഞ്ച ഉല്പാദനച്ചിലവ് വർദ്ധിപ്പിക്കുന്നു.

14. പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെടുന്നവരോട് സമൂഹത്തിനുള്ള കാഴ്ചപ്പാടുകൾ.

## സാധ്യതകൾ

1. പഞ്ചായത്തിൽ വിദഗ്ധരെ ഉൾപ്പെടുത്തി വ്യവസായ സമിതി പ്രവർത്തിപ്പിക്കുക.

2. പഞ്ചായത്തിൽ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് പഞ്ചായത്ത് നേരിട്ടിടപ്പെട്ട് വൈദ്യുതി കണക്ഷൻ, ലൈസൻസുകൾ, സബ്സിഡി തുടങ്ങിയവ എളുപ്പത്തിൽ ലഭ്യമാക്കുകയും നടപടിക്രമങ്ങൾ സുതാര്യമാക്കുകയും ലഘൂകരിക്കുകയും ചെയ്യുക.

3. സാദ്ധ്യതയുള്ള വ്യവസായങ്ങളെ സംബന്ധിച്ച് പ്രോജക്റ്റ് റിപ്പോർട്ടടക്കമുള്ള എല്ലാവിവരങ്ങളും പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുക.

4. കെട്ടിടം, ഭൂമി, ഗതാഗതം, ജലം ഇവ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

5. സഹകരണ മേഖലയിൽ ആരംഭിക്കാന്നാവുന്ന വ്യവസായങ്ങൾക്ക് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

6. Out worker, ഉല്പാദന യൂണിറ്റുകൾ സാധ്യതയുള്ളവക്ക് അതിനുള്ള സാഹചര്യം ഒരുക്കുക.

7. ചെറുകിട വ്യവസായ സമൂഹം രൂപീകരിക്കുക.

8. പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കാവുന്ന പരമാവധി നധസഹായവും നികുതി ഇളവുകളും നൽകുക.

9. ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് പഞ്ചായത്തുതലം മുതൽ സ്ഥിരം വിപണകേന്ദ്രങ്ങൾ ഏർപ്പെടുത്തുക.

10. വനിതാ വ്യവസായ യൂണിറ്റുകൾക്ക് പ്രത്യേകമായി ലഭിക്കുന്ന ധനസഹായത്തെപ്പറ്റി ബോധവൽക്കരണം നടത്തുക.

11. പഞ്ചായത്തു തലത്തിൽ വ്യവസായ താല്പര്യം വളർത്തുന്നതിന് വ്യാപകവും നിണ്ട് നിൽക്കുന്നതുമായ പ്രചരണ പ്രവർത്തനം നടത്തുക.

12. അഭ്യസ്തവിദ്യരെ വിളിച്ചുകൂട്ടി വ്യവസായ സാദ്ധ്യതയേപ്പറ്റിയും വായ്പാ സൗകര്യത്തെപ്പറ്റിയും പഞ്ചായത്തുതലത്തിലുള്ള ക്രമീകരണത്തെപ്പറ്റിയും വിശദമായി ക്ലാസെടുക്കുക.

13. ചെറുകിട വ്യവസായ യൂണിറ്റുകൾ സന്ദർശിക്കാനുള്ള സൗകര്യം ഒരുക്കുക.

14. പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് അഞ്ചുവർഷത്തേക്കെങ്കിലും ലൈസൻസ് ഫീസ് ഇളവ് അനുവദിക്കുക.



# lV (6) ഗതാഗതം ഊർജ്ജം മാർക്കറ്റ്

## A. റോഡുകൾ

തെന്മല പഞ്ചായത്തിലെ റോഡുകളുടെ വിവരം ശേഖരിക്കുക എന്നത് ഏറെ പ്രയാസകരമാണ്. P.W.D., വനം, KIP, ബ്ലോക്ക്, പഞ്ചായത്ത്, കൂടാതെ സ്വകാര്യ മേഖലയിലെ AVT & കമ്പനി, മലയാളം ഹാരിസൺ ലിമിറ്റഡ്, തുടങ്ങിയ വിവിധ ഏജൻസികൾ നിർമ്മിച്ചിട്ടുള്ള റോഡുകൾ പൊതുജനങ്ങൾ ഉപയോഗിച്ചു വരുന്നു. ഗ്രാമപഞ്ചായത്ത് ഓഫീസിലെ രേഖകൾ പ്രകാരം 7.21 കി.മീറ്റർ ടാർചെയത് റോഡുകളും 7.59 കി.മീറ്റർ മെറ്റൽ ചെയ്ത റോഡുകളും, 90.615 കി.മീറ്റർ മൺറോഡുകളും നിലവിലുള്ളതായികാണുന്നു. (പട്ടിക 6.1 കാണുക)

അന്തർ സംസ്ഥാന റോഡുകളായ കൊല്ലം ചെങ്കോട്ട, തിരുവനന്തപുരം ചെങ്കോട്ട റോഡുകൾ, KIP വക റോഡുകൾ (ഡാം, കനാൽ റോഡുകൾ) വനംവകുപ്പിന്റെ

തെന്മല പഞ്ചായത്തിലെ ഗ്രാമീണ റോഡുകൾ (കി. മീറ്ററിൽ)

പട്ടിക 6.1

| നമ്പർ | വാർഡിന്റെ പേര് | ടാർ റോഡുകൾ | മെറ്റൽ റോഡുകൾ | മൺ റോഡുകൾ | ആകെ |
|---|---|---|---|---|---|
| 1 | ചാലിയക്കര | 2.345 | – | 18.135 | 20.480 |
| 2 | ചെറുതന്നൂർ | – | 1.230 | 4.050 | 5.280 |
| 3 | ആനപെട്ടകോങ്കൽ | – | 2.180 | 7.100 | 9.280 |
| 4 | ഇടമൺ വടക്ക് | 0.765 | 0.960 | 5.080 | 6.805 |
| 5 | ഇടമൺ തെക്ക് | 1.100 | 1.450 | 7.355 | 9.905 |
| 6 | തേക്കും കൂപ്പ് | – | – | 8.055 | 8.055 |
| 7 | ഉറുകുന്ന് | – | 1.770 | 7.690 | 9.460 |
| 8 | ഒറ്റക്കൽ പടിഞ്ഞാറ് | 3.00 | – | 6.690 | 9.690 |
| 9 | ഒറ്റക്കൽ കിഴക്ക് | – | – | 9.560 | 9.560 |
| 10 | തെന്മല | – | – | 0.400 | 0.400 |
| 11 | നാഗമല | – | – | 16.500 | 16.500 |
| | ആകെ | 7.210 | 7.590 | 90.615 | 105.415 |

അവലംബം– ഗ്രാമപഞ്ചായത്ത് ഓഫീസിലെ റോഡുരജിസ്റ്റർ

അധീനതയിലുള്ള തേക്ക്, യൂക്കാലിപ്റ്റസ് പ്ലാന്റേഷനുകൾ വഴിയുള്ള റോഡുകൾ, കുറവന്താവളം, ചാലിയക്കര എന്നിവിടങ്ങളിലുള്ള സ്വകാര്യ എസ്റ്റേറ്റ് റോഡുകൾ എന്നിവ ഈ കണക്കുകളിൽ ഉൾപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തുതല ജനകീയ ആസൂത്രണസമിതി ഇക്കാര്യങ്ങൾ ഒട്ടാകെ വിലയിരുത്തുകയും ദൈനംദിനാവശ്യങ്ങൾക്ക് ജനങ്ങൾ ഉപയോഗിക്കുന്ന എല്ലാ റോഡുകളും പട്ടികപ്പെടുത്തുകയും ചെയ്തു. (പട്ടിക 6.2 കാണുക)

പല റോഡുകളും ഒന്നിലധികം വാർഡുകളിലൂടെ കടന്നുപോകുന്നതിനാലും, വാർഡുകളെ തമ്മിൽ വേർതിരിക്കുന്നവ ആയതിനാലും വാർഡുതിരിച്ചുള്ള കണക്കുകൾ തയ്യാറാക്കുന്നത് പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ പഞ്ചായത്തിലെ ആകെ റോഡുകളെയാണ് തരംതിരിച്ചിട്ടുള്ളത്. തേക്ക്, യൂക്കാലിപ്റ്റസ് പ്ലാന്റേഷനുകളിലൂടെയുള്ള വനവകുപ്പിന്റേയും റബ്ബർ എസ്റ്റേറ്റ്കളിലൂടെയുള്ള സ്വകാര്യ മേഖലയിലേയും എല്ലാ റോഡുകളും ഈ കണക്കിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഈ മേഖലകളിലെ റോഡുകളിൽ പൊതുജനങ്ങൾക്ക് ഗതാഗത സൗകര്യം നിലവിലുള്ളവ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികയിലെ കണക്കുകൾ കാണിക്കുന്നത് പഞ്ചായത്തിൽ ശരാശരി ഒരു ചതുരശ്ര കി.മീറ്റർ സ്ഥലത്തിന് 1 കി.മീറ്ററിലധികം റോഡുകൾ ഉണ്ട് എന്നാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ 141 ആളുകൾക്ക് ഒരു കിലോമീറ്റർ റോഡ് നിലവിലുണ്ട്. എന്നാൽ മൺറോഡുകളിൽ 90% വും മെറ്റൽ റോഡുകളിൽ 50%വും ഗതാഗതയോഗ്യമല്ല എന്നുകാണണം. മൺറോഡുകളിൽ ഭൂരിഭാഗവും 5 മീറ്ററോ അതിനുതാഴെയോ മാത്രം വീതിയുള്ളവയാണ്. മിക്ക PWD റോഡുകളും തകർന്നുകിടക്കുന്നവയാണ്. കഴിഞ്ഞ 5 വർഷത്തെ പ്രവണത പരിശോധിച്ചതിൽ PWD റോഡുകളിൽ പ്രധാനപ്പെട്ടവ കൊല്ലം ചെങ്കോട്ട റോഡ് വീതികൂട്ടി ടാർ ചെയ്തിട്ടുണ്ടെന്നും KIP റോഡുകൾ പകുതിയോളം പുതിയതായി ടാർ ചെയ്തിട്ടുണ്ടെന്നും കാണുന്നു. വികസന ബ്ലോക്കുവഴി 4.5 കി.മീറ്റർ റോഡ് മെറ്റൽ ചെയ്യുകയും, 1 കിലോമീറ്റർ റോഡുകൾ ടാർചെയ്യുകയും ചെയ്തിട്ടുണ്ട്. വനമേഖലയിൽ 2 കി.മീറ്റർ മെറ്റൽ ചെയ്തു. ഗ്രാമപഞ്ചായത്ത് 1.770 കി.മീറ്റർ റോഡു മെറ്റൽ ചെയ്തു. കഴിഞ്ഞ അഞ്ചുവർഷമായി ഗ്രാമപഞ്ചായത്തിന് JRY ഇനത്തിൽ ഫണ്ടുകൾ ഒന്നും ലഭിക്കാത്തത് മൂലം ഈ മേഖലയിൽ സമീപ പഞ്ചായത്തുകളിലുള്ളതുപോലെ ഒരു മാറ്റം ഈ രംഗത്തുണ്ടായിട്ടില്ല. എങ്കിലും ചില കലുങ്കുകളുടേയും മറ്റു പണികൾ ഇക്കാലയളവിൽ നടത്തിയിട്ടുണ്ട്.

പ്രധാന അന്തർസംസ്ഥാന റോഡായ കൊല്ലം ചെങ്കോട്ട റോഡിൽ വളരെ ഗതാഗത തിരക്ക് അനുഭവപ്പെടുന്നുണ്ട്. ഈ റോഡിന് സമാന്തരപാതകൾ ഒന്നും നിലവില്ലാത്തതിനാൽ ഗതാഗത തടസ്സം നേരിട്ടാൽ അത് നീക്കിയ ശേഷമേ വാഹനങ്ങൾക്ക് കടന്നുപോകുന്നതിന് കഴിയുകയുള്ളൂ. ഇത്തരം സന്ദർഭങ്ങളിൽ മണിക്കൂറുകളോളം ഗതാഗതം സ്തംഭിക്കുന്ന അവസ്ഥയാണുള്ളത്. റോഡുകളിൽ അത്യാവശ്യം ആവശ്യമുള്ള സ്ഥലങ്ങളിൽപോലും ഓടകൾ നിർമ്മിച്ചിട്ടില്ല.

പട്ടിക 6.2

പഞ്ചായത്തിലെ റോഡുകളുടെ വകുപ്പ്/ഇനം തിരിച്ചുള്ള പട്ടിക കി.മീറ്ററിൽ

| നമ്പർ | ഇനം | PWD | KIP | വനം | പഞ്ചായത്ത് | ബ്ലോക്ക് | സ്വകാര്യം | ആകെ |
|---|---|---|---|---|---|---|---|---|
| 1 | ടാർ ചെയ്തത് | 30.0 | 11.0 | – | – | 1.0 | 4.0 | 46.0 |
| 2 | മെറ്റൽ ചെയ്തത് | – | 7.5 | 2.0 | 1.5 | 4.5 | – | 15.5 |
| 3 | മൺറോഡ് | 5.0 | – | 10.5 | 86.5 | 4.5 | 4.0 | 110.5 |
| | ആകെ | 35.0 | 18.5 | 12.5 | 88.0 | 10.0 | 8.0 | 172.0 |

അവലംബം- റോഡുരജിസ്റ്റർ, ഗ്രാമസഭാറിപ്പോർട്ട്

## പ്രശ്നങ്ങൾ

1. അന്തർ സംസ്ഥാന റൂട്ടായ കൊല്ലം ചെങ്കോട്ട റോഡിൽ വളരെയധികം ഗതാഗത തിരക്ക് അനുഭവപ്പെടുന്നു.

2. ഈ റോഡിലെ ഉറുകുന്ന് കോലനിപാലം അപകചനിലയിലാണ്.

3. സമാന്തരപാത ഇല്ലാത്തതുമൂലം ഗതാഗത തടസ്സം ഉണ്ടാകുമ്പോൾ മണിക്കൂറുകളോളം നീണ്ട ഗതാഗത സ്തംഭനം ഉണ്ടാകുന്നു.

4. ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനമായ അഞ്ചൽ, നിയോജകമണ്ഡലം ആസ്ഥാനമായ പത്തനാപുരം എന്നിവിടങ്ങളിലേയ്ക്ക് പുനലൂർ വഴിയില്ലാതെ നേരിട്ട് റോഡ് സൗകര്യമില്ല.

5. അടുത്ത കാലങ്ങളിൽ വീതികൂട്ടിയ റോഡുകളിലെ വൈദ്യുത തൂണുകൾ മാറ്റിയിടാത്തതുമൂലം ഗതാഗത തടസ്സമുണ്ടാകുന്നു.

6. റോഡുകൾക്ക് ആവശ്യമായ ഓടകൾ നിർമ്മിച്ചിട്ടില്ല.

7.കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നില്ല.

8. നടത്തുന്ന പണികളിൽ വൻതോതിൽ പണചോർച്ച ഉണ്ടാകുന്നു.

9. ആവശ്യം ആവശ്യമായ റോഡുകൾപോലും ഗതാഗതയോഗ്യമല്ല.

10. കലുങ്കുകളുടേയം പാർശ്വസംരക്ഷണഭിത്തികളുടേയും കുറവ്

## സാധ്യതകൾ

1. സമാന്തര പാതകളുടെ നിർമ്മാണം (നിലവിലുള്ള പാതകൾയോജിപ്പിച്ച്)

2. ആയിരനല്ലൂർ കടവിൽ പാലം/ക്രോസ്‌വേ നിർമ്മിച്ച് അഞ്ചലേക്കും കറവൂർ-ചാലിയക്കര PWD റോഡ് ഗതാഗത യോഗ്യമാക്കി പത്തനാപുരത്തേക്കും യാത്രാസൗകര്യത്തിന് സാധ്യമാക്കുക.

3. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ റോഡുകളുടേയും മെറ്റലിംഗ്, ടാറിംഗ്

4. ഉറുകുന്ന് കോളനി പാലം പുതുക്കിപ്പണിയുക.

5. ഓട, കലുങ്ക്, പാർശ്വ സംരക്ഷണഭിത്തി എന്നിവയുടെ നിർമ്മാണം

6. ഓടകൾ, റോഡുകൾ എന്നിവയുടെ സംരക്ഷണത്തിനും ശുചീകരണത്തിനും എല്ലാവാർഡുകളിലും ജനകീയസമിതികൾ വേണം.

7. എല്ലാവിധ മരാമത്തു പണികളിലും പൊതുജനപങ്കാളിത്തവും പൊതുജനനിയന്ത്രണവും സാധ്യമാക്കുക.

**ഗ്രാമസഭ, വിദഗ്ധസമിതി-ചർച്ചകളിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ**

***I കൊല്ലം ചെങ്കോട്ട റോഡിന് സമാന്തരപാത എന്ന സങ്കല്പം നിറവേറ്റുന്നതിന് വികസിപ്പിച്ച് ടാറിംഗ് നടത്ത ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ***

1. വെള്ളിമല-ചെറുതന്നൂർ-ചാലിയക്കര - 3. കി.മീ.

2. ഇടമൺ-പൈപ്പ് ഫാക്ടറി-പാപ്പന്നൂർ - 2.5 കി.മീ.

3. വെള്ളിമല-ആനപ്പെട്ട കോങ്കൽ-ഇടമൺ പവ്വർഹൗസ്-3 കി.മീ.

4. ഉറുകുന്ന് കോളനി-നേതാജി-റെയിൽവ്വേസ്റ്റേഷൻ 3കി.മീ.

5. ഇടമൺ 34- ഉപ്പുഴിത്തറ- പവ്വർ ഹൗസ് ഈസ്റ്റ്ഗേറ്റ് 1.5 കി.മീ.

6. കാര്യം ജംഗ്ഷൻ-40-ാം മൈൽ - 1 കി.മീ.

7. നെടുമ്പാറ-നാഗമല-കുറവന്താവളം-ഉപ്പുകുഴി - 1 കി.മീ.

8. ഇടമൺ കുന്നുപുറം - പൈപ്പ് ഫാക്ടറി-വെള്ളിമല 2.5 കി.മീ.

*II ടാർചെയ്തു ഗതാഗതയോഗ്യമാക്കേണ്ട മറ്റ് റോഡുകൾ*

1. ഉപ്പുകുഴി-ചെറുകടവ്-വലിയകാവ്- ഓലപ്പാറ - തെടിക്കണ്ടം - 4കി.മീ.

2. വാഴവിള റെയിൽവ്വേഗേറ്റ് - കറവൂർ (KIP റോഡ്) - 6 കി.മീ.

3. ഈട്ടിമൂട് - ഉപ്പൂഴിത്തറ-മണൽവാരി-ആറ്റുകടവ് - 2.5

4. ഉറുകുന്ന്-നേതാജി-കുറവന്താവളം- 2.5 കി.മീ.

5. പുളിമുക്ക്-കോളനി-കുന്നുമണൽകടവ് - 2.5 കി.മീ.

6. തോണിച്ചാൽ-ആയിരവല്ലിക്ഷേത്രം - ചിറ്റാലംകോട് - 1.5 കി.മീ.

*III വീതി കൂട്ടിഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ*

വാർഡ് I

1. ചെറുകടവ്-ഫോറസ്റ്റ ബൗണ്ടറി - 1. കി.മീ.

2. മൂലമൺപാലം - കോട്ടപ്പാറ - 1.5 കി.മീ.

3. ഉപ്പുകുഴി-വായനശാല-കനാൽ - 1.കി.മീ

4. ചെല്ലങ്കോട് റോഡ് - 500 കി.മീ.

വാർഡ് II

1. പുത്തൻകട - വായനശാലാമുക്ക്-അഞ്ചേക്കർ - 1.5 കി.മീ.

2. ആറേക്കർ - കാരിക്കുഴി-കനാൽകോളനി 1 കി.മീ.

3. മൂലംകുഴി-ക്ഷേത്രഗിതി - 500 മീ.

4. വാഴവിള ദ്വാരക റോഡ് - 500 മീ.

വാർഡ് III

1. ആറപ്പെട്ടകോങ്കൽ ഈസ്റ്റ്-ടണൽ-ആറുകണ്ണറ-2 കി.മീ.

2. ചിറ്റാലംകോള്-കോളനി-ഫോറസ്റ്റ് ബൗണ്ടറി- 1.കി.മീ.

3. ഗുരുമന്ദിരം-ബാലവാടി-ഫോറസ്റ്റ് ബൗണ്ടറി - 500 കി.മീ.

4. പനംവുന്ന-ചിറ്റാലം കോട് -ആമക്കുളം- 1 കി.മീ.

5. മർത്തോമാചർച്ച് - മഠത്തിൽപടി- 500 മീ.

6. തോണിച്ചാൽ - ഫോറസ്റ്റ് ബൗണ്ടറി - 500 മീ.

7. ഗുരുമന്ദിരം-പള്ളി-500 മീ.

വാർഡ് IV

1. ഇടമൺ UPS-വയൻ റോഡ് - 500 മീ.

2. LPS പള്ളിക്കുന്ന് - 30 പറ - 1 കി.മീ.

3. ഉദയഗിരി-റെയിൽവേസ്റ്റേഷൻ - 1 കി.മീ.

4. ഉദയഗിരി - അയത്തിൽ-ചുടുകട്ടപ്പാലം - 1കി.മീ

5. കമ്പനിക്കട-കനാൽ-500 മീ.

6. കുരിശുംമൂട് - കനാൽ - 500 മീ.

7. തണ്ണിവളവ്-റെയിൽവേ - 500 മീ.

വാർഡ് V

1. LPS-ലക്ഷംവീട്-ആനൂർ-1 കി.മീ.

2. ക്ഷേത്രഗിരി-കുരിശുംമൂട് - 1കി.മീ.

3. തേവരുകുന്ന്-മൂലക്കയം - 1 കി.മീ.

4. UPS വയൽ പുലരിജംഗ്ഷൻ - 1 കി.മീ.

5. പുലരിജംഗ്ഷൻ-60 പറ-ആനൂർ - 1 കി.മീ.

വാർഡ് VI

1. കുന്നുംപുറം-ആനൂർഭാഗം - 1 കി.മീ.

2. കുന്നും പുറം ഇടത്തറപ്പച്ച - 500 കി.മീ.

3. ഉപ്പൂഴിത്തററോഡിനേയും പട്ടയം റോഡിനേയും ബന്ധിപ്പിക്കുന്ന റോഡ് - 500 കി.മീ.

4. മണലിവാരി-മംഗലത്തുപടി - 500 കി.മീ.

5. തേക്കുംകൂപ്പ് റോഡ് - 1. കി.മീ.

6. ഗാർഡ് സ്റ്റേഷൻ ആറ്റുകടവ്-1 കി.മീ.

7. അണ്ടൂർപ്പച്ച പാലം- പമ്പുഹൗസ് - 1 കി.മീ.

8. ഉറുകുന്ന് കോളനി- കുന്നുമണൽ കടവ് - 1 കി.മീ.

വാർഡ് VII

1. പുളിമുക്ക്-അണ്ടൂർപ്പച്ച-17-ാം ബ്ലോക്ക് - 1.5 കി.മീ.

2. M.N. ജംഗ്ഷൻ-LPS- കിഴക്കോട്ടും പടിഞ്ഞാറോട്ടും - 1 കി.മീ.

3. ഇന്ദിരാനഗർ -ടണൽ- 1കി.മീ.

4. പറക്കുളം - ടണൽ - 1 കി.മീ.

5. LPS - 17-ാം ബ്ലോക്ക് - 11/2 കി.മീ.

6. കനാൽപാലം - റെയിൽവേലൈൻ - 500 മീ.

7. അണ്ടൂർപ്പച്ചപാലം-കനാൽറോഡ്- 500 മീ.

വാർഡ് VIII

1. നേതാജി-ആലുംതടം-കുന്നിൻപുറം - 1 കി.മീ.

2. കുന്നിൻപുറം-കുരിശടി - 1 കി.മീ.

3. യാക്കോബാപള്ളി-കുറവന്താവളം - 1 കി.മീ.

4. അംബികാ ജംഗ്ഷൻ - ജവഹർ ജംഗ്ഷൻ - 1 കി.മീ.

5. WLPS-RB കുറ്റാലം- 500 മീ.

6. ഹോളിക്രോസ്പള്ളി-മുസ്ലീംപള്ളി- 500 മീ.

വാർഡ് IX

1. ലുക്കൗട്ട്- റെയിൽവേസ്റ്റേഷൻ 1 കി.മീ.

2. മാതാജി ജംഗ്ഷൻ - റെയിൽവേസ്റ്റേഷൻ - 1 കി.മീ.

3. പാറക്കടവ് - റെയിൽവേസ്റ്റേഷൻ - 1 കി.മീ.

4. 4-ാം ബ്ലോക്ക്-റെയിൽവേസ്റ്റേഷൻ - 1 കി.മീ.

5. പുളിമുക്ക്- ലക്ഷംവീട് -കലുങ്ക് - 1 കി.മീ.

6. ഗാന്ധിജി ജംഗ്ഷൻ - മുരുകൻ കോവിൽ- 500 മീ.

7. ആനകലുങ്ക് -ലക്ഷംവീട് - 500 മീ.

8. ടി റോഡിൽ നിന്നും ഗാന്ധിജി ജംഗ്ഷൻ - 500 മീ.

9. R.B. കുറ്റാലം- WLPS റോഡ്- 500 മീ.

10. പള്ളിമുക്ക് - 3-ാം ബ്ലോക്ക്-500 മീ.

വാർഡ് X

1. തിയറ്റർ - റെയിൽവേലൈൻ-400 മീ.

2. തെന്മലവെസ്റ്റ് - ഡാം-1 കി.മീ.

3. LPS റെയിൽവേസ്റ്റേഷൻ - 500 മീ.

വാർഡ് XI

1. മാമ്പഴത്തറ കോളനി റോഡ് - 1 കി.മീ.

2. കുറവന്താവളം - 50 ഏക്കർ - 1 കി.മീ.

## B. യാത്രാസൗകര്യങ്ങൾ

പൂർണ്ണമായും ദേശസാൽകൃതമായ കൊല്ലം ചെങ്കോട്ടറോഡിലെ ഗതാഗത സൗകര്യം KSRTC ബസ്സുകളെ ആശ്രയിച്ചാണ് നടക്കുന്നത്. 20 ഓളം അന്തർസംസ്ഥാന സർവ്വീസുകളും. 40 ഓളം ഓർഡിനറി സർവ്വീസുകളുമാണ് ഈ റൂട്ടിലുള്ളത്. കൂടാതെ തമിഴ്നാട്ടിൽ നിന്നുള്ള RGTC വക എക്സ്പ്രസ് സർവ്വീസുകളുമുണ്ട്.

തെന്മല നിന്നും സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരം ജില്ലാ ആസ്ഥാനമായ കൊല്ലം, മറ്റ് പ്രധാന സ്ഥലങ്ങളായ നെടുമങ്ങാട്, പാലോട്, വർക്കല, ആറ്റിങ്ങൽ, പുനലൂർ, കൊട്ടാരക്കര, പത്തനംതിട്ട, കോട്ടയം, എന്നിവിടങ്ങളിലേയ്ക്ക് ബസ് സൗകര്യം ലഭ്യമാണ്. കൂടാതെ തമിഴ്നാട്ടിലെ ചെങ്കോട്ട, തെങ്കാശി, തിരുനെൽവേലി, ആംബാസമുദ്രം, മധുര, മദ്രാസ് എന്നിവിടങ്ങളിലേക്കും നേരിട്ട് യാത്രാ സൗകര്യം നിലവിലുണ്ട്.

ബസ് സർവ്വീസ് നിലവിലുള്ള റോഡുകൾ

1. കൊല്ലം ചെങ്കോട്ട

2 തിരുവനന്തപുരം ചെങ്കോട്ട

3. പുനലൂർ-ഉറുകുന്ന്- ഒറ്റക്കൽ റെയിൽവേസ്റ്റേഷൻ-തെന്മല

4. പുനലൂർ-വെള്ളിമല-ആനപെട്ടകോങ്കൽ

5. പുനലൂർ-ഇടമൺ 34-ആയിരനല്ലൂർ

6. പുനലൂർ-ചാലിയക്കര-ചെറുക്കടവ്

7. പുനലൂർ-കഴുതുരുട്ടി-മാമ്പഴത്തറ

പുനലൂർ നിന്നും വെള്ളിമലവരെ പ്രൈവറ്റ്ബസ് സർവ്വീസുണ്ട്. ഇടമൺ 34 വഴി ആനപെട്ടകോങ്കലിലേക്കുള്ള KSRTC സർവ്വീസും, കുളത്തുപ്പുഴ വഴി തെന്മല വെള്ളിമല വഴി ആനപെട്ടകോങ്കൽ എന്നീ സ്വകാര്യസർവ്വീസുകളും ഇപ്പോൾ നിലവിലില്ല. പഞ്ചായത്തിനുള്ളിൽ ഇടമൺ നിന്നും ടാക്സികാറുകളും, തെന്മല, ഇടമൺ 34 ഉറുകുന്ന് എന്നിവിടങ്ങളിൽ നിന്ന് ജീപ്പുകളും വാടകയ്ക്ക ലഭിക്കും.

പുനലൂർ-കുളത്തുപ്പുഴ-കഴുതുരുട്ടി എന്നിവിടങ്ങളിൽ നിന്നുള്ള ടാക്സിവാഹനങ്ങളും ഉപയോഗിച്ചുവരുന്നു.

## പ്രശ്നങ്ങൾ

കൊട്ടാക്കര നിന്നും ചെങ്കോട്ടയ്ക്കുള്ള ഓർഡിനറി ബസ്സുകൾ FP ആക്കിയതും, അധികമായി ഏർപ്പെടുത്തിയ ഓർഡിനറി സർവ്വീസുകൾ വെട്ടിക്കുറച്ചതും നിലവിലുള്ള ട്രിപ്പുകളുടെ ക്യാൻസലേഷൻ, കൃത്യസമയത്ത് ബസ്സുകൾ ഓടാതിരിക്കൽ എന്നിവയും ഈ മേഖലയിലെ പ്രശ്നങ്ങളാണ്. ജീപ്പ്, ടെമ്പോ തുടങ്ങിയ പാരലൽ സർവ്വീസുകൾ വർദ്ധിക്കുകയും യാത്രകാർക്ക് അവയെ ആശ്രയിക്കേണ്ട സ്ഥിതിയും സംജാതമായിരിക്കുന്നു. അമിതവേഗതയും അമിതഭാരവും അടിയ്ക്കടി ഉണ്ടാകുന്ന അപകടങ്ങളും, പാരലൽ സർവ്വീസുകൾ യാത്രക്കാർക്ക് പേടിസ്വപനമായി മാറിയിരിക്കുകയാണ്.

വെയിറ്റിംഗ് ഷെഡ് തെന്മല ഇടമൺ എന്നിവിടങ്ങളിൽ മാത്രമാണുള്ളത്. ഇവ ഉപയോഗ്യവുമല്ല. പഞ്ചായത്തിൽ ടാക്സിസ്റ്റാന്‍ഡുകളുടെ അഭാവം വാഹനങ്ങളുടെ പാർക്കിംഗ് എന്നിവയും ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നു. ഫാസ്റ്റു പാസഞ്ചറുകളിലെ അശാസ്ത്രീയമായ ഫെയർസ്റ്റേജ് നിർണ്ണയം മാറ്റേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. പുനലൂരിനും തെന്മലയ്ക്കു ഇടയ്ക്ക് രാവിലെ 8 മണിക്കും 10 മണിക്കും ഇടയിലും, വൈകിട്ട് 3 മണിക്കും 6 മണിക്കും ഇടയിലും, ഓരോ 15 മിനിട്ട് ഇടവിട്ട് ഓരോ ദിശയിലേക്കും കൃത്യമായി KSRTC ബസ്സുകൾ സർവ്വീസ് നടത്തുക. രാവിഘല 5 മണിക്ക് രാത്രി 10 മണിക്കും ഇടയ്ക്കുള്ള മറ്റു സമയങ്ങളിൽ 30 മിനിറ്റ് ഇടവിട്ടും ബസ് ഓടിക്കുക.

2. വെള്ളിമല വരുന്ന പ്രൈവറ്റ് ബസ് ആനപെട്ട കോങ്കൽ വരെ നീട്ടുക.

3. കുളത്തുപ്പുഴനിന്ന് ഡാം-ഒറ്റക്കൽ-റെയിൽവേ സ്റ്റേഷൻ-ഉറുകുന്ന് ആനപെട്ടെകോങ്കൽ വെള്ളിമലവഴി പുനലൂരേക്കും തിരിച്ചും പുനലൂർ നിന്നും ചാലിയക്കര വെള്ളിമല വഴിയും പാപ്പന്നൂർ ഇടമൺ വഴിയും തെന്മലയിലേക്കും തിരിച്ചും പുതിയറൂട്ടുകൾ അനുവദിച്ച് KSRTC/ സഹകരണ/സ്വകാര്യമേഖലയിൽ ബസ് സർവ്വീസ് ആരംഭിക്കുക.

4. ചെറുകടവ് മാമ്പഴത്തറ ആനപെട്ടകോങ്കൽ സർവ്വീസുകൾ വർദ്ധിപ്പിക്കുക.

5. ഉറുകുന്ന, ഇടമൺവരെ വന്നു പേകുന്ന എല്ലാബസ്സുകളും തെന്മല വരെ നീട്ടുക.

6. പ്രാഥമിക സൗകര്യങ്ങളോടെ പെയിറ്റിംഗ് ഷെഡുകളും ടാക്സിസ്റ്റാൻഡുകളും തെന്മല, ഉറുകുന്ന്, ഇടമൺ 34, സന്ദമുക്ക് എന്നിവിടങ്ങളിൽ സ്ഥാപിക്കുക.

7. അമിതവേഗതയും അമിതലോഡും ഒഴിവാക്കി പാരലൽ സർവ്വീസുകളെ നിയന്ത്രിക്കുക.

## C. റെയിൽവേഗതാഗതം

തിരുവിതാംകൂറിലെ ആദ്യത്തെ റെയിൽവ്വേ

പട്ടിക 6.3

തെന്മല ഇടമൺ റെയിൽവ്വേ സ്റ്റേഷനുകളുടെ വരുമാനം

| സ്റ്റേഷനുകൾ | മാസം | യാത്രക്കാരുടെ എണ്ണം | വരുമാനം രൂപ | പാർസലുകൾ വരുന്നത് | പാർസലുകൾ പോകുന്നത് | രൂപ വരുമാനം |
|---|---|---|---|---|---|---|
| തെന്മല | 1992 നവം. | 3867 | 16888/- | 2000 ക്വി | 207 ക്വി | 8333/- |
| | 1996 നവം. | 3895 | 27810/- | 1600 ക്വി | 180 ക്വി | 8547/- |
| ഇടമൺ | 1992 നവം. | 1279 | 5581/- | 14 ക്വി. | 38 ക്വി. | 1554/- |
| | 1996 നവം. | 2109 | 10880/- | 79 ക്വി. | 134 ക്വി. | 5914/- |

അവലംബം- സെക്കന്ററി ഡേറ്റ/ റെയിൽവ്വേസ്റ്റേഷനുകളിൽ നിന്ന്

പാത-കൊല്ലം തിരുനെൽവേലി മീറ്റർഗേജ്- 20 കി.മീറ്ററോളം തെന്മല പഞ്ചായ്ത്തിലൂടെ കടന്നുപോകുന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവും ബ്രിട്ടീഷ് ഗവൺമെന്റുമായി 1896-ൽ ഈ പാതയെക്കുറിച്ച് ആലോചനനടത്തി. 1898-ൽ സർവ്വേ നടത്തുകയും, 1899-ൽ ലൈൻ നിർമ്മാണം ആരംഭിക്കുകയുംചെയ്തു. 1904 നവംബർ 26 ന് ഈ പാതയിലൂടെ ഗതാഗതം ആരംഭിച്ചു. അതിനുശേഷമാണ് 1918-ൽ കൊല്ലം തിരുവനന്തപുരം 1958-ൽ കൊല്ലം കോട്ടയം റെയിൽവ്വേ പാതകൾ നിലവിൽവന്നത്.

തെന്മല പഞ്ചായത്തിൽ ഈ പാതയിൽ തെന്മല, ഇടമൺ എന്നിവിടങ്ങളിൽ 2 സ്റ്റേഷനുകളും, ഒറ്റക്കല്ലിൽ ഒരു ഹാൾട്ട് സ്റ്റേഷനുമാണുള്ളത്. ഈ പാതയിലെ 5 ടണലുകളിൽ 4 എണ്ണവും ഈ പഞ്ചായത്ത് അതൃത്തിയിലാണ്. പ്രധാനപ്പെട്ട പാലങ്ങളും (3 കണ്ണറ മുതൽ 13 കണ്ണറവരെ 8 എണ്ണം) ഈ പഞ്ചായത്തിൽ തന്നെ.

ഇടമണ്ണിൽ കനാൽ റോഡിലൊഴികെ മറ്റെങ്ങും ലെവൽക്രോസിംഗില്ല. വെള്ളിമലയിൽ റെയിൽവ്വേപാതയുടെ മുകളിലൂടെയുള്ള ഓവർബ്രിഡ്ജും ആനപെട്ട കോങ്കൽ, ഉറുകുന്ന് എന്നിവിടങ്ങളിൽ റെയിൽവ്വേപാലങ്ങൾക്കടിയിലൂടെയുള്ള പാതകളും ക്രോസിംഗിനായി ഉപയോഗിക്കുന്നു. കൽക്കരി ഉപയോഗിച്ച് ഒടുന്ന തീവണ്ടി പൂർണ്ണമായി ഒഴിവാക്കി ഡീസൽ എഞ്ചിൻ ഘടിപ്പിച്ചു എന്നതാണ് ഈ മേഖലയിലുണ്ടായ പ്രധാനമാറ്റം.

തെന്മല ഇടമൺ റെയിൽവ്വേസ്റ്റേഷനുകളിൽ ലഭിക്കുന്ന വരുമാനത്തെക്കുറിച്ചും മറ്റും പട്ടിക 6.3 ൽ നിന്നും മനസ്സിലാക്കാം.

ഈ കണക്കുകൾ കാണിക്കുന്നത് കൂടുതൽ വരുമാനമുള്ളത് തെന്മല റെയിൽവ്വേസ്റ്റേഷനാണെന്നും എന്നാൽ ഇതുപയോഗപ്പെടുത്തുന്നവരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടാകുന്നില്ല എന്നുമാണ്. എന്നാൽ ഇടമൺ റെയിൽവ്വേസ്റ്റേഷൻ ഉപയോഗിക്കുന്നവരുടെ എണ്ണം കുറവാണെങ്കിലും വർദ്ധിച്ചുവരുന്നതായി കാണുന്നു. ഗുഡ്സ് വാഹനങ്ങൾ ഇല്ലെങ്കിലും പാർഡലുകൾ കയറ്റുകയും ഇറക്കുകയും ചെയ്യുന്നതിനും ഉപയോഗപ്പെടുത്തുന്നു. ഇക്കാര്യത്തിലും മുൻപന്തിയിൽ തെന്മലയാണെങ്കിലും കുറഞ്ഞുവരുന്നതായി കാണുന്നു. ഇടമണ്ണിൽ പാർസലുകളുടെ വരവും പോക്കും വർദ്ധിച്ചുവരുകയാണ്. രണ്ടു റെയിൽവ്വേസ്റ്റേഷനുകളിലും കൂടി ചരക്ക്, യാത്രകൂലിയിനത്തിൽ ഒരു വർഷം 5 ലക്ഷത്തിൽപ്പരം രൂപായുടെ വരുമാനമുള്ളതായി കണക്കാക്കുന്നു.

## പ്രശ്നങ്ങൾ

1. ഇപ്പോഴും മീറ്റർ ഗേജായി തുടരുന്നു.

2. മദ്രാസിലേക്ക് വിരുതുനഗർ വളരെ മാത്രമേ മീറ്റർഗേജ് പാതയുള്ളു.

3. സ്റ്റേഷനുകളുടെ വികസനം പൂർണ്ണമല്ല.

4. റിസർവ്വേഷൻ ഉൾപ്പെടെയുള്ള സൗകര്യങ്ങളുടെ അപര്യാപ്തത.

5. തലസ്ഥാന നഗരിയിൽ നിന്നും ടൂറിസ്റ്റ് കേന്ദ്രമായ തെന്മലയിലേക്ക് നേരിട്ട് റെയിൽവ്വേഗതാഗതം ഇല്ല.

6. പുതിയ ലെവൽക്രോസുകൾ അനുവദിക്കുന്നില്ല.

7. ഓഫീസ് വിദ്യാലയസമയങ്ങളിൽ പുനലൂർ എത്തുന്നതിനും തിരികെവരുന്നതിനും കഴിയുന്ന സമയങ്ങളിൽ സർവ്വീസില്ല.

8. രാവിലെ 6 മണിക്ക് മുമ്പ് തെന്മല നിന്നും ട്രെയിൻ പുറപ്പെടുന്നുഎങ്കിലും കൊല്ലത്തുനിന്നും തലസ്ഥാനനഗരിയിലേക്കുള്ള ട്രെയിനുമായി കണക്ഷൻ ലഭിക്കുന്നില്ല. വൈകിട്ടും ഈ സ്ഥിതിയുണ്ട്.

9. ഗുഡ്സ് ട്രെയിനുകളുടെ ഗതാഗതം പൂർണ്ണമായും നിലച്ചു.

## സാധ്യതകൾ

1. കൊല്ലം മുതൽ വിരുതുനഗർവരെ ബ്രോഡ്ഗേജ് ആക്കുന്നതോടെ പ്രധാന പ്രശ്നങ്ങൾക്കെല്ലാം പരിഹാരമാകും.

2. തെന്മലനിന്നും നെടുമങ്ങാട് വഴിതിരുവനന്തപു

രത്തേയ്ക്ക് പുതിയപാത നിർമ്മിക്കണം.

3. രാവിലെ 9 മണിക്ക് പുനലൂർ എത്തുന്നതിനും വൈകിട്ടും 5.30 ന് പുനലൂർ നിന്നും തിരിക്കുന്നതിനും കഴിയുന്നതരത്തിൽ കൊല്ലം തിരുനെൽവേലി ട്രെയിൻസമയത്തിൽ മാറ്റംവരുത്തുക.

4. ചെങ്കോട്ട കൊല്ലം ട്രയിൻരാവിലെ 8.30 ന് കൊല്ലത്തെത്തുന്നതിനും വൈകിട്ട് 6 മണിക്ക് തിരിക്കുന്നതിനുമുള്ള സമയമാറ്റം.

5. തെന്മല, ഒറ്റക്കൽ, ഇടമൺ എന്നി സ്റ്റേഷനുകളുടെ വികസനം.

6. തെന്മല, ഇടമൺ, റെയിൽവ്വേസ്റ്റേഷനുകൾക്കു സമീപവും ഉറുകുന്നു ടണലിനു സമീപവും ലെവൽക്രോസ്സുകൾ അനുവദിക്കുക.

7. ഇടമൺ ഒറ്റക്കൽ റെയിൽവ്വേ സ്റ്റേഷനുകൾക്കിടയിൽ ഒരു ഹാൾട്ട് സ്റ്റേഷൻകൂടി ആരംഭിക്കുക.

### മാർക്കറ്റ്

തെന്മല ഇടമൺ എന്നിവിടങ്ങളിൽ ഉള്ള മാർക്കറ്റുകൾ വികസിപ്പിക്കുകയും ഉറുകുന്ന്, ഇടമൺ 34 എന്നിവിടങ്ങളിൽ ഓരോ മാർക്കറ്റ് സ്ഥാപിക്കുകയും വേണം. അതിലുപരി കാർഷികോല്പന്നങ്ങൾ വാങ്ങുന്നതിനും നിത്യോപയോഗസാധനങ്ങൾ വിൽക്കുന്നതിനും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

## D. ഊർജ്ജം

ഊർജ്ജാവശ്യങ്ങളെ ഗാർഹികം, കാർഷികം, വണിജ്യം, വ്യവസായികം എന്നിങ്ങനെ 4 മേഖലകളായി തിരിക്കാം. എല്ലാമേഖലകളിലും വെളിച്ചം, ചൂട്, യന്ത്രങ്ങൾ പ്രവർത്തിപ്പിക്കൽ എന്നീ ആവശ്യങ്ങൾക്കാണ് ഊർജ്ജം ഉപയോഗിക്കുന്നത്.

### 1. ഗാർഹികം

തെന്മല പഞ്ചായത്തിൽ ഭൂരിപക്ഷം വീടുകളിലും പാചകത്തിന് വിറകാണുപയോഗിക്കുന്നത്. പഞ്ചായത്തിലെ വിസ്യതിയിലധികവും വനപ്രദേശം ആയതിനാൽ ഭൂരിപക്ഷം വീടുകളിലും വിറക് ശേഖരിക്കുകയാണ് ചെയ്യുന്നത്. ഈ പഞ്ചായത്തിൽ വിറക് വില്പനശാലകൾ ഒന്നും നിലവിലില്ല. എന്നാൽ വനമേഖലയിലെ നിയന്ത്രണങ്ങൾ നിലവിൽ വന്നതോടെ വിറക്ശേഖരണം കുറഞ്ഞുവരുന്നു എങ്കിലും പ്രശ്നം സങ്കീർണ്ണമായിട്ടില്ല വിറക് ഉപയോഗിക്കുന്നവരിൽ 10% ആളുകൾ വിലയ്ക്കുവാങ്ങുന്നു. റബ്ബർ കൃഷി വ്യാപകമായതോടെ റബ്ബർവിറകും, റബ്ബർകായതോടും കൂടാതെ തെങ്ങുല്പന്നങ്ങൾ, കൃഷിയിടങ്ങളിലെ വൃക്ഷങ്ങളുടെ അവശിഷ്ടങ്ങൾ, അപൂർവ്വമായി അറക്കപ്പൊടി എന്നിവയും പാചകാവശ്യത്തിന് ഉപയോഗിക്കുന്നു. 10% വീടുകളിൽ മണ്ണെണ്ണയും 4% ത്തോളം വീടുകളിൽ പാചകവാതകവും ഉപയോഗിച്ചുവരുന്നു. പാചക വാതകത്തിന്റെ ലഭ്യത ഈ പഞ്ചായത്തിൽ ലഭ്യമല്ല. ബയോഗ്യാസ് പ്ലാന്റുകൾ വിരലി

**പട്ടിക 6.4**

**നിലവിലുള്ള വൈദ്യുതി കണക്ഷനുകളുടെ വിവരം**

| | | | |
|---|---|---|---|
| 1 | ഗാർഹികം | 3231 | അവലംബം: സെക്കണ്ടറി ഡേറ്റാ/ തെന്മല ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, ഗ്രമാസഭാ റിപ്പോർട്ട് എന്നിവ |
| 2 | വാണിജ്യം | 608 | |
| 3 | വ്യാവസായികം | 25 | |
| 4 | കാർഷികം | 10 | |
| 5 | വാട്ടർ സപ്ലൈ | | |
| | (KWA) | 3 | |
| | ആകെ | 3877 | |

ലെണ്ണാവുന്ന കുടുംബങ്ങളിലുണ്ട്.

ഗാർഹികമേഖലയിൽ വെളിച്ചത്തിനായി ആദ്യകാലങ്ങളിൽ കൂടുതലായി മണ്ണെണ്ണയാണ് ഉപയോഗിച്ചിരുന്നെങ്കിലും വൈദ്യുതിയുടെ വരവോടെ ഇപ്പോൾ 3231 വീടുകളിൽ വൈദ്യുതി ഉപോയോഗത്തിലിരിക്കുന്നു. ഇത് ആകെ കുടുംബങ്ങളുടെ 60 ശതമാനത്തോളം വരുന്നു. (പട്ടിക 6.4 കാണുക) വൈദ്യുതി ഉപയോഗിച്ചുള്ള ഫാൻ, മിക്സി, തേപ്പുപെട്ടി എന്നിവയുടെ ഉപയോഗം സാധാരണമായി കഴിഞ്ഞു. ഇത് വളരെയേറെ വൈദ്യുതി ചിലവഴിക്കുന്നതിന് കാരണമാകുന്നു. സമ്പന്നഗൃഹങ്ങളിൽ ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, പമ്പുസെറ്റ്, ഇലക്ട്രിക് ഓവൻ എന്നിവയും പ്രചാരത്തിലായിക്കഴിഞ്ഞു.

### കാർഷികം

കാർഷിക മേഖലിയിൽ ഊർജ്ജാവശ്യം നിറവേറ്റിയിരുന്ന് മനുഷ്യരുടേയം മൃഗങ്ങളുടേയും കായികശക്തി ഉപയോഗിച്ചായിരുന്നു.

തൊഴിലാളികളുടെ അപര്യാപ്തത, താങ്ങാനാവാത്ത കൂലിനിരക്ക്, കന്നുകാലികലെ വളർത്തുന്നതിനുള്ള അമിതമായ ചെലവ്, എന്നിവ മൂലം ഈ രംഗത്ത് യന്ത്രവൽക്കരണം കടന്നുവന്നു. നിലം ഉഴുന്നതിന് പവ്വർടില്ലറുകളും, ജലസേചനത്തിന് ഇലക്ട്രിക് പമ്പുസെറ്റുകളും രംഗത്തെത്തി. നെല്ലുകുത്തുന്നതിനു ധാന്യങ്ങൾ പൊടിക്കുന്നതിനുമുള്ള യന്ത്രങ്ങൾ വ്യാപകമായിക്കഴിഞ്ഞു. മൈക്രോൺ സ്പെയറുകൾ ഉപയോഗിച്ചുള്ള മരുന്നുതളിയും നടക്കുന്നു. കൊയ്യുന്നതിനും മെതിക്കുന്നതിനും തെങ്ങുകയറുന്നതിനുമുള്ള യന്ത്രങ്ങൾ എത്തിയിട്ടില്ല എന്നുപറയാം. യന്ത്രവൽക്കരണംമൂലം എണ്ണയുടേയും വൈദ്യുതിയുടേയും ഉപയോഗം വർദ്ധിച്ചുവരുന്നു.

നെല്ല്, കുരമുളക്, കൊപ്ര എന്നിവയ ഉണങ്ങുന്നതിന് സൂര്യതാപം (വെയിൽ) ഉപയോഗിക്കുന്നു. റബ്ബർ ഷീറ്റ് സംസ്ക്കരിക്കുന്നതിന് വെയിലും, പുകപ്പുരയും ഉപയോഗിക്കുന്നു.

### വാണിജ്യം

ഈ മേഖലയിൽ വെളിച്ചത്തിനായി ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്ന മണ്ണെണ്ണവിളക്കുകളും, പെട്രോമാക്സ് വിളക്കുകളും അപ്രത്യക്ഷമായിരിക്കുന്നു. വൈദ്യുതിയുടെ രംഗപ്രവേശമാണ് ഇതിന് കാരണം. വാണിജ്യാവശ്യങ്ങൾക്കായി തെന്മല പഞ്ചായത്തിൽ 608 കണക്ഷനുകളാണുള്ളത്. തെന്മല പഞ്ചായത്തിലെ ഈ മേഖലയിലെ പാചകാവശ്യം ഇപ്പോഴും വിറകുപയോഗിച്ച് നിറവേറ്റുന്നു. ചിലയിടങ്ങളിൽ മണ്ണെണ്ണ, വിറകുകരി എന്നിവയും ഉപയോഗിക്കുന്നു. വൈദ്യുതി വാണിജ്യമേഖലയിൽ പാചകവാശ്യത്തിന് ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. അരയ്ക്കുന്നതിനും പൊടിക്കുന്നതിനും വൈദ്യുതിയന്ത്രങ്ങൾ ഉപയോഗിക്കുന്നു. വൈദ്യുതകട്ട്, ലോഡ് ഷെഡിംഗ് എന്നിവ മൂലം വൈദ്യുതി ഇല്ലാത്തപ്പോൾ വെളിച്ചത്തിനായി മെഴുകുതിരികൾ, എമർജൻസി ലൈറ്റുകൾ എന്നിവ ഉപയോഗിക്കുന്നു. ചില സ്ഥലങ്ങളിൽ ഗ്യാസ് ലൈറ്റുകളും വൈദ്യുത ജനറേറ്ററുകളും ഉപയോഗിക്കുന്നു.

വാഹനങ്ങൾ പെട്രോൾ ഉപയോഗിക്കുന്നവ കുറഞ്ഞിരിക്കുന്നു. ഡീസൽ വാഹനങ്ങളാണ് കൂടുതൽ എന്നാൽ പെട്രോൾ ഉപയോഗിക്കുന്ന ടൂവീലറുകളുടെ എണ്ണം കൂടി വരുന്നുണ്ട്. വാഹനങ്ങളുടെ എണ്ണം കഴിഞ്ഞ 10 വർഷത്തിനിടെ 300% വർദ്ധിച്ചു. പെട്രോൾ, ഡീസൽപമ്പ് പഞ്ചായത്തിൽ തെന്മല മാത്രമാണുള്ളത്. ഉറുകുന്ന് ഇടമൺ എന്നിവിടങ്ങളിൽ നിന്നുള്ള വാഹനങ്ങൾ പഞ്ചായത്തിന് പുറത്തുനിന്നാണ് ഇന്ധനം ശേഖരിയ്ക്കാറുള്ളത്.

### വ്യാവസായികം

വ്യവസായങ്ങൾ വളരെ കുറവായതിനാൽ ഇന്ധനോപയോഗവും കുറവാണ്. വ്യവസായാവശ്യങ്ങൾക്ക് ആകെ 25 കണക്ഷൻ മാത്രമാണുള്ളത്. വൈദ്യുതിരംഗത്തുള്ള നിയന്ത്രണങ്ങൾ കാരണം ചില വ്യവസായങ്ങളിൽ സ്വന്തമായി ജനറേറ്ററുകൾ ഉപയോഗിക്കുന്നു.

### വൈദ്യുതി

കേരളത്തിലെ പ്രധാനപ്പെട്ട 220 KV സബ്സ്റ്റേഷനുകളിൽ ഒന്ന് ഈ പഞ്ചായത്തിലെ ഇടമൺ സ്ഥിതിചെയ്യുന്നു. കേരളത്തിലെ എല്ലാ 200 KV സബ്സ്റ്റേഷനുകളും, തമിഴ്നാട്ടിലെ കായത്താർ സബ്സ്റ്റേഷനു ഈ സബ്സ്റ്റേഷ

നുമായി ബന്ധിപ്പിച്ചിരിക്കുന്നു. കൊല്ലം ജില്ലയിലെ ഏക വൈദ്യുതി ഉല്പാദന പദ്ധതി ആയ കല്ലട മിനി ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ട് ഈ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. 1994-ൽ കമ്മീഷൻചെയ്ത് ഈ പദ്ധതിയിൽ നിന്നും പ്രതിദിനം 15 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നു.

ഇടമൺ 220KV സബ്സ്റ്റേഷനിൽ നിന്നുമാണ് തെന്മല പഞ്ചായത്തിൽ പ്രധാനമായും വൈദ്യുതി വിതരണം നടത്തുന്നത്. ഇതിനായി കഴുതുരുട്ടിയിൽ 11KV ഫീഡർ ഉപയോഗിക്കുന്നു. ചാലിയക്കര, ചെറുതന്നൂർ, ചിറ്റാലംകോട് എന്നിവിടങ്ങളിൽ പുനലൂർ 66KV സബ്സ്റ്റേഷനിൽ നിന്നുള്ള ചാലിയക്കര 11 KV ഫീഡർ വഴി വൈദ്യുതി എത്തുന്നു. ഓലപ്പാറ IHDP കോളനിയിൽ കറവൂർ ഫീഡർവഴിയാണ് വൈദ്യുതി എത്തുന്നത്. തെന്മല പഞ്ചായത്തിൽ വൈദ്യുതി വിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം പട്ടിക 6.5 ൽ നിന്നും മനസ്സിലാക്കാം.

തെന്മല പഞ്ചായത്തിലെ ചാലിയക്കര, അംബിക്കോണം ഭാഗങ്ങൾ പുനലൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ കീഴിലും ഓലപ്പാറ ഭാഗങ്ങൾ പത്തനാപുരം ഓഫീസിന്റെ കീഴിലും ബാക്കിയുള്ള ഭാഗങ്ങൾ മുഴുവനും തെന്മല ഓഫീസിന്റെ കീഴിലുമാണ്. തെന്മല ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ ആര്യങ്കാവ് പഞ്ചായത്തിലെ മുഴുവൻ ഭാഗങ്ങളും കുളത്തുപ്പുഴ പഞ്ചായത്തിലെ ഏതാനും ഭാഗങ്ങളും ഉൾപ്പെടുന്നു.

തെന്മല പഞ്ചായത്തിലെ മിനിമംഗാരണ്ടി വ്യവസ്ഥ പ്രകാരം എഗ്രിമെന്റ് വച്ചിട്ടുള്ള എല്ലാവർക്കും കണക്ഷൻ നൽകിയിട്ടുണ്ട്. ഓർഡിനറി കാറ്റഗറിയിൽ അപേക്ഷ നൽകി പണമടച്ചിട്ടുള്ള പോസ്റ്റുവേണ്ടാത്ത കേസുകളിൽ 30.9.94 വരെയും, പോസ്റ്റ് ആവശ്യമായ കേസുകളിൽ 21.11.90 വരെയും ഉള്ളവർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. കണക്ഷ

**പട്ടിക 6.5**

**പഞ്ചായത്തിൽ നിലവിലുള്ള എൽ.റ്റി. ട്രാൻസ്ഫോർമറുകൾ**

| നമ്പർ | സ്ഥാപിച്ച സ്ഥലം | കപ്പാസിറ്റി | നമ്പർ | സ്ഥാപിച്ച സ്ഥലം | കപ്പാസിറ്റി |
|---|---|---|---|---|---|
| 1 | ചാലിയക്കര | 160 KVA | 12 | ഒറ്റക്കൽ റെയിൽവ്വേസ്റ്റേഷൻ | 100 KVA |
| 2 | അമ്പിക്കോണം | 100KVA | 13 | ഒറ്റക്കൽ പള്ളിമുക്ക് | 100 KVA |
| 3 | ചിറ്റാലം കോട് | 100 KVA | 14 | ഒറ്റക്കൽ പാറക്കടവ് | 100 KVA |
| 4 | ചെറുതന്നൂർ | 100 KVA | 15 | പത്തേക്കർ | 100 KVA |
| 5 | ഇടമൺ പൈപ്പ് ഫാക്ടറി | 160 KVA | 16 | ഡാം സൈറ്റ് 1 | 500 KVA |
| 6 | ഇടമൺ സൗത്ത് | 160 KVA | 17 | ഡാം സൈറ്റ് 2 | 160 KVA |
| 7 | ഇടമൺ 34 | 160 KVA | 18 | ഡാം സൈറ്റ് 3 | 100 KVA |
| 8 | ആനപ്പെട്ടകോങ്കൽ | 100 KVA | 19 | ഡാം പമ്പ്ഹൗസ് | 100 KVA |
| 9 | അണ്ടൂർപ്പച്ച | 100 KVA | 20 | തെന്മല | 100 KVA |
| 10 | ഉറുകുന്ന് കോളനി | 100 KVA | 21 | നാഗമല | 160 KVA |
| 11 | ഉറുകുന്ന് നേതാജി | 100 KVA | 22 | കുറവന്താവളം | 160 KVA |
| | | | | | |

അവലംബം- സെക്കന്ററി ഡേറ്റ/ തെന്മല ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, ഗ്രാമസഭാ റിപ്പോർട്ട് എന്നിവ

നുകളുടെ വിവരങ്ങൾ പട്ടിക 6.6 ൽനിന്നും മനസ്സിലാക്കാവുന്നതാണ്.

തെന്മല പഞ്ചായത്തിലെ ഉറുകുന്ന പട്ടികവർഗ്ഗ കോളനി വൈദ്യുതീകരിച്ചു എങ്കിലും പല വീടുകളിലും കണക്ഷൻ ഇല്ലാത്ത അവസ്ഥയാണുള്ളത്. വനം വുകപ്പിൽ നിന്നുള്ള തടസ്സങ്ങൾമൂലം മാമ്പഴത്തറ പട്ടികവർഗ്ഗസെറ്റിൽമെന്റിന്റെ വൈദ്യുതീകരണം നടന്നിട്ടില്ല്. അംബദ്ക്കർ, വെള്ളച്ചാൽ, ഓലപ്പാറ എന്നീ പട്ടികജാതി കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും എല്ലാ വീടുകളിലും കണക്ഷൻ നൽകിയിട്ടില്ല.

തെന്മല പഞ്ചായത്തിൽ തെരുവ് വിളക്കുകൾക്കുവേണ്ടി 1995-96 ൽ 54307 രൂപ ചെലവഴിച്ചു. കറണ്ടുചാർജ്ജിനത്തിൽ മാത്രമാണിത്. ആകെ വരുമാനത്തിന്റെ 3.99% വരുന്നതാണ് ഈ തുക. പഞ്ചായത്തിലെ ആകെ തെരുവുവിളക്കുകൾ 434 എണ്ണമാണ്. ഇതിൽ 390 (40W) ബൾബുകളും. 43 ട്യൂബുകളും തെന്മലയിലെ ഒരു മെർക്കുറി ലാമ്പും ഉൾപ്പെടുന്നു. ഇവയിൽ 50% ൽ അധികവും കത്തുന്നില്ല എന്നു കാണാവുന്നതാണ്. തെന്മല മുതൽ ഡാംവരെയുള്ള 18 തെരുവിളക്കുകളും ഇലക്ട്രിക് ലൈനും, ഇപ്പോൾ നിലവിലില്ല എന്നു കാണുന്നു. എല്ലാവാർഡു ഗ്രാമസഭകളിലും തെരുവ് വിളക്കിനുവേണ്ടിയുള്ള ശബ്ദങ്ങൾ വളരെയധികം മുഴങ്ങിക്കേട്ടു.

### പാരമ്പര്യേതരഊർജ്ജം

ഈ രംഗത്ത് പഞ്ചായത്തിൽ ഒരു പ്രവർത്തനവും നടത്തിയിട്ടില്ല. ഏതാനും വീടുകളിലുള്ള ബയോഗ്യാസ് പ്ലാന്റുകൾമാത്രമാണ് ഈ രംഗത്തുള്ളത്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെക്കുറിച്ചുള്ള അറിവില്ലായ്മയും ഈ രംഗത്തെ വർദ്ധിച്ചചെലവും മൂലം കൂടുതൽ ആളുകൾ ആകർഷിച്ചിട്ടില്ല.

1955 മുതൽ 1990 വരെയുള്ള കാലഘട്ടങ്ങളിൽ വികസനബ്ലോക്കു വഴിനടപ്പാക്കിയ ഭവനനിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച 100 വീടുകളിലും ഇടമൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സന്നദ്ധ പ്രവർത്തനത്തിലൂടെ 200 ൽപ്പരം വീടുകളിലും ഇന്ധനലാഭവും മറ്റ് സവിശേഷതകളുമുള്ള പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചു. എങ്കിലും ഭൂരിപക്ഷം ആളുകളും ഇതുപയോഗപ്പെടുത്തുന്നതായി കാണുന്നില്ല. വൻതോതിൽ പാരമ്പര്യമായി വിറകുപയോഗിച്ചുള്ള ശീലവും വ്യാപകമായ ബോധവൽക്കരണമില്ലായ്മയും ഇതിന് കാരണണാണ്.

**ഇലക്ട്രിക് കണക്ഷൻ സംബന്ധിക്കുന്ന വിവരം (പട്ടിക 6.6)**

| തരംതിരിവ് | 1995–96ൽ നൽകിയ കണക്ഷൻ | അവശേഷിക്കുന്ന അപേക്ഷകൾ | എന്നുവരെ പണമടച്ചവർക്ക് കണെക്ഷൻ ലഭിച്ചു എന്ന് |
|---|---|---|---|
| ഓർഡിനറി | 110 എണ്ണം | 408 എണ്ണം | OH-21.11.199-0<br>W/P - 30.9.1974 |
| O.T.P. | 39 " | 8 " | – |
| O.Y.E.C. | 112 " | 22 " | – |
| ആകെ | 261 " | 438 " | – |

അവലംബം- സെക്കന്ററി ഡേറ്റ/ തെന്മല ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്.

### ഊർജ്ജരംഗത്തെ പ്രശ്നങ്ങൾ

1. വൈദ്യുതിയുടെ ഗുണം പഞ്ചായത്തിലെ എല്ലാവർക്കും ലഭിച്ചിട്ടില്ല.

2. മിനിമം ഗാരണ്ടിവ്യവസ്ഥയിൽ വൈദ്യുതി എടുക്കുന്നതിനുള്ള താൽപര്യക്കുറവ്.

3. പൊതുവേ തെരുവിളക്കുകൾ പ്രവർത്തിക്കുന്നില്ല, ഉള്ളവ തന്നെ ശരിക്കും പ്രവർത്തിക്കുന്നില്ല.

4. വോൾട്ടേജ് കുറവും തുടരേയുള്ള വൈദ്യുത കട്ടും.

5. വിറകിന്റെ ലഭ്യത കുറഞ്ഞുവരുന്നു.

6. പാചകവാതകം പഞ്ചായത്തിൽ ലഭ്യമല്ല.

7. പാരമ്പര്യതര ഊർജ്ജസംവിധാനങ്ങളേക്കുറിച്ച് അറിവില്ലായ്മ

8. മണ്ണെണ്ണ വിതരണം ആവശ്യത്തിന് നടക്കുന്നില്ല.

9. വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നു.

10. സ്ലാബ് സമ്പ്രദായം ആയതിനാൽ അധികവില നൽകേണ്ടിവരുന്നു.

11. പുറമ്പോക്ക് സ്ഥലങ്ങളിലെ താമസക്കാർക്ക് കണക്ഷൻ ലഭിക്കുന്നില്ല.

## സാധ്യതകൾ

1. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ മിനിമം ഗാരണ്ടി പ്രകാരം വൈദ്യുതി എത്തിക്കുന്നതിനുള്ള സാധ്യത.

2. അപേഷിച്ച് നിശ്ചിത ദിവസത്തിനകം വൈദ്യുതി ലഭ്യമാക്കണം.

3. വയറിംഗ് നടത്തിയിട്ടുള്ള എല്ലാവർക്കും വൈദ്യുതിലഭ്യമാക്കണം.

4. വൈദ്യുത ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖ കൾ മുറിച്ചുമാറ്റുന്നതിനും തെരുവിളക്കുകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും എല്ലാ വാർഡിലും ജനകീയ സമിതി കൾ രൂപീകരിക്കണം.

5. തെരുവു വിളക്കുകളുടെ നിജസ്ഥിതി ബോധ്യപ്പെ ടാൻ ഗ്രമാപഞ്ചായത്തിന്റേയും KSEB യിലേയും പ്രതിനിധി കളുടെ സംയുക്തപരിശോധന.

6. കൃത്യമായി മീറ്റർ റീഡിംഗ് നടത്തി ചാർജ്ജ് ഈടാക്കുകയോ, സെൽഫ് മീറ്റർ റീഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയോ ചെയ്യുക.

7. വൈദ്യുതി വിതരണ ചുമതല ഗ്രാമപഞ്ചായത്തു കൾക്ക് നൽകുക.

8. പുകയില്ലാത്ത അടുപ്പുകളെക്കുറിച്ചുള്ള ബോധവൽക്കരണവും അവയുടെ സ്ഥാപനവും.

9. സാമൂഹ്യ വനവൽക്കരണ പരിപാടിപൊതുജന സഹകരണത്തോടെ നടപ്പാക്കുക.

10. പഞ്ചായത്തിൽ പാചകവാതക ഏജൻസി അനുവദിക്കുക.

11. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ പ്രചരണവും സ്ഥാപിക്കലും- ബയോഗ്യാസ് പ്ലാന്റുകൾ, സോളാർ വിളക്കുകൾ മറ്റ് സോളാർ ഉപകരണങ്ങൾ, CF ലാമ്പുകൾ, ഇലക്ട്രോണിക് ചോക്കുകൾ, പ്രഷർകുക്കർ, ഇന്ധനക്ഷമതയുള്ള സ്റ്റൗ എന്നിവയുടെ സബ്സിഡി വർദ്ധിപ്പിക്കുകയും ലഭ്യത ഉറപ്പാക്കുകയും വേണം.

12. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന തിനായി തെന്മല പഞ്ചായത്തിലെ ഒറ്റക്കൽ പാണ്ഡവൻപാ റയുടെ മുകളിൽ വിൻഡ്മിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത.

13. ഒറ്റക്കൽ തടയണയ്ക്ക് താഴെ ലോവർ ഹെഡ് ജനറേറ്റർ ഉപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സാധ്യത.

14. റബ്ബർഷീറ്റടിച്ച ശേഷം അവശേഷിക്കുന്ന മലിനംജലം ഉപയോഗപ്പെടുത്തി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ.

### ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ

1.കൊല്ലം ചെങ്കോട്ട റോഡിൽ തണ്ണിവളവ്, അണ്ടൂർപ്പച്ച, ലുക്കൗട്ട്, തെന്മല വെസ്റ്റ്, തെന്മല ഈസ്റ്റ് എന്നീ ഭാഗങ്ങളിലും, ചെറുകടവ്, മൂലമൺ, ഉപ്പുകുഴികനാൽ, ഓലപ്പാറകിഴക്ക്, ചെറുതന്നൂർ കനാൽ കോളനി, അഞ്ചേക്കർ, ചിറ്റാലംകോട് IHDP കോളനി, ആനപെട്ടകോ ങ്കൽ കിഴക്കേക്കുന്ന്, 4 സെന്റ് കോളനി, കോളനി കനാൽഭാഗം റെയിൽവ്വേ ലൈൻ ഭാഗം, ഉദയഗിരി 4 സെന്റ് കോളനി, അയത്തിൽ 10 കണ്ണറഭാഗം, മണലിവാരിഭാഗം, ഇന്ദിരാനഗർ തുരപ്പിൻപുറം, കുറവന്താവളം പാലം, നേതാജി ആലുതടം, കുന്നിൻപുറം, ഹോളിക്രോസ്പള്ളി മുതൽ WLPS വരെ, RB കുറ്റാലം മുതൽ റെയിൽവ്വേസ്റ്റേഷൻവരെ, KIP ലേബർകോളനി എന്നിവിടങ്ങളിൽ പുതിയ ലൈനുകൾ സ്ഥാപിക്കണം.

2. നിലവിൽ ലൈനുള്ള എല്ലായിടത്തും തെരുവിള ക്കുകൾ സ്ഥാപിക്കണം.



# IV(7) ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

1991-ലെ കാനേഷുമാരി പ്രകാരം ഈ പഞ്ചായത്തിൽ 5377 വീടുകളാണുള്ളത്. പഞ്ചായത്തിലെ കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഇത് 7613 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ നല്ലൊരു ശതമാനം വീടുകൾ കുടിലുകളാണ്. ഭവന നിർമ്മാണത്തിൽ 4 വർഷം കൊണ്ട് 8.12% മാത്രമാണ് വർദ്ധനവുണ്ടായിട്ടുള്ളത്. 1995-96 കാലയളവിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽകൂടി പഞ്ചായത്തിൽ ആകെ 70 വീടുകളാണുള്ളത്. ആകെ വീടുകളിൽ 0.4% വീടുകൾ മാത്രമാണ് ഒന്നിലധികം നിലകളുള്ളത്. കോൺക്രീറ്റ് കെട്ടിടം 9.5% ഉം ഓടുമേഞ്ഞിട്ടുള്ളവ 51%ഉം, ഓലമേഞ്ഞ വീടുകൾ 39% ഉം ആണ്. ഇവ കുടിലുകളാണ്. കുടിലുകളിൽ പാർക്കുന്നവരിൽ നല്ലൊരു ഭാഗം പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്.

(പട്ടിക-7-1) കാണുക.

പഞ്ചായത്തു മുഖേനയും, ബ്ലോക്കു മുഖേനയും ലഭിക്കുന്ന ഭവന നിർമ്മാണ സഹായം അപര്യാപ്തമാണ്. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം പ്രവർത്തിക്കുന്നില്ല. കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് അഭൂതപൂർവ്വമായ വിലവർദ്ധനയാണുണ്ടായിട്ടുള്ളത്. പ്രാദേശിക ലഭ്യതയ്ക്കനുസൃതമായി ഭവനങ്ങൾ നിർമ്മിക്കുന്നതിന് ജനങ്ങൾ താൽപര്യം കാണിക്കുന്നില്ല. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് ജനങ്ങൾക്ക് താല്പര്യമുണ്ട്. എന്നാൽ അതിനുള്ള ബോധവത്കരണം ഇല്ലാത്തതുമൂലം പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. ഇപ്പോൾ പുതിയതായി നിർമ്മിക്കുന്ന വീടുകൾ കൂടുതലും വളരെ ആർഭാടമായി പണിയുന്നവയാണ്. ഗൾഫ് പണത്തിന്റെ ആധിക്യം മൂലമുള്ള പണികൾ പഞ്ചായത്തിൽ കുറവല്ല.

വാഹന സൗകര്യം കൂടുതലുള്ള സ്ഥലങ്ങളിലാണ് ഭവന നിർമ്മാണം നടത്തുന്നതിൽ കൂടുതൽ വ്യഗ്രത കാണുന്നത്.ഇന്ന് പഞ്ചായത്തിൽ വസ്തുവിനു മിനിമം വില സെന്റിന് 5000\- രൂപയിലധികമാണ്.

പഞ്ചായത്തിൽ ഇടമൺ, ഉറുകുന്ന്, ഒറ്റക്കൽ, തെന്മല എന്നിവിടങ്ങളിൽ ലക്ഷം വീടു കോളനികളുണ്ട്. ആനപെട്ടാം കോങ്കൽ, ഇടമൺ എന്നിവിടങ്ങളിൽ 4 സെന്റ് കോളനിയുമുണ്ട്. ആനപെട്ടാം കോങ്കലിൽ 4 സെന്റ് കോളനിയ്ക്ക് സ്ഥലമെടുത്തിട്ടുണ്ടെങ്കിലും വിതരണം നടത്തിയിട്ടില്ല. കോളനികളിലെ വീടുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളവ ഏറെയാണ്. കക്കൂസ്, ശുദ്ധജല ലഭ്യത, വഴിവിളക്ക്, വൈദ്യുതി എന്നിവയാണ് കോലനികളിലെ പ്രധാന പ്രശ്നങ്ങൾ. പഞ്ചായത്തിൽ ഒരു ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ തടി സുലഭമാണ്. കെട്ടിട നിർമ്മാണ തൊഴിലാളികളിൽ ഭൂരിപക്ഷവും തദ്ദേശിയരാണ്. കെട്ടിടങ്ങൾ കോൺട്രാക്ട് കൊടുത്ത് ചെയ്യിക്കുന്ന രീതി പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്നു. നിർമ്മ്ണ തൊഴിലാളികളെ ആവശ്യത്തിനു ലഭിക്കാറുണ്ട്. കല്പണിക്ക് ഇപ്പോൾ

125\=രൂപയും, മൈക്കാട് പുരുഷന് 80\-രൂപയും, സ്രീകൾക്ക് 70\-രൂപായുമാണ് കൂലി. കുറെ വർഷങ്ങളായി ഈ രംഗത്ത് അനിയന്ത്രിതമായി കൂലിവർദ്ധനവുണ്ടായി വരികയാണ്. ഇത് നിയന്ത്രിക്കേണ്ടതാകുന്നു. (പട്ടിക-7-1) കാണുക.

## പ്രശ്നങ്ങൾ:-

1. മൂവായിരത്തോളം കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങളില്ല. അതിൽ പകുതിയിൽ കൂടുതൽ സ്വന്തമായി വസ്തുവില്ലാത്തവരാണ്.

2. ദുർബല വിഭാഗങ്ങൾക്ക് ഭനവ നിർമ്മാണങ്ങൾക്ക് സഹായം നൽകുന്ന ഏജൻസികളുടെ പ്രവർത്തനം വ്യാപകമല്ല.

3. ഭവന നിർമ്മാണത്തിന് സ്വന്തമായി ഭൂമി ഇല്ലാത്തവർ ഉണ്ട്.

4. ഭൂമി കൈവശമുണ്ടെങ്കിലും ഉടമസ്ഥത തെളിയിക്കുവാൻ രേഖകളില്ലാത്തവർ ധാരാളമുണ്ട്. (റയിൽവേ പുറമ്പോക്ക്, കമ്പിലൈൻ, കനാൽ പുറമ്പോക്ക്) ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് ഭവന നിർമ്മാണ വായ്പയോ, ഇതര ആനുകൂല്യങ്ങളോ ലഭിക്കുവാൻ സാദ്ധ്യതയില്ല.

5. മതിയായ രേഖകളില്ലാത്ത ഭൂമിയിൽ വീടു വെച്ചിട്ടുള്ളവർക്ക് വൈദ്യുതി ലഭിക്കുവാൻ നിയമതടസ്സങ്ങളുണ്ട്.

6. ഭവനങ്ങൾക്ക് അനുബന്ധ സൗകര്യങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണമ | ഒന്നിൽകൂടുതൽ നിലകളുള്ളവ | മേൽക്കൂരയുടെ സ്വഭാവം, ഒരു നില കെട്ടിടങ്ങൾ. | | | | വിവിധ ഭവന നിർമ്മാണ പദ്ധതി പ്രകാര മുള്ള വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| 1 | 850 | 3 | 33 | 461 | 345 | 11 | 28 |
| 2 | 499 | 4 | 42 | 240 | 201 | 16 | 18 |
| 3 | 475 | 2 | 49 | 285 | 141 | - | - |
| 4 | 892 | 8 | 87 | 507 | 218 | - | 3 |
| 5 | 654 | 6 | 92 | 384 | 178 | - | - |
| 6 | 596 | 2 | 69 | 317 | 210 | - | 9 |
| 7 | 630 | - | 83 | 297 | 247 | 3 | 2 |
| 8 | 534 | 1 | 55 | 228 | 251 | - | 9 |
| 9 | 862 | 2 | 63 | 301 | 495 | 3 | - |
| 10 | 1057 | 5 | 137 | 358 | 560 | 2 | - |
| 11 | 564 | - | 7 | 472 | 63 | 22 | 1 |
| Total | 7613 | 33 | 717 | 3850 | 2909 | 52 | 70 |

പട്ടിക 7-1

കുറവാണ്.

7. പദ്ധതികൾക്കായി പൊന്നും വിലയ്ക്ക് എടുത്ത വസ്തുവിൽ ബാക്കിയുള്ളത് ഉടമസ്ഥന് തിരികെ നൽകിയിട്ടില്ല.

8. 3-ാം വാർഡിൽ 4 സെന്റ് കോളനിയിൽ ബാക്കിയായി കുറെ സ്ഥലം തരിശായി കിടക്കുന്നു.

9. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഇല്ല.

10. നാല് വർഷമായി തറവില അടച്ചിട്ടുള്ള മലയോര കർഷകർക്ക് പട്ടയം ല ഭിച്ചിട്ടില്ല.

11. ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നില്ല.

12. ഭവന നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ യഥേഷ്ടം ലഭ്യമല്ല.

## സാദ്ധ്യതകൾ:-

1. ഭവന രഹിതർക്ക് വീടുകൾ നിർമ്മിക്കുന്ന പദ്ധതികൾ അടിയന്തിര പ്രധാന്യത്തോടെ ഏറ്റെടുക്കുക.

2.ഭവനരഹിതരുടെ പട്ടിക തയ്യാർ ചെയ്യുകയും, സാമ്പത്തിക സഹായം അനുവദിക്കുമ്പോൾ അർഹതയുള്ളവർക്ക് മുൻഗണന നൽകുകയും ചെയ്യുക.

3. കോളനികളിലെ സൗകര്യങ്ങൾ അന്വേഷിക്കുകയും, മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

4. ചെലവു കുറഞ്ഞ വീടിന്റെ നിർമ്മാണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും, തൊഴിലാളികളെ പഠിപ്പിക്കുകയും ചെയ്യുക.

5. കൂടുതൽ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങുക.

6. ഭവന നിർമ്മാണത്തിന് സാങ്കേതിക സഹായം, വായ്പാ സൗകര്യങ്ങൾ, പദ്ധതി വിശദീകരണം തുടങ്ങിയ കാര്യങ്ങൾ അറിയുന്നതിന് കൂടുതൽ ബോധവൽക്കരണം

(പട്ടിക-7.2)

**കഴിഞ്ഞ പതിനാറ് വർഷം കൊണ്ട് കൂലിയിൽ വന്ന വർദ്ധനവ് രൂപയിൽ:-**

| വർഷം | മേശൻ | മൈക്കാട് | |
|---|---|---|---|
| | | പുരുഷൻ | സ്ത്രീ |
| 1970 | 5.00 | 3.00 | 2.25 |
| 1972 | 8.00 | 4.00 | 3.00 |
| 1975 | 12.00 | 8.00 | 5.00 |
| 1978 | 20.00 | 12.00 | 8.00 |
| 1981 | 25.00 | 16.00 | 12.00 |
| 1984 | 35.00 | 25.00 | 20.00 |
| 1985 | 40.00 | 30.00 | 25.00 |
| 1987 | 60.00 | 40.00 | 30.00 |
| 1996 | 125.00 | 80.00 | 70.00 |

നടത്തുക.

7. അനധികൃതമായ പാറപൊട്ടിക്കൾ കർശനമായി നിയന്ത്രിക്കുക. നിയന്ത്രിത വിലയ്ക്ക് പാറ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

8. 1200 Sq: fit-ൽ അധികം വരുന്ന വീടുകൾക്ക് നിലവാരം അനുസരിച്ച് പ്രത്യേക നിരക്കിൽ നികുതി പഞ്ചായത്ത് ഈടാക്കണം.

9. അഞ്ചു ലക്ഷം രൂപയിൽ കൂടുതൽ തുകയ്ക്കുള്ള വീടുകളുടെ നിർമ്മാണം നിരുൽസാഹപ്പെടുത്തുക.

10. നിർമ്മാമ തൊഴിലാളികലുടെ കൂലി നിരക്ക് നിയന്ത്രിക്കേണ്ടതാണ്.

11. റോഡു പുറമ്പോക്കിലും മറ്റും താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക. മറ്റു പുറമ്പോക്കിൽ താമസിക്കുന്നവർക്ക് വീടു വെയ്ക്കുന്നതിന് ധനസഹായം നൽകുക.

## സാമൂഹ്യക്ഷേമം

തെന്മല പഞ്ചായത്തിൽ സാമൂഹ്യക്ഷേമ വികസന പദ്ധതികളിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളാണ്. എല്ലാവർക്കും തൊഴിൽ, പാർപ്പിടം, കുടിവെള്ളം, ആരോഗ്യം, ക്ഷേമം എന്നിവയൊക്കെയാണ് സാമൂഹ്യക്ഷേമ പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ രണ്ടു തരത്തിൽ നടപ്പാക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, പാവപ്പെട്ടവർക്ക് നേരിട്ട് പ്രയോജനം കിട്ടുന്ന സ്ഥായിയായ സാമൂഹ്യ ആസ്ഥികൾ നിർമ്മിക്കുക, അതുവഴി നാട്ടിൻപുറത്തെ ജീവിതത്തിന്റെ പൊതുവായ നിലവാരം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കി വരുന്ന ജവഹർ റോസ്ഗാർ യോജനപോലുള്ള തൊഴൽ പദ്ധതികൾ ആണ് ഇതിൽ ആദ്യത്തേത്. പദ്ധതി പ്രകാരമുള്ള തുകയുടെ 80%വും ഗ്രാമപഞ്ചായത്തുകൾ വഴിയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ കഴിഞ്ഞ നാലഞ്ചു വർഷമായി തെന്മല പഞ്ചായത്തിൽ ഈ പദ്ധതിയനുസരിച്ചുള്ള പണം ലഭ്യമാകുന്നില്ല. ആദ്യവർഷങ്ങളിൽ പദ്ധതി നടപ്പാക്കിയതിലുള്ള ദുരുപയോഗപ്പെടുത്തൽ മൂലമാണ് ഇത് സംഭവിച്ചത്. 1996-97 മുതൽ JRY വിഹിതം ലഭിച്ചു തുടങ്ങിയിട്ടുണ്ട്. 20% തുക ബ്ലോക്കുകൾ വഴിയാണ് ചെലവഴിക്കുന്നത്. 1996-97 വർഷം മുതൽ JRY വിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 65:15:20 എന്ന അനുപാതത്തിലാണ് ലഭിക്കുന്നത്.

## പ്രശ്നങ്ങൾ

1. ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി വിഹിതം 80% ത്തിൽ നിന്നും 65% ആയി വെട്ടിക്കുറച്ചു.

2. പദ്ധതി നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരികളിൽ നിന്നും വേണ്ടത്ര പിന്തുണ ലഭിക്കുന്നില്ല.

3. നടത്തിപ്പ് ഇപ്പോഴും 'കൺവീനർ' എന്ന പേരിൽ അറിയപ്പെടുന്ന കോൺട്രാക്ടർ വഴിയാണ്.

4. ദരിദ്രജനവിഭാഗങ്ങളെ ഉദ്ദേശിച്ച് നടപ്പാക്കേണ്ട പദ്ധതി, റോഡുകൾ തുടങ്ങിയ പരിപാടികൾ ഏറ്റെടുക്കുന്നതുവഴി, ലക്ഷ്യവിഭാഗങ്ങലിൽ നിന്നും അകന്നുപോകുന്നു.

## സാധ്യതകൾ

1. ഗ്രാമപഞ്ചായത്തുകൾക്കുള്ള 80% വിഹിതം നിലനിർത്തുക. 20% ബ്ലോക്കു പഞ്ചായത്തുകൾ വഴി നടപ്പാക്കുക. (ജില്ലാതലത്തിലുള്ള 20% ഇപ്പോഴും ബ്ലോക്കുകൾ വഴിയാണ് നടപ്പാക്കുന്നത്.)

2. ഗ്രാമപഞ്ചായത്തുതലത്തിൽ എഞ്ചിനീയറിംഗ് വിഭാഗം സൃഷ്ടിക്കുക.

3. എല്ലാത്തരം ഇടനിലക്കാരെയും ഒഴിവാക്കി പദ്ധതിയുടെ നടത്തിപ്പ് ലക്ഷ്യവിഭാഗങ്ങൾക്ക് നേരിട്ട് നൽകുക.

4. പരമാവധി റോഡുപണികൾ ഒഴിവാക്കി ദരിദ്രജനവിഭാഗങ്ങൾക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന വീടുകൾ, കക്കൂസുകൾ, അംഗൻവാടി കെട്ടിടങ്ങൾ എന്നിവയുടെ നിർമ്മാണം, പട്ടികജാതി\പട്ടികവർഗ്ഗ കോളനികളിലേയും 4 സെന്റ് കോളനികളിലേയും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതികൾ, ജലസേ

ചന സൗകര്യം മെച്ചപ്പടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതികൾ, തോടുകളും മറ്റും ആഴം കൂട്ടുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള പദ്ധതികൾ എന്നിവ ഏറ്റെടുക്കുക.

5. E.A.S. (തൊഴിൽ ഉറപ്പു പദ്ധതി) നടപ്പാക്കുക.

## JRYയുടെ അനുബന്ധമായി നടപ്പാക്കിക്കൊണ്ടിരുന്ന IAY, MWS എന്നീ പദ്ധതികൾ ഇപ്പോൾ പ്രത്യേകം പദ്ധതികളായി നടത്തുകയാണ് ചെയ്യുന്നത്.

### IAY (ഇന്ദിരാ ആവാസ് യോജന)

ഗ്രാമങ്ങളിലെ ദരിദ്രരായ പട്ടികജാതിക്കാർ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിന് സഹായം നൽകുന്നതിനുള്ള പരിപാടിയാണിത്. തെന്മല പഞ്ചായത്തിൽ IAY പ്രകാരവും JRY, MWS എന്നീ പരിപാടികൾ പ്രകാരവും 200ൽപ്പരം വീടുകൾ നിർമ്മിക്കുന്നതിന് സഹായം ലഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ വീടൊന്നിന് നൽകുന്ന സഹായം 15800 രൂപായിൽ നിന്നും 1996-97 മുതൽ 22000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ നേരിട്ടാണ് പണികൾ ചെയ്യുന്നത്. ഗ്രാമീണ ഭവന നിർമ്മാണ പദ്ധതി ഈ പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ട്.

### MWS (ദശലക്ഷം കിണർ പദ്ധതി)

ദാരിദ്രരേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാരും അല്ലാത്തവരുമായുള്ള കർഷകരുടെ കൃഷിഭൂമിയിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും മറ്റ് ഭൂവികസന, മണ്ണുസംരക്ഷണ ജോലികൾ ചെയ്യുന്നതിനു വേണ്ടിയുള്ളതാണീ പദ്ധതി. ഈ പദ്ധതി പ്രകാരം തെന്മല പഞ്ചായത്തിൽ 65ഓളം ജലസേചന കിണറുകൾ നിർമ്മിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ തന്നെ നേരിട്ടു നടത്തുന്ന ഈ പദ്ധതികൾക്കാവശ്യമായ സാമ്പത്തിക സഹായം "നേരിട്ട് വീട്ടുപടിക്കൾ എത്തിക്കുക" എന്ന രീതിയിൽ നടക്കുന്നു. 1996-97 മുതൽ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. കഴിഞ്ഞ വർഷം വരെ ഈ പദ്ധതി പ്രകാരം വീടുകൾ പണിയുന്നതിന് നിശ്ചിത വിഹിതം ഉപയോഗിച്ചിരുന്നത് ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട്.

### IAY, MWS -പ്രശ്നങ്ങൾ

1. PWD നിരക്ക് അനുസരിച്ചുള്ള എസ്റ്റിമേറ്റുകളാണ് നിശ്ചയിച്ചിരിക്കുന്നത് എന്നതിനാൽ പ്രാദേശികമായുള്ള വിലവർദ്ധനവ്, കൂലി വർദ്ധനവ് എന്നിവമൂലം നിശ്ചിത തുകയ്ക്ക് പദ്ധതികൾ പൂർത്തിയാക്കുന്നതിന് വളരെ ദുർബലരായ ഗുണഭോക്താക്കൾക്ക് കഴിയുന്നില്ല.

2. മെറ്റീരിയലുകൾ വാങ്ങുന്നതിനു പോലും നൽകുന്ന തുക തികയാതെ വരുന്നതിനാൽ പണികൾ പൂർത്തിയാകാതെ പോവുകയോ പൂർത്തിയാക്കുന്ന പണികളുടെ ഗുണമേന്മ കുറഞ്ഞുപോവുകയോ ചെയ്യുന്നു.

3. പദ്ധതിയുടെ നടത്തിപ്പിന് ഗുണഭോക്താക്കൾക്ക് പൂർണ്ണമായ പങ്കാളിത്തം ഉണ്ടാകുന്നതിനാൽ, മറ്റു തൊഴിലുകൾ ചെയ്യുന്നതിന് സാധിക്കാതെ വരുന്നതുമൂലം വരുമാനം കുറയുന്നു.

4. സൗജന്യ സഹായം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് കഴിയുന്നില്ല.

5. തെന്മല പഞ്ചായത്തിലെ ലക്ഷ്യവിഭാഗങ്ങളിൽ ഏറ്റവും ദുർബലവിഭാഗങ്ങളും ഭൂരിപക്ഷം വിഭാഗങ്ങളും പുറമ്പോക്കുകളിൽ കഴിയുന്നതിനാൽ സഹായം ലഭിക്കാതെ പോകുന്നു.

### IRDP (സംയോജിത ഗ്രാമവികസനപരിപാടി)

ദാരിദ്ര്യനിർമാർജനത്തിനുള്ള രണ്ടാമത്തെ പ്രധാന പദ്ധതി. ഈപദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് സ്വീകരിച്ചിരിക്കുന്ന സമീപനങ്ങൾ രണ്ടാണ്. (1) ദരിദ്രകുടുംബങ്ങളിലെ അംഗങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള വരുമാനജനക പദ്ധതികൾ, (2) ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള വരുമാനം കൂട്ടുന്നതിനുള്ള പദ്ധതികൾ, തൊഴിൽ പരിശീലനവും, വൈദഗ്ദ്യ പരിശീലനവും, നവീനകൈത്തൊഴിലുപകരണങ്ങളുടെ വിതരണവും ഇവയിൽ ഉൾപ്പെടുന്നു.

ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബത്തിലുള്ളവർക്ക് വരുമാന വർദ്ധനവിനുതകുന്ന സ്ഥിരം ആസ്ഥികൾ നൽകുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ബാങ്കുകളിൽ നിന്നുള്ള വായ്പകളും, സബ്സിഡിയും ഉപയോഗിച്ചാണ് ഇത്തരം ആസ്തികൾ സ്വരൂപിക്കുന്നത്. പദ്ധതി നടത്തിപ്പിനായി പഞ്ചായത്തിലെ വാർഡു തിരിച്ചുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓരോ അഞ്ചുവർഷം കൂടുംമ്പോഴും നടത്തുന്ന പ്രാധമിക സർവ്വേയിലൂടെ അർഹതയുള്ള കുടുംബങ്ങളെ കണ്ടെത്തിയാണ് ഈലിസ്റ്റ് തയ്യാറാക്കുന്നത്. പ്രതിവർഷം 11000 രൂപായിൽ താഴെ വരുമാനമുള്ള കുടുംബങ്ങളെയാണ് ദാരിദ്ര്യ രേഖയ്ക്ക്താഴെയുള്ള കുടുംബങ്ങളായി കണക്കാക്കുന്നത്. ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബത്തിന് ആദ്യം സഹായം നൽകുക എന്നതിനായി 'അന്ത്യോദയ സമീപനം' സ്വീകരിക്കുന്നു. IRDP പ്രകാരം തെൻമല പഞ്ചാത്തിൽ തിരിച്ചറിഞ്ഞിട്ടുള്ള കുടുംബങ്ങളുടെയും സഹായം ലഭിച്ച കുടുംബങ്ങളുടെയും മൊത്ത കണക്കുകൾ (പട്ടിക 7.3 കാണുക).

തെരെഞ്ഞെടുക്കുന്ന കുടുംബങ്ങൾക്ക് 15000- രൂപായിൽ കുറയാത്ത മുതൽ മുടക്കുള്ള പദ്ധതികൾ നൽകുക, നൽകുന്ന സഹായം രൊക്കം പണമായി നൽകുക, ദാരിദ്ര്യം മാറാത്ത സഹായിച്ച കുടുംബങ്ങൾക്ക് വീണ്ടും സഹായം നൽകുക തുടങ്ങിയതാണ് പദ്ധതിയുടെ പ്രത്യേകതകൾ

**(പട്ടിക-7.3)**

**IRDP സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ**

| വാർഡ് | കണ്ടെത്തിയ കുടുംബങ്ങൾ | അതിൽ SC/ST | സഹായം ലഭിച്ചവർ | അതൽ SC/ST | ദാരിദ്ര്യരേഖ മറികടന്നവർ | ദാരിദ്ര്യരേഖയ്ക് താഴെയുള്ളവർ |
|---|---|---|---|---|---|---|
| 1 | 409 | 87 | 32 | 16 | 4 | 405 |
| 2 | 247 | 50 | 10 | 5 | 1 | 246 |
| 3 | 229 | 30 | 43 | 26 | 10 | 219 |
| 4 | 302 | 23 | 24 | 8 | 4 | 298 |
| 5 | 261 | 13 | 8 | 2 | - | 261 |
| 6 | 268 | 49 | 19 | 12 | 6 | 262 |
| 7 | 277 | 25 | 28 | 16 | 8 | 269 |
| 8 | 245 | 21 | 22 | 12 | 10 | 235 |
| 9 | 347 | 8 | 32 | 8 | 11 | 336 |
| 10 | 241 | 48 | 27 | 21 | 6 | 235 |
| 11 | 249 | 63 | 18 | 12 | 8 | 241 |
| Total | 3075 | 417 | 263 | 138 | 68 | 3007 |

അവലംബം: സെക്കണ്ടറി ഡേറ്റ/ VEO ഓഫീസുകൾ

**DWCRA (ഗ്രാമീണ വനിതാ ശിശു വികസന പരിപാടി)**

IRDP യുടെ അനുബന്ധ പരിപാടിയാണ് ഇത്. ലക്ഷ്യവിഭാഗത്തിലുള്ള വനിതകളുടെ കൂട്ടായ പ്രവർത്തനത്തിന് സഹായം ലഭിക്കും. കൂടുതൽ മുതൽമുടക്കുള്ള പദ്ധതികൾ തുടങ്ങാമെന്നുള്ളതും കൂടുതൽ പേർക്ക് തൊഴിൽ സൗകര്യങ്ങൾ ലഭിക്കു മെന്നുള്ളതും അസംസ്കൃത സാധനങ്ങളുടെ വാങ്ങലിനും വില്പനയ്ക്കും കൂട്ടായപ്രവർത്തനങ്ങൾ നടത്താമെന്നുള്ളതും ആണ് ഇതിന്റെ പ്രത്യേകതകൾ. വനിതകൾക്കുവേണ്ടി 10 മുതൽ 15 വരെ അംഗങ്ങളുള്ള സംഘടനകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നു. തെന്മല പഞ്ചായത്തിൽ ഇത്തരം രണ്ട് സംഘങ്ങൾ മാത്ര മാണുള്ളത്. അവയുടെ വിവരം ചുവടെ പട്ടിക (7.4)ൽ ചേർക്കുന്നു

ആദ്യത്തെ സംഘത്തിന് 60000 രൂപാ വായ്പയും 60000 രൂപാ സബ്സിഡിയും 15000 രൂപാ റിവോൾവിംഗ് ഫണ്ടും ലഭിച്ചു. കൂൺ വളർത്തൽ രംഗത്തുള്ള പരിമിതികളും. അംഗങ്ങളുടെ കൂട്ടായ്മ ഇല്ലായ്മയും ആണ് പ്രവർത്തനം മോശമായത്. രണ്ടാമത്തെ യൂണിറ്റിന് ഒന്നര ലക്ഷം രൂപാ വായ്പയും 40000 രൂപാ സബ്സിഡിയും 25000 രൂപാ റിവോൾവിങ്ങ് ഫണ്ടും ലഭിച്ചു. താരതമ്യേന കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

ഗ്രൂപ്പായുള്ള പ്രവർത്തനങ്ങൾക്കു വേണ്ടി കുറഞ്ഞത് അഞ്ചു പേരെങ്കിലും ചേർന്ന് തുടങ്ങുന്ന സംരംഭങ്ങൾക്ക് 50% അഥവാ 1.25 ലക്ഷം രൂപാ ഏതാണോ കുറവ് അത്രയും സബ്സിഡിയായി നൽകുന്ന ഒരു പദ്ധതി IRDP യോടനുബന്ധിച്ച് 1996-1997 മുതൽ നടപ്പാക്കുന്ന തിന്നായി വിഭാവനം ചെയ്തിട്ടുണ്ട്.

**ട്രൈസം (ഗ്രാമീണ യുവജനങ്ങൾക്കു വേണ്ടിയുള്ള തൊഴിൽ പരിശീലന പരിപാടി)**

ദാരിദ്ര്യ രേഖയ്ക്ക് താഴയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനാണീ പദ്ധതി. പരിശീലനത്തിനായി ഗുണഭോക്താവിനും പരിശീലനസ്ഥാപനത്തിനും സഹായം നൽകുന്നു. പരിശീലനാനന്തരം സ്വയം തൊഴിൽചെയ്യുന്നതിനുള്ള സഹായം IRDP പ്രകാരം ലഭിക്കും. അല്ലാത്ത പക്ഷം പരിശീലനം ലഭിച്ച തൊഴിൽമേഖലയിൽ ജോലി ചെയ്യുന്നതിനും കഴിയുന്നു. തെന്മല പഞ്ചായത്തിൽ ട്രൈസം പ്രകാരം പരിശീലനം ലഭിച്ചവരുടെ വിവരം പട്ടിക 7.5 കാണുക.

തൊഴിൽ പരിശീലന സമയത്തുതന്നെ ഇവർക്ക് ടൂൾ കിറ്റുകൾ നൽകുന്നുണ്ട്. കൂടാതെ ഗ്രാമീണ കരകൗശല തൊഴിലാളികൾക്ക് നവീന കൈത്തൊഴിലുപകരണങ്ങൾ നൽകുന്ന ഒരു പദ്ധതിയും നിലവിലുണ്ട്. തൊഴിലുപകരണത്തിന്റെ 10% വില മാത്രം ഗുണഭോക്താവ് നൽകിയാൽ മതിയാവും ഈ പദ്ധതിയിൽ നൽകിയ സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു പട്ടിക 7.6 കാണുക.

**(പട്ടിക-7.4)**

**DWCRA തൊഴിൽ സംരംഭങ്ങളുടെ വിവരങ്ങൾ**

| സംഘത്തിന്റെ പേര് | പ്രവർത്തനം | ആരംഭിച്ചവർഷം | അംഗങ്ങൾ | പ്രവർത്തിന ക്ഷമത |
|---|---|---|---|---|
| 1. കസ്തൂർബാ DWCRA യൂണിറ്റ് | കൂൺവളർത്തൽ | 1994-95 | 15 | പ്രവർത്തനക്ഷമമല്ല |
| 2. കൈരളി DWCRA യൂണിറ്റ് | പശുവളർത്തൽ | 1995-96 | 10 | കാര്യക്ഷമം |

അവലംബം: സെക്കണ്ടറി ഡേറ്റ/ VEO ഓഫീസുകൾ

(പട്ടിക-7.5)

ട്രൈസം പരിശീലനം ലഭിച്ചവരുടെ വിവരം

| നമ്പർ | പരിശീലനത്തിനായി തെരഞ്ഞെടുത്തവിഷയം | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| | | | സഹായംവഴി | കൂലിപ്പണി വഴി | |
| 1 | കമ്പോസിംഗ് & പ്രിന്റിംഗ് | 14 | – | 14 | – |
| 2 | വയറിംഗ് | 2 | – | 2 | – |
| 3 | പ്ലംബിംഗ് | 2 | – | 2 | – |
| 4 | ബുക്ക് ബയന്റിംഗ് | 2 | – | 2 | – |
| 5 | ഗാർഹിക ഉപകരണങ്ങൾ നന്നാക്കൽ | 2 | – | 2 | – |
| | ആകെ | 22 | – | 22 | – |

അവലംബം: സെക്കണ്ടറി ഡേറ്റ/ VEO ഓഫീസുകൾ

(പട്ടിക-7.6)

ആധുനിക കൈതൊഴിലുപകരണ പരിപാടി

| വാർഡ് | IRDP സർവ്വേപ്രകാരം അർഹതയുള്ളവർ | സഹായം ലഭിച്ചവർ | അവശേഷിക്കുന്നവർ |
|---|---|---|---|
| 1 | 18 | - | 18 |
| 2 | 13 | - | 13 |
| 3 | 14 | - | 14 |
| 4 | 21 | - | 21 |
| 5 | 18 | 1 | 17 |
| 6 | 17 | - | 17 |
| 7 | 19 | 1 | 18 |
| 8 | 27 | 2 | 25 |
| 9 | 26 | - | 26 |
| 10 | 18 | - | 18 |
| 11 | 9 | - | 9 |
| Total | 200 | 4 | 196 |

അവലംബം: സെക്കണ്ടറി ഡേറ്റ/ VEO ഓഫീസുകൾ

### ദാരിദ്ര നിർമാർജ്ജന പരിപാടി കളിലെ പ്രശ്ന ങ്ങൾ IRDP യും മറ്റും)

1. IRDP പ്രകാരം വളരെ കുറച്ച് പേർക്ക് മാത്രമേ സഹായം ലഭിക്കുന്നുള്ളു.

2. 'അന്ത്യോദയ സമീപന' പ്രകാരം അർഹത നേടുന്ന കുടുംബങ്ങൾക്ക് പദ്ധതിയുടെ നടത്തിപ്പിനെ കുറിച്ച് സാമാന്യജ്ഞാനം പോലുമില്ല.

3. ഇങ്ങനെയുള്ള കുടുംബങ്ങൾക്ക് വേണ്ടത്രപരിശീലനം നൽകുന്നതിനും പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുമുള്ള സംവിധാനങ്ങളുടെ പോരായ്മ.

4. ഏറ്റെടുക്കുന്ന പദ്ധതികൾ തന്മൂലം പരാജയപ്പെടുകയോ/ ദുരുപയോഗ പ്പെടുത്തുകയോ ചെയ്യുന്നു. ആയതിനാൽ ദരിദ്ര കുടുംബങ്ങളിലെ ദാരിദ്ര്യം മാറുന്നില്ല എന്നുമാത്രമല്ല അവർ കൂടുതൽ കടക്കാരായി മാറുകയും ചെയ്യുന്നു.

5. പഞ്ചായത്തിൽ 50% ൽ അധികം സഹായം ലഭിക്കുന്ന കുടുംബങ്ങളും പട്ടികജാതിയിൽ ഉൾപ്പെടുന്നു. ഈവിഭാഗക്കാർക്ക് പൊതുവെയുള്ള പോരായ്മകളും പദ്ധതിയെ പരാജയപ്പെടുത്തുന്നു.

6. ഓരോ വിഭാഗത്തിനും നിശ്ചയിച്ചിരിക്കുന്ന ടാർജറ്റുകൾ, ഏറ്റവും കുറഞ്ഞ നിക്ഷേപത്തിന് നിശ്ചയിച്ചിരിക്കുന്ന പരിധി എന്നിവയും പദ്ധതികൾ അടിച്ചേല്പിക്കുന്നതിന് കാരണമാകുന്നു.

7. പരിശീലന പരിപാടികളുടെ പോരായ്മ

## സാധ്യതകൾ

1. അന്ത്യോദയ സമീപനം ഒഴിവാക്കുകയും തൊഴിൽ വൈദഗ്ധ്യവും പ്രായോഗിക പരിജ്ഞാനവും സംരംഭക ശേശിയുമുള്ള ദരിദ്രരായ ഗുണഭോക്താക്കളെ കണ്ടെത്തി സഹായം നൽകണം.

2. ട്രൈസം പദ്ധതി കാര്യക്ഷമമാക്കി ഗുണഭോക്താക്കൾക്ക് തൊഴിൽ വൈദഗ്ദ്യം, പ്രായോഗിക പരിജ്ഞാനം, സംരംഭകശേശി എന്നിവ ഉറപ്പുവരുത്തണം.

3. ഓരോ കുടുംബത്തിനും ആവശ്യവും പര്യാപ്തവുമായ സഹായം നൽകണം.

4. ടാർജറ്റ് സമ്പ്രദായങ്ങൾ ഒഴിവാക്കണം.

5. പദ്ധതി നടത്തിപ്പിന്റെ ഓരോഘട്ടത്തിലും ജനപ്രധിനിധികൾ, ഉദ്യോഗസ്ഥർ, സമ്പന്ന സംഘടനകൾ എന്നിവയുടെ മേൽനോട്ടം ഉറപ്പാക്കണം.

6. പട്ടികജാതീ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള അടിച്ചേൽപ്പിക്കൽ പ്രവണത ഒഴിവാക്കി, കൂടുതൽ ശ്രദ്ധയോടെ വേണ്ട രീതിയിലുള്ള പരിശീലനം ഈവിഭാഗങ്ങൾക്ക് കൂടുതലായി ഉറപ്പാക്കണം.

7. കൂട്ടായ പ്രവർത്തനങ്ങൾക്കും കൂടുതൽ തൊഴിൽ സാദ്ധ്യതയും മെച്ചപെട്ട വരുമാനവും ലഭിക്കുന്ന പദ്ധതികൾക്കും മുൻഗണന് നൽകണം.

സാമൂഹ്യ ക്ഷേമ പരിപാടികളിൽ വിവിധയിനം പെൻഷൻ പദ്ധതികൾ, അമ്മമാരുടെയും, കുട്ടികളുടെയും പദ്ധതികൾ, വൃദ്ധൻ മാരുടെയും വികലാംഗരുടെയും പദ്ധതികൾ തുടങ്ങിയ വിവിധ പദ്ധതികൾ ഉൾപ്പെടുന്നു. സമൂഹത്തിലെ ദുർബല വിഭാഗക്കാർക്കു വേണ്ടിയുള്ള നിരവധി ക്ഷേമ പദ്ധതികളിലൂടെ ഇക്കാര്യത്തിൽ കേരളം മുന്നിട്ട് നിൽക്കുന്നു. വിവിധതരത്തിലുള്ള പെൻഷൻ പദ്ധതികൾക്കർഹതയുള്ളവർ അനേക മുണ്ടങ്കിലും വളരെ കുറച്ചു പേർക്ക് മാത്രമെ ഇതിന്റെ സേവനങ്ങൾ ലഭിക്കുന്നുള്ളു എന്ന് കാണാവുന്നതാണ് പട്ടിക 7.7 കാണുക.

വിവിധയിനം പെൻഷനുകൽ പഞ്ചായത്തിൽ ഒട്ടാകെ 260 ഓളം പേർക്കു മാത്രമാണ് ലഭിക്കുന്നതെന്നും കാണാം. സാമൂഹ്യക്ഷേമ വകുപ്പിന് കൈമാറിയ 5 അംഗൻ വാടികൾ മാത്രമാണ് പ്രവർത്തിക്കുന്നത്. 16 സ്ഥലങ്ങളിൽ പുതുതായി അംഗൻ വാടികൾ സ്ഥാപിക്കുന്നതിനുള്ള നിർദേശമുണ്ട്. കൂടാതെ വിവധ വിഭാങ്ങൾ ക്കു വേണ്ടി നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും അറിവില്ലായ്മ മൂലവും അപേക്ഷിക്കുന്നതിനുള്ള നൂലാമാലകൾ മൂലവും അർഹതയുള്ളവർക്കൊന്നും കിട്ടുന്നില്ല എന്നുകാണാവുന്നതാണ്. അംഗൻ വാടികൾ നിലവിലുള്ള സ്ഥലങ്ങളുടെയും പുതുതായി ആരംഭിക്കേണ്ടുന്ന സ്ഥലങ്ങളെ പറ്റിയും പട്ടിക

(പട്ടിക-7.7)

വിവിധതരം പെൻഷൻ പദ്ധതികൾ

| പദ്ധതികൾ | ലഭിക്കുന്ന വരുടെ എണ്ണം | പ്രതിമാസം ലഭിക്കുന്നതുക | തീരുമാനമാകാത്ത അപേക്ഷകൾ |
|---|---|---|---|
| 1. വാർദ്ധക്യകാല പെൻഷൻ | 23 | 100 | 2 |
| 2. വിധവാ പെൻഷൻ | 56 | 100 | 4 |
| 3. കർഷകതൊഴിലാളി പെൻഷൻ | 121 | 70 | 40 |
| 4. വികലാംഗ പെൻഷൻ | 46 | 100 | - |
| 5. ക്ഷയരോഗ പെൻഷൻ | 3 | 50 | - |
| 6. ക്യാൻസർ പെൻഷൻ | 2 | 50 | - |

അവലംബം: സെക്കണ്ടറി ഡേറ്റ

(പട്ടിക-7.8)

തെന്മല പഞ്ചായത്തിലെ അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | അംഗൻവാടികൾ നിലവിലുള്ളവ | പുതുതായി ആരംഭിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|
| 1. ചാലിയക്കര | - | ഉപ്പുഴി, ചെറുകടവ്, ഓലപ്പാറ |
| 2. ചെറുതന്നൂർ | - | വാഴവിള, ചെറുതന്നൂർ, അഞ്ചേക്കർ |
| 3. ആനപെട്ടകോങ്കൽ | ആനപെട്ടകോങ്കൽ | ചിറ്റാലംകോട് IHDP കോളനി |
| 4. ഇടമൺ വടക്ക് | ഇടമൺ | - |
| 5. ഇടമൺ തെക്ക് | - | തേവരുകുന്ന് |
| 6. തേക്കുംക്കൂപ്പ് | ഉറുകുന്ന് കോളനി | അംബദ്ക്കർ കോളനി |
| 7. ഉറുകുന്ന് | - | വെള്ളച്ചാൽ, ബ്ലോക്ക് 17 |
| 8. ഒറ്റക്കൽ(പടിഞ്ഞാറ്) | ഉറുകുന്ന് | കുരിശുമല അടിവാരം |
| 9. ഒറ്റക്കൽ (കിഴക്ക്) | ഒറ്റക്കൽ | ജനകീയ ഗ്രന്ഥശാല |
| 10. തെന്മല | - | KIP ലേബർ കോളനി, തെന്മല |
| 11. നാഗമല | - | മാമ്പഴത്തറ |
| ആകെ | 5 | 16 |

അവലംബം: സെക്കണ്ടറി ഡേറ്റ/സാമൂഹ്യ ക്ഷേമവകുപ്പ്

യിൽ നിന്നും മനസിലാക്കാംപ പട്ടിക 7.8 കാണുക. തെന്മല പഞ്ചായത്തിൽ 200 ഓളം വികലാംഗർ ഉള്ളതായി കണക്കാക്കുന്നു.

## പ്രശ്നങ്ങൾ

1. വിവിധ പദ്ധതികളെ പറ്റി ജനങ്ങൾക്കറിവില്ല.

2. ആനുകൂല്യം ലഭിക്കുന്നതിനുള്ള നൂലാമാലകൾ.

3. അജ്ഞതയും അന്ധവിശ്വാസവും.

4. എല്ലാമേഖല കളിലുമുള്ള പിന്നോക്കാവസ്ഥ.

5. കിട്ടുന്ന ആനുകൂല്യങ്ങൾ തന്നെ യഥാസമയം ലഭിക്കുന്നില്ല.

6. അംഗൻ വാടികളുടെ പ്രവർത്തനങ്ങളിലും ഭൗതീക സാഹചര്യങ്ങളിലു മുള്ള പോരായ്മ.

## സാദ്ധ്യതകൾ

1. ബോധവൽക്കരണവും ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടവും.

2. നടപടി ക്രമങ്ങളിലുള്ള ലഘൂകരണം.

3. പഠന ക്ളാസുകളും, പരിശീലന പരിപാടിയും.

4. കൂട്ടായ പ്രവർത്തന സാദ്ധ്യത.

5. ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നുവെന്നുറപ്പാക്കൽ.

6. അംഗൻവാടികളുടെയും മറ്റും പ്രവർത്തനം ശ്രദ്ധിക്കുന്നതിന് ഉദ്യോഗസ്ഥരുടേയും, മഹിളാ സമാജങ്ങളുടെയും ഏകോപിച്ചുള്ള പ്രവർത്തനം.

7. പദ്ധതി കളുടെ ആനുകൂല്യം അർഹതയുള്ള എല്ലാവർക്കും ഉറപ്പാക്കൽ.



# IV (8) സംസ്ക്കാരം

മഹാശിലായുഗ കാലഘട്ടത്തിലേതെന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള ഗുഹകളും, ചരിത്രാവശിഷ്ടങ്ങളും ചൂണ്ടിക്കാട്ടുന്നത് തെന്മലയുടെ ആയിരക്കണക്കിനു വർഷത്തെ പാരമ്പര്യമാണ്. 'തേൻമല' യിൽ നിന്നാണ് തെന്മലയുണ്ടാതെന്നും അതല്ല തെന്മലയുടെ നെറുകയിൽ നിന്നും നോക്കിയാൽ കാണാൻ കഴിയുന്ന പത്തുമലകൾ – ടെൻ മലകൾ– ആണ് തെന്മല എന്ന പേരിനാധാരമെന്നും രണ്ടുവാദഗതികൾ നിലനിൽക്കുന്നു. തെന്മല പഞ്ചായത്തിൽ ഇരുനൂറ് വർഷങ്ങൾക്കുമുമ്പ് ജനവാസമുണ്ടായിരുന്നു എന്നതിന്റെ തെളിവാണ് മാമ്പഴത്തറ ദേവീക്ഷേത്രം, ഇടമൺ ആയിരവല്ലീ ക്ഷേത്രം തുടങ്ങിയവ.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ വ്യാപകമായ കുടിയേറ്റം തെന്മല പഞ്ചായത്തിലേക്കുണ്ടായിട്ടുണ്ട്. കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായിരുന്നു ആദ്യകാല കുടിയേറ്റങ്ങൾ. തെന്മല പഞ്ചായത്തിലും സമീപത്തുമുള്ള തോട്ടങ്ങളിലും റിസർവ്വു വനങ്ങളിലും റെയിൽവേയിലും തൊഴിലാളികളായി എത്തിയവരായിരുന്നു ഭൂരിപക്ഷവും.

സ്വാതന്ത്ര്യത്തിന്റെ പുത്തൻ നാമ്പുകൾ ഉണർത്തിയ പ്രതീക്ഷകളുമായി തൊള്ളായിരത്തി അമ്പതുകളുടെ തുടക്കം മുതൽ മദ്ധ്യ തിരുവിതാംകൂറിൽ നിന്നും കന്നി മണ്ണുതേടി കർഷകർ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിയേറിപാർക്കുവാൻ തുടങ്ങി. കാട്ടുമൃഗങ്ങളോടുപടവെട്ടി തങ്ങളുടെ വിയർപ്പുകൊണ്ട് മണ്ണിനെ ചാലിച്ച് കനകം വിളയിക്കുവാൻ അദ്ധ്വാനി ശീലരായ ഇവർക്കു കഴിഞ്ഞു. " ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന വിപ്ലവ സൂക്തത്തിന്റെ ഉപജ്ഞാദാവായ ശ്രീ നാരായണ ഗുരുവിന്റെ പാദസ്പർശം എന്നെന്നും തെന്മല പഞ്ചായത്തിനെ മതസൗഹാർദ്ദത്തിന്റെ നാടാക്കി മാറ്റുന്നതിൽ വലിയപങ്കുവഹിച്ചിട്ടുണ്ട്. ഒരിക്കൽ പോലും വർഗ്ഗീയമായ ചേരിതിരിവുകളോ പ്രവർത്തനങ്ങളോ ഇവിടെ ഉണ്ടായിട്ടില്ല.

ആര്യങ്കാവ് ചുരം, കൊല്ലം–ചെങ്കോട്ട, തിരുവനന്തപുരം-ചെങ്കോട്ട റോഡ് റയിൽവേ ഗതാഗത സൗകര്യം ഇവയെല്ലാം തമിഴ്നാടുമായുള്ള ബന്ധം വളർത്തുന്നതിന് സഹായിച്ചിട്ടുണ്ട്. ഈ ബന്ധമാണ് ബ്രിട്ടീഷ് ഭരണകാലത്ത് സ്ഥാപിതമായ വർകിട തോട്ടങ്ങളായ എ.വി. തോമസ് ആന്റ് കമ്പനി, ഹാരിസൺ & ക്രോസ് ഫീൽഡ് കമ്പനി, റയിൽവേ ലൈൻ നിർമ്മാണം എന്നിവയുമായി ബന്ധപ്പെട്ട് ധാരാളം തമിഴ് വംശജർ തൊഴിലാളികളായി ഇവിടെ എത്തിച്ചേരാൻ കാരണമായത്. കല്ലട ജലസേചന പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ടും ധാരാളം തമിഴർ വന്നുചേർന്നു. വിവിധ കാലങ്ങളിലായി എത്തിചേരുന്ന ഈ തമിഴ്വശംജർക്ക് അവരുടെ ഭാഷയും സംസ്ക്കാരവും തനിമയോടെ നിലനിർത്തുന്നതിന് കഴിയുന്നുണ്ട്.

ജന സംഖ്യയിൽ രണ്ടാംസ്ഥാനത്തു നിൽക്കുന്ന മുസ്ലീംങ്ങളിൽ ഏറിയ പങ്കും മലയാള ഭാഷയോടൊപ്പം തമിഴും ഉപയോഗിക്കുന്നു. തമിഴുനാടുമായുള്ള ബന്ധത്തെ ഇതും സൂചിപ്പിക്കുന്നു.

ജാതിപ്പോരും, സാമൂഹ്യ അസ്പ്രശ്യതയും വളരെ നേരിയതോതിൽ മാത്രമേ ഇവിടെ അനുഭവപ്പെട്ടിട്ടുള്ളൂ എന്നതിന്റെ കാരണം സോഷ്യലിസ്റ്റു ചിന്താഗതിയുടെ ആഴത്തിലുള്ള വേരുകളും തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ചയുമാണ്.

എസ്.എൻ.ഡി.പി., എൻ.എസ്സ്.എസ്സ്, വിശ്വകർമ്മ മഹാസഭ കെ.പി.എം.എസ്സ്., സിദ്ധനർ സംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

**പഞ്ചായത്തിൽ നിലവിലുള്ള ആരാധനാലയങ്ങൾ ചുവടെ ചേർക്കുന്നു.**

പട്ടിക 8.1

| ഹിന്ദു ക്ഷേത്രങ്ങൾ | മുസ്ലീം പള്ളികൾ | ക്രിസ്ത്യൻ ദേവാലയങ്ങൾ |
|---|---|---|
| 14 | 9 | 25 |

ചാലിയക്കര ശ്രീകൃഷ്ണക്ഷേത്രം, ഉപ്പൂഴി ഭഗവതി ക്ഷേത്രം, ഇടമൺ ശാസ്ത്രാ ക്ഷേത്രം, ഇടമൺ ആയിരവല്ലീ ക്ഷേത്രം, ഇടമൺ ശ്രീ സുബ്രഹ്മണ്യക്ഷേത്രം, ഉറുകുന്ന് ഭഗവതീ ക്ഷേത്രം ഒറ്റക്കൽ സുബ്രഹ്മണ്യ ക്ഷേത്രം തെന്മല മാരിയമ്മൻ കോവിൽ തുടങ്ങിയ എല്ലാ ക്ഷേത്രങ്ങളിലും ആണ്ടുതോറും ഉത്സവങ്ങൾ ആഘോഷിക്കുന്നു. ചതയ ദിനവുമായി ബന്ധപ്പെട്ട് ശ്രീനാരായണ ഗുരുവിന്റെ ജന്മദിനം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ആഘോഷിക്കുന്നു.

ഒറ്റക്കൽ മുസ്ലീം പള്ളിയിൽ ആണ്ടുതോറും നടന്നു വരുന്ന ചന്ദനക്കുട മഹോത്സവം വളരെ പ്രസിദ്ധമാണ്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തമിഴ് നാട്ടിൽ നിന്നും ധാരാളം ഭക്തന്മാർ ഈ പള്ളിയിലെത്തുന്നു. എല്ലാമതവിശ്വാസികളും ചേർന്നാണ് ചന്ദനക്കുട മഹോത്സവം ആചരിക്കുന്നത്. ഇതിന്റെ കൊടി എഴുന്നള്ളിപ്പ് മതസൗഹാർദ്ദത്തിന്റെ മഹത് മാതൃകയാണ്.

വെള്ളിമല സെന്റ് മേരീസ് ഓർത്തഡോക്സ്, ഇടമൺ സെന്റ് ജോസഫ്, ഇടമൺ സെന്റ് മേരീസ്, ഉറുകുന്ന് ലൂർദ്ദ്മാതാ, ഹോളീക്രോസ്, ഒറ്റക്കൽ സെന്റ് ജോർജ് എന്നീ പള്ളികളിൽ എല്ലാവർഷവും പെരുനാളുകൾ ആഘോഷിക്കുന്നു. പള്ളിപെരുനാളുകൾ, ക്ഷേത്രോത്സവങ്ങൾ തുടങ്ങിയ എല്ലാ ആഘോഷങ്ങൾക്കും നാനാജാതി മതസ്ഥരുടെ സഹായസഹകരണങ്ങൾ എടുത്തുപറയേണ്ടിയിരിക്കുന്നു. മത മൈത്രിയുടെ മറ്റൊരു പ്രതീകമാണ് ഉറുകുന്ന് പാണ്ഡവൻപാറ.

തെന്മല പഞ്ചായത്തിലെ പ്രധാന രാഷ്ട്രീയ പാർട്ടികൾ ഇന്ത്യൻനാഷണൽ കോൺഗ്രസ്സും ഇരു കമ്മ്യൂണിസ്റ്റു പാർട്ടികളുമാണ്. ഈ പാർട്ടികളുടെയെല്ലാം ട്രേഡ് യൂണിയൻ, യുവജന വിദ്യാർത്ഥിവിഭാഗങ്ങളും സജീവമാണ്. മറ്റുവിവിധ രാഷ്ട്രീയ പാർട്ടികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

## ഗ്രന്ഥശാലകൾ/ വായനശാലകൾ

ചാലിയക്കര, ഇടമൺ, ഉറുകുന്ന്, ഒറ്റക്കൽ, കുറവന്താവളം, മാമ്പഴത്തറ എന്നിവിടങ്ങളിൽ ഗ്രന്ഥശാലകളും, നാഗമല, വെള്ളിമല അഞ്ചേക്കർ എന്നിവിടങ്ങളിൽ വായനശാലകളും പ്രവർത്തിക്കുന്നു. ഇടമൺ, ഒറ്റക്കൽ, കുറവന്താവളം എന്നിവിടങ്ങളിലെ ഗ്രന്ഥശാലകൾക്ക് ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ളതാണ്. ചാലിയക്കര, കുറവന്താവളം, വെള്ളിമല, അഞ്ചേക്കർ എന്നിവിടങ്ങിലെ ഗ്രന്ഥശാലകളും വായന ശാലകളും എസ്റ്റേറ്റ് തൊഴിലാളികൾക്കുവേണ്ടി ആരംഭിച്ചിട്ടുള്ളവയാണ്. ഈ ഗ്രന്ഥശാലകൾക്ക് എസ്റ്റേറ്റുവക കെട്ടിടങ്ങളും ഇടമൺ ഒറ്റക്കൽ ഗ്രന്ഥശാലകൾക്ക് പഞ്ചായത്തു നിർമ്മിച്ചു നൽകിയ കെട്ടിടങ്ങളുമാണുള്ളത്. ഉറുകുന്നു നേതാജിയിലുള്ള പ്രഭാത് ഗ്രന്ഥശാലക്ക്, പ്രവർത്തകർ സന്നദ്ധസേവനത്തിലൂടെ പണിതുയർത്തിയ കെട്ടിടവുമുണ്ട്. ഇവയിൽ ഉറുകുന്ന് പ്രഭാത് ഒഴികെയുള്ള ഗ്രന്ഥശാലകളിൽ ടെലിവിഷൻ സൗകര്യം ലഭ്യമാണ്. ചാലിയക്കര ഗ്രന്ഥശാലയിൽ കേബിൾ ടെലിവിഷൻ സൗകര്യവുമുണ്ട്. ഗ്രന്ഥശാലകൾ പൊതുവേ വേണ്ടവിധം പ്രയോജനപ്പെടുന്നില്ല.

ഉറുകുന്ന് ഗിരിജൻ കോളനിയിൽ കോളനി വാസികൾക്കു മാത്രമായി ഒരു ഗിരിജൻ ഗ്രന്ഥശാലപ്രവർത്തിക്കുന്നുണ്ട്. [illegible]വും തൃപ്തികരമല്ല. ഇടമൺ ലക്ഷംവീട് [illegible]ടെലിവിഷൻ സൗകര്യം ലഭ്യമാക്കികഴിഞ്ഞു.

### [illegible]യിക സമിതിപ്രവർത്തനങ്ങൾ

പഞ്ചായത്തിലെ വിവിധവാർഡുകളിലുമായി 16 കലാകായിക സമിതികൾ പ്രവർത്തിക്കുന്നു.

ഇടമൺ 34, ഉറുകുന്ന് തെന്മല എന്നിവിടങ്ങളിൽ കരാട്ടെ പരിശീലനത്തിനുള്ള സ്കൂളുകളും പ്രവർത്തിക്കുന്നു.

[illegible]കോലടി, [illegible], [illegible]പാട്ട, കൊയ്ത്തുപാട്ട്, മുടിയാട്ടം, തുടങ്ങിയ പാരമ്പര്യ കലകൾ പലതും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

### മഹിളാസമാജങ്ങൾ

പഞ്ചായത്തിൽ ആറുമഹിളാ സമാജങ്ങൾ പ്രവർത്തക്കുന്നു. അഞ്ചുമഹിളാ സമാജങ്ങൾ അംഗൻവാടികളും ഒരു മഹിളാ സമാജം ക്രഷും നടത്തുന്നു.

പട്ടിക 8.4

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളില്ല.
2. സാംസ്കാരിക കായിക രംഗങ്ങളിൽ സ്തീ പങ്കാളിത്തം കുറവാണ്.
3. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ ഇല്ല
4. കലാകായിക വിദ്യാഭ്യാസം സ്കൂൾ തലങ്ങളിൽ പോലും നടക്കുന്നില്ല. കുട്ടികൾക്ക് കലാകായിക പ്രവർത്തനങ്ങൾക്ക് വേദികളില്ല.
5. ഹൈസ്കൂളുകളിൽ പോലും ഗ്രൗണ്ടുകളില്ല.
6. ക്ലബ്ബുകളുടെ എണ്ണത്തിനനുസരിച്ച് ഗുണപരമായ പ്രവർത്തിനം നടക്കുന്നില്ല.

പട്ടിക 8.2

ഗ്രന്ഥശാലകൾ/വായനശാലകൾ

| ക്രമനമ്പർ | പേര് | വാർഡ് നമ്പർ | ഉടമസ്ഥത |
|---|---|---|---|
| 1. | ചാലിയക്കര എസ്റ്റേറ്റ് ലൈബ്രററി | 1 | എസ്റ്റേറ്റുവക |
| 2. | അഞ്ചേക്കർ എ.വി.റ്റി. എസ്റ്റേറ്റുവായനശാല | 2 | എസ്റ്റേറ്റുവക |
| 3. | ഇടമൺ പബ്ലിക് ലൈബ്രററി & റീഡിംഗ്റൂം | 4 | പൊതുവക |
| 4. | ഗിരിജൻ ലൈബ്രററി | 6 | ഗിരിജൻവക |
| 5. | ഉറുകുന്ന് നേതാജി പ്രഭാത് ലൈബ്രററി | 8 | പൊതുവക |
| 6. | ഒറ്റക്കൽ ജനകീയ വായനശാല | 9 | പൊതുവക |
| 7. | കുറവൻതാളം എസ്റ്റേറ്റു-കാൾട്ടർവുഡ് – ലൈബ്രററി | 11 | എസ്റ്റേറ്റു തൊഴിലാളികളുടെ വക |
| 8 | മാമ്പഴതത്തറ പബ്ലിക് ലൈബ്രറി | 11 | പൊതുവക |

പട്ടിക 8.3

| ക്രമ നമ്പർ | പേരുവിവരം | വാർഡ് നമ്പർ | സ്വന്തം കെട്ടിടം | റേഡിയോ/ ടെലിവിഷൻ |
|---|---|---|---|---|
| 1 | ബ്രദേഴ്സ് ക്ലബ്ബ്-ചെറുതന്നൂർ | 1 | – | – |
| 2 | യുവശക്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഇടമൺ | 5 | – | – |
| 3 | ഗ്രാമീണ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഒറ്റക്കൽ | 9 | – | – |
| 4 | പ്രഭാത് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, നേതാജി, | 8 | ഉണ്ട് | – |
| | ഉറുകുന്ന്. | | | |
| 5 | മാമ്പഴത്തറ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മാമ്പഴത്തറ | 11 | – | – |
| 6 | ജയതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ചിറ്റാലംകോട് | 3 | – | – |
| 7 | ശ്രുതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്,, ചാലിയക്കര | 1 | – | – |
| 8 | നാഗമല ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്,, നാഗമല | 11 | – | – |
| 9 | അർച്ചന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഉറുകുന്ന്. | 7 | – | – |
| 10 | നവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഇടമൺ | 4 | – | – |
| 11 | ചലഞ്ച് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഉറുകുന്ന് | 7 | – | – |
| 12 | ജനശക്തി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഇടമൺ | 6 | – | – |
| 13 | ഏ.വി.റ്റി. വോളിബോൾ ക്ലബ്ബ്, ചാലിയക്കര | 1 | – | – |
| 14 | യുണൈറ്റഡ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഒറ്റക്കൽ | 9 | – | – |
| 15 | വിശ്വഭാവന ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഉറുകുന്ന് | 8 | – | – |
| 16 | ഏകലവ്യ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഒറ്റക്കൽ | 9 | – | – |
| 17 | യുവരജ്നി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ഇടമൺ | 5 | – | – |

പട്ടിക 8.4

| ക്രമനമ്പർ | പേര് | വാർഡ് നമ്പർ | സ്വന്തം കെട്ടിടം /വാടക കെട്ടിം |
|---|---|---|---|
| 1. | ഗാന്ധിജി മെമ്മോറിയൽ മഹിളാ സമാജം | 3 | സ്വന്തം കെട്ടിടം |
| 2 | സബർമതി മഹിളാ സമാജം | 4 | സ്വന്തംകെട്ടിടം |
| 3 | പ്രിയദർശിനി മഹിളാ സമാജം | 8 | സ്വന്തം കെട്ടിടം |
| 4 | ഉറുകുന്ന് ട്രൈബൽ മഹിളാ സമാജം | 6 | സ്വന്തം കെട്ടിടം |
| 5 | ദേശ സേവിനി മഹിളാ സമാജം, ഒറ്റക്കൽ | 9 | സ്വന്തം കെട്ടിടം |
| 6 | ഗ്രാമീണ മഹിളാ സമാജം ആന്റ് ക്രഷ്, ഉറുകുന്ന് | 7 | വാടക കെട്ടിടം |

പട്ടിക 8.5

പഞ്ചായത്തിൽ പ്രചാരത്തിലുള്ള പത്രമാസികകൾ

| ക്രമ നമ്പർ | ദിനപത്രം | എണ്ണം | വാരിക ദ്വൈവാരിക മാസിക | എണ്ണം |
|---|---|---|---|---|
| 1 | മലയാള മനോരമ | 495 | ആഴ്ചപ്പതിപ്പ് | 800 |
| | | | വനിത | 60 |
| 2 | മാതൃഭൂമി | 240 | ആഴ്ചപ്പതിപ്പ് | 25 |
| | | | ഗൃഹലക്ഷ്മി | 12 |
| 3 | കേരളകൗമുദി | 175 | കലാകൗമുദി | 21 |
| 4 | ദേശാഭിമാനി | 74 | ചിന്ത | 7 |
| | | | ദേശാഭിമാനി | 5 |
| 5 | ദീപിക | 50 | – | – |
| 6 | രാഷ്ട്രദീപിക | 20 | – | – |
| 7 | മാധ്യമം | 25 | – | – |
| 8 | ഹിന്ദു | 16 | – | – |
| 9 | ഇന്ത്യൻ എക്സ്പ്രസ് | 20 | – | – |
| 10 | മംഗളം | 20 | ആഴ്ചപ്പതിപ്പ് | 500 |
| 11 | – | – | കേരളശബ്ദം | 55 |
| 12 | ഭാഷാ പോഷിണി | – | – | 7 |
| 13 | ഇന്ത്യാടുഡേ | – | – | 6 |
| | ആകെ | 1135 | | 1498 |

7. ക്ലബുകൾ പലതും പ്രവർത്തനങ്ങൾ മന്ദീഭവിച്ച് നിർജീവമാകുന്നു.

8. ക്ലബുകൾക്ക് മതിയായ പ്രോത്സാഹനം ലഭിക്കുന്നില്ല.

9. ക്ലബുകൾക്ക് സ്വന്തമായി കെട്ടിട സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളുമില്ല.

10. സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഒത്തുകൂടുവാൻ പല വാർഡുകളിലും സ്ഥലമില്ല.

11. വായനാശീലം കുറഞ്ഞുവരുന്നു.

12. പത്രമാസികകളുടെ വിലതാങ്ങാനാവാത്തവിധം വർദ്ധിക്കുന്നു.

13. ടെലിവിഷന്റെ അതിപ്രസരം (വിശേഷിച്ചും കേബിൾ ടി.വി.) സാമൂഹ്യ സാംസ്ക്കാരിക രംഗത്ത് അനഭിലഷണീയമായ മൂല്യശോഷണത്തിന് ഇടയാക്കുന്നു.

14. ടെലിവിഷൻ, വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.

15. പഞ്ചായത്തടിസ്ഥാനത്തിൽ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് സംവിധാനമില്ല.

16. പാരമ്പര്യ കലാ രൂപങ്ങൾ അപ്രത്യക്ഷമാകുന്നു.

17. വ്യാജ മദ്യവാറ്റ്, വ്യാജ മദ്യവിതരണം ഉപയോഗമ ഇവ പഞ്ചായത്തിൽ വ്യാപകമാണ്.

18. വാദ്യോപകരണ സംഗീതം അറിയാവുന്ന കലാകാരന്മാർക്ക് ആവശ്യമായ ഉപകരണങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക കുറവ് അനുഭവപ്പെടുന്നു.

19. പഞ്ചായത്തിൽ പൊതുകളിസ്ഥലങ്ങളില്ല

20. പഞ്ചായത്തിൽ പൊതു ശ്മശാനമില്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള എല്ലാ സ്കൂളുകളിലേയും ഭൗതിക സാഹചര്യങ്ങൾ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കുക.

2. എല്ലാ വർഡുകളിലും വായനശാലകൾ സ്ഥാപിക്കണം.

3. എല്ലാ സ്കൂളുകളിലും കളിസ്ഥലങ്ങൾ നിർമ്മിക്കുക.

4. പഞ്ചായത്തിൽ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്കായി ഒരു ആഡിറ്റോറിയം നിർമ്മിക്കുക. പഞ്ചായത്തിന്റെ മദ്ധ്യഭാഗവും 3,4,5,6,7, വാർഡുകൾക്ക് സൗകര്യപ്രദവുമായ രീതിയിൽ ഇടമൺ 34നു സമീപം ആയിരിക്കണം ഇതു നിർമ്മിക്കേണ്ടത്.

5. എല്ലാ സ്കൂളുകളിലും ബാലസാഹിത്യ വേദികൾ ആരംഭിക്കുക.

6. കലാകായിക ക്ലബ്ബുകൾ സജീവമാക്കുന്നതിനു വേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ സാംസ്ക്കാരിക സംഘടനകളുടെ കോ- ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുക.

7. കലാകായിക ക്ലബുകൾക്ക് സാമ്പത്തിക സഹായം നൽകുക.

8. കലാകായിക ക്ലബുകളുടെ ഭാരവാഹികൾക്ക് മതിയായ അംഗീകാരം നൽകുക. അതിനായി വിവിധ ഉപദേശകസമിതികളിൽ അവർക്ക് അംഗത്വം നൽകുക.

9. കലാകായിക ക്ലബുകൾക്ക് ആവശ്യമായ സാങ്കേതിക സഹായം പഞ്ചായത്തിലെ സ്കൂളുകളിൽ പ്രവർത്തിക്കുന്ന കലാകായിക അദ്ധ്യാപകരിൽ നിന്നും ഉറപ്പാക്കുക.

10. അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന പാരമ്പര്യ കലാരൂപങ്ങൾക്ക് പ്രോത്സാഹനം നൽകുക. അതിനായി പ്രത്യേക മത്സരങ്ങൾ നടത്തുക.

11. പഞ്ചായത്തിലെ വിവിധ ക്ലബുകൾ തമ്മിൽ ആരോഗ്യകരമായ മത്സരം ഉണ്ടാകുന്നതിന് വേണ്ടി പ്രത്യേകം മത്സരങ്ങൽ നടത്തുക.

12. എല്ലാ വാർഡുകളിലും ടി.വി. റേഡിയോ ക്ലബുകൾ സ്ഥാപിക്കുക. ടി.വി.യിൽ വർദ്ധിച്ചുവരുന്ന അനഭിലഷണീയങ്ങളായ പരസ്യങ്ങൾ, പരിപാടികൾ ഇവക്കെതിരായി ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും ടി.വി. ക്ലബുക

ളിലൂടെ ശ്രമിക്കുക.

13. വാർഡുതലത്തിൽസാംസ്ക്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ ക്ലബുകളെ ചുമതലപ്പെടുത്തുക. തുടർച്ചയായി ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന ക്ലബുകൾക്കായി പരമാവധി ധനസഹായം നൽകുക.

14. രണ്ടാം വാർഡിലെ യുവജനങ്ങൾക്ക് ഒരുബാന്റ് ട്രൂപ്പ് സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.

15. സംസ്ഥാന ഓണാഘോഷത്തിന്റെ മാതൃകയിൽ പഞ്ചായത്തുതലത്തിൽ ഓണാഘോഷം സംഘടിപ്പിക്കുക.

16. ഇടമൺ പബ്ലിക് ലൈബ്രററി പഞ്ചായത്ത് ഏറ്റെടുത്ത് പുതിയ കെട്ടിടം പണിത മാതൃകാപരമായി നടത്തുക.

17. പഞ്ചായത്ത് ലൈബ്രററിയുടെ പുസ്തകശേഖരത്തിന്റെ ഒരു കാറ്റലോഗ് ഉണ്ടാക്കുക.

18. പൊതുപ്രാധാന്യമുള്ള ദിനങ്ങൾ വാർഡുതലത്തിൽ ആചരിക്കുക.

19. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ അയൽക്കൂട്ടങ്ങൾ, വാർഡ് എന്നീ തലങ്ങളിൽ ആചരിക്കുക.

20. ഉറുകുന്ന് മുസ്ലീയാർ പാടം നികത്തി കല്ലട ഇറിഗേഷൻ പ്രോജക്ട് അധീനതയിലുള്ള ഗ്രൗണ്ടിൽ വോളിബോൾ, ബാസ്കറ്റ്ബോൾ ഇവ കളിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

21. ഒറ്റക്കൽ ഗവഃ ഹൈസ്കൂൾ ഇടമൺ ഹൈസ്കൂൾ ഗ്രൗണ്ടുകൾ ഫുട്ബോൾ കളിക്കത്തക്ക തരത്തിൽ മെച്ചപ്പെടുത്തി വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുക.

22. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ രൂപീകരിക്കുക.

23. എല്ലാ വാർഡുകളിലും അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുക. ഏകദേശം 25 വീടുകൾക്ക് ഒരു അയൽക്കൂട്ടം എന്ന തോതിൽ ഉണ്ടാകണം.

24. വ്യാജമദ്യവാറ്റ്, വിതരണം, ഉപയോഗം ഇവക്കെതിരേ ബോധവൽക്കരണ പരിപാടികൾ ആരംഭിക്കുക.

25. പുകവലി, മയക്കുമരുന്ന് മദ്യപാനം ഇവക്കെതിരേ ജനകീയ മുന്നേറ്റം ആരംഭിക്കുക.

26. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കരാട്ടെ തുടങ്ങിയ കായിക പരിശീലന പരിപാടികൾക്ക് അംഗീകാരവും സാമ്പത്തിക സഹായവും നൽകുക.

27. പുതിയ പുസ്തകങ്ങൾ ഗ്രന്ഥശാലകൾക്ക് ലഭ്യമാക്കുക.

28. ഗ്രന്ഥശാലകൾ, വായനശാലകൾ എന്നിവിടങ്ങളിൽ കൈയെഴുത്തു മാസികകൾ ചർച്ചാ ക്ലാസ്സുകൾ ഇവ സംഘടിപ്പിക്കുക.

29. എല്ലാ ഗ്രന്ഥശാലകളിലും ബാലസാഹിത്യവിഭാഗവും നവസാക്ഷരവിഭാഗവും ആരംഭിക്കുക.

30. കുറവന്താവളം ബാലവാടിക്ക് പടിഞ്ഞാറുഭാഗത്തുള്ള ചതുപ്പുസ്ഥലം കളിസ്ഥലമാക്കുക.

31. നാഗമലയിലുള്ള ഫുട്ബോൾ ഗ്രൗണ്ട് സ്റ്റേഡിയമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

32. പഞ്ചായത്തിൽ ഒരു പൊതുസ്മശാനം നിർമ്മിക്കുക.

33. ചെറുതന്നൂർ കനാൽ കോളനിയിൽ ഒരു വായനശാലയും അവിടെ ഒരു ടെലിവിഷനും സ്ഥാപിക്കുക.

34. ഇടമൺ 34ൽ ഉള്ള കമ്മ്യൂണിറ്റിഹാൾ വികസിപ്പിക്കുക. ആവശ്യത്തിന് ഫർണിച്ചർ നിർമ്മിച്ചു നൽകുക.



# IV (9) വനിത

സ്ത്രീകൾ സമൂഹത്തിന്റെ വിവിധമേഖലകളിൽ മികവ് കാട്ടിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണെങ്കിലും അവക്കെതിരേയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും പെരുകിവരികയാണ്. വിദ്യാഭ്യാസത്തിലും അവർ ഇപ്പോൾ പുരുഷന്മാരൊടപ്പമാണ്. സമത്വം, സ്വാതന്ത്ര്യം, അവകാശം ഇവകളെപ്പറ്റി ബോധവതികളാണ്. കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് സ്ഥിതിഗതികൾ ഒരു വശത്തുമെച്ചപ്പെടുമ്പോൾ മറുവശത്ത് വഷളാവുകയാണ് ചെയ്യുന്നത്. സ്ത്രീകളുടെ സാമൂഹ്യ പദവി അംഗീകരിച്ച് കൊടുക്കുവാൻ തയ്യാറാകാത്ത യാഥാസ്ഥിതിക വിഭാഗം ഇന്നും സമൂഹത്തിൽ പ്രബലമാണ്.

തെന്മല പഞ്ചായത്തിന്റെ 20% ത്തോളം കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. പെൺകുട്ടികൾക്ക് മാത്രമായുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ പഞ്ചായത്തിലില്ല. വനിതാസംരംഭകർ നടത്തുന്ന വ്യവസായങ്ങൾ നന്നേ വിരളമാണ്. ഒരു പ്രിന്റിംഗ് പ്രസ്സും വനിതകളുടെ സ്വയംതൊഴിൽ സംരംഭങ്ങളായി രണ്ടു DWCR യൂണിറ്റും ഇടമൺ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു സ്റ്റെബിലൈസർ നിർമ്മാണ യൂണിറ്റും ഇവിടെ നടത്തുന്നുണ്ട്. സ്ത്രീകളുടെ പ്രധാന തൊഴിൽ മേഖലകൾ, ചമടെടുപ്പ്, കെട്ടിടം പണി, റബ്ബർ ടാപ്പിംഗ്, കൃഷിപ്പണി ഇവയാണ്. തുല്യജോലിക്കു തുല്യവേതനം എന്ന തത്വം ഇവിടെ ഇനിയും നടപ്പാക്കിയിട്ടില്ല. എല്ലാ വാർഡിലും പ്രധാന രാഷ്ട്രീയ പാർട്ടികളുടെ മഹിളാ വിഭാഗം പ്രവർത്തനം നടത്തുന്നുണ്ടെങ്കിലും നേതൃത്വരംഗം അവർക്ക് ഇപ്പോഴും അപ്രാപ്യമാണ്. സാക്ഷരതാപ്രവർത്തനവും പഞ്ചായത്തീരാജ് സമ്പ്രദായവും സ്ത്രീകളുടെ പ്രവർത്തനരംഗം സജീവമാക്കിയിട്ടുണ്ട്. കാലിവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയ മേഖലയിൽ സ്ത്രീകളുടെ പങ്ക് അവഗണിക്കാൻ പാടില്ല. പട്ടികജാതി പട്ടികവർഗ്ഗ സ്ത്രീകൾ പരമ്പരാഗത തൊഴിലായ കുട്ട, വട്ടി, പരമ്പ്, മുറം ഇവയുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. സേവനമേഖലയിൽ സ്ത്രീ പങ്കാളിത്തം തീരെ കുറവാണ്. ഗവൺമെന്റിന്റെ മദ്യനയം പഞ്ചായത്തിൽ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. വ്യാജ മദ്യനിർമ്മാണവും വ്യാജ മദ്യവിൽപനയും പഞ്ചായത്തിൽ ഏറിവരികയും ചെയ്യുന്നു. ഉപജീവനത്തിനുവേണ്ടി അപൂർവ്വം ചില സ്ത്രീകൾ ഈ രംഗത്തു പ്രവർത്തിക്കുന്നു.

തൊഴിൽ മേഖലയിൽ സ്ത്രീകൾക്കുള്ള പങ്കാളിത്തം കുറവാണെങ്കിലും അവർ രാപകൽ വീടുകളിൽ അദ്ധ്വാനിക്കുന്നവരാണ്. ഗൃഹവൃത്തി, പുറം തൊഴിലുകൾ ഇവ വിശ്രമരഹിതമായി ചെയ്തിട്ടും അർഹമായ അംഗീകാരം അവർക്ക് ലഭിക്കുന്നില്ല. ഇതുമൂലം പലമാനസിക പ്രശ്നങ്ങളും അവർക്ക് ഉണ്ടാകുന്നുണ്ട്. വിശ്രമത്തിനും വിനോദത്തിനും പറ്റിയ ഉപാധികളൊന്നും പ്രാപ്യമല്ലെന്നു പറയാം. ജനസംഖ്യയിൽ 50% നു മുകളിൽ സ്ത്രീകളാണെങ്കിലും ഇവരിൽ 10% പോലും തൊഴിൽ മേഖലയിൽ കാണുന്നില്ല. തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാതെപുരോഗതി കൈവരിക്കാൻ സാദ്ധ്യമല്ല. 1991-ലെ സെൻസസ് പ്രകാരം അഖിലേന്ത്യാതലത്തിൽ സ്ത്രീകളുടെ സാക്ഷരത 30.42% ഉം കേരളത്തിലാകട്ടെ 86.17% ഉംആണ്. തെന്മല പഞ്ചായത്തിൽ 76.07% സ്ത്രീകൾക്ക് സാക്ഷരരാണ്.

ഇവിടെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം തൃപ്തികരമല്ല. പുരുഷന്മാരിൽ 47.6% പേർക്ക് ജോലിയുള്ളപ്പോൾ സ്ത്രീകളിൽ 11.5% ആണ് തൊഴിൽ ഉള്ളവർ.

പ്രധാനപ്പെട്ട എല്ലാ തൊഴിൽ തുറകളിലും സ്ത്രീകളും പുരുഷന്മാരും തമ്മിൽ കൂലിയിൽ വളരെയധികം അന്തരമുണ്ട്. ഇതൊരു ചൂഷണമായി വിലയിരുത്തപ്പെടുന്നില്ല.

പട്ടിക 2

കൂലിയിലെ അന്തരം

| വർഷം | കർഷകതൊഴിലാളി | |
|---|---|---|
| | സ്ത്രീ | പുരുഷൻ |
| 1945 | 1 ഇടങ്ങഴി | 1.5 ഇടങ്ങഴി |
| 1955 | 11 ചക്രം | 20 ചക്രം |
| 1960 | 1.50 രൂപ | 2.50 രൂപ |
| 1965 | 2 രൂപ | 3.50 രൂപ |
| 1970 | 3 രൂപ | 5 രൂപ |
| 1975 | 7 രൂപ | 10 രൂപ |
| 1980 | 15 രൂപ | 20 രൂപ |
| 1985 | 20 രൂപ | 25 രൂപ |
| 1990 | 40 രൂപ | 50 രൂപ |
| 1995 | 50 രൂപ | 70 രൂപ |
| 1996 | 65 രൂപ | 85 രൂപ |

വിധവകളായ സ്ത്രീകൾ കൂലിപ്പണിചെയ്തും ചെറുകച്ചവടം നടത്തിയും ഉപജീവനം നടത്തുന്നുണ്ട്. പഞ്ചായത്തിൽ അർഹരായ എല്ലാ വർക്കും വിധവാ പെൻഷൻ ലഭിക്കുന്നില്ല.

ഈ പഞ്ചായത്തിലെ ജനന-മരണ നിരക്ക് സംസ്ഥാന ശരാശരിയോടൊപ്പമാണ്. നമ്മുടെ ആരോഗ്യസംരക്ഷണ പരിപാടികൾ നല്ലൊരുപരിധിവരെ വിജയകരമാണ്. എന്നാൽ കണക്കുകൾ സൂചിപ്പിക്കുന്നത് പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധ ചികിത്സ കിട്ടുന്നുണ്ട്.

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അനുപൂരക പോഷകാഹാരം 95-96 ൽ നൽകുകയുണ്ടായി. ചാപിള്ള ജനനങ്ങൾ ശിശുമരണങ്ങൾ 95- 96-ൽ രേഖപ്പെടുത്തിയിട്ടില്ല. ഗർഭസംബന്ധമായ അസുഖങ്ങളാൽ സ്ത്രീകളാരെങ്കിലും മരിച്ചതായി 95-96-ൽ റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രായാടിസ്ഥാനത്തിലുള്ള ദമ്പതിമാരെ സംബന്ധിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് 20-ൽ താഴെ പ്രായമുള്ള വിവാഹിതകളുടെ എണ്ണം കുറവാണ്.

പട്ടിക 2

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ സ്ത്രീകളുടെ പ്രായക്രമം

| വയസ്സ് | ദമ്പതികളുടെ എണ്ണം |
|---|---|
| 19 വരെ | 70 |
| 20-29 | 561 |
| 25-29 | 779 |
| 30-34 | 553 |
| 35-39 | 385 |
| 40-44 | 243 |
| ആകെ | 2591 |

ദമ്പതിമാരിൽ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിക്കുന്നത് സ്ത്രീകളാണ്. അമ്മാമാരിൽ ഭൂരിഭാഗവും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട് എന്ന് കണക്കുകുൾ സൂചിപ്പിക്കുന്നുണ്ട്. 3-ൽ കൂടുതൽ കുട്ടികളുള്ള അമ്മാമാർ പഞ്ചായത്തിൽ കുറവാണെന്നുകാണാം. ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ അമ്മമാരെ സംബന്ധിച്ച വിവരങ്ങൾ.

| | |
|---|---|
| കുട്ടികൾ ഇല്ലാത്ത ദമ്പതിമാർ | 146 |
| 1 കുട്ടിമത്രമുള്ള " | 433 |

2 കുട്ടികൾ ഉള്ള ദമ്പതിമാർ 873

3കുട്ടികൾ " 624

4 ഉം അതിൽ കൂടുതലും '' 515

ആകെ ദമ്പതിമാർ 2591

മഹിളാ സംഘങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. സ്ത്രീകൾക്കെതിരായി പ്രശ്നങ്ങളിൽ വനിതാ സംഘടനകൾ ഇടപെടുന്നില്ല.സ്ത്രീധനത്തിന്റെ പേരിൽ പീഢനം അനുഭവിക്കുന്ന സ്ത്രീകൾ ഉണ്ട്. പലരും അതു പുറത്തു പറയുന്നില്ല. ദുരൂഹ മരണങ്ങൾ ഇടക്കിടെ ഉണ്ടാകാറുണ്ട്.

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്

2. സ്ത്രീകൾക്ക് തൊഴിലിന് ആവശ്യമായ പരസ്യങ്ങൾ ലഭിക്കുന്നില്ല.

3. തൊഴിൽ മേഖലയിൽ നാനാവിധമായ വിവേചനം നിലനിൽക്കുന്നു.

4. പൊതു രംഗത്തു സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.

5. മദ്യനിരോധനം ഭാഗികമായി നടപ്പിലാക്കിയെങ്കിലും പ്രാവർത്തികമാക്കാൻ അധികാരികൾ കാണിക്കുന്ന വിമുഖത സ്ത്രീകൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു.

6. സ്ത്രീ പീഢനം നിലവിലുണ്ട്

7. പൊതു സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല.

8. സ്ത്രീകൾക്കുള്ള സാംസ്ക്കാരിക പ്രവർത്തനങ്ങൾ പഞ്ചായത്തിലില്ല.

9. ഉപഭോക്താവ് എന്ന നിലയിൽ സ്ത്രീകൾ വഞ്ചിക്കപ്പെടുകയാണ്.

## സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

1. വനിതാ വ്യവസായസംരംഭകർക്ക് ഗവൺമെന്റിൽ നിന്നുള്ള സഹായങ്ങളേക്കുറിച്ച് ശരിയായ ബോധവൽക്കരണം നടത്തുക.

2. സ്ത്രീ സംരംഭകരെ കണ്ടെത്തിതൊഴിൽ വേണ്ടത്ര പരിശീലനം നൽകുക.

3. ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണത്തിനാവശ്യമായ പ്രോത്സാഹനം നൽകുക.

4. റബ്ബറുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് സാഹയങ്ങളും പ്രോത്സാഹനങ്ങളും ലഭ്യമാക്കുക.

5. ആരോഗ്യം, വിദ്യാഭ്യാസം, ശിശുസംരക്ഷണം എന്നീ മേഖലകളിൽ ബോധവൽക്കരണം നടത്തുക.

6. കായിക രംഗത്തെ പിന്നോക്കാവസ്ഥമാറ്റുന്നതിന് പെൺകുട്ടികൾക്ക് പ്രത്യേക പരിശീലനവും പ്രോത്സാഹനവും നൽകുക.

7. പുഷ്പകൃഷി, പച്ചക്കറികൃഷി, പട്ടുനൂർ ഉല്പാദനം, കോഴിവളർത്തൽ, കാലി വളർത്തൽ, തേനീച്ച വളർത്തൽ ഇവയിലേക്ക് വനിതകളെ ആകർഷിപ്പിക്കത്തക്ക സഹായങ്ങൾ ചെയ്യുക.

8. വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കുക.

9. ആരോഗ്യ പ്രവർത്തകരുടെ സേവനം എല്ലാ വീടുകൾക്കും ലഭ്യമാക്കുക.

10. സ്ത്രീ പീഡനം പോലുള്ള സാമൂഹ്യപ്രശ്നങ്ങൾ പഠിച്ച് പരിഹരിക്കുന്നതിന് പഞ്ചായത്തുതലത്തിൽ വനിതാസെമിനാറുകൾ രൂപീകരിക്കുക.

11. അങ്കണവാടികളുടെ എണ്ണം വർദ്ധിപ്പിക്കുക.

12. സ്വന്തമായി സ്ഥലമില്ലാത്ത ക്രഷ്സെന്ററിന് സ്ഥലം വാങ്ങുന്നതിന് സഹായം അനുവദിക്കുക.

13. പഞ്ചായത്തിൽ രൂപീകരിക്കുന്ന സമിതികളിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം കൊടുക്കുക.

14. പഞ്ചായത്തിൽ പ്രായോഗികമായി നടത്താവുന്ന ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച് പ്രചരണം നടത്തുകയും വനിതകൾക്ക് ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക.

15.വനിതകൾക്ക് വ്യവസായം തുടങ്ങാനുള്ള ധനസഹായം വർദ്ധിപ്പിക്കുകയും ബുദ്ധിമുട്ടുകൾ ഒഴുവാക്കുന്നതിന് പഞ്ചായത്ത് ഇടപെട്ട് ലഘൂകരിക്കുകയും ചെയ്യുക.



# IV (10) സഹകരണം

പാവപ്പെട്ടവരുടേയും സാധാരണക്കാരുടേയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കൂട്ടായ പ്രവർത്തനത്തിലൂടെ ശക്തിപ്രാപിച്ചുവരുന്ന ഒരു ജനകീയ സംവിധാനമാണ സഹകരണ പ്രസ്ഥാനം. തിരുവിതാംകൂറിലെ 1914-ലെ സഹകരണ നിയമപ്രകാരം കൊല്ലവർഷം 1102 (AD 1926) ധനുമാസം 14-ാം തീയതി നിലവിൽ വന്ന ഇടമണ്ണിലെ കർഷകരുടെ പരസ്പരസഹായ സഹകരണ സംഘം ആണ് തെന്മല പഞ്ചായത്തിലെ ആദ്യത്തെ സഹകരണ പ്രസ്ഥാനം. ഈ സംഘമാണ് ഇപ്പോഴത്തെ ഇടമൺസർവ്വീസ് സഹകരണബാങ്ക്, തുടർന്ന് വിവിധ സ്ഥലങ്ങളിൽ ഏതാനും സംഘങ്ങൾ രൂപീകരിച്ചു എങ്കിലും നിലനിന്നില്ല. ഉറുകുന്ന് കേന്ദ്രീകരിച്ച് ഒരു ചൂരൽ വ്യവസായം സംഘവും മറ്റും പ്രവർത്തിച്ചിരുന്നു. 1952-ലെ തിരുകൊച്ചി സഹകരണ നിയമപ്രകാരം 1961 ഏപ്രിൽ 2ന് നിലവിൽ വന്ന ഒരു സഹകരണ സ്ഥാപനമാണ് ഇന്നത്തെ ഉറുകുന്ന് സർവ്വീസ് സഹകരണബാങ്ക്. 1978-ൽ പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഉറുകുന്നിൽ ഒരു സഹകരണ സംഘവും സ്ഥാപിച്ചു. സർക്കാർ മുന്നിട്ടു നിന്നാണിത് ആരംഭിച്ചത്. ക്ഷീരരംഗത്ത് പ്രവർത്തിക്കുന്ന അഞ്ചോളം സംഘങ്ങൾ നിലവിൽ വരുകയും ചെയ്തു. ഇതിൽ 4 എണ്ണം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ തെന്മല പഞ്ചായത്തിൽ 2 ഉപഭോക്തൃ സഹകരണ സംഘങ്ങളും ഇടമൺ കേന്ദ്രമാക്കി ഒരു പട്ടികജാതി ഗ്രാനൈറ്റ് വ്യവസായ സഹകരണ സംഘവും, ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘവും ആരംഭിച്ചു. എന്നാൽ ഇവയൊന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നു കാണാം. പരിമിതമായി 2 സ്കൂൾ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. (പട്ടിക 10.1)കാണുക.

സഹകരണ സംഘങ്ങളുടെ പ്രവർത്തനമേഖല അടിസ്ഥാനമാക്കി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ വായ്പസംഘങ്ങൾ എന്നും, വായ്യേപതര സംഘങ്ങൾ എന്നും രണ്ടായിതരംതിരിച്ചിരിക്കുന്നു.

### A വായ്പാസംഘങ്ങൾ

തെന്മല പഞ്ചായത്തിലെ ബഹുഭൂരിപക്ഷംവരുന്ന ഗ്രാമീണ കർഷകരുടെ സാമ്പത്തിക പ്രശ്നങ്ങളിൽ വലിയൊരളവുവരെ സഹായകരമായി വായ്പാസംഘങ്ങളുടെ പ്രവർത്തനം മാറിയിരിക്കുന്നു. കാർഷികമേഖലയെ ശക്തമാക്കാനും ഗ്രാമീണ സമ്പദ് വ്യവസ്ഥയെ സജീവമാക്കാനും ഇവയ്ക്കിന്നു കഴിയുന്നുണ്ട്. പഞ്ചായത്തിനുള്ളിൽ 2 വായ്പാ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്.

#### 1. ഇടമൺ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 687

1926-ൽ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ

**തെന്മല പഞ്ചായത്തിലെ പ്രവർത്തനം നടക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പേരുവിരം (പട്ടിക 10.1)**

| വാർഡ് | സംഘത്തിന്റെ പേര് | സ്ഥാപിച്ച വർഷം |
|---|---|---|
| 1. | ഇടമൺ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 687 | 1926 |
| 2. | ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ Q 190 | 1961 |
| 3. | ഉറുകുന്ന് ഗിരിജൻ സർവ്വീസ് സഹകരണ സംഘം | 1978 |
| 4. | തോണിച്ചാൽ ക്ഷീരോല്പാദക സഹകരണ സംഘം APCOS | 1978 |
| 5. | ഇടമൺ ക്ഷീരോല്പാദക സഹകരണ സംഘം APCOS | 1986 |
| 6. | അണ്ടൂർപ്പച്ച ക്ഷീരോല്പാദക സഹകരണ സംഘം APCOS | 1986 |
| 7. | ഒറ്റക്കൽ ക്ഷീരോല്പാദക സഹകരണ സംഘം APCOS | 1986 |

അവലംബം:- സെക്കണ്ടറി ഡേറ്റ

സ്ഥാപനമായി പ്രവർത്തനമാരംഭിച്ച പരസ്പര സഹായസഹകരണ സംഘമാണ് ഇത്. ഇപ്പോൾ 6800 ൽപ്പരം അംഗങ്ങളുള്ള ഇടമൺ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധി ചെറുകടവ്, ചാലിയക്കര, ചെറുതന്നൂർ, വെള്ളിമല, ആനപെട്ടകോങ്കൽ, ഇടമൺ, ആയിരനല്ലൂർ എന്നീ പ്രദേശങ്ങളാണ്. ഈ പ്രദേശത്തെ സാധാരണക്കാരുടേയും കൃഷിക്കാരുടേയും വായ്പാവശ്യം നിറവേറ്റുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. വിവിധതരം കാർഷികവായ്പകളും കാർഷികേതരവായ്പകളും വിതരണംചെയ്യുകയും ബാങ്കിംഗ് ഇടപാടുകൾ നടത്തുകയുമാണ് പ്രധാന പ്രവർത്തനം (പട്ടിക 10.2 കാണുക).

50 ലക്ഷംരൂപ അംഗീകൃത ഓഹരിമൂലധനമുള്ള ഈ ബാങ്കിന് 13 ലക്ഷം രൂപായുടെ ഓഹരി പിരിഞ്ഞടഞ്ഞു 123 ലക്ഷം രൂപാ നിക്ഷേപമുള്ള ബാങ്ക് 132 ലക്ഷം രൂപ വായ്പനൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരമുള്ള പദ്ധതിവായ്പകളും, IRDP വായ്പകളും, സ്വർണ്ണപ്പണയ വായ്പകളും വിതരണം നടത്തുന്നുണ്ട്. ചിട്ടിരംഗത്തും പ്രവർത്തിക്കുന്നു. കൂടാതെ വളംവിതരണം, ടെക്സ്റ്റയിൽസ്, കൺസ്യൂമർ വ്യാപാരം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഓരോ ഡിപ്പോകളും ബാങ്കിനുണ്ട്. ഓണച്ചന്തയും നടത്തുന്നുണ്ട്.

ഭരണസമിതിയും ജീവനക്കാരും ബാങ്കിന്റെ

**ഇടമൺ സർവ്വീസ് സഹകരണബാങ്ക്, നിക്ഷേപം, വായ്പകൾ (പട്ടിക 10.2)**

| നമ്പർ | കാലാവധി | നിക്ഷേപം | കാർഷിക വായ്പ | കാർഷികേതര വായ്പ | ആകെ വായ്പകൾ | കാലാവധി കഴിഞ്ഞുള്ളവ |
|---|---|---|---|---|---|---|
| 1 | ഹ്രസ്വകാലം | 22 ലക്ഷം | 18 ലക്ഷം | 50 ലക്ഷം | 68 ലക്ഷം | 9 ലക്ഷം |
| 2 | മദ്ധ്യകാല | 101 ലക്ഷം | 3 ലക്ഷം | 56 ലക്ഷം | 59 ലക്ഷം | 14 ലക്ഷം |
| 3 | ദീർഘകകാലം | – | 5 ലക്ഷം | – | 5 ലക്ഷം | 2 ലക്ഷം |
| | ആകെ | 123 ലക്ഷം | 26 ലക്ഷം | 106 ലക്ഷം | 132 ലക്ഷം | 25 ലക്ഷം |

അവലംബം:- സെക്കണ്ടറി ഡേറ്റ/SCB ഇടമൺ

പ്രവർത്തനവിജയത്തിനായി പ്രയത്നിക്കുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. കൺസ്യൂമർ ഡിപ്പോ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

## 2. ഉറുകുന്ന് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ Q190

ഉറുകുന്നിൽ 1961-ൽ നിലവിൽവന്ന ഒരു പരസ്പര സഹായസഹകരണസംഘമാണ് ഇത്. ഇപ്പോൾ ഈ ബാങ്കിന്റെ പ്രവർത്തനപരിധി തെന്മല വില്ലേജ് മുഴുവനും ഇടമൺ വില്ലേജിൽ ഉറുകുന്ന്, അണ്ടൂർപ്പച്ചകരയും ആണ്. (ഇടമൺ ഏരൂർ റോഡിന് കിഴക്കുള്ളതും റെയിൽവ്വേ റോഡിന് തെക്കുള്ളതുമായ. അണ്ടൂർപ്പച്ചകരയും, മലയാളം പ്ലാന്റേഷൻ, മാമ്പഴത്തറ പ്രദേശങ്ങളും) ആദ്യകാലങ്ങളിൽ വായ്പാവിതരണവും, വളം കൺസ്യൂമർ ഡിപ്പോകളുടെ പ്രവർത്തനവും ഉണ്ടായിരുന്നു. പ്രവർത്തനം മന്ദീഭവിച്ച് 1970 കളിൽ ലിക്വിഡേഷന്റെ വക്കിലെത്തി. 1977 ജില്ലാ സഹകരണബാങ്കിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിച്ച സെക്രട്ടറിയുടേയും മാറിമാറിവന്ന അഡ്മിനിസ്ട്രേറ്റർ മാരുടേയും ശ്രമഫലമായി വന്ന പുനരുദ്ധാരണപ്രവർത്തനം സംഘത്തെ വളർച്ചയുടെ പാതയിലെത്തിച്ചു. ഒരു സർവ്വീസ് സഹകരണ ബാങ്കായി മാറിയസംഘം ഇക്കാലയളവിൽ നിക്ഷേപം വർദ്ധിപ്പിക്കുകയും വായ്പാവിതരണം സുഗമമാക്കുകയും ചെയ്തു. ബാങ്കിനോടനുബന്ധിച്ച് ഓരോ കൺസ്യൂമർ, ടെക്സ്റ്റയിൽസ്, വളംഡിപ്പോകൾ ആരംഭിച്ചതും സ്വന്തമായി സ്ഥലംവാങ്ങി കെട്ടിടംപണി ആരംഭിച്ചതും ഇക്കാലയളവിലാണ്. ഡെപ്യൂട്ടേഷനിൽ നിയമിതനായ അന്നത്തെ സെക്രട്ടറിയാണ് ഇപ്പോഴും തുടരുന്നത്.

ദീർഘനാളത്തെ അഡ്മനിസ്ട്രേറ്റർ ഭരണം അവസാനിപ്പിച്ചുകൊണ്ട് 1985ലും തുടർന്ന് രണ്ടുതവണകളിലും നടന്നതെരഞ്ഞെടുപ്പുകളിലൂടെ അധികാരത്തിൽ വന്ന ബാങ്ക് ഭരണസമിതികളും തുടർന്നുള്ള വികസന പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടി.

പ്രവർത്തനപരിധിയിലെ ഏതാണ്ട് മുഴുവൻ ജനങ്ങളേയും അംഗങ്ങളാക്കി. ഇപ്പോൾ 13000 ൽപ്പരം അംഗങ്ങളുള്ള ഈ ബാങ്കിലെ അംഗീകൃത ഓഹരിമൂലധനം 50 ലക്ഷം രൂപയും പിരിഞ്ഞടഞ്ഞത് 48.59 ലക്ഷം രൂപായുമാണ്. അംഗങ്ങളുടെ എല്ലാവിധ ആവശ്യങ്ങൾക്കുമുള്ള വായ്പകൾ വിതരണം ചെയ്യുന്ന ശ്രമത്തിലേക്ക് പ്രവർത്തനങ്ങൾ നീങ്ങി. 1991ൽ തെന്മല ബ്രാഞ്ചും പ്രവർത്തനം ആരംഭിച്ചു (പട്ടിക 10.3 കാണുക)

IRDP ഇനത്തിൽ മാത്രം 1995-96ൽ 5 ലക്ഷത്തിൽപ്പരം രൂപയുടെ വായ്പകൾ വിതരണം നടത്തി. എല്ലാ സർക്കാർ പദ്ധതികൾക്കുമുള്ള വ്യക്തിഗത വായ്പകളും ബാങ്ക് വിതരണം നടത്തിവരുന്നു. കൊല്ലം ജില്ലയിൽ മികച്ച സർവ്വീസ് ബാങ്കുകളിൽ ഒന്നായി മാറിയ ഈ ബാങ്ക് സഹകരണനിയമപ്രകാരം ക്ലാസ്സ് I വിഭാഗത്തിലും ആഡിറ്റ് ക്ലാസിഫിക്കേഷൻ പ്രകാരം 'A' ക്ലാസ്സിലുമാണ്.

**ഉറുകുന്ന് സർവ്വീസ് സഹകരണബാങ്ക് നിക്ഷേപം, വായ്പകൾ (പട്ടിക 10.3)**

| നമ്പർ | കാലാവധി | നിക്ഷേപം | കാർഷിക വായ്പ | കാർഷികേതര വായ്പ | ആകെ വായ്പകൾ | കാലാവധി കഴിഞ്ഞുള്ളവ |
|---|---|---|---|---|---|---|
| 1 | ഹ്രസ്വകാലം | 195.7 ലക്ഷം | 37.4 ലക്ഷം | 188.7 ലക്ഷം | 226.1 ലക്ഷം | 23.0 ലക്ഷം |
| 2 | മദ്ധ്യകാല | 342.8 ലക്ഷം | 8.3 ലക്ഷം | 307.2 ലക്ഷം | 315.5 ലക്ഷം | 31.5 ലക്ഷം |
| 3 | ദീർഘകകാലം | - | 14.6ലക്ഷം | 0.3 ലക്ഷം | 14.9 ലക്ഷം | 1.0 ലക്ഷം |
| | ആകെ | 538.5 ലക്ഷം | 60.3 ലക്ഷം | 496.2 ലക്ഷം | 556.5 ലക്ഷം | 55.5 ലക്ഷം |

അവലംബം:- സെക്കണ്ടറി ഡേറ്റ/SCB ഉറുകുന്ന്

സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബാങ്ക് കഴിഞ്ഞ 10 വർഷത്തിലധികമായി ലാഭത്തിൽ തന്നെപ്രവർത്തിക്കുന്നു. ബാങ്കിംഗ് പ്രവർത്തനം, വായ്പാപ്രവർത്തനം എന്നിവകൂടാതെ 40 നമ്പരുകളിലായി 10 ലക്ഷംരൂപാസലയുള്ള ചിട്ടികളും, 11 നമ്പരുകളിലായി 10.5 ലക്ഷം രൂപ സലയുള്ള ഗ്രൂപ്പ് ഡപ്പോസിറ്റ് ക്രഡിറ്റ് സ്കീമും ബാങ്ക് നടത്തിവരുന്നു. 1995-96-ൽ മാത്രം IRDP വായ്പയിനത്തിൽ മാത്രം അഞ്ച്‌ലക്ഷത്തിൽപ്പരം രൂപാ വിതരണം നടത്തി.

അഞ്ചകൺസ്യൂമർസ്റ്റോറുകളും, മൂന്ന് വളം ഡിപ്പോകളും, രണ്ട് ടെക്സ്റ്റയിൽ ഡിപ്പോകളും, ഒരു റേഷൻ ഡിപ്പോയും നടത്തി വരുന്നു. റബ്ബർ സംഭരണം, സർക്കാരിന്റെ കശുവണ്ടി കുത്തക സംഭരണം എന്നിവയും നടത്തുന്നു. എല്ലാവർഷവും 5 സ്ഥലങ്ങളിൽ ഓണച്ചന്തകൾ നടത്തുകയും ചെയ്യുന്നു. 1995-96 വർഷത്തിൽ ഈ കേന്ദ്രങ്ങളിലൂടെ ഒരു കോടിയിൽപ്പരം രൂപായുടെ വ്യാപാരം നടന്നു. 1989-90 ൽ കേരളത്തിലെ ഏറ്റവും മികച്ച സഹകരണ മാവേലിസ്റ്റോർ നടത്തിയതിനുള്ള സംസ്ഥാന സഹകരണ മന്ത്രിയുടെ റോളിംഗ് ട്രോഫി, 1991-ലെ നിക്ഷേപസമാഹരണയജ്ഞത്തിൽ കൊല്ലം ജില്ലയിലെ ഏറ്റവും മികച്ച പ്രവർത്തനത്തിനുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ ട്രോഫിയും 1993-94 -ൽ കൊല്ലം ജില്ലയിലെ ഏറ്റവും മികച്ച പ്രാഥമിക സർവ്വീസ് സഹകരണസംഘത്തിനുള്ള ജില്ലാ സഹകരണ ബാങ്കിന്റെ ട്രോഫിയും ബാങ്ക് നേടിയിട്ടുണ്ട്. ചുരുക്കത്തിൽ പ്രവർത്തനമേഖലയിലെ എല്ലാ വിഭാഗം ജനങ്ങളുടേയും, ഒഴിച്ചുകൂടാനാവത്ത ഒരു മാർഗ്ഗമായി ബാങ്ക് മാറിക്കഴിഞ്ഞു.

രണ്ടു സർവ്വീസ് സഹകരണ ബാങ്കുകളെ കൂടാതെ തെന്മല പഞ്ചായത്തിൽ സഹകരണ മേഖലയിൽ വായ്പാ വിതരണംനടത്തുന്ന പഞ്ചായത്തിനു പുറത്തുള്ള സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക (10.4) ൽനിന്നും മനസ്സിലാക്കാം.

### സഹകരണ വായ്പാവിതരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

1. എല്ലാവിഭാഗം ജനങ്ങളുടേയും, എല്ലാവിധ ആവശ്യങ്ങൾക്കുമുള്ള വായ്പകൾ വിതരണം, നടത്തുന്നതിനുള്ള പോരായ്മ.

2. വായ്പാ വിതരണത്തിൽ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ

3. വായ്പാ വാങ്ങിയ ആവശ്യത്തിന് ഉപയോഗിക്കുന്നില്ല.

4. തിരിച്ചടവ് കൃത്യമായി നടത്തുന്നില്ല.

5. വായ്പ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

6. ആവശ്യമായ തോതിൽ പദ്ധതിവായ്പകൾ നിലവിലില്ലാ, ഉള്ളവ പ്രയോജനപ്പെടുത്തുന്നില്ല.

7. കാർഷികേതര വായ്പകൾക്ക് പലിശ കൂടുതൽ

8. സഹകരണ സ്റ്റോറുകളിലെ സാധനവില പൊതുവിപണിയിലേതുമായി വലിയവ്യത്യാസമില്ല.

9. പ്രവർത്തനങ്ങൾ വിപുലീകരിക്കുകയോ

**സഹകരണ മേഖലയിലെ മദ്ധ്യകാല, ദീർഘകാല വായ്പാസ്ഥാപനങ്ങൾ (പട്ടിക 10.4)**

| നമ്പർ | സ്ഥാപനത്തിന്റെ പേര് | വായ്പലഭിച്ചവർ | നൽകിയവായ്പ |
|---|---|---|---|
| 1 | പത്തനാപുരം ബ്ലോക്ക് ഹൗസിംഗ് സഹകരണസംഘം | 13 പേർക്ക് | 7.25 ലക്ഷം |
| 2 | പത്തനാപുരം താലൂക്ക് കാർഷിക ഗ്രാമവികസനബാങ്ക് | 192 പേർക്ക് | 28.0 ലക്ഷം |
| 3 | കൊല്ലം ജില്ലാ സഹകരണ ബാങ്ക് | | |

അവലംബം: സെക്കണ്ടറിഡേറ്റ

കൂടുതൽ സാധ്യതകൾ കണ്ടെത്തുകയോ ചെയ്യുന്നില്ല.

10. റബ്ബർ ഒഴികെയുള്ള ഉല്പന്നങ്ങൾ സംഭരിക്കുന്നില്ല.

## സാധ്യതകൾ

1. കൂടുതൽ വിഭവസമാഹരണം നടത്തി, എല്ലാവിധ ആവശ്യങ്ങൾക്കും എപ്പോഴും വായ്പനൽകാൻ പര്യാപ്തമാവുക.

2. വായ്പാവിതരണത്തിലെ നിയന്ത്രണങ്ങൾ-കാലതാമസം എന്നിവ ഒഴിവാക്കുക.

3. വായ്പാ തിരിച്ചടവിന്റെ കാര്യത്തിൽ ഭരണസമിതിയും ജീവനക്കാരും അംഗങ്ങളും തമ്മിൽ ദൃഢമായ ബന്ധവും പ്രവർത്തനങ്ങളും.

4. എടുക്കുന്ന വായ്പകളുടെ വിനിയോഗം ഉറപ്പുവരുത്താൻ പ്രത്യേക സമിതികളുടെ രൂപീകരണം.

5. കാർഷികവായ്പകളുടെ പലിശനിരക്കിൽ ഇതര വായ്പകളും ലഭ്യമാക്കൽ.

6. കൂടുതൽ പദ്ധതിവായ്പകൾ ഏർപ്പെടുത്തുകയും, അവ ഉദാരതരം ആക്കുകയും ചെയ്യൽ. കൂടാതെ ഇവയുടെ ഉപയോഗപ്പെടുത്തൽ.

7. വില്പനകേന്ദ്രങ്ങളിലെ വിലനിലവാരം പൊതുവിപണിയേക്കാൾ കുറവാണെന്ന് ഉറപ്പുവരുത്തുകയും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുകയും ചെയ്യൽ.

8. വിൽക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ

9. ഗൃഹോപകരണങ്ങൾ, കെട്ടിടനിർമ്മാണവസ്തുക്കൾ, കാർഷിക യന്ത്രങ്ങൾ എന്നിവുയടെ വിതരണം.

10. ഭവനനിർമ്മാണത്തിന് കൂടുതൽ വായ്പകൾ ഉറപ്പുവരുത്തൽ.

11. സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്കുവേണ്ടി ഇൻഷ്വറൻസ് തുടങ്ങിയ സാമൂഹിക സുരക്ഷാപദ്ധതികൾ

12. സഹകരണതത്വങ്ങൾ, പ്രസ്ഥാനത്തിന്റെ പ്രസക്തി എന്നിവയെപ്പറ്റി അംഗങ്ങൾ, ജീവനക്കാർ, ഭരണസമിതി എന്നിവർക്കിടയിൽ ശക്തമായ ബോധവൽക്കരണ പരിപാടികൾ

13. എല്ലാവിധ കാർഷികോല്പന്നങ്ങളുടേയും സംഭരണം.

14. ഹയർ പർച്ചേഴ്സ് പദ്ധതികൾക്കുള്ള സാധ്യത

15. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ വായ്പാ സംഘത്തിനുള്ള സാധ്യത.

### B. വായ്പേതര സംഘങ്ങൾ

ഈ രംഗത്ത് 4 ക്ഷീരസംഘങ്ങളുടേയും ഒരു പട്ടികവർഗ്ഗസംഘത്തിന്റേയും പ്രവർത്തനം മാത്രമാണുള്ളത്.

### 1. ക്ഷീരസംഘങ്ങൾ

ക്ഷീരകർഷകരെ സഹായിക്കുന്നതിനുവേണ്ടി തെന്മല പഞ്ചായത്തിൽ രൂപീകരിച്ച 5 ക്ഷീരസംഘങ്ങളിൽ 4 എണ്ണം മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ക്ഷീരോല്പാദനം വർദ്ധിച്ചുവന്ന സമയത്ത് ഇവ വൻപ്രതീക്ഷകളോടെയാണ് പ്രവർത്തനം ആരംഭിച്ചത്. ക്ഷീര സംഘങ്ങളുടെ വരവോടെ നിരവധിയാളുകൾ ഈ രംഗത്തേയ്ക്ക് കടന്നുവന്നു എങ്കിലും കൂടുതൽപേരും പരാജപ്പെടുകയാണുണ്ടായത്. ക്ഷീരോല്പാദനം കുറഞ്ഞുവന്നത് സംഘങ്ങളുടെ നിലനിൽപിനെത്തന്നെ ബാധിച്ചു. 1996 മാർച്ച് മുതൽ ഒരു ഉയിർത്തെഴുന്നേൽപ്പിന് തുടക്കം കുറിച്ചുകൊണ്ട് സംഘങ്ങൾ പ്രവർത്തനം നീക്കി. ഇപ്പോൾ 4 സംഘങ്ങളിലും കൂടി 5400 ലിറ്റർ പാൽമാത്രമാണ് പ്രതിമാസം സംഭരിക്കുന്നത്. സംഘങ്ങൾ ക്ഷീരകർഷകരെ സഹായിക്കുന്നതിനാണ് രൂപികരിച്ചതെങ്കിലും പാലുല്പാദകർക്ക് ഒട്ടും സഹായകരമായ നിലപാടല്ല കൊക്കൊള്ളുന്നത്. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും ഉൾക്കൊള്ളുന്നതിന് ഇവയ്ക്ക് കഴിഞ്ഞിട്ടില്ല.

### ക്ഷീര രംഗത്തെ പ്രശ്നങ്ങൾ

1. ഭൂരിപക്ഷം പാലുല്പാദകരും സംഘങ്ങൾ വഴി പാൽവിപണനം ചെയ്യുന്നില്ല.

2. നേരിട്ട് ഉപഭോക്താക്കൾക്ക് വിൽക്കുന്നതുമൂലം വില മുഴുവനും ലഭിക്കുന്നു.

3. എല്ലാ ക്ഷീര കർഷകർക്കും സംഘത്തിൽ അംഗത്വമില്ല.

4. കാലിത്തീറ്റ വിതരണം കാര്യക്ഷമമല്ല.

5. കാഫ്ഫീഡ് സബ്സിഡി പദ്ധതിയുടെ നടത്തിപ്പ് ഒരു സംഘത്തെ മാത്രമായി ഏൽപ്പിച്ചിരിക്കുന്നു.

6. പാലുല്പാദകന് ന്യായമായവില സംഘത്തിൽ നിന്നും ലഭിക്കുന്നില്ല.

7. ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന വിലയിൽ നിന്നും 30% കുറച്ചുവിലമാത്രമേ സംഘങ്ങൾ വഴി ഉല്പാദകന് ലഭിക്കുന്നുള്ളൂ.

8. ക്ഷീര സംഘത്തിലെ ജീവനക്കാർക്ക് ന്യാമായ വേതനം ലഭിക്കുന്നില്ല.

9. മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസനവകുപ്പ്, KLD, MM Board, MILMA തുടങ്ങിയ വിവിധ ഏജൻസികളുടെ ഏകോപിച്ചുള്ള പ്രവർത്തിനം നടക്കുന്നില്ല.

10. മികച്ചയിനം കന്നുകാലികളുടെ വിലവർദ്ധനവും കാലിത്തീറ്റയുടെ വിലവർദ്ധനവും തീറ്റപ്പുല്ലുകളുടെയും മറ്റും അപര്യാപ്തതയും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

## സാധ്യതകൾ

1. ക്ഷീര സംഘങ്ങളിൽ പാൽനൽകുന്ന ഉല്പാദകർക്ക് ലിറ്ററിന് കുറഞ്ഞ പക്ഷം 2 രൂപാവീതമെങ്കിലും സബ്സിഡി നൽകണം.

2. പ്രാദേശികമായ വില്പന വർദ്ധിപ്പിക്കുകയും വില്പനവിലയുടെ 10% കുറച്ചുള്ള തുക ഉല്പാദകന് ലഭിക്കുകയും ചെയ്യുന്നു എന്നുറപ്പ് വരുത്തുക.

3. സംഘംവഴി കൂടുതൽ കാലിത്തീറ്റ വിതരണം നടത്തുക. സംഘങ്ങളുടെ കൂട്ടായ പ്രവർത്തനം വഴി കാലിത്തീറ്റ നിർമ്മാണം ആരംഭിക്കുക.

4. എല്ലാ ക്ഷീരകർഷർക്കും സംഘത്തിൽ അംഗത്വ നൽകുക.

5. കാലികൾക്കുള്ള ചികിത്സാസൗകര്യം സംഘം സൗജന്യമായി ഉറപ്പുവരുത്തുക.

6. നിത്യോപയോഗ സാധനങ്ങളുടെ ന്യായവില വില്പനകേന്ദ്രങ്ങൾ ക്ഷീര സംഘങ്ങളോടനുബന്ധിച്ച് ആരംഭിക്കുക.

7. തെന്മല സംഘത്തെ പുനരുജ്ജീവിപ്പിക്കുക.

8. കാഫ് ഫീഡ് സബ്സിഡി പദ്ധതിയുടെ ആനുകൂല്യം അർഹതയുള്ളവർക്ക് പൂർണ്ണമായും ലഭിക്കുന്നുവെന്നുറപ്പുവരുത്തുക. ഓരോ സംഘങ്ങളുടേയും പരിധിയിലുള്ള പദ്ധതിയുടെ സഹായങ്ങൾ അതാതു സംഘങ്ങൾവഴി മാത്രം വിതരണം നടത്തുക.

9. വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനപ്രവർത്തനം സാധ്യമാക്കുക.

10. ക്ഷീര കർഷകർക്കുവേണ്ടിയുള്ള സഹായപദ്ധതികൾ, സംഘങ്ങളിലെ അംഗങ്ങൾ അല്ലാത്ത ക്ഷീരകർഷകർക്കും ലഭ്യമാക്കുകയും ഇത്തരം പദ്ധതികളുടെ നിർവ്വഹണ ചുമതല ഗ്രാമപഞ്ചായത്തുകളെ ഏൽപിക്കുകയും ചെയ്യുക.

### ഉറുകുന്നു ഗിരിജൻ സർവ്വീസ് സഹകരണസംഘം

1978 ആഗസ്റ്റ് 26 ന് പ്രവർത്തിനം ആരംഭിച്ച്. ഉറുകുന്ന് മലവേടർ കോളനിയിലെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി സർക്കാർ മുന്നിട്ടു നിന്ന് രൂപീകരിച്ച കൊല്ലംജില്ലയിലെ ഇത്തരത്തിലുള്ള രണ്ടാമത്തെ സംഘമാണിത്. സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രർ (ജനറൽ) പ്രസിഡന്റും ഒരു സഹകരണസംഘം ഇൻപെക്ടർ സെക്രട്ടറിയും, വനംവകുപ്പ് റേഞ്ച് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പട്ടികവർഗ്ഗക്കാരുടെ 2 പ്രതിനിധികൾ എന്നിവരടങ്ങുന്ന ഭരണസമിതി 1987 വരെ തുടർന്നു. സംഘത്തിന്റെ പ്രവർത്തനത്തിനായി ലഭിച്ച ഗ്രാന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു. (പട്ടിക 10.5)

പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി, കഴിഞ്ഞ 18 ഓളം വർഷത്തിനുള്ളിൽ ഇത്തരത്തിൽ രണ്ടര ലക്ഷത്തിൽപ്പരം രൂപ സംഘത്തിനുലഭിച്ചു. ഇപ്പോൾ

(പട്ടിക 10.5)

| | | |
|---|---|---|
| 1 | പട്ടികവർഗ്ഗക്കാർക്ക് ഉറുകുന്ന് മലവേടർ കോളനിയിൽ ഗവൺമെന്റ് നൽകിയ 80 ഏക്കർഭൂമിയിൽ തെങ്ങു വച്ചുപിടിപ്പിക്കുന്നതിന് | 25 000.00 |
| 2 | റബ്ബർ കൃഷി നടത്തുന്നതിന് | 59700.00 |
| 3 | ചുടുകട്ട നിർമ്മാണ പരിശീലനത്തിന് | 37500.00 |
| 4 | വനോല്പന്നങ്ങളുടെ ശേഖരണത്തിന് (3 തവണകൾ) | 80000.00 |
| 5 | മണൽ വാരൽ പ്രവർത്തനങ്ങൾക്ക് | 43000.00 |
| 6 | സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള സ്ഥലം വാങ്ങാൻ | 11000.00 |
| | ആകെ | 256200.00 |

മണൽവാരൽ പ്രവർത്തനം മാത്രമാണ് നടത്തുന്നത്. 1.10.84 മുതൽ ശമ്പളം പറ്റുന്ന സെക്രട്ടറിയെ നിയമിച്ചു. സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

## പ്രശ്നങ്ങൾ

1.സർക്കാർ ഗ്രാന്റ് വാങ്ങുന്നതിനും ചെലവഴിക്കുന്നതിനും മാത്രമുള്ള ശ്രമം

2. പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിന് സംഘത്തിനോ, സംഘത്തിന്റെ പ്രവർത്തനത്തിൽ പട്ടികവർഗ്ഗക്കാർക്കോ താല്പര്യമില്ല.

3. സ്വന്തമായ പ്രവർത്തനപരിപാടികൾ ഏറ്റെടുത്തു നടത്തുന്നതിൽ മാനേജ്മെന്റിനുള്ള അപര്യാപ്തത.

## സാധ്യതകൾ

1. മുഴുവൻ പട്ടികവർഗ്ഗക്കാരുടേയും ഉന്നമനത്തിനായി, അവരുടെ പങ്കാളിത്തത്തോടു കൂടിയുള്ള പ്രവർത്തന ശൈലി സംഘത്തിനുണ്ടാവണം.

2. പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ, സാമ്പത്തിക, സാംസ്ക്കാരിക, വിദ്യാഭ്യാസ മേഖലകളിലുള്ള വളർച്ചയ്ക്കുതകുന്ന പ്രവർത്തന പരിപാടി.

3. ശരിയായ രീതിയിലുള്ള മാനേജുമെന്റിന്റെ പരിശീലനം.

**മുടങ്ങിക്കിടക്കുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും പുതുതായി സംഘങ്ങൾ രൂപീകരിക്കുന്നതിനും സഹകരണമേഖലയ്ക്ക് ഒരു പ്രവർത്തന പരിപാടി താഴെക്കൊടുക്കുന്നു.**

1. പ്രവർത്തനരഹിതമായ ഇടമൺ ഗ്രാനൈറ്റ് സഹകരണസംഘം, ലേബർ കോൺട്രാക്ട് സംഘം, രണ്ട് ഉപഭോക്തൃ സംഘങ്ങൾ, തെന്മല ക്ഷീരസംഘം തുടങ്ങിയവ അടിയന്തിരമായി പുനരുദ്ധരിക്കണം.

2. സ്കൂൾ സഹകരണസംഘങ്ങൽ കാര്യക്ഷമമാക്കി വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ക്ഷേമത്തിനുവേണ്ടി വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തുനടപ്പാക്കുക.

3. വ്യവസായ രംഗത്ത് സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ (ഈറ, ബീഡി, ഗാർമെന്റ്, തീപ്പെട്ടി, കുട, ചെരുപ്പ്, ഗ്രാനൈറ്റ്, മണൽവാരൽ, എന്നീമേഖലകളിൽ)

4. തെന്മല ഡാം, ഒറ്റക്കൽ വിയർ എന്നിവിടങ്ങളിലും കനാലുകളിലും മത്സ്യം വളർത്തുന്നതിനും മത്സ്യബന്ധനത്തിനും, വിപണനത്തിനും വേണ്ടിയുള്ള സഹകരണസംഘം രൂപീകരണം.

5. തെന്മല പഞ്ചായത്തിൽ സഹകരണ ആശുപത്രി സ്ഥാപിക്കുന്നതിനുള്ള സാധ്യത.

6. കാർഷികോല്പന്നങ്ങളുടെ വിപണനത്തിനും ഇവയുടെ സംസ്ക്കരണത്തിനും വേണ്ടിയുള്ള സംഘങ്ങൾ സ്ഥാപിക്കൽ.

7. വനിതാസഹകരണ സംഘങ്ങൾ സ്ഥാപിക്കൽ

8. തൊഴിൽ രഹിതരുടെ സഹകരണസംഘങ്ങൾ

9. ട്രാൻസ് പോർട്ട് സഹകരണസംഘം

10. കെട്ടിടപണി ഏറ്റെടുത്തുനടത്തുന്നതിനും, കെട്ടിട നിർമ്മാണ സാധനങ്ങൾ നിർമ്മിക്കുന്നതിനും വില്ക്കുന്നതിനുമുള്ള സംഘം.

# IV [11] പട്ടികജാതി-പട്ടികവർഗ്ഗം

പഞ്ചായത്തിലെ ആകെ ജനങ്ങളിൽ 13% പട്ടിക ജാതി-പട്ടികവർഗ്ഗത്തിൽ പ്പെട്ടവരാണ്. പഞ്ചായത്തിലെ 13 ഇടങ്ങളിലെ അംഗീകരിക്കപ്പെട്ട കോളനികളിലും കൂടാതെ കൂട്ടായി പാർക്കുന്ന സ്ഥലങ്ങളിലുമായി പട്ടിക ജാതി പട്ടിക വർഗ്ഗക്കാർ പാർക്കുന്നു. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങ

**വാർഡ് തിരിച്ചുള്ള കുടുംബവിവരങ്ങൾ പട്ടിക 11-1**

| വാർഡ് നമ്പർ | ആകെ കുടുംബങ്ങൾ | ആകെ SC കുടുംബങ്ങൾ | ആകെ ST കുടുംബങ്ങൾ |
|---|---|---|---|
| 1 | 786 | 122 | - |
| 2 | 442 | 95 | - |
| 3 | 398 | 82 | - |
| 4 | 421 | 63 | - |
| 5 | 407 | 29 | - |
| 6 | 497 | 118 | 65 |
| 7 | 433 | 68 | - |
| 8 | 464 | 39 | - |
| 9 | 731 | 28 | - |
| 10 | 614 | 98 | - |
| 11 | 541 | 112 | 21 |
| ആകെ | 5734 | 854 | 86 |

ളിൽ ഒറ്റപ്പെട്ടും പട്ടികജാതിക്കാർ പാർക്കുന്നുണ്ട്. 1991 സെൻസസ് പ്രകാരം ആകെ 3367 പട്ടികജാതി പട്ടികവർഗ്ഗ ക്കാർ ഉണ്ട്. ഇതിൽ 1687 പേർ പുരുഷൻമാരും 1680 സ്ത്രീകളുമാണ്. അതിൽ പട്ടികവർഗ്ഗ പുരുഷൻമാർ 192ഉം, സ്ത്രീകൾ 163ഉം ആകുന്നു. ആകെ 355 പേർ

പഞ്ചായത്തിൽ പട്ടികജാതി / പട്ടികവർഗ്ഗം കൂട്ടായി പാർക്കുന്ന കോളനി / ഹാബിറ്റാറ്റ് / സെറ്റിൽമെന്റ്

(ടിക് (✓) അടയാളം ലഭ്യതയെ സൂചിപ്പിക്കുന്നു. ഗുണനം (x) ലഭ്യതയില്ലായ്മയെ സൂചിപ്പിക്കുന്നു.

വിദ്യാഭ്യാസ, സാമൂഹ്യ മേഖലകളിൽ നേട്ടങ്ങൾ ചിലർ കൈവരിച്ചിട്ടുണ്ടങ്കിലും അതിന് അനുസൃതമായ സാമ്പത്തിക പുരോഗതി പ്രാപിച്ചിട്ടില്ല.കുടി കിടപ്പു അവകാശത്തിന്റെയും, ഭൂപരിഷ്കരണത്തിന്റെയും ഫലമായി കുറയൊക്കെ നേട്ടങ്ങൾ ചിലകുടുംബങ്ങൾ കൈവരിച്ചി ട്ടുണ്ട്.

സർക്കാരിൽ നിന്നും വിവിധ ഏജൻസിക ളിൽനിന്നും വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയെ ങ്കിലും അതൊന്നും തന്നെ പൂർണതയിൽ എത്തിയിട്ടില്ല. പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും സർട്ടിഫിക്കറ്റു കൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും (ജാതി, വരുമാനം) അറിവില്ലായ്മയും, ഉദ്യോഗസ്ഥ മേധാവിത്ത്വവും, അലംഭാ വവും ഇതിനെല്ലാം കാരണങ്ങളാണ്. എടുത്ത് പറയതക്ക ക്ഷേമപ്രവർത്തനങ്ങൾ നടന്നിട്ടുള്ളത് ഉറുകുന്ന് ട്രൈബൽ കോളനി, അംബദ്ക്കർ കോളനി ഓലപ്പാറ IHDP കോളനി

**പട്ടിക 11-2**

| വാർഡ് | കോളനി/സെറ്റിൽമെന്റ് | വൈദ്യുതി | റോഡ് | കുടിവെള്ളം |
|---|---|---|---|---|
| 1 | ഓലപ്പാറ/വലിയകാവ്/ചെറുകടവ്/IHDP കോളനി | ✓ | x | ✓ |
| 2 | ചെറുതന്നൂർ KIP പുനരധിവാസം | x | ✓ | ✓ |
| 3 | തോണിച്ചാൽ പട്ടിക/ജാതി ഹാബിറ്റാറ്റ്/ | ✓ | ✓ | ✓ |
| | ചിറ്റാലംകോട് IHDP | x | x | x |
| 4 | 17-ാം ബ്ലോക്ക് 15 കുടുംബം | x | ✓ | ✓ |
| 6 | അബ്ദക്കർ കോളനി/ | x | ✓ | x |
| | ഉറുകുന്ന് ട്രൈബൽ കോളനി | ✓ | ✓ | ✓ |
| 7 | വെള്ളച്ചാൽ പട്ടിക ജാതി | ✓ | ✓ | ✓ |
| 8 | നവഭാരത് പട്ടികജാതി | ✓ | ✓ | ✓ |
| 9 | MN കോളനി ഹരിജൻ ഹാബിറ്റാറ്റ് | x | x | ✓ |
| 10 | KIP പട്ടികജാതി ലേബർ കോളനി | x | ✓ | x |
| 11 | മാമ്പഴത്തറ(ഇരുട്ടുതറ ചതുപ്പ്) ട്രൈബൽ കോളനി/മാമ്പഴത്തറ | ✓ | ✓ | ✓ |
| | പട്ടികജാതി കോളനി | | | |

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ച വീടുകളെ സംബന്ധിച്ചുള്ള വിവരം (പട്ടിക 11-3)**

| വാർഡ് നമ്പർ | പട്ടികജാതി | | ബാക്കി | പട്ടികവർഗ്ഗം | | ബാക്കി |
|---|---|---|---|---|---|---|
| | അനുവദിച്ച വീടുകൾ | പൂർത്തിയായ വീടുകൾ | | അനുവദിച്ച വീടുകൾ | പൂർത്തിയായ വീടുകൾ | |
| I | 74 | 65 | 9 | - | - | - |
| II | 14 | 10 | 4 | - | - | - |
| III | 57 | 46 | 11 | - | - | - |
| IV | 15 | 12 | 3 | - | - | - |
| V | 6 | 6 | - | - | - | - |
| VI | 36 | 35 | 1 | 65 | 65 | - |
| VII | 23 | 21 | 2 | - | - | - |
| VIII | 19 | 19 | - | - | - | - |
| IX | 8 | 8 | - | - | - | - |
| X | 2 | 2 | - | - | - | - |
| XI | 3 | 3 | - | 21 | 21 | - |
| Total | 257 | 227 | 30 | 86 | 86 | - |

എന്നിവിടങ്ങളിലാണ്.

## വിദ്യാഭ്യാസം

പട്ടികജാതി / പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളിൽ ഒരു വിഭാഗം 10-ക്ളാസ് ആകുന്നതിന് മുമ്പ് പഠനം നിർത്തുന്ന പ്രവണത കാണുന്നു. ഇതിന് പല കാരണങ്ങളാണ്. രക്ഷകർത്താക്കൾക്ക് പഠനത്തെ കുറിച്ചുള്ള ധാരണ കുറവാണ്. സയൻസ് മുതലായ വിഷയങ്ങളിലുണ്ടായിട്ടുള്ള പുരോഗതിക്കനുസൃതമായി കുട്ടികളുടെ വിജ്ഞാന നിലവാരം ഉയർന്നിട്ടില്ല.റ്റി,വി, റേഡിയോ, ന്യൂസ് പേപ്പർ മറ്റ് ആനുകാലിക വിജ്ഞാന പ്രസിദ്ധീകരണങ്ങൾ എന്നിവയിൽ നിന്നുള്ള അറിവ് ഇക്കൂട്ടർക്ക് ഇന്നും അപ്രാപ്യമായി ഇന്നും നില കൊള്ളുന്നു. രാവിലെ പത്ത് മണിക്ക് പോകുന്ന കുട്ടികൾ സ്കൂളിൽ എത്തിച്ചേരുന്നുണ്ടോ എന്ന് മാതാപിതാക്കൾ ശ്രദ്ധിക്കാറില്ല. കലാ-കായിക പരമായി വൈദഗ്ദ്ധ്യമുള്ള വിദ്യാർത്ഥികൾ സ്കൂളിലുണ്ട്. അവരെ കണ്ടുപിടിച്ച് പ്രയോജനപ്പടുന്നില്ല.

## തൊഴിൽ

കാർഷിക മേഖലയാണ് പ്രധാന തൊഴിൽ മേഖല. സർക്കാർജീവനം ഉള്ളവർ ചുരുക്കമാണ്. റബ്ബർ ടാപ്പിഗ്, ലോഡിഗ്, ഈറ്റകൊണ്ടുള്ള ഉല്പന്നനിർമാണം എന്നീതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമുണ്ട്. സ്വയം തൊഴിൽ പദ്ധതി പ്രകാരം തൊഴിൽ ചെയ്യുന്നവർ ചുരുക്കമാണ്. ഈറ്റലഭിക്കാത്തതമൂലം ആരംഗം ഇന്ന് തകർച്ചയിലാണ്. മുൻകാലങ്ങളിൽ വയലുകളിലെ എല്ലാപണികൾക്കും ഈപഞ്ചായത്തിൽ പട്ടികജാതി- പട്ടികവർഗ്ഗക്കാർ ഉണ്ടായിരുന്നു. എന്നാൽ പുതിയ തലമുറയിൽ ഈ രംഗത്ത് താല്പര്യം കാണിക്കുന്നില്ല. (ഞാറുനടീൽ, കള പറിക്കൽ,

**പഞ്ചായത്തിലെ HS, UP, LP, സ്കൂളിലെ പഠിക്കുന്ന / പഠനംനിർത്തിയ / തോറ്റ വിദ്യാർത്ഥികളുടെ കണക്കുകൾ:-**

**(പട്ടിക 11.4)**

| നമ്പർ | സ്കൂളിന്റെ പേര് | പട്ടികജാതി | | | പട്ടികവർഗ്ഗം | | | പഠനംനിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ഇടമൺ HS | 66 | 61 | 127 | 17 | 12 | 29 | 8 | 3 | 11 |
| 2 | ഗവഃ HS ഒറ്റക്കൽ | 59 | 58 | 117 | 12 | 8 | 20 | 7 | 6 | 13 |
| 3 | ഇടമൺ UPS | 90 | 85 | 175 | 18 | 15 | 33 | 3 | – | 3 |
| 4 | എസ്റ്റേറ്റ് LPS ചാലിയക്കര | 27 | 32 | 59 | 3 | 1 | 4 | 2 | 1 | 3 |
| 5 | ന്യൂ LPS ഇടമൺ | 21 | 32 | 52 | 1 | 2 | 3 | – | – | – |
| 6 | ഗവഃ LPS ഇടമൺ | 21 | 22 | 43 | 2 | 2 | 4 | – | – | – |
| 7 | LPS ഉറുകുന്നു | 33 | 28 | 61 | 4 | 1 | 5 | 3 | – | 3 |
| 8 | WLPS ഒറ്റക്കൽ | 22 | 13 | 35 | 2 | 2 | 4 | – | – | – |
| 9 | SVKLPS ഒറ്റക്കൽ | 14 | 14 | 28 | 1 | – | 1 | – | 1 | 1 |
| 10 | മാമ്പഴത്തറ LPS | 7 | 5 | 12 | – | 1 | 1 | 1 | – | 1 |
| | ആകെ | 360 | 350 | 710 | 59 | 44 | 104 | 23 | 11 | 35 |

നിലം ഒരുക്കൽ) സ്വയം തൊഴിൽ ചെയ്യുന്നവർ 78 പേർ ഈപഞ്ചായത്തിലുണ്ട്.

## കലാ-കായികം

കലാ കായിക പരമായി വളരെ യധികം കഴിവുള്ള വർ ഈവിഭാഗത്തിലുണ്ട്. എന്നാൽ പ്രോൽസാഹനവും, പരിശീലനവും ലഭിക്കാത്തതുമൂലം ആരേയും ഈരംഗത്തേയ്ക്ക് ആകർഷിക്കുന്നില്ല . വാദ്യോപകരണങ്ങൾ,ലയാടൈപ്പ് ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നതിലും വിദഗ്ദ്ധരായവരുണ്ട്. പാരമ്പര്യ കലകളായ കടുവാകളി, പുലികളി, മുടിയാട്ടം, ഞാറ്റ് പാട്ട്, കമ്പടിക്കളി, ഹരികഥ എന്നിവ അറിയാവുന്നവർ ഉണ്ടങ്കിലും പ്രായോഗികം ആക്കാത്തതിനാൽ പിൻമുറക്കാർ ഇതിൽ അറിവില്ലാതെ വരികയും ഈകലകൾ നശിക്കുകയും ചെയ്യുന്നു. കായിക പരമായി മുമ്പന്തിയിൽ നിൽക്കുന്ന കായികതാരങ്ങൾ ഉണ്ട് എന്നാൽ വേണ്ടത്ര പ്രോൽസാഹനം ലഭിക്കാത്തതിനാൽ അവർ ഈരംഗം വിട്ടുപോകുന്നു. ഇവരുടെ ഇടയിൽ ഈരംഗത്ത് വളരെ പ്രവർത്തനം ഉണ്ടാകണം.

## സഹകരണ മേഖല

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഉണ്ട്. പട്ടികജാതിക്കാരുടേതായി ഇടമൺ പട്ടികജാതി ഗ്രാനൈറ്റ് വ്യവസായ സഹകരണ സംഘം എന്ന ഒരു സ്ഥാപനം ഉണ്ട്. അത് ഇപ്പോൽ നിർജീവമാണ്. ശരിയായ നിലയിൽ പ്രവർത്തിക്കുവാൻ നടപടി ഉണ്ടാകണം. പട്ടികവർഗ്ഗക്കാർക്കായി പ്രവർത്തിക്കുന്ന ഉറുകുന്ന് ഗിരിജൻ സഹകരണസംഘം എന്ന ഒരു സ്ഥാപനം നിലവിലുണ്ട്. ഉദ്യോഗസ്ഥൻ മാരുടെ സഹകരണമില്ലാത്തതിനാൽ സംഘങ്ങൾക്ക് സുഗമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല.

## പാർപ്പിടം

പാർപ്പിട പ്രശ്നത്തിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ വളരെ പിന്നോക്കാവസ്ഥയിലാണ്. ഭവനനിർരംഗത്ത് ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃത കോളനികൾ കേന്ദ്രീകരിച്ച് കുറെ ക്ഷേമ പദ്ധതികൾ നടത്തിയിട്ടുണ്ട്. ഒറ്റപ്പെട്ട വീടുകൾക്ക് ഇതിന്റെ പ്രയോജനങ്ങൾ പ്രായോഗികമായെ ലഭിച്ചിട്ടുള്ളു. ഭവനങ്ങൾ നല്ലൊരു ഭാഗവും ഓല, പുല്ല് മേഞ്ഞവയാണ്, കുടിലുകളുമാണ്.അനുബന്ധ സൗകര്യങ്ങൾ വളരെ കുറവാണ്. പുറമ്പോക്കിൽ താമസിക്കുന്ന വർക്ക് പദ്ധതികളിൽ കഴിഞ്ഞു. ബാക്കി വന്നിട്ടുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന വർക്കും കൈവശരേഖ ഇല്ലാത്തതിനാൽ സഹായം ഒന്നും തന്നെ ലഭ്യമല്ല. ഭൂമി ഉള്ളവരുടെ വസ്തുവിന്റെ രേഖകൾ സഹകരണസ്ഥാപനം, ബാങ്ക് എന്നിവിടങ്ങളിൽ പണയപ്പെടുത്തി പണം എടുത്തിട്ടുള്ളതിനാൽ പിന്നീടുള്ള സഹായങ്ങൾക്ക് രേഖകൾ കാണിക്കുവാൻ ബുദ്ധിമുട്ടുണ്ടാവുകയും അത് നഷ്ടപ്പെടുകയും ചെയ്യുന്നു. രണ്ട് സെന്റിൽ താഴെ വസ്തു ഉള്ളവർക്ക് സഹായം ഒന്നും ലഭിക്കുന്നില്ല. പട്ടികജാതിക്കാർക്ക് അനുവദിച്ചിട്ടുള്ള വീടുകൾപൂർത്തിയാകാത്തവയും ഉണ്ട്.

IRDP സ്കീം പ്രകാരം 3075 കുടുംബം ദാരിദ്രരേഖയ്ക്ക് താഴെയാണ് എന്ന് ഔദ്യോഗികമായി കണക്കാക്കിയിരിക്കുന്നു. ഇതിൽ പട്ടികജാതി / പട്ടികവർഗ്ഗ കുടുംബങ്ങൾ 417ആണ്. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള കുടുംബങ്ങൾ 263 ആണ്. ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗം 138 ആണ്. ഇനിയും സഹായം ലഭിക്കുവാനുള്ളത് 279 ആണെന്ന് ഔദ്യോഗിക രേഖകൾ വ്യക്തമാക്കുന്നു.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ സെക്കൻഡറി തലത്തിൽ വച്ചുതന്നെ കുട്ടികൾ കൊഴിഞ്ഞു പോകുന്നതിനു കാരണമാകുന്നു. ഉന്നതവിദ്യാഭ്യാസം / സാങ്കേതിക വിദ്യാഭ്യാസം എന്നിവയ്ക്ക്പോകുന്നവർ ചുരുക്കം.

2. അർഹരായവർക്ക് ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിന് നിയമകുരുക്കുകൾ തടസ്സമാണ്.

3. നിരക്ഷരത ഇപ്പോഴും നിലനിൽക്കുന്നു.

| വാർഡ് | ആകെ | പട്ടികജാതി | സാമ്പത്തികമായി സഹായം ലഭിച്ച കുടുംബം | |
|---|---|---|---|---|
| | | | ആകെ | പട്ടികജാതി |
| I | 409 | 87 | 32 | 16 |
| II | 247 | 50 | 10 | 5 |
| III | 229 | 30 | 43 | 26 |
| IV | 302 | 23 | 24 | 8 |
| V | 261 | 13 | 8 | 2 |
| VI | 268 | 49 | 19 | 12 |
| VII | 271 | 25 | 28 | 16 |
| VIII | 245 | 21 | 22 | 12 |
| IX | 347 | 8 | 32 | 8 |
| X | 241 | 48 | 27 | 21 |
| XI | 249 | 63 | 18 | 12 |
| Total | 3075 | 417 | 263 | 138 |

**IRDP ലിസ്റ്റിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം – സെക്കണ്ടറി ഡേറ്റാ**

പട്ടിക 11.5

4. സ്വയം തൊഴിലിന് വായ്പ ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നു.

5. പരമ്പരാഗത തൊഴിലുകൾക്ക് അസംസ്കൃത വസ്തുക്കൾ (ഈറ്റ / ചൂരൽ) ലഭിക്കുന്നില്ല.

6. വൈദ്യുതി, റോഡ് സൗകര്യങ്ങൾ അപര്യാപ്തമാണ്.

7. പരിമിതമായ സ്ഥലത്ത് കിണർ, കക്കൂസ് ഇവനിർമിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവ പ്പെടുന്നു.

8. വരുമാനം / ജാതി സർട്ടിഫിക്കറ്റ് ലഭിയ്ക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

9. കലാ-കായിക രംഗങ്ങളിൽ വേണ്ടത്ര പ്രോൽസാഹനവും, സഹായവും ലഭിക്കുന്നില്ല.

10. എയിഡസ് സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ നിയമനങ്ങൾ ലഭിക്കുന്നില്ല. ഇവിടങ്ങളിൽ സംവരണം ഇല്ല.

11. പട്ടികജാതി/വർഗ്ഗം കൂട്ടായി താമസിക്കുന്ന സ്ഥലങ്ങൾ കോളനികളായി പ്രഖ്യപിച്ചിട്ടില്ല. അതിന്റെ പേരിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

12. നിർദ്ധനരായ പട്ടികജാതി/വർഗ്ഗക്കാർക്ക് മതിയാ ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുകയും, പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് (പദ്ധതി പ്രദേശം) കൈവശരേഖ ലഭ്യമാക്കുക, റോഡു പുറമ്പോക്കുകാരെ പുനരധിവസിപ്പിക്കുക.

2. പട്ടികജാതി/വർഗ്ഗം കൂട്ടായി താമസിക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ള സംവിധാനം കക്കൂസ്, വൈദ്യുതി എന്നിവ എത്തിക്കണം. (ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വസിക്കുന്നവർക്ക്)

3. പട്ടികജാതി/വർഗ്ഗക്കാരുടെ കുട്ടികൾക്ക് വിദ്യാഭ്യാസപരമായി മുന്നിൽ എത്തുന്നതിന് പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ നടത്തുകയും സെക്കന്ററി, ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് പാഠ്യഭാഗത്തെ പരിഷ്ക്കരണങ്ങൾ

കാണുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

4. കലാ-കായിക രംഗത്ത്, കുട്ടികളെ ചെറുപ്പത്തിലേ കണ്ടുപിടിച്ച് വേണ്ട പരിശീലനം നൽകുക.

5. ഇപ്പോൾ ഉള്ള പ്രായപൂർത്തിയായ കലാകാരന്മാരെ ഉൾപ്പെടുത്തി ബാന്റ് ട്രൂപ്പ് ഉണ്ടാക്കുകയും അതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുക..

6. ഈറ്റ, മുള, ചൂരൽ എന്നിവ വനങ്ങളിൽ നിന്നും ശേഖരിക്കുന്നതിന് ആ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ലൈസൻസ് നൽകുക. ക്വാട്ട നിശ്ചയിക്കുകയും ചെയ്യുക.

7. പട്ടികജാതി/വർഗ്ഗക്കാരുടെ ഇടയിൽ ശുചിത്വം ഉറപ്പാക്കുകയും, ഹെൽത്ത് വിസിറ്റേഴ്സ് ഭവനങ്ങൾ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചർച്ചാക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്യുക.

8. കോളേജുകളിലും, എയിഡഡ് സ്കൂളുകളിലും നിശ്ചിതയോഗ്യതയുള്ളവരെ പഞ്ചായത്തിൽ നിന്നും ലിസ്റ്റ് വാങ്ങിയശേഷം ഉപാധികൾ കൂടാതെ നിയമിക്കുക.

9. പട്ടികജാതി/വർഗ്ഗക്കാരുടെ ഉന്നമനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

10. പട്ടികജാതി/വർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാനുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളുടെ പങ്കാളിത്വത്തോടും ശ്രമദാനത്തോടും നടപ്പിലാക്കേണ്ടതാണ്.

11. വരുമാനം-ജാതി-വസ്തുസംബന്ധമായ വിവരങ്ങൾ മുതലായവക്ക് റേഷൻ കാർഡിൽ അവരേഖപ്പെടുത്തുകയും ഏതു ഓഫീസിലും ഏതാവശ്യത്തിനും അത് ഉപയോഗിക്കുന്നതിനുള്ള നിയമ നിർമ്മാണം ഉണ്ടാക്കുകയും വേണം. (ഒരു കുടുംബത്തിന്റെ എല്ലാ സ്ഥിതിവിവരങ്ങളും റേഷൻ കാർഡിൽ ഉണ്ടാകണം).



# IV (12) വിഭവസമാഹരണം

ഒരു പഞ്ചായത്തിന്റെ പുരോഗതിയുടെ മാനദണ്ഡം അവിടുത്തെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിയാണ്. തൊഴിലിനേയും വിദ്യാഭ്യാസത്തെയും അടിസ്ഥാനപ്പെടുത്തിയാണ് ഇതു കാണുന്നത്. കാർഷിക മേഖലയെ ആശ്രയിച്ചുമാത്രം കവിയുന്നവരാണ് പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും. റബ്ബർകൃഷി വ്യാപകമായതോടുകൂടി മറ്റു പലതരം കൃഷികളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നിലങ്ങൾ നികത്തി നെൽകൃഷിക്കു പകരം വാഴ, മരച്ചീനി തുടങ്ങിയവ കൃഷി ചെയ്യുന്നുണ്ട്. ചെറുകിട നാമമാത്ര കൃഷിക്കാർ സാമ്പത്തിക തകർച്ച നേരിട്ടുകൊണ്ടിരിക്കുന്നു. വ്യവസായശാലകളോ, എടുത്തു പറയത്തക്ക ചെറുകിട വ്യവസായങ്ങളോ നിലവിലില്ല. വിഭവസമാഹരണത്തിന്റെ കാര്യത്തിലും മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് പലപ്പോഴും തടസ്സങ്ങൾ ഉണ്ടാകുന്നു. എല്ലാവർക്കും വീടും മറ്റു സൗകര്യങ്ങളും ഒരുക്കികൊടുക്കുന്നതിനും, വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനും പഞ്ചായത്തിന് ഫണ്ടില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്.

പഞ്ചായത്തിന്റെ ഇപ്പോഴുള്ള വരുമാന മാർഗ്ഗങ്ങളിൽ പ്രധാനം കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുതി, കെട്ടിട വാടക, മാർക്കറ്റുകളിൽ നിന്നുള്ള വരുമാനം, ഗവ: ഗ്രാന്റ്, ലൈസൻസ് ഫീസ് മുതലായവയാണ്. ഇപ്പോഴത്തെ വരുമാനം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പര്യാപ്തമല്ല. അതുകൊണ്ട് വിഭവസമാഹരണത്തിനു വേണ്ടി പുതിയ വഴികൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

1) തെന്മല ജംഗ്ഷനിലുള്ള ഷോപ്പിംഗ് സെന്ററിൽ നിന്നുള്ള വരുമാനം, പട്ടിക കാണുക (12.1)

ഇപ്പോഴത്തെ രീതിയിൽ വീട്ടുകരം ഈടാക്കുന്നതിൽ പല അപാകതകളും ഉണ്ട്. വിസ്തീർണ്ണത്തിന്റെയും, ആഡംബരത്തിന്റെയും, നിർമ്മാണസാമഗ്രികളുടേയും അടിസ്ഥാനത്തിൽ എല്ലാ വീടുകൾക്കും നികുതി ചുമത്താവുന്നതാണ്.

### തൊഴിൽ നികുതി

ഇപ്പോൾ പഞ്ചായത്തിൽ സർക്കാർ, അർദ്ധസർക്കാർ, എയ്ഡഡ് സ്കൂൾ ഉൾപ്പെടെ 674 ജീവനക്കാർ പണിയെടുക്കുന്നു. പട്ടിക 12.3 കാണുക.

തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടേണ്ട എല്ലാവരും നികുതി കൊടുക്കുന്നതായി കാണുന്നില്ല.

### വിനോദനികുതി

പഞ്ചായത്തിൽ ആകെ പ്രവർത്തിക്കുന്നത് ഒരു സിനിമാ തീയേറ്റർ മാത്രമാണ്. തീയേറ്ററിൽ നിന്നുള്ള വരുമാ

പട്ടിക 12.1

| വർഷം | തുക |
|---|---|
| 1900–1991 | 8052 |
| 1991–1992 | 8052 |
| 1992–1993 | 8052 |
| 1993–1994 | 8052 |
| 1994–1995 | 8460 |
| 1995–1996 | 8880 |

കെട്ടിട നികുതി ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. പട്ടിക 12.2 കാണുക.

| വാർഡ് | ആകെ വീടുകൾ | കെട്ടിടനികുതി ചുമത്തിയവീടുകൾ | കെട്ടിടനികുതി ഒഴിവാക്കിയവീടുകൾ | നികുതി |
|---|---|---|---|---|
| 1 | 850 | 451 | 399 | 15976 |
| 2 | 499 | 224 | 275 | 9196 |
| 3 | 475 | 302 | 173 | 7882 |
| 4 | 892 | 551 | 341 | 26766 |
| 5 | 654 | 516 | 138 | 20251 |
| 6 | 596 | 338 | 258 | 14784 |
| 7 | 630 | 307 | 323 | 15515 |
| 8 | 534 | 240 | 294 | 8872 |
| 9 | 862 | 366 | 496 | 14743 |
| 10 | 1057 | 427 | 630 | 32495 |
| 11 | 564 | 484 | 80 | 12873 |
| Total | 7613 | 4206 | 3407 | 179353 |

സേവന മേഖലയിലെ ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ. പട്ടിക 12.3 കാണുക.

പട്ടിക 12.3

| | വിദ്യാഭ്യാസം | | | | ആരോഗ്യം | | | | മറ്റുമേഖലകൾ | | | | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | സഹകരണം | സ്വകാര്യം | ആകെ | സർക്കാർ | സഹകരണം | സ്വകാര്യം | ആകെ | സർക്കാർ | സഹകരണം | സ്വകാര്യം | ആകെ | |
| എണ്ണം | 42 | 7 | 92 | 147 | 26 | - | - | 26 | 476 | 24 | 7 | 507 | 674 |
| നികുതി | 10045 | 1900 | 23305 | 35250 | 5485 | - | - | 5485 | 126598 | 5605 | 1575 | 133778 | 174513 |

നത്തിന്റെ പട്ടിക 12.4 കാണുക.

പട്ടിക 12.4

| വർഷം | വരവ് |
|---|---|
| 90-91 | രൂ. 14530 |
| 91-92 | 14090 |
| 92-93 | 13135 |
| 93-94 | 17124 |
| 94-95 | 20899 |
| 95-96 | 29985 |

### മാർക്കറ്റുകളിൽ നിന്നുള്ള വരുമാനം

പഞ്ചായത്തിൽ തെന്മല, ഇടമൺ എന്നീ പ്രദേശങ്ങളിൽ രണ്ടു മാർക്കറ്റുകൾ ഉണ്ട്. മാർക്കറ്റിൽ നിന്നുള്ള വരുമാന പട്ടിക 12.5 കാണുക.

പട്ടിക 12.5

| വർഷം | വരവ് |
|---|---|
| 90-91 | രൂ. 29470 |
| 91-92 | 49094 |
| 92-93 | 65121 |
| 93-94 | 39930 |
| 94-95 | 48560 |
| 95-96 | 37960 |

### മണൽവാരലുമായി ബന്ധപ്പെട്ട വരുമാനം

കല്ലടയാറ്റിലെ ആയിരനെല്ലൂർ കടവിൽനിന്നു മാത്രമാണ് മണൽ വാരിക്കൊണ്ടിരിക്കുന്നത്. വരുമാനം സംബന്ധിച്ച പട്ടിക 12.6 കാണുക.

പട്ടിക 12.6

| വർഷം | വരവ് |
|---|---|
| 90-91 | രൂ. 6000 |
| 91-92 | 8425 |
| 92-93 | - |
| 93-94 | 69121 |
| 94-95 | 69601 |
| 95-96 | 136525 |

പഞ്ചായത്തിന് കാര്യമായി വരുമാനമുണ്ടാകാവുന്ന മണൽവാരൽ കല്ലടയാറ്റിലെ ഡാം റിസർവോയർ, ഒറ്റക്കൽ, ഉറുകുന്ന്, തേയിലതോട്ടം, ആയിരനെല്ലൂർ, ഇടമൺ കൊച്ചുമാംമൂട്, സ്റ്റോർ കടവ് എന്നിവിടങ്ങളിൽ നിന്നും, ഇഞ്ചപ്പള്ളി ആറ്റിലെ ചാലിയക്കര കടവിൽ നിന്നും മണൽവാരൽ നടപടി സ്വീകരിക്കാവുന്നതാണ്.

### ബാങ്കിംഗ് മേഖല

തെന്മല പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തെന്മല ശാഖയും, ഫെഡറൽ ബാങ്കിന്റെ ഇടമൺ ശാഖയും, ഇടമൺ, ഉറുകുന്ന് സഹകരണ ബാങ്കുകളും മറ്റു ചില സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും പഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. പട്ടിക 12.7 കാണുക.

താങ്കളുടെ മിച്ച ബഡ്ജറ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് പ്രത്യുൽപ്പാദനപരമായ പദ്ധതികൾക്ക് ഉദാരവ്യവസ്ഥയിലും, കുറഞ്ഞ പലിശയിലും വായ്പ നൽകുന്നതിന് ബാങ്കുകൾ തയ്യാറാവുകയും ഗവ: അംഗീകാരം നൽകുകയും വേണം.

### ലൈസൻസ് ഫീസ്

ലൈസൻസ് ഫീസിനെ സംബന്ധിച്ച പട്ടിക 12.8 കാണുക

പഞ്ചായത്തിന്റെ വരവു ചെലവ് കണക്കുകളുടെ പട്ടിക ചുവടെ ചേർക്കുന്നു. പട്ടിക 12.9 കാണുക

## പ്രശ്നങ്ങൾ

1) പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടു പോകുന്നതിന് ഇപ്പോഴുള്ള ഫണ്ട് അപര്യാപ്തമാണ്.

2) കെട്ടിട നികുതി നിരക്കുകൾ വളരെ കുറവും, അപാകത നിറഞ്ഞതുമാണ്.

3) പഞ്ചായത്തിന് അർഹമായ ഗ്രാന്റുകൾ യഥാസമയം ലഭിക്കുന്നില്ല.

4) മണൽവാരൽ ലേലത്തിൽ നിന്നുള്ള വരുമാനം തടസ്സപ്പെട്ടിരിക്കുന്നു.

ബാങ്കുകളുടെ വായ്പാ നിക്ഷേപാനുപാതം. പട്ടിക 12.7

| ബാങ്കിന്റെ പേര് | നിക്ഷേപം | വായ്പ | ശതമാനം |
|---|---|---|---|
| ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്ക്. Q. 190 | 538.50 ലക്ഷം | 556.50 ലക്ഷം | 103.35 |
| ഇടമൺ സർവ്വീസ് സഹകരണ ബാങ്ക് - 687 | 123 ലക്ഷം | 132 ലക്ഷം | 107.31 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, തെന്മല | 275 ലക്ഷം | 115 ലക്ഷം | 41.81 |
| ഫെഡറൽ ബാങ്ക്, ഇടമൺ | 195 ലക്ഷം | 133 ലക്ഷം | 68.20 |

5) പദ്ധതികൾ യഥാസമയം നടത്താത്തതിനാൽ അധികചെലവ് വരുന്നു.

6) വരവിനെക്കാൾ ചെലവുകൾ എപ്പോഴും കൂടിക്കൊണ്ടിരിക്കുന്നു.

7) വാട്ടർചാർജ്ജ്, കറന്റ് ചാർജ്ജ് മുതലായവയുടെ ചാർജ്ജ് പഞ്ചായത്തുമായി ആലോചിക്കാതെ അധിക ചാർജ്ജ് വർദ്ധിപ്പിക്കുന്നു.

8) പഞ്ചായത്തിന്റെ വികസനത്തിനാവശ്യമായ ഭൂമി ലഭിക്കുവാൻബുദ്ധിമുട്ടുന്നു.

## പരിഹാര നിർദ്ദേശങ്ങൾ

1) ഗവ: ഗ്രാന്റുകൾ കാലാനുസൃതമായി പരിഷ്കരിക്കുകയും, യഥാസമയങ്ങളിൽ പഞ്ചായത്തിനു ലഭ്യമാക്കുവാനുമുള്ള നടപടികൾ ഉണ്ടാവുകയും വേണം.

2) കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുകയും, ഇപ്പോഴുള്ള 6% എന്ന കുറഞ്ഞ നിരക്ക് ഉയർത്തുകയും ചെയ്യുക.

3) കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുമ്പോൾ

പട്ടിക 12.9

| | 91-92 | | 92-93 | | 93-94 | | 94-95 | | 95-96 | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| 1 | 12 | 355 | 13 | 405 | 10 | 335 | 11 | 360 | 9 | 325 |
| 2 | 15 | 535 | 11 | 425 | 10 | 515 | 10 | 425 | 7 | 360 |
| 3 | 9 | 290 | 8 | 255 | 7 | 270 | 5 | 245 | 6 | 245 |
| 4 | 32 | 1209 | 32 | 1386 | 36 | 1539 | 36 | 1603 | 44 | 502 |
| 5 | 26 | 1227 | 26 | 1285 | 23 | 1230 | 22 | 1235 | 30 | 790 |
| 6 | 19 | 687 | 17 | 685 | 15 | 640 | 13 | 565 | 16 | 810 |
| 7 | 26 | 1095 | 25 | 1035 | 28 | 1200 | 24 | 1040 | 27 | 1192 |
| 8 | 15 | 565 | 16 | 615 | 12 | 430 | 15 | 480 | 17 | 590 |
| 9 | 22 | 869 | 21 | 919 | 19 | 864 | 18 | 839 | 17 | 840 |
| 10 | 57 | 2281 | 49 | 2121 | 50 | 2191 | 45 | 2051 | 47 | 1890 |
| 11 | 11 | 491 | 12 | 891 | 10 | 656 | 8 | 606 | 7 | 434 |

തെന്മല പഞ്ചായത്തിലെ 1991–92 മുതൽ 1995–96 വരെയുള്ള അഞ്ചുവർഷങ്ങളിലെ ചെലവുകളുടേയും വരവുകളുടേയും ഒരു താരതമ്യപഠനം പട്ടിക 12.10

| A ചെലവിനങ്ങൾ | 1991–92 | | 1992–93 | | 1993–94 | | 1994–95 | | 1995–96 | |
|---|---|---|---|---|---|---|---|---|---|---|
| | തുക | % | തുക | % | തുക | % | തുക | % | തുക | % |
| 1. ഭരണച്ചെലവ് | 405703 | 30.81 | 440106 | 51.28 | 495480 | 43.07 | 541756 | 39.38 | 628701 | 32.95 |
| 2. പൊതുമരാമത്ത് | 434689 | 33.01 | 183221 | 21.35 | 434332 | 37.76 | 222085 | 16.14 | 327904 | 17.10 |
| 3. തെരുവുവിളക്ക് | 37633 | 2.85 | 52118 | 6.05 | 50761 | 4041 | 52063 | 3.78 | 35307 | 1.84 |
| 4. വിദ്യാഭ്യാസം | 5262 | 0.39 | 6854 | 0.79 | 11173 | 0.97 | 6261 | 0.45 | 30827 | 1.60 |
| 5. പൊതുജനാരോഗ്യം | 72614 | 5051 | 2205 | 0.25 | 14800 | 1.19 | 20581 | 1049 | 34444 | 1.79 |
| 6. സാമൂഹ്യക്ഷേമം | 5897 | 0.40 | - | - | - | - | - | - | 235980 | 12.31 |
| 7. കൃഷി | 11231 | 0.85 | - | - | - | - | - | - | - | - |
| 8. മറ്റുചെലവുകൾ | 343464 | 26.08 | 173600 | 20.23 | 143626 | 12.48 | 532849 | 38.73 | 623617 | 32.53 |
| ആകെ | 1316493 | | 858104 | | 1150172 | | 1375595 | | 1916780 | |

| B വരവിനങ്ങൾ | 1991–92 | | 1992–93 | | 1993–94 | | 1994–95 | | 1995–96 | |
|---|---|---|---|---|---|---|---|---|---|---|
| 1. കെട്ടിടനികുതി | 139960 | 10.44 | 111767 | 9.24 | 176801 | 14.22 | 169318 | 11.57 | 163591 | 8.57 |
| 2. തൊഴിൽനികുതി | 177735 | 13.26 | 184780 | 15.27 | 219111 | 17.63 | 233650 | 15.97 | 281353 | 14.74 |
| 3. വിനോദനികുതി | 14090 | 1.05 | 13135 | 1.09 | 17124 | 1.37 | 20899 | 1.42 | 29885 | 1.56 |
| 4. വസ്തു കൈമാറ്റ നികുതി | 106988 | 7.98 | 350370 | 29.00 | 273701 | 22.02 | 132647 | 16.32 | 403336 | 21.14 |
| 5. ലൈസൻസ്ഫീസ് | 11813 | 0.88 | 12002 | 1.00 | 11855 | 0.95 | 11740 | 0.80 | 10076 | 0.52 |
| 6. മാർക്കറ്റ് | 77534 | 5.78 | 50255 | 4.15 | 41367 | 3.32 | 56597 | 3.86 | 59462 | 3.11 |
| 7. മലൽലേലം | 32536 | 2.42 | - | - | - | - | 62600 | 4.27 | 136525 | 7.16 |
| 8. ഗ്രാൻഡ് | 449000 | 33.50 | 415360 | 29.00 | 432009 | 34.76 | 409098 | 27.96 | 547424 | 28.68 |
| 9. മറ്റ് വരവുകൾ | 330479 | 24.66 | 71685 | 5.92 | 70625 | 5.68 | 259118 | 17.71 | 276208 | 14.47 |
| ആകെ | 1340135 | | 1209354 | | 1242593 | | 1462667 | | 1907860 | |

പട്ടിക 12.9

| വർഷം | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| 91-92 | 2029006.72 | 1316492.90 | 712513.82 |
| 92-93 | 1921868.22 | 858103.55 | 1063764.67 |
| 93-94 | 20306358.12 | 1150172.45 | 1156185.67 |
| 94-95 | 2618853.47 | 1375595.88 | 1243257.59 |
| 95-96 | 2608209.54 | 1463184.05 | 1145025.49 |

സർക്കാർ ഇടപെടാതിരിക്കുക.

4) തെന്മല ഡിപ്പോയിൽ നിന്നും ലേലത്തിൽ വില്ക്കുന്ന തടി വിലയുടെ കുറഞ്ഞത് 10% എങ്കിലും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് നൽകുക.

5) നിശ്ചിത പരിധിക്കു മുകളിലുള്ള തോട്ടങ്ങൾക്കും, കൃഷിസ്ഥലങ്ങൾക്കും ലാന്റ് സെസ് ഏർപ്പെടുത്തുക.

6) തെന്മല വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുമ്പോൾ ഹൗസ് കണക്ഷന് അപേക്ഷാഫീസ് ഏർപ്പെടുത്തുക.

7) പാറകോറികൾക്ക് പഞ്ചായത്ത് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

8) അഞ്ചുലക്ഷത്തിൽ കൂടുതൽ മുതൽമുടക്കുള്ള കെട്ടിടങ്ങൾക്ക് സൂപ്പർടാക്സ് ഈടാക്കുക.

9) ടാക്സികൾക്ക് ഫീസ് ഏർപ്പെടുത്തുക.

10) ഷോപ്പിംഗ് കോംപ്ലക്സുകളും, ലോഡ്ജുകളും, ആഡിറ്റോറിയവും നിർമ്മിച്ചു വാടകയ്ക്കു കൊടുക്കുക.

11) തെന്മല ഡാം റിസർവോയർ, ഒറ്റക്കൽ, ഉറുകുന്ന്, തേയിലതോട്ടം, ആയിരനെല്ലൂർ, കൊച്ചുമാംമൂട്, സ്റ്റോർകടവ്, ചാലിയക്കര എന്നീ കടവുകളിൽ മണൽ ശേഖരിക്കുന്നതിന് ലേലം ചെയ്യുവാനുള്ള അവകാശം പഞ്ചായത്തിനു പൂർണ്ണമായി നൽകുക.

12. ഫോറസ്റ്റിന്റേയും, KIP യുടേയും വക ഉപയോഗമില്ലാതെ കിടക്കുന്ന കെട്ടിടങ്ങൾ പഞ്ചായത്തിനെ ഏൽപിക്കുക.

13. KIP കനാൽ നിർമ്മാണത്തിനുവേണ്ടി അക്വയർ ചെയ്ത ഭൂമിയുടെ മിച്ച ഭൂമി പഞ്ചായത്തിന് വിട്ടുതരിക.

14. സർക്കാർ എസ്റ്റേറ്റുകൾക്ക് കുത്തകപാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ടം പുതുക്കി നിശ്ചയിക്കുകയും, പാട്ടതുക പൂർണ്ണമായും പഞ്ചായത്തിന് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

15. പഞ്ചായത്തിലെ ബാങ്കുകൾ ഒരു നിശ്ചിത ശതമാനം ഉദാരവ്യവസ്ഥയിലും, കുറഞ്ഞ പലിശനിരക്കിലും പഞ്ചായത്തിന്റെ പ്രത്യുൽപ്പാദനപരമായ വികസന പ്രവർത്തനങ്ങൾക്ക് വായ്പയായി നൽകുക.

16. പഞ്ചായത്ത് പ്രദേശങ്ങളിൽ സ്ഥാപിക്കുന്ന സ്വകാര്യ പരസ്യബോർഡുകൾക്ക് ഫീസ് ചുമത്തുക.

17. പ്രദേശികമായി ലഭിക്കാവുന്ന മനുഷ്യാദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുക.

18. പഞ്ചായത്തിലെ എല്ലാ ആളുകളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ പഞ്ചായത്തിന്റെ ഏതെങ്കിലും വികസന പ്രവർനങ്ങളിൽ പങ്കാളികളാവുക.

19. കെട്ടിടങ്ങൾക്ക് സർക്കാർ ഈടാക്കുന്നസർചാർജിൽ നിന്നും 50% പഞ്ചായത്തുകൾക്ക് നൽകുക.

20. തെന്മല കന്നുകാലി ചന്ത പുതിയതായി ആരംഭിക്കുക.

21. കേബിൾ TV ഓപ്പറേറ്ററന്മാർക്ക് ലൈസൻസ് ഏർപ്പെടുത്തുകയും, കേബിൾ TV കണക്ഷൻ എടുക്കുന്ന വീട്ടുകാരിൽ നിന്നും ഈടാക്കുന്ന ഫീസിന്റെ 10% വിനോദ നികുതിയായി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

22. റിന്റർപെസ്റ്റ് ചെക്ക് പോസ്റ്റിൽ പിരിക്കുന്ന സെസ്സിന്റെ വിഹിതം പഞ്ചായത്തിനു നൽകുക.

23. മനുഷ്യാദ്ധ്വാനം ശ്രമദാനമായി നൽകുക.

24. വളർത്തുനായ്ക്കൾക്ക് ലൈസൻസ്ഫീസ് ഏർപ്പെടുത്തുക.



# വനം

ഏകദേശം 200ൽ പരം വർഷങ്ങൾക്കു മുമ്പ് തീർത്തും വനപ്രദേശമായിരുന്നു തെന്മല പഞ്ചായത്ത്. തോട്ടകൃഷിയും, റെയിൽവേയുടെ വരവും, കുടിയേറ്റവുമായി ബന്ധപ്പെട്ടാണ് വനങ്ങൾ വെട്ടിത്തെറിച്ചു തുടങ്ങിയത്. തെന്മല മുതൽ അണ്ടൂർപ്പച്ച വരെയുള്ള പ്രദേശങ്ങൾ ഫുഡ് പ്രൊഡക്ഷൻ ഏരിയ ആയി കണക്കാക്കിയാണ് 1948 ൽ കൃഷിക്കായി വിട്ടുകൊടുത്തത്. ഇപ്പോൾ ഏകദേശം വനത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ഭൂപ്രദേശമാണ് തെന്മ പഞ്ചായത്ത്. ഇവിടത്തെ വനങ്ങളിൽ അധികവും റിസർവ്വ് വനങ്ങളും ബാക്കി നിക്ഷിപ്ത വനങ്ങളും ആണ്. തെന്മല പഞ്ചായത്തിലെ ആകെയുള്ള വനമേഖലയുടെ 95%വും റിസർവ്വ് വനങ്ങളാണ്. നിക്ഷിപ്തവനങ്ങൾ 5% മാത്രമാണുള്ളത്. തേക്ക്, യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ പ്ലാന്റേഷനുകൾ ആകെയുള്ള വനവിസ്തൃതിയുടെ 5% ത്തിൽതാഴെ മാത്രമാണ്.

തെന്മല, പത്തനാപുരം റേഞ്ചുകളിലായി കിടക്കുന്ന നിത്യഹരിതവനങ്ങൾ, അർദ്ധനിത്യഹരിത വനങ്ങൾ, ഇലപൊഴിയും കാടുകൾ, പുൽമേടുകൾ എന്നിവയെല്ലാം ഉൾപ്പെട്ടതാണ് നമ്മുടെ വനപ്രദേശങ്ങൾ. ആരാധനാലയങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന സർപ്പക്കാവുകൾ പോലുള്ള വനപ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്.

കുറഞ്ഞുകുറഞ്ഞു വന്നിരുന്ന വനവിസ്തൃതി നമ്മുടെ പഞ്ചായത്തിന്റെ പരിസ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. മുമ്പുണ്ടായിരുന്ന വനങ്ങളുടെ വിസ്തൃതിയിൽ കുറവു വന്നതിന്റെ ഫലമായി ഈ പ്രദേശത്ത് പെയ്യുന്ന മഴയുടെ തോത് കുറഞ്ഞു വരികയും വേനൽക്കാലത്ത് രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുകയും ചെയ്യുന്നു.

നമ്മുടെ വനപ്രദേശങ്ങളിൽ കണ്ടു വരുന്ന പ്രധാന വൃക്ഷങ്ങൾ തേക്ക്, ഈട്ടി, മരുത്, തേന്മാവ്, മഞ്ഞക്കടമ്പ്, കമ്പകം, ഉന്നം, മഹാഗണി, വെൺതേക്ക്, പൂമരുത്, ഇലവ്, പൂവണ്ണ്, താന്നി, ആഞ്ഞിലി, പ്ലാവ്, മാവ്, നെല്ലി, ചന്ദനം, പുളി, പൈൻ എന്നിവയാണ്. കുറുംതോട്ടി, ശതാവരി, അമൽപൊരി, ഓരില, മൂവില, ആനച്ചോടി, എരുക്ക് തുടങ്ങി നിരവധി ഔഷധസസ്യങ്ങളും; ഈറ, മുള, ചൂരൽ മുതലായവയും ചുരുക്കം ചിലയിടങ്ങളിൽ ഓർക്കിഡ് ചെടികളും നമ്മുടെ വനങ്ങളിൽ കണ്ടുവരുന്നു.

ആന, കടുവ, പുലി, ചെന്നായ്, കുരങ്ങ്, മാൻ, മ്ലാവ്, കാട്ടുപന്നി തുടങ്ങിയ മൃഗങ്ങളും വിവിധയിനം പക്ഷികളും, ഉഗ്രവിഷമുള്ളതും ഇല്ലാത്തതുമായ നിരവധിയിനം ഉരഗങ്ങളും തെന്മല വനാന്തരങ്ങളിൽ ഉണ്ട്.

അനധികൃതിമായ വനം കയ്യേറ്റം, തടിവെട്ട്, വേട്ടയാടൽ എന്നിവയും വേൽക്കാലത്തുണ്ടാകുന്ന കാട്ടുതീ, വനപരിപാലനത്തിലുള്ള ജാഗ്രതക്കുറവ്, ദീർഘവീക്ഷണമില്ലാതുള്ള മരംവെട്ട് എന്നിവയും വന നശീകരണത്തിന് കാരണമായി ഭവിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ വനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവർ 20 വർഷം മുമ്പുവരെ ഉണ്ടായിരുന്നു. മാമ്പഴത്തറ, ഉറുകുന്ന് എന്നീ കോളനികളിലെ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തോടുകൂടി ഇതിന് മാറ്റം വരികയുണ്ടായി. എങ്കിലും വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ഇപ്പോഴും ഇവർ പോകുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന ആറുകളുടെയും പ്രധാന തോടുകളുടെയും ഉത്ഭവം വനത്തിൽ നിന്നുമാണ്. വനമേഖലയിൽ മരച്ചീനി കൃഷിചെയ്യാൻ മുൻകാലങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ടാങ്കിയ സംവിധാനം ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ട്. ചെറുകിട വനോൽപന്നങ്ങളുടെ ശേഖരണം പട്ടികവർഗ്ഗക്കാരുടെ സഹകരണ സംഘങ്ങൾക്ക് നൽകിയിരിക്കുകയാണ്. വനംവകുപ്പിന്റെ പ്രധാന വരുമാനമാർഗ്ഗം ഇപ്പോൾ തേക്ക്, യൂക്കാലിപ്റ്റസ് എന്നിവയിൽ നിന്നാണ് ലഭിക്കുന്നത്. പട്ടികവർഗ്ഗക്കാരുടെ സൊസൈറ്റികൾ ശേഖരിക്കുന്ന തേൻ, കുന്തിരിക്കം, കോലരക്ക്, നെല്ലിക്ക, പരണ്ടയ്ക്ക, പൊന്നാംപൂ, താതിരിപ്പൂ, വയണപ്പൂവ്, കാരിഞ്ച, കറുകപ്പട്ട എന്നിവയിൽ നിന്നും, ഈറ, മുള, ചൂരൽ എന്നിവയിൽ നിന്നും അരുവികളിലെ മണൽ എന്നിവയിൽ നിന്നും ചെറിയ തോതിൽ വരുമാനം ലഭിക്കുന്നുണ്ട്. എന്നാൽ ഇത്തരം വനവിഭവങ്ങളുടെ ശേഖരണത്തിൽ നിരവധി പോരായ്മകൾ നിലവിലിരിക്കുന്നു. .

സാമൂഹ്യവനൽക്കരണ പരിപാടിയുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിൽ റോഡ്, കനാൽ, പുറമ്പോക്കുകളിലും മറ്റും അക്കേഷ്യ, പെരുമരം തുടങ്ങിയവ വച്ചുപിടിപ്പിച്ചുവെങ്കിലും സംരക്ഷണ കുറവുമൂലം ഇവയൊക്കെ നശിച്ചുപോവുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തുപോയി.

കേരളത്തിലെ പ്രധാനപ്പെട്ട ഒരു ഫോറസ്റ്റ് ഡിവിഷന്റെ ആസ്ഥാനവും, ഒരു റെയ്ഞ്ച് ഓഫീസും, ഏറ്റവും പ്രധാനപ്പെട്ട ഒരു തടി ഡിപ്പോയും തെന്മലയിൽ സ്ഥിതി ചെയ്യുന്നു. വനസംരക്ഷണത്തിനായി തെന്മല, ഒറ്റക്കൽ, അണ്ടൂർപ്പച്ച, ആനപെട്ടകോങ്കൽ, ഇഞ്ചപ്പള്ളി എന്നിവിടങ്ങളിൽ ഗാർഡ് സ്റ്റേഷനുകൾ സ്ഥാപിച്ചു പ്രവർത്തിക്കുന്നു. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ആധുനിക സംവിധാനങ്ങളുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾ ഒന്നും നിലവിലില്ല.

ശേന്തുരുണി വന്യമൃഗ സംരക്ഷണകേന്ദ്രത്തിന്റെ പരിധിയിൽ തെന്മലയിലെ വനങ്ങളും ഉൾപ്പെടുന്നു. ഈ കേന്ദ്രത്തിന്റെ ആസ്ഥാനം തെന്മലയിലാണ്. ആനപെട്ടകോങ്കൽ, ചാലിയക്കര, മാമ്പഴത്തറ, കുറവന്താവളം, ഉറുകുന്ന്, ഒറ്റക്കൽ, ഇഞ്ചപ്പള്ളി, ചെറുകടവ് തുടങ്ങിയ പ്രദേശത്തുള്ള എല്ലാ റോഡുകളും വനവിഭവങ്ങൾ ശേഖരിക്കുന്നതിനു വേണ്ടി വെട്ടിയ റോഡുകളാണ്. ഇതിൽ കൂടുതൽ ഗതാഗത സാദ്ധ്യതകളുള്ള, ചെറുകടവ്- ഉപ്പുകുഴി, ഉപ്പുകുഴി-മാമ്പഴത്തറ, കോട്ടപ്പാറ-മൂലമൺ എന്നീ റോഡുകൾ പൂർണ്ണമായും, വെള്ളിമല-ആനപെട്ടകോങ്കൽ, ഉറുകുന്ന്-കൊറവന്താവളം എന്നീ റോഡുകൾ ഭാഗീകമായും ഇപ്പോഴും വനംവകുപ്പിന്റെ അധീനതയിലാണ്.

വനവികസനത്തിനും, പരിപാലനത്തിനും, നിരവധി പദ്ധതികൾ വനംവകുപ്പ് നടപ്പാക്കിവരുന്നു. വനാതിർത്തിയിൽ `ജണ്ടകൾ' കെട്ടി വനം സംരക്ഷിക്കുക, ഫയർ ലൈനുകൾ സ്ഥാപിച്ച് കാട്ടുതീയിൽ നിന്നും വനത്തെ സംരക്ഷിക്കുക, നശിച്ചുകൊണ്ടിരിക്കുന്ന വനഭാഗങ്ങളിൽ വിവിധയിനം വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുക, കാട്ടുകല്ലുകൾ ഉപയോഗിച്ച് വനത്തിനുള്ളിൽ തടയണകൾ പണിയുക എന്നിവയാണ് ഇതിൽ പ്രധാനമായുള്ളത്. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റക്കൽ ഗവൺമെന്റ് വെൽഫെയർ യു.പി.എസ്സിന് കെട്ടിടം പണി ഏറ്റെടുത്ത് ചെയ്തുവരുന്നു.

N.R.E.P., R.L.E.G.P, എന്നീ പദ്ധതികളുടെ സാമൂഹ്യ വനവൽക്കരണത്തിന് നീക്കിവച്ചിരുന്ന തുക വനംവികസനത്തിനായി വനംവകുപ്പു വഴി ചെലവഴിച്ചു വന്നിരുന്നു. ഇപ്പോൾ ലോകഭക്ഷ്യ പരിപാടി പ്രകാരമുള്ള തുക ഇതിനായി വിനിയോഗിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം 1995-96 വർഷം തെന്മല റേഞ്ചിൽ മാത്രം 12,482 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ മേഖലയിൽ പണിയെടുത്ത തൊഴിലാളികൾക്കായി ഈ പദ്ധതി പ്രകാരം 25070 കിലോഗ്രാം അരിയും, 2507 കിലോ ഗ്രാം വീതം എണ്ണയും, പയറും വിതരണം നടത്തിയിട്ടുണ്ട്.

തെന്മല റേഞ്ചിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഒരു കേസ് മാത്രമാണ് റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളത്. വനവിഭവങ്ങളുടെ കടത്തുമായി ബന്ധപ്പെട്ട് 23 കേസുകൾ ഈ വർഷം രജിസ്റ്റർ ചെയ്തിട്ടു

ള്ളതായും കാണുന്നു.

## പ്രശ്നങ്ങൾ

1. വനഭൂമിയുടെ കയ്യേറ്റം ഇപ്പോഴും തുടരുന്നു.

2. അനധികൃതിമായ തടിവെട്ടും, മൃഗങ്ങളുടെ വേട്ടയാടലും നടക്കുന്നു.

3. വനവിഭവങ്ങളുടെ ശേഖരണത്തിന് പട്ടികജാതി സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ പോരായ്മകൾ നിറഞ്ഞതാണ്.

4. ചെറുകിട വനവിഭവങ്ങളുടെ സംസ്ക്കരണത്തിന് പഞ്ചായത്തിനുള്ളിൽ മതിയായ സംവിധാനമില്ല.

5. വനത്തിനുള്ളിലെ വ്യാജവാറ്റ് ഒരു പ്രധാന സാമൂഹ്യ പ്രശ്നമാണ്.

6. എല്ലാ വർഷവും ഉണ്ടാകുന്ന കാട്ടുതീ, വനനശീകരണത്തിന് കാരണമാകുന്നു.

7. കാട്ടുമൃഗങ്ങൾ പ്രത്യേകിച്ച് പന്നി, കുരങ്ങ് എന്നിവ കൃഷികൾ നശിപ്പിക്കുന്നു.

8. വനപരിപാലനത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല; ഇക്കാര്യത്തിൽ ജനങ്ങൾക്ക് പങ്കാളിത്തവുമില്ല.

9. വനം വികസനത്തിന് ചെലവഴിക്കുന്ന ഭീമമായ തുകയിൽ ഏറിയ പങ്കും നടത്തിപ്പുകാരും ഇടത്തട്ടുകാരും തട്ടിക്കൊണ്ടു പോകുന്നു.

10. വനംവികസന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല. ഭക്ഷ്യ ധാന്യങ്ങളുടെ വിതരണവും ശരിയായി നടക്കുന്നില്ല.

11. സാമൂഹ്യവനവൽക്കരണ പരിപാടിയിൽ ഫലവൃക്ഷത്തൈകൾ ഉൾപ്പെടുത്തുന്നില്ല. വച്ചുപിടിപ്പിക്കുന്ന തൈകൾ തന്നെ സംരക്ഷിക്കപ്പെടുന്നില്ല.

12. വനം വെട്ടിത്തെളിച്ച്, യൂക്കാലിപ്റ്റസും അക്കേഷ്യയും വച്ചുപിടിപ്പിക്കുന്നത് പരിസ്ഥിതിയെത്തന്നെ സാരമായി ബാധിക്കുന്നു.

13. വിവിധ ഭാഗങ്ങളിലായി ഒറ്റപ്പെട്ടു കിടക്കുന്ന തുണ്ടു വനങ്ങൾ സംരക്ഷിക്കാതെ തരിശായി ഇട്ടിരിക്കുന്നു.

14. വനത്തിലെ തോടുകളിലും ചരിവ് പ്രദേശങ്ങളിലും കെട്ടിയിട്ടുള്ള താത്ക്കാലിക തടയണകൾ ബലമില്ലാത്തതിനാൽ ഉരുൾപൊട്ടലിനും, മലവെള്ളപ്പാച്ചിലിനും അതുവഴി കൃഷിനാശത്തിനും കാരണമാകുന്നു.

15. വനമേഖലയിൽ സ്ഥിതിചെയ്യുന്ന തെന്മല ഡാമിലേയും ഒറ്റക്കൽ വിയറിലേയും റിസ്സർവ്വോയറുകളിൽ ജൈവാവശിഷ്ടങ്ങളും, മണലും വന്നടിഞ്ഞ് ഇവയുടെ ജലം ഉൾക്കൊള്ളാനുള്ള ശേഷി കുറഞ്ഞുവരുന്നത് പരിഹരിക്കാൻ സംവിധാനങ്ങളില്ല.

വനഭൂമി 1977ന് മുമ്പ് മുതൽ കൈവശം വയ്ക്കുകയും കൃഷിചെയ്തു വരികയും ചെയ്യുന്ന കർഷകർക്ക് മതിയായ രേഖകൾ നൽകിയിട്ടില്ല.

## സാദ്ധ്യതകൾ

1. വനഭൂമിയുടെ കയ്യേറ്റം പൂർണ്ണമായും തടയുക.

2. അനധികൃത തടിവെട്ട്, വേട്ടയാടൽ, വനത്തിനുള്ളിലെ വ്യാജവാറ്റ്, കാട്ടുതീ എന്നിവ പൂർണ്ണമായി തടയുക.

3. കുറ്റമറ്റ രീതിയിൽ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനും അവ സംസ്ക്കരിച്ചെടുക്കുന്നതിനും പട്ടികവർഗ്ഗ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക.

4. വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചതിന് മതിയായ നഷ്ടപരിഹാരം നൽകുക.

5. വനപ്രദേശങ്ങളുടെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുന്നതിനും, വനപരിപാലനത്തിനും, പ്രാദേശിക ജനകീയ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുക.

6. വനമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്തുകയും ഭക്ഷ്യധാന്യങ്ങളുടെ ശരിയായ വിതരണത്തിനും വനവികസന പ്രവർത്തനങ്ങളുടെ മേൽനോട്ടം, വിലയിരുത്തൽ എന്നിവയ്ക്കും ജനകീയ സമിതികൾ രൂപീകരിക്കുക.

7. സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ ഫലവൃക്ഷ തൈകൾ ഉൾപ്പെടുത്തുകയും അവയുടെ സംരക്ഷണത്തിന് ജനകീയ സമിതികൾ വാർഡുതലത്തിൽ രൂപീകരിക്കുകയും ചെയ്യുക.

8. ഒറ്റപ്പെട്ടും, തുണ്ടുതുണ്ടായും കിടക്കുന്ന തരിശു വനങ്ങൾ പഞ്ചായത്തിന് വിട്ടുകൊടുക്കുക (ഇടമൺ സത്രമുക്ക്, ഇടമൺ 34, അണ്ടൂർപ്പച്ച എന്നിവിടങ്ങളിലുള്ള വനഭാഗങ്ങളും തെന്മല റിൻഡർ പെസ്റ്റ് ചെക്കു പോസ്റ്റ് സ്ഥിതിചെയ്യുന്ന സ്ഥലവും)

9. മാമ്പഴത്തറ, ഉറുകുന്ന് ഗിരിവർഗ്ഗ കോളനികളോടനുബന്ധിച്ച് ഔഷധസസ്യതോട്ടം നിർമ്മിക്കുക.

10. ഗ്രാമപഞ്ചായത്ത്, ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ എന്നിവയുടെ മേൽനോട്ടത്തിൽ, തിരഞ്ഞെടുത്ത വനപ്രദേശങ്ങളിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനു വേണ്ടി അനുവദിക്കുക.

11. ഫോറസ്റ്റ് അധീനതയിലുള്ള പ്രധാന റോഡുകൾ ഗതാഗത യോഗ്യമാക്കുക.

12. താൽക്കാലിക തടയണകൾക്കു പകരം കോൺക്രീറ്റ് തടയണകൾ പണിയുകയും ഇറിഗേഷൻ ടാങ്കുകൾ നിർമ്മിക്കുകയും ചെയ്യുക.

13. ആനപെട്ടകോങ്കൽ ഭാഗത്തുള്ള `നെടുങ്ങല്ലൂർപച്ച' യൂക്കാലിപ്റ്റസ് കൃഷി ഒഴിവാക്കി നിത്യഹരിത വനമായി നിലനിർത്തുക.

14. റിസർവ്വോയറുകളിലെ മണൽ ശേഖരിക്കുന്നതിന് പഞ്ചായത്തിനെ അനുവദിക്കുകയും, മറ്റു ജൈവാവശിഷ്ടങ്ങൾ കൂടി നീക്കി റിസർവ്വോയറിന്റെ കപ്പാസിറ്റി നിലനിർത്തുകയും ചെയ്യുക.

15. 1977 നു മുമ്പുള്ള കൈവശക്കാർക്ക് വനഭൂമി പതിച്ചുകൊടുക്കുക/കൈവശരേഖ നൽകുക.



# ടൂറിസം

ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ധാരാളം വികസന സാദ്ധ്യതകളുള്ള ഒരു പ്രദേശമാണ് തെന്മല. കല്ലടഡാം, ഒറ്റക്കൽ തടയണ, ശേന്തുരുണി വന്യമൃഗസംരക്ഷണകേന്ദ്രം, മാമ്പഴത്തറക്ഷേത്രം, ഒറ്റക്കൽ പാണ്ഡവൻപാറ എന്നിവ ടൂറിസ പ്രാധാന്യമുള്ള സ്ഥലങ്ങളാണ്.

## 1. കല്ലട ഡാം

തെന്മല, കുളത്തൂപ്പുഴ, പഞ്ചായത്തുകളുടെ അതൃത്തിയിലൂടെ ഒഴുകുന്ന കല്ലടയാറ്റിൽ പരപ്പാർ എന്ന സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ മേസൻട്രി ഡാം. കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതി കൂടിയാണ് കല്ലട പദ്ധതി. തേക്കടിയേക്കാൾ വിപുലമായതും കാനനമദ്ധ്യത്തിലുള്ളതുമായ കേരളത്തിലെ ഏറ്റവും വലിയ റിസർവ്വോയർ, റിസർവ്വോയറിനുള്ളിലെ ഉയർന്നുനിൽക്കുന്ന ചെറുദ്വീപുകൾ, റിസർവ്വോയറാൽ ചുറ്റപ്പെട്ടുകിടക്കുന്ന ശെന്തുരുണി വന്യമൃഗ സംരക്ഷണ കേന്ദ്രം എന്നിവ ബോട്ടുയാത്രയ്ക്കും കാനനഭംഗി ആസ്വദിക്കുന്നതിനും, വന്യമൃഗങ്ങളെ നേരിട്ട് കാണുന്നതിനും സൗകര്യപ്രദമാണ്. ഡാമിനോടു ചേർന്ന് മിനി ഇലക്ട്രിക് പ്രൊജക്ടിന്റെ പവ്വർഹൗസും പ്രവർത്തിക്കുന്നു.

## 2. ഒറ്റക്കൽ തടയണ

കല്ലട പദ്ധതിയുടെ ഭാഗമായ ഈ തടയണയിൽ നിന്നുമാണ് ജലസേചന കനാലുകൾ ആരംഭിക്കുന്നത്. പ്രകൃതിഭംഗി ആസ്വദിക്കുന്നതിന് ഒരു പവിലിയൻ നിർമ്മിച്ചിട്ടുണ്ട്. തെന്മല മുതൽ ഒറ്റക്കൽ വരെ നീണ്ടുകിടക്കുന്ന ഒരു റിസർവ്വോയറുമുണ്ട്.

## 3. ഒറ്റക്കൽ പാണ്ഡവൻപാറ

2700 ൽപ്പരം അടി ഉയരത്തിൽ 36 ഏക്കർ സ്ഥലത്ത് വിസ്തൃതമായി തല ഉയർത്തിപ്പിടിച്ചുനിൽക്കുന്ന ഈ പാറ വിനോദ സഞ്ചാരികളെ ഏറെ ആകർഷിക്കും. ജീർണ്ണിച്ച ഒരു ക്ഷേത്രം സ്ഥിതി ചെയ്യുന്നു. കുറെഭാഗങ്ങൾ കുരിശുമല എന്ന പേരിലും അറിയപ്പെടുന്നു. ഇവിടെ സ്ഥാപിച്ചിട്ടുള്ള കുരിശ് ശ്രദ്ധേയമാണ്. 500ൽപ്പരം പടികൾ ചവിട്ടിക്കയറി ഭക്തന്മാർ ഇവിടെ എത്താറുണ്ട്.

## 4. ശേന്തുരുണി വന്യമൃഗസംരക്ഷണകേന്ദ്രം

കല്ലടഡാമിനും, റിസർവ്വോയറിനും ചുറ്റുമുള്ള പ്രദേശങ്ങൾ ഈ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്നു. ആന, പുലി, കടുവ, കുരങ്ങ് തുടങ്ങിയ മൃഗങ്ങൾ ധാരാളം. ആസ്ഥാന ഓഫീസ് തെന്മലയിൽ സ്ഥിതിചെയ്യുന്നു. റിസർവ്വോയറിലൂടെ ബോട്ടിൽ സഞ്ചരിച്ച് മൃഗങ്ങളെ കാണുന്നതിന് കഴിയും.

## 5. മാമ്പഴത്തറക്ഷേത്രം

പാണ്ഡ്യരാജാക്കന്മാരുടെ കാലത്ത് നിർമ്മിക്കു

കയും തിരുവിതാംകൂർ രാജാക്കന്മാർ പിടിച്ചെടുത്തുവെന്നു വിശ്വസിക്കുന്ന പ്രാചീനക്ഷേത്രം - കുളത്തൂപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ എന്നിവിടങ്ങളിലെ അയ്യപ്പക്ഷേത്രങ്ങളുമായി ബന്ധമുണ്ട്.

തൊട്ടടുത്ത ആര്യങ്കാവ് പഞ്ചായത്തിൽ പ്രസിദ്ധമായ പാലരുവി വെള്ളച്ചാട്ടം സ്ഥിതി ചെയ്യുന്നു. അവിടെ KTDC വക ഒരു മോട്ടലുമുണ്ട്.

സംസ്ഥാന ഗവൺമെന്റും, ടൂറിസം, വനം, ജലസേചന വകുപ്പുകളും പഞ്ചായത്തുകളും സഹകരിച്ച് ഈ പ്രദേശങ്ങൾ ഉൾപ്പെടുത്തി ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക ഒരു പദ്ധതി ആവിഷ്ക്കരിച്ച് ഈ മേഖലയെ കേരളത്തിലെ ഏറ്റവും പ്രാധാന്യമുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമായ വികസിപ്പിച്ചെടുക്കുന്നതിന് കഴിയും. ടൂറിസ്റ്റുകൾക്ക് ഗതാഗത സൗകര്യങ്ങളും, താമസസൗകര്യങ്ങളും, ഭക്ഷണസൗകര്യങ്ങളും ഇതിനായി ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

ഈ പ്രദേശങ്ങളുടെ സമഗ്രവികസനത്തിന്, ഒമ്പതാം പദ്ധതിക്കാലത്ത് ടൂറിസം വികസനം പ്രത്യേകമായി കണക്കിലെടുത്ത് ആവശ്യമായ പദ്ധതികൽ ബന്ധപ്പെട്ടവർ കൈക്കൊള്ളുമെന്ന് നമുക്കു പ്രത്യാശിക്കാം.

## പ്രശ്നങ്ങൾ

1. ഈ പ്രദേശത്തെ ടൂറിസം സാദ്ധ്യതകളെക്കുറിച്ച് വേണ്ടത്ര പഠനങ്ങൾ നടത്തിയിട്ടില്ല.

2. നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ സംവിധാനങ്ങളില്ല.

3. ഡാമിന്റേയും, തടയണയുടേയും പരിസരങ്ങൾ മോടിപിടിപ്പിക്കുന്നതിനുള്ള പദ്ധതികൾ വേണ്ടത്ര ശുഷ്ക്കാന്തിയോടെ നടപ്പാക്കുന്നില്ല.

4. വേണ്ടത്ര പ്രചരണവും മറ്റും ഇല്ല.

5. യാത്രാ സൗകര്യമോ, താമസ-ഭക്ഷണ സൗകര്യമോ വേണ്ടത്രയില്ല.

6. റോഡുകൾ ശോച്യാവസ്ഥയിലാണ്.

7. കല്ലടഡാം, റിസർവ്വോയർ, മൃഗസംരക്ഷണ കേന്ദ്രം എന്നിവ സന്ദർശിക്കുന്നതിന് വേണ്ടത്ര സൗകര്യങ്ങളോ, ബോട്ടിംഗ് തുടങ്ങിയ സംവിധാനങ്ങളോ ഏർപ്പെടുത്തിയിട്ടില്ല.

8. പാണ്ഡവൻപാറയുടെ ടൂറിസ്റ്റ് പ്രാധാന്യത്തെപ്പറ്റി അധികാരികൾക്ക് വേണ്ടത്ര അറിവില്ല.

## സാദ്ധ്യതകൾ

1. തെന്മല, ആര്യങ്കാവ്, കുളത്തൂപ്പുഴ പഞ്ചായത്തുകളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു ടൂറിസം സർക്കിൾ സ്ഥാപിക്കുക.

2. ഈ പ്രദേശങ്ങളിൽ റോഡുകൾ അറ്റകുറ്റപ്പണി നടത്തുകയും ഗതാഗത സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യുക.

3. ഈ പ്രദേശത്തെ ഒട്ടാകെയുള്ള ടൂറിസം വികസനത്തിനായി ഒരു മലയോര ടൂറിസം പ്രൊമോഷൻ ഏജൻസി രൂപീകരിക്കുക.

4. കണ്ടക്ടഡ് ടൂറുകളും, പാക്കേജ് ടൂറുകളും ഈ മേഖലയിലും ഏർപ്പെടുത്തുക.

5. തെന്മല, ഒറ്റക്കൽ എന്നിവിടങ്ങളിലെ ടൂറിസ്റ്റ് പ്രാധാന്യമുള്ള പ്രദേശങ്ങൾ മോടിപിടിപ്പിക്കുകയും ആകർഷകമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കുക.

6. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് ടൂറിസം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് വ്യക്തികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും വേണ്ടത്ര സഹായം നൽകുക.

7. തെന്മല ഡാം പ്രദേശത്ത് KTDC മോട്ടൽ സ്ഥാപിക്കുക.

8. വിവിധ മാദ്ധ്യമങ്ങൾ വഴി വേണ്ടത്ര പ്രചരണപ്രവർത്തനങ്ങൾ നടത്തുക.

9. പ്രധാന റിസർവ്വോയറിലും ഒറ്റക്കൽ റിസർവ്വോയറിലും ബോട്ടിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹകരണസംഘം രൂപീകരിക്കുക. നീന്തൽ, തുഴയൽ

പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

10. തെന്മല റിസർവ്വോയറിനുള്ളിൽ കാണുന്ന ചെറുദ്വീപുകളിൽ ടൂറിസ്റ്റുകൾക്ക് വിശ്രമിക്കുന്നതിനുള്ള കുടിലുകൾ പണിയുകയും മോടിപിടിപ്പിക്കുകയും ചെയ്യുക.

11. ഒറ്റക്കൽ തടയണയുടെ ഭാഗത്തെ പവിലിയനു സമീപത്തുനിന്നും പാണ്ഡവൻപാറയിലേയ്ക്ക് ഒരു റോപ്വേ സംവിധാനം ഏർപ്പെടുത്തുക.

12. ആധുനിക സംവിധാനങ്ങളോടുകൂടിയതും പരമ്പരാഗതി രീതിയിലുള്ളതുമായ സഞ്ചരിക്കുന്ന വിശ്രമ കേന്ദ്രങ്ങളും കോൺഫറൻസ് സൗകര്യങ്ങളും ഏർപ്പെടുത്തി റിസർവ്വോയറിനുള്ളിലെ ടൂറിസം വികസന പരിപാടികൾ മെച്ചപ്പെടുത്തുക.

13. ആധുനിക രീതിയിലുള്ള റസ്റ്റ്ഹൗസ്, റസ്റ്റാറന്റ്, ഷോപ്പിംഗ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് തെന്മല ഡാം ജംഗ്ഷനിൽ രണ്ട് ഹെക്ടർ സ്ഥലം പഞ്ചായത്തിന് ലഭ്യമാക്കുക.

14. തെന്മല പത്തേക്കർ ജംഗ്ഷനും ഡാം സൈറ്റിനും ഇടയിലുള്ള വനപ്രദേശത്ത് ചുറ്റുമതിൽ കെട്ടി ഒരു മൃഗശാല സ്ഥാപിക്കുക.

15. പത്തേക്കർ മുതൽ ഡാം വരെയും തെന്മല മുതൽ ഡാം വരെയും റോഡിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

16. പ്രകൃതി ചികിത്സാകേന്ദ്രങ്ങളും തിരുമ്മൽ കേന്ദ്രങ്ങളും സ്ഥാപിക്കുക.

തെന്മല ഗ്രാമ പഞ്ചായത്ത് ജനകീയ ആസൂത്രണ പരിപാടിയുടെ ഓരോഘട്ടത്തിലും സഹാ ിച്ച ജില്ലാതല പരിശീലകരേയും, പഞ്ചായത്തുതല പരിശീലകരേയും, വിവിധ വകുപ്പ് ഉദ്യോഗ ഥന്മാരേയും പഞ്ചായത്ത് ജീവനക്കാരേയും ഹാർദവമായി അനുമോദിക്കുന്നു.

വികസന സെമിനാറിൽ അവതരിപ്പിക്കേണ്ട റിപ്പോർട്ടു തയ്യാറാക്കുന്നതിന് സജീവമായി പവർത്തിച്ച ജില്ലാതല പരിശീലകരായ കെ. സോമരാജൻ (കൺവീനർ), അലിനി ആന്റണി, ഡാനിയൽ മാത്യു, ഏ.ടി. ഫിലിപ്പ്, ജേക്കബ്ബ് പി. ജോർജ്ജ്, ബി. ദേവരാജൻ നായർ. ക. രാജശേഖരൻ നായർ, ജി.വി. ദാസ്, കെ. എം. മാത്യൂ. സെസിലെ ഉദ്യോഗസ്ഥൻ രവീന്ദ്രൻ, ിില്ലാ പഞ്ചായത്തു മെമ്പർ വത്സലാ സോമരാജൻ ബ്ലോക്കു പഞ്ചായത്തു മെമ്പറന്മാരായ . സബീന ആലീസ് ജോസഫ്, സംസ്ഥാനതല പരിശീലകൻ സുരേഷ്കുമാർ, പഞ്ചായത്തു സക്രട്ടറി. ഓ. ഖാലിദ് എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഗ്രാമ സഭകളെ സജീവമാക്കുന്നതിനും വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നതിനും സഹാ ിച്ച ഗ്രാമസഭാംഗങ്ങളേയും, ഗ്രാമ സഭകളുടെ നടത്തിപ്പിലും ദ്വിതീയ വിവര ശേഖരണത്തിലും, ഠന പര്യടനത്തിലും വിവിധ വിഷയ ഗ്രൂപ്പുകളിൽ പങ്കെടുത്തും സഹായിച്ച പഞ്ചായത്തുതല ിരിശീലകരേയും, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. ഡാനിയൽ, സ്റ്റാൻഡിംഗ് കമ്മിറ്റി ചയർമാൻ എൽ. ഗോപിനാഥപിള്ള, പഞ്ചായത്തു ഭരണ സമിതി അംഗങ്ങൾ എന്നിവരേയും ൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

"ജനകീയ ആസൂത്രണത്തിന് ആശംസകൾ"

# ഉറുകുന്ന് സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം: നമ്പർ Q 190.

## ഉറുകുന്ന് പി.ഒ., കൊല്ലം ജില്ല

H.O. ഉറുകുന്ന്
ഫോൺ: 335553

ബ്രാഞ്ച് : തെന്മല
ഫോൺ: 344508

- കൊല്ലം ജില്ലയിലെ ഏറ്റവും മികച്ച സർവ്വീസ് സഹകരണ ബാങ്കിനുള്ള ട്രോഫി കരസ്ഥമാക്കിയ ബാങ്ക്.
- അതുല്യ ഡിപ്പോസിറ്റ് സ്കീമിൽ നിക്ഷേപ തുക 57 മാസം കൊണ്ടു ഇരട്ടിയാകുന്നു.
- എല്ലാ മാസവും 5000, 10000, 25000 രൂപയുടെ പ്രതിമാസ ലേലചിട്ടികൾ.
- ഗ്രൂപ്പ് ഡിപ്പോസിറ്റ് ക്രെഡിറ്റ് സ്കീം
- 25,000 രൂപാവരെ സ്വർണ്ണപ്പണയ വായ്പകൾ.
- "കൊല്ലം ജില്ലയിലെ ഒരു മികച്ച സർവ്വീസ് സഹകരണബാങ്ക്"

**M. ഡാനിയൽ**
*പ്രസിഡന്റ്*

**കെ.കെ. ശശിധരൻ**
*സെക്രട്ടറി.*